# മലയാളസാഹിത്യം

COMMON COURSE

For

# BA / B Sc

III SEMESTER

(2011 Admission)

## UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY PO, MALAPPURAM, KERALA, INDIA - 673 635

111

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

## BA/B Sc

III SEMESTER

COMMON COURSE

## മലയാള സാഹിത്യം

**Prepared by:**

| | | |
|---|---|---|
| *Module I* | - | *Sri. N. Balakrishnan,* |
| *Module II (വൃദ്ധസദനം)* | | *Njayath House,* |
| | | *P.O. Malayamkavu, Kulukkallur.* |
| | | |
| *Module II (ചെറുകഥ)* | - | *Dr. Radha. P.I,* |
| *Module III & IV* | | *Associate Professor,* |
| | | *Department of Malayalam,* |
| | | *Unity Women's Collge, Manjeri.* |
| | | |
| **Scruitnised by** | - | *Dr. K.M. Priyadarsanlal,* |
| | | *'Swathi', Malapparamba,* |
| | | *Kozhikode - 673009.* |

Layout: Computer Section, SDE

**(c)**
Reserved

# ഉള്ളടക്കം പേജ് നമ്പർ


## മൊഡ്യൂൾ – 1

| | |
|---|---|
| ഗോവർദ്ധനോദ്ധാരണം | 5 |
| ഗാന്ധാരീ വിലാപം | 9 |
| കല്യാണസൌഗന്ധികം | 16 |
| ചണ്ഡാലഭിക്ഷുകി | 23 |
| മലകേറൽ | 28 |
| ഒരു തോണിയാത്ര | 31 |
| കറുത്ത ചെട്ടിച്ചികൾ | 38 |
| ബാക്കി വല്ലതുമുണ്ടോ | 41 |
| മാമ്പഴക്കാലം | 44 |

## മൊഡ്യൂൾ – 2

| | |
|---|---|
| വൃദ്ധസദനം | 46 |
| ടൈഗർ | 68 |
| മൂന്നാമതൊരാൾ | 71 |
| ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം | 73 |

## മൊഡ്യൂൾ – 3

| | |
|---|---|
| കാവ്യഹേതുക്കൾ | 75 |
| സാഹിത്യവിദ്യ | 80 |

## മൊഡ്യൂൾ – 4

| | |
|---|---|
| കാഴ്ച | 83 |
| സബർമതി ദൂരെയാണ് | 87 |

# മൊഡ്യൂൾ 1

# ഗോവർദ്ധനോദ്ധാരണം

## (കൃഷ്ണഗാഥ)

## ചെറുശ്ശേരി നമ്പൂതിരി

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വികാസ പരിണാമ പദ്ധതിയിലെ ഒരു വഴിത്തിരിവാണ് കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട്. സാമാന്യജനങ്ങൾക്കിടയിൽ പ്രചരിച്ചിരിന്ന നാടോടിപ്പാട്ടുകളുടേയും പണ്ഡിതന്മാർക്ക് മാത്രം ലഭിച്ചിരുന്ന സംസ്കൃത സാഹിത്യത്തിന്റെയും സംസ്കാരങ്ങളുടെ സമന്വയമാണ് കൃഷ്ണഗാഥയിൽ കാണുന്നത്. നാടോടിഗാനവൃത്തങ്ങളുടെ ശൈലിയിൽ സാഹിത്യ ഗുണസമ്പുഷ്ടമായി മലയാളത്തിലുണ്ടായ ഒന്നാമത്തെ മഹാകാവ്യമാണ് കൃഷ്ണഗാഥ എന്നു പറയാം. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉണ്ടായതെന്ന് വിശ്വസിക്കാവുന്ന ഈ കൃതിയിലുപയുക്തമായ മലയാളത്തിന്റെ സാരള്യം ഇന്നും അത്ഭുതാവഹമാണ്. സംസ്കൃത ഭാഷയിലും സംസ്കൃതത്തിന് മുൻതൂക്കമുള്ള മണിപ്രവാളത്തിലും മാത്രം കവിതയെഴുതുന്നത് ഭൂഷണമായി കരുതിയിരുന്ന കാലത്ത് ഒരു നമ്പൂതിരിക്കവി എഴുതിയ സാഹിത്യമൂല്യമുള്ള ഒരു കൃതി എന്ന സവിശേഷതയും അതിനുണ്ട്. ഭാഷാരീതിയിൽ മലയാളത്തോടും ആഖ്യാനശൈലിയിൽ മണിപ്രവാള സമ്പ്രദായത്തോടും ചേർന്നു നിൽക്കുന്നു എന്നതാണ് കൃഷ്ണഗാഥയുടെ മറ്റൊരു പ്രത്യേകത. ശുദ്ധമലയാളപദങ്ങളുടെ ഒരപൂർവ്വ ശേഖരംകൂടിയാണ് കൃഷ്ണഗാഥ. എഴുത്തച്ഛന് മുമ്പ് പുരാണകഥകൾ ആഖ്യാനം ചെയ്ത ഒരു മികച്ച കാവ്യം എന്ന നിലയ്ക്കും ആധുനിക മലയാളത്തുന്റെ ആരംഭം സൂചിപ്പിക്കുന്ന കൃതി എന്ന നിലയ്ക്കും കൃഷ്ണഗാഥയ്ക്കുള്ള പ്രാധാന്യം വിസ്മരിയ്ക്കാവതല്ല.

## ചെറുശ്ശേരി നമ്പൂരി

കോലത്തിരി രാജാവായ ഒരു ഉദയവർമ്മന്റെ ആശ്രിതനായിരുന്നു ചെറുശ്ശേരി നമ്പൂതിരിയെന്നും അദ്ദേഹത്തിന്റെ ആവശ്യപ്രകാരം രചിച്ചതാണ് കൃഷ്ണഗാഥയെന്നും കാവ്യഭാഗത്തുൽനിന്ന് സ്പഷ്ടമാണ്.

പാലാഴിമാതു താൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാൽ

എന്ന ഗ്രന്ഥാരംഭത്തിലെ സൂചനയും

ആജ്ഞയാ കോല ഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണാ-
കൃതായാം കൃഷ്ണഗാഥായാം

എന്ന് അദ്ധ്യായങ്ങളുടെ അവസാനങ്ങളിലും കാണുന്നതുതന്നെ ഇതിനു തെളിവാണ്.

കവിയേയും ജീവിതകാലത്തേയും കുറിച്ച് ഇതിൽക്കൂടുതൽ വ്യക്തമായ തെളുവൊന്നും ലഭിച്ചിട്ടില്ല. കൃഷ്ണഗാഥയുടെ കർത്താവ് രാമായണം, ഭാരതം തുടങ്ങിയ പ്രസിദ്ധ മണിപ്രവാളചമ്പുക്കളുടെ കർത്താവായ പൂനം നമ്പൂതിരിയാണെന്നും ഒരഭിപ്രായമുണ്ട്. കൃഷ്ണഗാഥയെപ്പോലെ മഹാഭാരതഗാഥയെന്നൊരു കൃതിയും കണ്ടെടുത്തിട്ടുണ്ട്. അതും ഉദയവർമ്മ രാജാവിന്റെ നിർദ്ദേശപ്രകാരം രചിച്ചതെന്നാണ് സൂചന. ഈ രണ്ടു ഗാഥകളും ഏകകർത്തൃകമാണെന്നും ഒരഭിപ്രായമുണ്ട്. കൃഷ്ണഗാഥ, ഭരതഗാഥ, രാമായണം, മഹാഭാരത ചമ്പുക്കൾ എന്നിവയിലെ ആഖ്യാനരീതിയും ഭാഷാരീതിയും അവ വിഭിന്ന കർത്തൃകങ്ങളെന്ന് വിളിച്ചോതുന്നുവെന്നാണ് പണ്ഡിതമതം. കാലക്രമത്തിൽ ചെറിശ്ശേരി ഇല്ലം അന്യം നിന്ന് പനം ഇല്ലത്തിൽ ലയിച്ചുവെന്നൊരു ഐതിഹ്യവും പ്രചാരത്തിലുണ്ട്. ഈ കഥ അറിയുന്നവർ കൃഷ്ണഗാഥ പുനത്തിന്റേതെന്നും അല്ലാത്തവർ ചെറിശ്ശേരിയുടേതെന്നും

പറഞ്ഞു വന്നതുകൊണ്ടായിരിക്കണം കൃഷ്ണഗാഥയുടെ കർത്താവ് പുനം നമ്പൂതിരിയാണെന്ന വിശ്വാസം ഉണ്ടായതെന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നു. കൃഷ്ണഗാഥാകാരന്റെ പേര് ശങ്കരൻ എന്നായിരുന്നുവെന്നും നമ്പൂതിരിമാർ പൊതുവെ ഇല്ലപ്പേരിൽ അറിഞ്ഞുവന്നിരുന്നതിനാൽ അദ്ദേഹം ചെറുശ്ശേരി എന്ന പേരിൽ പിൽക്കാലത്ത് പ്രസിദ്ധനായതാണെന്നും ഊഹിക്കാം. ക്രിസ്ത്വബ്ദംപതിനഞ്ചാം നൂറ്റാണ്ടാണ് കൃഷ്ണഗാഥയുടെ രചനാകാലം എന്ന് ഭൂരിപക്ഷം സാഹിത്യ ചരിത്രകാരന്മാരും അംഗീകരിക്കുന്നു.

## ഗ്രന്ഥസ്വരൂപം

ഭക്തിരസപ്രധാനമായ ഭാഗവതത്തിലെ ദശമസ്കന്ധമാണ് കൃഷ്ണഗാഥയിലെ കഥാവസ്തു. കവി ഉദയവർമ്മ രാജാവുമായി ചതുരംഗം കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ രാജാവിന് കളിയിൽ വിജയിക്കാൻ വേണ്ട സൂചന നൽകിക്കൊണ്ടു രാജ്ഞി ഒരു താരാട്ടുപാടിയെന്നും ആ താരാട്ടിന്റെ രീതിയിൽ ഭാഗവതത്തിലെ ദശമസ്ക്കന്ധത്തിലുള്ള കഥയെ അവലംബിച്ച് ഒരു മലയാള കാവ്യം രചിക്കാൻ രാജാവ് കവിയോട് നിർദ്ദേശിച്ചുവെന്നുമാണ് കൃഷ്ണഗാഥയുടെ ഉൽപത്തിയെപ്പറ്റിയുള്ള പ്രസിദ്ധമായ ഐതിഹ്യം. കൃഷ്ണഗാഥയിൽ ഭാഗവതം ദശമസ്കന്ധത്തിൽ വിവരിക്കുന്ന ശ്രീകൃഷ്ണാവതാരം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള പുരാണകഥകൾ തന്നെയാണ് മുഖ്യമായും വർണ്ണിക്കുന്നതെങ്കിലും പതിനൊന്നും പന്ത്രണ്ടും സ്കന്ധങ്ങളിലേയും ചില ഭാഗങ്ങൾ വിവരിക്കുന്നുണ്ട്. ഭാഗവതകഥകളുടെ ശരിപ്പകർപ്പായ ഒരു പുനരാഖ്യാനമല്ല കൃഷ്ണഗാഥ. മൂലകഥയെ സ്വന്തം അഭിരുചിയ്ക്കനുസരിച്ച് ചുരുക്കുപ്പറയാനും വിസ്തരിച്ചുപപാദിക്കാനും അദ്ദേഹം മടിച്ചില്ല. സുഭദ്രാഹരണം പോലെ മൂലത്തിൽ ചുരുക്കി പ്രതിപാതിച്ചതിനെ ഒരു പൂർണ്ണ കാവ്യരൂപത്തിലാക്കി വർണ്ണിക്കുന്ന ഭാഗങ്ങളും ഉണ്ട്. ഒരു സ്വതന്ത്രകാവ്യത്തിന്റെ രീതിയാണ് കൃഷ്ണഗാഥയിൽ സ്വീകരിച്ചിട്ടുള്ളത്. സംസ്കൃതത്തിലേയും മലയാളത്തിലേയും പൂർവ്വകവികളുടെ കൃതികളിൽ നിന്ന് ആശയങ്ങൾ സ്വീകരിച്ച് നൂതന ഭംഗിയോടെ സ്വന്തം കൃതിയിൽ ഉപയോഗിയ്ക്കുന്നതിലും ചെറുശ്ശേരി പോരായ്മ കണ്ടിട്ടില്ല. പരകീയാശയങ്ങൾക്ക് സ്വന്തം ഭാവനാവിലാസം കൊണ്ട് മൗലികത്വം വരുത്തുന്നതിലും അദ്ദേഹം ബന്ധശ്രദ്ധനായിരുന്നു. പൗരന്മാരിൽ പുരാണകഥാഖ്യാനത്തിലൂടെ ഭക്തി ഉറപ്പിയ്ക്കുയും വൈരാഗ്യം ജനിപ്പിയ്ക്കുകയുമാണ് കാവ്യലക്ഷ്യം.

## സന്ദർഭം

ശ്രീകൃഷ്ണന്റെ ബാലലീലകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഗോവർദ്ധനോദ്ധാരണം. വൃന്ദാവനവാസികൾ കൊല്ലം തോറും ദേവേന്ദ്രന് ഒരു വിശേഷ പൂജനൽകിയിരിന്നു. ഒരിക്കൽ നന്ദഗോപരും സംഘവും ഇന്ദ്രപൂജയ്ക്ക് വട്ടംകൂട്ടുന്നതുകണ്ട് അതെന്തിനാണെന്ന് ഉണ്ണികൃഷ്ണൻ അന്വേഷിച്ചു. ദേവേന്ദ്രനാണ് മഴയുടെ അധിനായകൻ. അദ്ദേഹം പിഴപറ്റാതെ വർഷിപ്പിയ്ക്കുന്നതുകൊണ്ടാണ് സസ്യലതാദികളും പുല്ലും ഭൂമിയിൽ വളരുന്നത്. അതാണ് നമ്മുടെ സർവ്വസ്വമായ പശുക്കൾക്ക് ഭക്ഷണം. ഈ ഉപകാരസ്മരണയ്ക്കാണ് നാം ഇന്ദ്രപൂജ നടത്തുന്നത് എന്ന് നന്ദഗോപർ പറഞ്ഞു. അഹങ്കാരിയായ ഇന്ദ്രന്റെ ദർപ്പം അടക്കാൻ പറ്റിയ അവസരം ഇതുതന്നെ എന്നു തീർച്ചയാക്കി ശ്രീകൃഷ്ണൻ ചിരിച്ചുകൊണ്ടു പറഞ്ഞു. ഇത് വല്ലാത്ത വങ്കത്തം തന്നെ. ഇന്ദ്രൻ മഴപെയ്യിക്കുന്നതുകൊണ്ടു മാത്രമല്ല ഗോവർദ്ധനം എന്ന പർവ്വതം ഇവിടെ ഉണ്ടായതുകൊണ്ടുകൂടിയാണ് യഥേഷ്ടം പുല്ലു മുളയ്ക്കുന്നത്. അതുകൊണ്ടാണ് നമ്മുടെ പശുക്കൾ തിന്നുകൊഴുക്കുന്നത്. അതിനാൽ ഈ പർവ്വതത്തേയും പശുക്കളേത്തന്നേയുമാണ് നാം പൂജിക്കേണ്ടത് .

അതിലും ഒരുയുക്തിയുണ്ടെന്നു മനസ്സിലാക്കിയ ഗോപന്മാർ ഇന്ദ്രപൂജയ്ക്കൊരുക്കുയ സാധനങ്ങൾകൊണ്ട് പർവ്വതത്തേയും പശുക്കളേയും പൂജിച്ചു. ശ്രീകൃഷ്ണൻ മായകൊണ്ട് പർവ്വതരൂപം ധരിച്ച് പ്രത്യക്ഷനായി പൂജാദ്രവ്യങ്ങൾ സ്വകരിക്കുകയും ചെയ്തു. ഗോപന്മാർക്ക് അതൊരു പുതിയ അനുഭവമായിരിന്നു. അതോടെ എല്ലാവർക്കും വിശ്വാസവും തൃപ്തിയുമായി. തനിയ്ക്കുള്ള

പൂജ ശ്രീകൃഷ്ണൻ മുടക്കിയ കാര്യം നാരദൻ പറഞ്ഞറിഞ്ഞ് കുപിതനായ ദേവേന്ദ്രൻ ഗോപൻമാരെ ഒരു പാഠം പഠിപ്പിയ്ക്കാൻ തീരുമാനിച്ചു. പൂജകഴിഞ്ഞ് ഗോപന്മാർ തിരിച്ചു പോകാൻ തുടങ്ങുന്ന സമയത്ത് ഇന്ദ്രൻ പേമാരി തുടങ്ങി. ഭയവിഹ്വലരായ ഗോപർ ശ്രീകൃഷ്ണനോട് സങ്കടം പറഞ്ഞു. ശ്രീകൃഷ്ണൻ നിങ്ങൾ പൂജിച്ച പർവ്വതം തന്നെ നിങ്ങളെ രക്ഷിയ്ക്കും എന്നു പറഞ്ഞാശ്വസിപ്പിച്ച് ഗോവർദ്ധനപർവ്വതം പുഴക്കിയെടുത്ത് ഒരു കുടപോലെ ഇടതുകൈകൊണ്ട് ഉയർത്തിപ്പിടിച്ച് ഗോപരേയും ഗോക്കളേയും അതിനുകീഴിൽ നിർത്തി പ്രളയവർഷത്തിൽ നിന്ന് രക്ഷിച്ചു നിൽക്കാത്ത മഴ ഏഴുദിവസം തുടർന്നു. ശ്രീകൃഷ്ണൻ കൈ കുഴഞ്ഞ് പർവ്വതം താഴെയിടുമെന്നാണ് ഇന്ദ്രൻ പ്രതീക്ഷിച്ചത്. പക്ഷേ മേഘങ്ങളാണ് കുഴങ്ങിയത്. മഴ തനിയെ നിന്നു. ഗർവ്വഭംഗം വന്ന ദേവേന്ദ്രൻ കാധേനുവിനേയും കൊണ്ടുവന്ന് ശ്രീകൃഷ്ണന്റെ പാദങ്ങൾ വണങ്ങി മാപ്പപേക്ഷിച്ചു. കാമധേനുവിന്റെ പാൽകൊണ്ട് ശ്രീകൃഷ്ണനെ അഭിഷേകം ചെയ്ത് ഗോവിന്ദൻ എന്ന ഒരു ഓമനപ്പേരും കൊടുത്തു.

പേമാരിയിൽ നിന്ന് രക്ഷിയ്ക്കാൻ ഗോപന്മാർ അപേക്ഷിയ്ക്കുന്നതുമുതൽക്കാണ് പാഠ്യഭാഗം.

## ഉള്ളടക്കത്തിലൂടെ

തന്നേയും ....................................... നിന്നന്നുചൊന്നാൻ
കോഴപ്പെടുക = ദു:ഖിയ്ക്കുക

തന്റെ ചുറ്റപാടും വന്നുനിൽക്കുന്നവരെല്ലാം ഇങ്ങനെ ദു:ഖിയ്ക്കുന്നനുകണ്ടപ്പോൾ ഈ കോരി ച്ചൊരിയിന്ന പെരുമഴ കണ്ടിട്ട് ആരും ദു:ഖിക്കണ്ട എന്ന് ശ്രീകൃഷ്ണൻ പറഞ്ഞു.

ഗോവർദ്ധനത്തോട് ....................................................... പിണ്ടത്തിനും

ശ്രീകൃഷ്ണൻ പറഞ്ഞു, ഈ രൂപത്തൽ നിന്ന് രക്ഷിയ്ക്കുവാൻ നിങ്ങളെല്ലാവരും ഗോവർദ്ധനപർവ്വതത്തോട് അപേക്ഷിച്ചു നോക്കുവിൻ . ദേവേന്ദ്രനുപകരം നിങ്ങളുടെ പൂജയെ സ്വീകരിച്ചത് ഇവനാണല്ലോ. തീർച്ചയായും അവൻ നിങ്ങളുടെ സങ്കടത്തെ പരിഹരിച്ച് രക്ഷിക്കും. കണ്ടതിന് അവകാശമുള്ളവൻ തന്നെയാണല്ലോ പിണ്ഡംവെയ്ക്കേണ്ടതും.

കണ്ടത്തേയാണ്ടവൻ പിണ്ടത്തേയും
വിശദീകരണം - ഖണ്ഡം , കഷ്ണം എന്ന പദത്തിന്റെ തൽഭാവമാറി കണ്ടം എന്ന പദമെടുക്കാം. കണ്ടം എന്ന പദത്തിന് ഭൂസ്വത്ത് എന്ന അർത്ഥത്തിൻ പ്രചാരമുണ്ട്. പൂർവ്വികന്റെ സ്വത്തിന് അവകാശമുള്ള അനന്തരവൻ പിണ്ഡം (പിണ്ടം - തൽഭാവം) വെയ്ക്കാനും (മരണാനന്തര ക്രിയ) ചുമതലപ്പെട്ടവനാണ്. സ്വത്തവകാശമ്മുള്ളവന് ശേഷക്രിയ ചെയ്യാനും ചുമതലയുണ്ട് എന്നൊരു നാടൻ ചൊല്ലുണ്ട്. ഇവിടെ പൂജസ്വീകരിച്ച പർവ്വതത്തിന് പൂജിച്ച ഗോപരെ രക്ഷിയ്ക്കേണ്ട ചുമതലയുമുണ്ടെന്നു സൂചന.

എന്നങ്ങുചൊന്നുള്ള ............................................ മെല്ലെ

ഇപ്രകാരം പറഞ്ഞ ശ്രീകൃഷ്ണൻ ഗോവർദ്ധന പർവ്വതത്തിന്റെയടുത്തുചെന്ന് കൈചുരുട്ടി മെല്ലെ ഒരടികൊടുത്തു.

കട്ടക്കിടാവുതൻ .............................................................. കുന്നുമപ്പോൾ
ശ്രീകൃഷ്ണന്റെ ഇടിയേറ്റ പർവ്വതത്തിന്റെ അവസ്ഥ വിവരിയ്ക്കുന്നു.

കട്ടക്കിടാവ് = കറ്റക്കിടാവ്, ചെറിയകുട്ടി, ശാഖ = വൃക്ഷം, തിട്ടതി = പരിഭ്രമം
വാനരയൂഥം = കുരങ്ങിൻകൂട്ടം, കിന്നരർ = ഒരു വിഭാഗം ദേവന്മാർ,

കന്ദരം = ഗുഹ, കുറുട്ടുക = കരയുക, കമ്പം = ഇളക്കം,
മാട്ടുക = ചതിയ്ക്കുക, ചേണുറ്റ = മനോഹരമായ, ഏണം = മാൻ,
ശാർദ്ദൂലം = നരി, പോതം = കുട്ടി, നിർഝരം = അരുവി

ആ ചെറിയ കുട്ടിയുടെ ഇടിയേറ്റപ്പോൾ ആ കുന്ന് ഞെട്ടിത്തിരിഞ്ഞ് കറങ്ങാൻ തുടങ്ങി. വൃക്ഷങ്ങൾ ഞെരിഞ്ഞു. പക്ഷികൾ പറന്നുയർന്നു. മരക്കൊമ്പുകളിലിരിയ്ക്കുന്ന കുരങ്ങന്മാർ ചുറ്റു പാടും ചാടാൻ തുടങ്ങി. പരിഭ്രമിച്ച എട്ടടി മാനുകൾ വട്ടത്തിലായി. പർവ്വതഗുഹകളിൽ താമസി യ്ക്കുന്ന കിന്നരന്മാർ ദു:ഖിച്ചു. കൂട്ടംകൂടിനിന്നിരുന്ന പന്നികൾ കരഞ്ഞുക്കൊണ്ട് നാലുപാടുമോടി. പേടിച്ച് വിറയ്ക്കുന്ന പുലികൾ പരിഭ്രമിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി. നായാട്ടിനെത്തിയ കാട്ടാളന്മാർ എന്തോചതിപ്രയോഗം നടത്തിയതായിരിയ്ക്കാമെന്നു വിചാരിച്ച് കാട്ടുപോത്തുകളും മലമൂട്ടിലെ കാട്ടെരുമകളും ചാടിയോടാൻ തുടങ്ങി. കാട്ടാനകൾ കൂട്ടം തെറ്റിയോടിത്തുടങ്ങി. ഭംഗിയു ള്ള മാൻകിടാങ്ങൾ പേടിച്ച് പുലികളുടെ സമീപത്തും, പുലിക്കുട്ടികൾ മാനുകളുടെ കൂട്ടത്തുലും രക്ഷതേടി. ഇടിയേറ്റ വേദനകൊണ്ട് കാട്ടരുവികളാകുന്ന കണ്ണുനീർപൊഴിച്ച് സിംഹങ്ങളുടെ ഭയങ്കര മായ അലർച്ച മാറ്റൊലിക്കൊള്ളുന്ന ഗുഹകളാകുന്ന വായകൊണ്ട് ആ കുന്നും കഠിനമായി കരയാൻ തുടങ്ങി.

ഇങ്ങനെ കണ്ടൊരു ................................................... ഗാനം തുടങ്ങിതാനെ

വാമം = ഇടത്                                  വല്ലവൻ = ഗോപൻ
വല്ലവി = ഗോപസ്ത്രീ                             പൊൽക്കുഴൽ = പൊൻകുഴൽ (പൊന്നോടക്കുഴൽ)

ഇങ്ങനെയായപ്പോൾ ശ്രീകൃഷ്ണൻ തന്റെ ഇടതുകൈകൊണ്ട് പർവ്വതത്തെ എടുത്തുപൊക്കി ക്കൊണ്ടുപറഞ്ഞു എന്റെ കൈയ്യിലുള്ള ഈ കുന്നിന്റെ ചുവട്ടിലേക്ക് എല്ലാവരും നൂണുകയറുവിൻ ഇതുകേട്ട ഗോപന്മാരും ഗോപിമാരും കുട്ടികളേയും എടുത്തുകൊണ്ട് അതിന്റെ ചുവട്ടിലേയ്ക്കു കയ റി. പശുക്കളും ശിശുക്കളും എല്ലാം കുന്നുന്റെ ചുവട്ടിൽ എത്തിയപ്പോൾ ശ്രീകൃഷ്ണൻ തന്റെ പൊന്നോ ടക്കുഴലെടുത്ത് ആനന്ദഗീതം പാടാൻ തുടങ്ങി.

## I ലഘുചോദ്യങ്ങൾ (അമ്പതുവാക്കിലോ, നൂറുവാക്കിലോ എഴുതാവുന്നതാണ്)

1) ഇണ്ടലപ്പോക്കീട്ടു പാലിച്ചുകൊള്ളും താൻ
കണ്ടത്തെയാണ്ടവൻ പിണ്ടത്തേയും ആശയം വിശദീകരിയ്ക്കുക.

2) ഗോവർദ്ധനത്തിന്റെ കരച്ചിൽ എങ്ങനെയാണ് ചെറുശ്ശേരി വർണ്ണിയ്ക്കുന്നത്

3) ശ്രീകൃഷ്ണന്റെ ഇടിയേറ്റ പർവ്വതത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം?

4) എന്കൈയിലുളെളാരു വൻകുന്നിൻ കീഴിലേ
വന്നിങ്ങു നൂഴുവിൻ നിങ്ങളെല്ലാം സന്ദർഭം കുറിക്കുക.

## II ഉപന്യാസചോദ്യം (മുന്നൂറു വാക്കിൽ എഴുതുക)

1) ചെറുശ്ശേരിയുടെ വർണ്ണനാവൈദഗ്ധ്യം പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിയ്ക്കുക.

2) ചെറുശ്ശേരിയുടെ അലങ്കാരകല്പനകളേയും, ഭാഷാലാളിത്യത്തേയും പരിശോധിയ്ക്കുക

# ഗാന്ധാരീ വിലാപം
## മഹാഭാരതം കിളിപ്പാട്ട് - സ്ത്രീപർവ്വം
## തുഞ്ചത്തെഴുത്തച്ഛൻ

### എഴുത്തച്ഛൻ

മലയാളഭാഷയ്ക്കും സാഹിത്യത്തിനും മാത്രമല്ല കേരളസംസ്കാരത്തിനും ഒരു നവോത്ഥാനം സംഭവിയ്ക്കുന്നത് മഹാകവി തുഞ്ചത്തെഴുത്തച്ഛന്റെ കാലം തൊട്ടാണ്. മലയാളഭാഷയുടെ പിതാവെന്നു വിളിയ്ക്കപ്പെടുന്ന അദ്ദേഹത്തെപ്പറ്റി മഹാകവി വള്ളത്തോൾ:

പൈതലാം മലയാളഭാഷതൻ ശരിയായ
ജാതകം കുറിച്ചിട്ടതത്തിരു നാരായം താൻ

എന്നു വർണ്ണിക്കുന്നത് അക്ഷരംപ്രതി ശരിയാണ്. മണിപ്രവാളമെന്നും പാട്ടെന്നും രണ്ടു ശാഖകളായി വേർപിരിഞ്ഞു കിടന്നിരുന്ന മലയാളകവിതയ്ക്ക്, രണ്ടു പ്രസ്ഥാനങ്ങളിലേയും നല്ല വശങ്ങൾ സ്വീകരിച്ച് പണ്ഡിതപാമരന്മാർക്ക് ഒരുപോലെ സ്വീകാര്യമായ ഒരു പുതിയ കാവ്യഭാഷ നടപ്പിലാക്കിയതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. ആ കാവ്യഭാഷയ്ക്കാകട്ടെ പാട്ടിലെ കൃത്രിമത്വമോ മണിപ്രവാളത്തിലെ കാഠിന്യമോ ഉണ്ടായിരുന്നില്ല. ബാഹ്യസൗന്ദര്യം മാത്രമല്ല ആന്തരഗൗരവവും അതിന്റെ പ്രത്യേകതയായിരുന്നു. ഫ്യൂഡലിസത്തിന്റെ തണലിൽ വളർന്നുവന്ന ധാർമ്മികാധ:പതനത്തിനു നേരെ കണ്ണ് തുറപ്പിച്ചതും സാധാരണ ജനങ്ങളിൽ ധാർമ്മികബോധവും ആത്മീയചിന്തയും ഉണർത്താൻ പ്രേരിപ്പിച്ചതുമാണ് അദ്ദേഹത്തിന്റെ കവിതയുടെ വിജയം.

മലപ്പുറം ജില്ലയിൽ തിരൂരിനടുത്ത് തൃക്കണ്ടിയൂരിലുള്ള തുഞ്ചൻപറമ്പിലാണ് എഴുത്തച്ഛൻ ജനിച്ചതെന്നും പാലക്കാട്ടു ജില്ലയിലെ ചിറ്റൂരിൽ (തുഞ്ചൻമഠം)വെച്ചാണ് ജീവിതാന്ത്യം സംഭവിച്ചതെന്നും വിശ്വസിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം. കുടുംബചരിത്രം, കൃതികൾ, എന്തിനധികം, പേരുപോലും തർക്കവിഷയമാണിന്ന്. ക്രിസ്ത്വബ്ദം 16 -ാം ശതകം (കൊല്ലവർഷം 650നും 750നും ഇടയിൽ) ആണ് അദ്ദേഹത്തിന്റെ ജീവിതകാലമെന്ന് ഭൂരിപക്ഷം പണ്ഡിതരും അംഗീകരിക്കുന്നു. ശൂദ്രനായിരുന്നുവെന്നും രാമൻ എന്നു പേരായി ഗുരുവായ ഒരു സഹോദരൻ ഉണ്ടായിരുന്നു എന്നും കൃതികളിൽനിന്ന് മനസ്സിലാക്കാം. അദ്ധ്യാത്മരാമായണം, മഹാഭാരതം എന്നീ രണ്ടു കിളിപ്പാട്ടുകൾ, ഹരിനാമകീർത്തനം, കൈവല്യനവനീതം. ചിന്താരത്നം, രാമായണം ഇരുപത്തിനാലു വൃത്തം എന്നിവയെല്ലം അദ്ദേഹത്തിന്റെ കൃതികളാണെന്നും വിശ്വസിക്കപ്പെടുന്നു. അതിൽതന്നെ അഭിപ്രായഭേദമുണ്ടെങ്കിലും എല്ലാവരും അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ എന്നാണ് വിളിച്ചുവരുന്നത്. ഭാഗവതം കിളിപ്പാട്ട് എഴുത്തച്ഛന്റെ കൃതിയാണെന്നാണ് പൊതുവായ വിശ്വാസം.

### കിളിപ്പാട്ട്

കിളിയെ സൽക്കരിച്ച് സന്തോഷിപ്പിച്ച് കഥ പറയാനാവശ്യപ്പെടുകയും അതനുസരിച്ച് കിളി കഥ പറയുകയും ചെയ്യുന്നു എന്നതാണ് കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സങ്കേതം. മലയാളത്തിൽ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന് തുഞ്ചത്തെഴുത്തച്ഛനെ വിളിയ്ക്കുന്നു. വെറും ബാഹ്യമായ സങ്കേതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന കിളിപ്പാട്ടിനെ ഒരു പ്രസ്ഥാനത്തോളം

പുകഴ്ത്തേണ്ടതില്ലെന്നും എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണവും മഹാഭാരതവും ഗൗരവമേറിയ കാവ്യരൂപത്തിലുള്ള രണ്ടു സങ്കീർത്തനകാവ്യങ്ങളാണെന്നും സുകുമാർ അഴീക്കോടിനെപ്പോലുള്ള പണ്ഡിതന്മാർ വിലയിരുത്തുന്നു. തമിഴിലും മലയാളത്തിലും കിളികളെ കഥാഖ്യാനകർത്താക്കളായി ക്കാണുന്ന പാരമ്പര്യം പണ്ടുതന്നെ ഉണ്ടായിരുന്നെങ്കിലും എഴുത്തച്ഛന്റെ കാലം തൊട്ട് മലയാളത്തിൽ കിളിപ്പാട്ടുരൂപത്തിലാണ് ധാരാളം കൃതികൾ രചിയ്ക്കപ്പെട്ടതെന്നത് അംഗീകരിക്കാതെ വയ്യ.

## മഹാഭാരതം കിളിപ്പാട്ട്

അദ്ധ്യാത്മരാമായണമായിരിക്കണം ആദ്യത്തെ കിളിപ്പാട്ടെന്നു കരുതപ്പെടുന്നു. സാഹിത്യപര മായി മഹാഭാരതമാണ് രാമായണത്തെക്കാൾ മികച്ചുനിൽക്കുന്നത്.

ലോകത്തിൽവെച്ച് ഏറ്റവും മഹത്തും ബൃഹത്തുമായ വ്യാസഭാരതത്തെ അവലംബിച്ചാണ് ഭാരതം കിളിപ്പാട്ട് രചിച്ചിട്ടുള്ളതെങ്കിലും വ്യാസഭാരതത്തിന്റെ നേർതർജ്ജമയല്ല എഴുത്തച്ഛന്റേത്. ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം ശ്ലോകങ്ങളും കുറേ ഗദ്യവും അടങ്ങുന്ന ഭാരതം മൂലകൃതിയിലെ പ്രധാന പ്പെട്ട ആശയങ്ങളും സംഭവങ്ങളും വിട്ടുപോകാതെ പല ഭാഗങ്ങളും തന്റേതായ പരിഷ്കാരങ്ങൾക്കു വിധേയമാക്കി പരമാവധി സംഗ്രഹിച്ചാണ് എഴുത്തച്ഛൻ മഹാഭാരതം രചിച്ചത്. ഭക്തിപ്രചരണത്തിനും ധാർമ്മികബോധനത്തിനും തന്നെയാണ് അദ്ദേഹം ഊന്നൽ നൽകിയത്. ഭഗവദ്ഗീതയെപ്പോലെ ഗഹനമായ വേദാന്തതത്ത്വങ്ങൾ പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കിയിട്ടുമുണ്ട്. വ്യാസഭാരതത്തിലെ 18 പർവ്വങ്ങളെ (അദ്ധ്യായങ്ങൾ) എഴുത്തച്ഛൻ സൗകര്യത്തിനുവേണക്കണ്ടി 21 പർവ്വങ്ങളാക്കി മാറ്റിയിട്ടുണ്ട്. കാവ്യഗുണം, പാത്രസൃഷ്ടി, ജീവിതവ്യാഖ്യാനം തുടങ്ങിയ കാര്യങ്ങളിലെല്ലാം തികച്ചും മൗലികത പാലിയ്ക്കാൻ കിളിപ്പാട്ടിൽ ശ്രദ്ധിച്ചിട്ടുണ്ട്. കൗരവ-പാണ്ഡവ കുടുംബകലഹത്തിലൂടെ ജീവിതത്തിന്റെ എല്ലാ ദൈന്യാവസ്ഥകളേയും അവയ്ക്കു കാരണമായ മദമാത്സര്യാദികളേയും സമർത്ഥമായി ചിത്രീകരിക്കാൻ എഴുത്തച്ഛന്നു കഴിഞ്ഞിട്ടുണ്ട്.

# സ്ത്രീപർവ്വം

പതിനെട്ടു ദിവസത്തെ കുരുക്ഷേത്രയുദ്ധത്തിന്റെ അവസാനത്തിൽ ദുര്യോധനനും മരിച്ചെന്ന റിഞ്ഞ ധൃതരാഷ്ട്രർ ബോധംകെട്ടുവീഴുന്നു. സഞ്ജയനും വിദുരരും വേദവ്യാസനും അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നു. വിജയികളായ പാണ്ഡവർ ധൃതരാഷ്ട്രരേയും ഗാന്ധാരിയേയും വണങ്ങാനെ ത്തുന്നു. ശ്രീകൃഷ്ണന്റെ സൂതപ്രയോഗം കൊണ്ട് ഭീമൻ ധൃതരാഷ്ട്രാലിംഗനത്തിൽനിന്നു രക്ഷപ്പെ ടുന്നു. ഇഷ്ടജനങ്ങൾ മരിച്ച സങ്കടത്തിൽ നിലതെറ്റിയ സ്ത്രീജനങ്ങൾ ഗാന്ധാരിയുടെ നേതൃത്വ ത്തിൽ പ്രിയപ്പെട്ടവരുടെ ശരീരം അവസാനമായി ഒരു നോക്കു കാണുവാൻ പടക്കളത്തിലേക്ക് നീങ്ങുന്നു. അവിടെ കണ്ട കാഴ്ച ഗാന്ധാരിയെ ഉന്മാദിനിയാക്കുന്നു. ഗാന്ധാരി ശ്രീകൃഷ്ണനേയും യാദവവംശത്തേയും ശപിയ്ക്കുന്നു.

## ഉള്ളടക്കത്തിലൂടെ

പത്തുസഹസ്രം .......................................

..................................... മാധവൻ തന്നോടുചൊല്ലിനാൾ

സഹസ്രം = ആയിരം

പത്തി = സൈന്യങ്ങളുടെ ഒരളവ്

പ്രവരൻ = ശ്രേഷ്ഠൻ

രഥി = തേരിൽ ഇരിക്കുന്നവൻ

ദേവവ്രതൻ = ഭീഷ്മർ

പത്രികൾ = അമ്പുകൾ,

ഛിദ്രമായ അംഗം = പിളർന്ന ശരീരം
ബദ്ധാഞ്ജലി = കൈകൾ കൂപ്പിക്കൊണ്ട്
മുക്തി = മോക്ഷം
മുടി = കിരീടം
ഛത്രം = കുട (വെൺകൊറ്റക്കുട)
ശസ്ത്രം = ആയുധം
മസ്തകം - തല
തപ്തം = ചൂടുപിടിപ്പിച്ച
സ്കന്ധം = കഴുത്ത്
ജാലം = കൂട്ടം
സിക്തം = നനഞ്ഞ
ഗൃദ്ധ്രൻ = കഴുകൻ
ഇണ്ടൽ = ദു:ഖം
രക്തസരോജം = ചുവന്നതാമര
ഹസ്തം = കൈ
പാർത്ത് = പ്രതീക്ഷിച്ച്
കടകം = വലിയവള
താലവൃന്തം = വിശറി (ആലവട്ടം)
കൃത്തഗാത്രം = കീറിമുറിഞ്ഞ ശരീരം
ചിത്രപടം = തലപ്പാവ്
കാർത്തസ്വരം = സ്വർണ്ണം
ഹസ്തി = ആന
ഗളദ്രക്തം = ഒഴുകുന്ന ചോര
ഭൂമൌ = ഭൂമിയിൽ
നക്തഞ്ചരൻ = രാത്രിൽ സഞ്ചരിക്കുന്നവൻ(ഭൂതം)

പതിനായിരക്കണക്കിൽ ആനകളേയും കുതിരകളേയും അതിനുപാകത്തിലുള്ള കാലാൾപ്പടക ളേയും ഓരോ ദിവസവും കൊന്നൊടുക്കിക്കൊണ്ട് പത്തുദിവസവും കൗരവപ്പടയെ നയിച്ച ഭീഷ്മ പിതാമഹനെയാണ് ആദ്യം കണ്ടത്. വില്ലാളിവീരനായ അർജ്ജുനന്റെ ശരങ്ങളേറ്റ് കീറിപ്പറിഞ്ഞ ശരീരവുമായി, ഭക്തവത്സലനായ ശ്രീകൃഷ്ണന്റെ ചെന്താമരക്കാലടികളിൽ ഭക്തി മുഴുത്ത് ഉറച്ചു നിൽക്കുന്ന മനസ്സുമായി, കൂപ്പിയ കൈകളുമായി മൂർച്ചയേറിയ ശരശയ്യയിൽ മരണമാകുന്ന വധു വിന്റെ വരവും പ്രതീക്ഷിച്ചു കിടക്കുന്ന പരിശുദ്ധാത്മാവായ ഭീഷ്മരെ കണ്ടപ്പോൾ അവർ വികാര വിവശയായി. (ഭീഷ്മർ ഇനിയും മരിച്ചിട്ടില്ല. സ്വച്ഛന്ദമൃത്യുവായ അദ്ദേഹം മോക്ഷപ്രാപ്തിയ്ക്കു പറ്റിയ ഉത്തരായണകാലം ആവുന്നതും കാത്തുകിടക്കുകയാണ്). പതിനെട്ടു ദിവസം മുടങ്ങാതെ യുദ്ധം ചെയ്തു മരിച്ചുവീണു കിടക്കുന്ന രാജാക്കന്മാരുടെ കിരീടം, സ്വർണ്ണവള, കൂറ്റൻ തേരുകൾ, കൊടിമരങ്ങൾ, ചോരയിൽ ഇഴഞ്ഞുകിടക്കുന്ന കൊടിക്കൂറകൾ, വെൺകൊറ്റകുടകൾ, ആലവട്ടങ്ങൾ വെൺചാമരങ്ങൾ, ആയുധങ്ങൾ, ആയുധങ്ങൾകൊണ്ടു ഛിന്നഭിന്നങ്ങളായ ശരീരങ്ങൾ, തലയിൽനിന്ന് ഊർന്നു കിടക്കുന്ന തലപ്പാവുകൾ, വസ്ത്രാലങ്കാരങ്ങൾ, തിളങ്ങുന്ന സ്വർണ്ണാഭരണങ്ങളോടു കൂടിയ മാറിടങ്ങൾ, ചത്തുമലച്ചുകിടക്കുന്ന ആനകൾ, കുതിരകൾ, എണ്ണിയാലൊടുങ്ങാത്ത ആയുധങ്ങളേറ്റ് മുറിഞ്ഞുവേർപെട്ടു കിടക്കുന്ന അവയവങ്ങൾ ഇവ കാണപ്പെട്ടു. സന്ധ്യാകാശം പോലെ ചുവന്ന ആ പടക്കളത്തിൽ നിരന്നുവീണു കിടക്കുന്ന മക്കളുടേയും ബന്ധുക്കളുടേയും ശവശരീരങ്ങൾ കഴുക ന്മാരും പട്ടികളും നരികളും മറ്റു പക്ഷികളും ഭൂതപ്രേതങ്ങളും കടിച്ചു വലിക്കുന്നതു കണ്ട് ദു:ഖം പൊറുക്കാനാവാത്ത ഗാന്ധാരി വൈകുണ്ഠവാസിയായ ശ്രീകൃഷ്ണനോട് പറയാൻ തുടങ്ങി.

## ഗാന്ധാരീവിലാപം

കണ്ടീലയോ നീ മുകുന്ദാ ധരണിയിൽ ...........................................
................................ മണ്ടിനാൾ വീണാൾ ഉരുണ്ടാൾ തെരുതെരെ

ധരണി = ഭൂമി
ധനുസ്സ് = വില്ല്
സംക്രന്ദനാത്മജൻ = അർജ്ജുനൻ
കല്യാണരൂപൻ = സുന്ദരൻ
കരി = ആന
സംക്രന്ദനൻ = ദേവേന്ദ്രൻ
ശോണിതം = രക്തം
അല്ലൽ = ദു:ഖം

വല്ലവീവല്ലഭൻ = വല്ലവികളുടെ (ഗോപസ്ത്രീകളുടെ) ഭർത്താവ് – ശ്രീകൃഷ്ണൻ

| | |
|---|---|
| ഇന്ദീരവം = കരിങ്കൂവളം | ക്രന്ദനം ചെയ്യുക = കരയുക |
| ആർദ്രത = അലിവ് | ആരണൻ = ബ്രാഹ്മണൻ |
| ധൃഷ്ടത = ധിക്കാരം | മഹാമതേ = മഹാത്മാവേ |
| ഗോപതി = പശുപാലകൻ, ഗോപൻ | ധരാധിപൻ = രാജാവ് |
| കുണ്ഡലം = കർണ്ണാഭരണം | കുണ്ഡലം = കർണ്ണാഭരണം |
| ഗണ്ഡസ്ഥലം = കവിൾത്തടം | പൂരിച്ച = വർദ്ധിച്ച |
| ഭൂഷണം = അലങ്കാരം | ഉമ്പർകോൻ = ദേവേന്ദ്രൻ |
| പുഷ്ടകോപം = വലിയ ദേഷ്യം | പക്ഷം = ഇഷ്ടം |

ഹേ മുകുന്ദാ (മുകുന്ദൻ = മോക്ഷം കൊടുക്കുന്നവൻ എന്നാണർത്ഥമെന്നോർക്കണം) നീ കണ്ടില്ലേ, മഹാരാജാക്കന്മാരിൽ ഒരാളായ ഭഗദത്തൻ തന്റെ ആനയുടെ അടുത്ത് കൈപ്പിടിയിൽ ഇപ്പോഴും വില്ലുധരിച്ച് അർജ്ജുനന്റെ അമ്പേറ്റു മരിച്ചുകിടക്കുന്നു. (ദ്രോണപർവ്വത്തിൽ ഭഗദത്തവധം പ്രത്യേകിച്ച് വർണ്ണിയ്ക്കുന്നുണ്ട്. ഭഗദത്തന്റെ ആന ഭീമസേനനെ ചുഴറ്റി മേലോട്ടെറിഞ്ഞ് താഴെ വീഴുമ്പോൾ കൊമ്പിൽ കോർക്കാൻ വേണ്ടി തല ഉയർത്തി നിൽക്കുമ്പോഴാണ് ശ്രീകൃഷ്ണൻ അർജ്ജുനന്ന് ഈ രംഗം കാണിച്ചുകൊടുക്കുന്നത്. ഈ ആപൽഘട്ടത്തിൽ സർവ്വശക്തികളും സംഭരിച്ച് അർജ്ജുനൻ അയച്ച ഒരൊറ്റ അമ്പ്, ആനയുടെ കഴുത്തും ഭഗദത്തൻ അമ്പുതൊടുത്തു വലിച്ചു നിൽക്കുന്ന വില്ലും ഭഗദത്തന്റെ കഴുത്തും ഉയർത്തിപ്പിടിച്ച ആനയുടെ വാലും അരിഞ്ഞ ഒരസാധാരണചിത്രമുണ്ട്). അതിസുന്ദരനായ അഭിമന്യുകുമാരനിതാ ചോരയിൽ കുളിച്ചു വീണുകിടക്കുന്നു. നല്ല മരതകക്കല്ലിന്റെ ശോഭയുള്ളവൻ അർജ്ജുനന്റെ പുത്രനാണ്. ഹേ ശ്രീകൃഷ്ണാ,നിന്റെ മരുമകനുമാണ്. എന്തുകൊണ്ട് അവനെയെങ്കിലും നീ കൊല്ലാതെ കാത്തില്ല. എല്ലാവരേയും കൊല്ലിയ്ക്കുകയാണ് നിനക്കു രസം. ഇതൊക്കെ കാണുംതോറും എനിയ്ക്കു സഹിയ്ക്കാൻ വയ്യാതാകുന്നു. ഞാൻ പൊളി പറയുകയല്ല കുട്ടീ, പുഞ്ചിരി തൂകിക്കൊണ്ടുള്ള ഈ മുഖം കണ്ടാൽ എങ്ങനെ സഹിയ്ക്കും. കേവലം ബാലികയായ ഉത്തര (അഭിമന്യുവിന്റെ ഭാര്യ) യുടെ കരച്ചിൽ നീ കാണുന്നില്ലേ. സുഭദ്ര (അഭിമന്യുവിന്റെ അമ്മ) ഭൂമിയിൽ വീണുരുണ്ടു കരയുന്നതു കണ്ടിട്ട് നിനക്കൊന്നും തോന്നുന്നില്ലേ. നിന്റെ മനസ്സ് കല്ലാണോ. കല്ലും ഇത്തരം കാഴ്ച കണ്ടാൽ ഉരുകും. അപ്പുറത്ത് ഭീമപുത്രനായ ഘടോൽക്കചൻ കിടക്കുന്നു. ഒരു നീലമല പോലെ അവൻ മരിച്ചുകിടക്കുന്നു. (കർണ്ണൻ വേൽ പ്രയോഗിച്ചപ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ തനിയ്ക്കാവില്ലെന്ന് ഘടോൽക്കചന് ഉറപ്പായി. അപ്പോൾ മായാവിദ്യ കൊണ്ട് തന്റെ ശരീരം പർവ്വതം പോലെ പരമാവധി വലുതാക്കി കൗരവപ്പടയുടെ ഇടയിലേക്ക് മറിഞ്ഞുവീണു. ഒരുപാടു പടയാളികൾ ആ ശരീരത്തിനടിയിൽപെട്ടു മരിച്ചുപോയി, മരിച്ചു വീഴുമ്പോഴും സ്വന്തക്കാർക്ക് നന്മ വരുത്തിയ ഈ രക്തസാക്ഷിയെ കർണ്ണന്റെ വേലിന് കല്പിച്ചുകൂട്ടി ഇരയാക്കിയതായിരുന്നു.) അർജ്ജുനന്റെ അമ്പേറ്റ് കഴുത്തറ്റ ജയദ്രഥന്റെ (കൗരവരുടെ ഏകസഹോദരിയായ ദുശ്ശളയുടെ ഭർത്താവ്) ശരീരമാണിത്. (ജയദ്രഥന്റെ ശിരസ്സ് പടക്കളത്തിലില്ല. ജയദ്രഥന്റെ തലയറുത്ത് ഭൂമിയിലിടുന്ന ആളുടെ തല സ്വയം പൊട്ടിത്തെറിയ്ക്കുമെന്നുള്ള ഒരു വരം അദ്ദേഹത്തിന്റെ അച്ഛൻ നേടിയിരുന്നു. അതുകൊണ്ട് അറുത്ത തല ഭൂമിയിൽ വീഴ്ത്തരുതെന്ന് കൃഷ്ണൻ ഉപദേശിച്ചു. അർജ്ജുനൻ തുടർച്ചയായി അമ്പുകൾ വിട്ട് ആ മുറിച്ച തല അങ്ങകലെ സന്ധ്യാവന്ദനത്തിന് കൈക്കുമ്പിളിൽ വെള്ളമെടുത്ത് കണ്ണടച്ചുജപിച്ചു നിൽക്കുന്ന ജയദ്രഥപിതാവിന്റെ കൈക്കുമ്പിളിൽ വീഴ്ത്തി. കൈയിൽ എന്തോ വന്നു വീണതിനാൽ അദ്ദേഹം കൈകൾ പെട്ടന്നു വലിച്ചു.ജയദ്രഥന്റെ ശിരസ്സ് ആ കൈയിൽ നിന്ന് ഭൂമിയിൽ വീണു. അതോടെ പിതാവിന്റെ തലയും പൊട്ടിത്തെറിച്ചു.) എന്റെ മകളുടെ കരച്ചിൽ കണ്ടിട്ട് എന്റെ മനസ്സ് വെന്തുരുകുന്നു. ദ്രോണാചാര്യരെ സംസ്കരിച്ച സ്ഥലമാണാക്കാണുന്നത്. അദ്ദേഹം ഒരു ബ്രാഹ്മണനായിരുന്നുവല്ലോ. ധൃഷ്ടദ്യുമ്നന്റെ ധിക്കാരം കഠോരം തന്നെ. നല്ലവനായ ഗുരുനാഥനെ ഇങ്ങനെ നിഷ്കരുണം

വധിയ്ക്കുവാൻ ഇവനല്ലാതെ മറ്റോരാൾക്കു തോന്നുമോ. (ദ്രോണരെ വധിയ്ക്കാനായി മാത്രം യാഗാഗ്നിയിൽ നിന്ന് പിറവിയെടുത്തയാളാണ് ധൃഷ്ടദ്യുമ്നൻ). അയ്യോ, അതിന്റേയും അപ്പുറത്തതാ അതീവ സിന്ദരനായ ദുശ്ശാസനൻ കിടക്കുന്നു. ഭീമൻ കീറിപ്പറിച്ച ഈ മാറിടം കണ്ടാൽ എന്റെ കുട്ടീ, എങ്ങനെ സഹിക്കും. ശ്രീകൃഷ്ണാ, നീയെന്താണ് ഇങ്ങനെ ക്രൂരത കാട്ടുന്നത്. എന്റെ മനസ്സിൽ തീയാണ് കത്തുന്നത്. എന്റെ ഈ കണ്ണുനീർവറ്റുമോ. എന്റെ ഈ ദു:ഖം എന്നെങ്കിലും ശമിയ്ക്കുമോ. എന്റെ മകനായ ദുര്യോധനന്റെ മകൻ ലക്ഷണകുമാരന്റെ ഉടലാണല്ലോ ആ കാണ്ണിന്നത്. ലക്ഷണമൊത്ത ലക്ഷണകുമാരാ നീയും ഞങ്ങളെ ചതിച്ചു പോയോ? ശരിയ്ക്കും കണ്ണുകൊണ്ട് ഈ ദയനീയരംഗങ്ങൾ കാണണമെന്ന് എന്റെ കുട്ടികളേ എനിയ്ക്കു തോന്നാൻ കാരണമെന്ത്. (അത് മറ്റൊരു ദുരന്തമാണ്. ഗാന്ധാരി തന്റെ നൂറ്റൊന്നു മക്കളേയും ഇതുവരെ കണ്ണുകൊണ്ടു കണ്ടിട്ടില്ല. ഭർത്താവ് അന്ധനായതിനാൽ ആ പതിവ്രത കണ്ണടച്ചുകെട്ടി സ്വയം അന്ധനായതിനാൽ ആ പതിവ്രത കണ്ണടച്ചു കെട്ടി സ്വയം ആന്ധ്യം വരിച്ചുകൊണ്ടാണ് ജീവിച്ചിരുന്നത്. അന്ധനായ ധൃതരാഷ്ട്രർക്കും അന്തിമമായി തന്റെ മക്കളുടെ ശവശരീരം നേരിൽ കാണാൻ വ്യാസൻ അനുഗ്രഹം കൊടുത്തു. അപ്പോഴാണ് ഗാന്ധാരിയും മക്കളുടെ പ്രതാപകാലത്തൊന്നും അവരെ കാണാത്ത അമ്മ അവർ നൂറുപേരും മരിച്ചു കിടക്കുന്ന കാഴ്ച കാണേണ്ടിവന്നത് ദയനീയം തന്നെ. യാദവവംശത്തിനു നേരേയുള്ള പൊട്ടിത്തെറിയായ ഗാന്ധാരിയുടെ ശാപത്തിന് പശ്ചാത്തലമൊരുക്കുകയാണ്. ഉണ്ണികളേയെനിയ്ക്കെന്തിതു തോന്നുവാൻ എന്ന ചോദ്യത്തിലെ ധ്വനിയാണ്.) അംഗരാജ്യത്തിലെ രാജാവും എന്റെ കുട്ടികളുടെ ഉറ്റസഹായിയായ കർണ്ണനാണ് ആ കിടക്കുന്നത്. ആ കാതിൽ കടുക്കനില്ല. എന്നിട്ടും ആ കവിൾത്തടം ഇപ്പോഴും തിളങ്ങുന്നു. (ആയുധഭ്യാസ പരീക്ഷയിൽ അർജ്ജുനന്നു മീതെ നിന്ന കർണ്ണനെ സൂതപുത്രൻ എന്ന് ആക്ഷേപിച്ച് മത്സരത്തിനനർഹനായി പ്രഖ്യാപിച്ചപ്പോൾ തൽക്ഷണം ദുര്യോദനനാണ് കർണ്ണനെ അംഗരാജാവായി അഭിഷേകം ചെയ്തത്. പിതാവായ സൂര്യൻ കർണ്ണന്റെ ശരീരരക്ഷയ്ക്കായി നൽകിയതായിരുന്നു ദിവ്യശക്തിയുള്ള കവചകുണ്ഡലങ്ങൾ. ബ്രാഹ്മണവേഷസ്സിൽ ദേവേന്ദ്രൻ അതു കണ്ടും ചതിയിൽ കൈക്കലാക്കി. അതാണ് കുണ്ഡലമറ്റു കിടക്കുന്നു എന്ന് പ്രത്യേകം സൂചിപ്പിച്ചത്). വില്ലാളിവീരനായ കർണ്ണന്റെ വില്ലതാ വേറെ കിടക്കുന്നു. അതിമനോഹരമായ ആ ശരീരമതാ ഇപ്പോൾ ദുഷ്ടജന്തുക്കൾ കടിച്ചുവലിക്കുന്നു. ഈശ്വരാ, ഇങ്ങനെയൊക്കെ സംഭവിയ്ക്കാൻ കാരണമെന്ത്? തന്റെ ഭർത്താവിന്റെ അറ്റുകിടക്കുന്ന കൈ എടുത്ത് തന്റ മടിയിൽ വച്ചതാ ദൂരിശ്രവസ്സിന്റെ ഭാര്യ കരയുന്നു. ഈ ഭയങ്കരമായ നാശത്തിന്റെ മുഴുവൻ കാരണക്കാരനായ ശകുനി (കൗരവരുടെ അമ്മാമൻ, ഗാന്ധാരിയുടെ സഹോദരൻ, കള്ളച്ചൂതു കളിച്ച് പാണ്ഡവരെ കാട്ടിലേയ്ക്കയയ്ക്കാൻ ഉപദേശിച്ചതും സഹായിച്ചതും ശകുനിയാണല്ലോ. ആ സ്വത്തുതർക്കമാണല്ലോ കുരുക്ഷേത്രയുദ്ധത്തിൽ എത്തിയത്)യുടെ ശവം പക്ഷികളതാ കൊത്തിവലിയ്ക്കുന്നു. ശ്രീകൃഷ്ണാ, ഇതു കാണാനല്ലേ അങ്ങ് ആഗ്രഹിച്ചിരുന്നത്. മതിയായില്ലേ. ഉണ്ണീ, ദുര്യോധനകുമാരാ, നിന്റെ സ്വർണ്ണകിരീടവും സ്വർണ്ണാഭരണങ്ങളും ദേവേന്ദ്രന്നു തുല്യമായവമ്പും പ്രതാപവും ഭാവഗാംഭീര്യയും എല്ലാം പെട്ടെന്നുപേക്ഷിച്ച് നിന്റെ ഏറ്റവും പ്രിയപ്പെട്ട അച്ഛനേയും ഒറ്റയ്ക്കാക്കി നീ പോയതെന്തുകൊണ്ടാണ്. ഇതെല്ലാം കണ്ടിട്ട് എന്റെ ഹൃദയമിതാ പിളരുന്നു. എപ്പോഴും പട്ടുകിടക്കയിൽ മാത്രം കിടക്കാറുള്ള നീ ഇതാ ഇപ്പോൾ, ചോരയിൽ കുളിച്ച് മരിച്ച് കിടക്കുന്നു. ഇതൊന്നും എനിയ്ക്കു കാണാൻ വയ്യ എന്നു പറഞ്ഞ് ഗാന്ധാരി പടക്കളത്തിലൂടെ ഒരു ഭ്രാന്തിയെപ്പോലെ പാഞ്ഞുനടന്നു, വീണു, ഉരുണ്ടു.

## ഗാന്ധാരീശാപം

പിന്നെ മോഹിച്ചാൾ ഉണർന്നാൾ പൊടുക്കനെ ........
........................ മംഗലം വന്നീടുമെന്നാൾ കിളിമകൾ

ഖിന്നത = ഖേദം
കുടിലത്വം = ചതി
പാങ്ങായി = പക്ഷംപിടിച്ച്
ആന്തരം = ഉള്ളിലിരിപ്പ്
തവ = നിന്റെ
നിർജ്ജരൻ = ദേവൻ
നിഷ്കളൻ = പൂർണ്ണൻ
നിർജ്ജരനായകപുത്രപ്രിയസഖി = ദേവേന്ദ്ര പുത്രനായ അർജ്ജുനന്റെ തോഴൻ, ശ്രീകൃഷ്ണൻ
വിവിക്തവാസപ്രിയൻ = വിവക്തത്തിൽ (ഏകാന്തതയിൽ - ഒറ്റയ്ക്ക്) കഴിയാൻ ഇഷ്ടപ്പെടുന്നവൻ

ഗാന്ധാരി ബോധംകെട്ടു വീണു. ഉണർന്നെഴുന്നേറ്റ് പിന്നെ അടക്കാനാവാത്ത ദു:ഖം കൊണ്ട് പൊട്ടിക്കരഞ്ഞുകൊണ്ട് ഇങ്ങനെ പറഞ്ഞു ശ്രീകൃഷ്ണാ, അങ്ങയെപ്പോലെ ഇത്ര വഞ്ചകനായി മറ്റൊരാൾ ഭൂമിയിലുണ്ടാവില്ല. ഒരുഭാഗം ചേർന്നുനിന്ന്, ഇരുചേരിയിലും വാശിയോടെ യുദ്ധം ചെയ്ത അഭിമാനികളായ രാജാക്കന്മാരെയെല്ലാം കൊല്ലിച്ചത് നീയല്ലാതെ മറ്റാരുമല്ല. മറ്റുള്ളവരെ കുറ്റപ്പെടുത്തേണ്ട കാര്യമല്ല. ആലോചിച്ചുനോക്കിയാൽ എല്ലാം കരുതലുള്ളവനായ നീയും നിന്റെ യാദവവംശവും ഒരു മുപ്പത്താറുകൊല്ലത്തിനുള്ളിൽ ഇതുപോലെ നശിച്ചുപോകും, സംശയമില്ല. കൃഷ്ണൻ പറഞ്ഞു, അങ്ങനെതന്നെയാണ് വേണ്ടതെന്നാണ് എന്റേയും ആഗ്രഹം. നമ്മുടെ രണ്ടാളുടെയും മനസ്സ് ഒന്നായതുനന്നായി. (ഗാന്ധാരിയുടെ ഏറ്റവും വലിയ പ്രതികാരമായ ശാപംപോലും കൃഷ്ണൻ ഒരനുഗ്രഹമായാണ് എടുക്കുന്നത് എന്നതാണ് ഗാന്ധാരിയുടെ ദയനീയമായ പരാജയം).

ശ്രീകൃഷ്ണനും ഗാന്ധാരിയും ഇങ്ങനെ സംസാരിച്ചു നിൽക്കുമ്പോൾ ധൃതരാഷ്ട്രർ യുദ്ധത്തിൽ മരിച്ചവരുടെയെല്ലാം ശവസംസ്ക്കാരം വിധിയാംവണ്ണം നടത്തിയ്ക്കാൻ ധർമ്മപുത്രരോട് പറഞ്ഞു. നിഷ്പക്ഷബുദ്ധിയായ ധർമ്മപുത്രർ അതെല്ലാം ഉത്തമനായ കൃപരെ ഏല്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഹൃദയമാകുന്ന കണ്ണു മാത്രമുള്ള ധൃതരാഷ്ട്രർ ഗാന്ധാരിയെയും മറ്റും കൂട്ടി സങ്കടം പരമാവധി നിയന്ത്രിച്ച് ഹസ്തിനപുരിയിൽ ചെന്നുതാമസിച്ചു. ശുദ്ധാത്മാവായ യുധിഷ്ഠിരൻ സഹോദരന്മാരോടും ഈശ്വരൻ തന്നെയായ ശ്രീകൃഷ്ണനോടും മറ്റു ബന്ധുക്കളോടും കൂടി ഗംഗയിൽ എത്തി ഉറ്റവർക്കുവേണ്ടി ശേഷക്രിയകൾ ചെയ്ത് സുഖമായി കഴിഞ്ഞു.

കൂടുതൽ ഇപ്പോൾ പറയാൻ പ്രയാസമുണ്ടെന്നു പറഞ്ഞ് എല്ലാവർക്കും നന്മ നേർന്ന് തത്ത കഥപറയൽ തൽക്കാലത്തേക്കു നിർത്തിവെച്ചു.

## ചോദ്യങ്ങൾ

### I ലഘുചോദ്യങ്ങൾ (50/100 വാക്കിൽ എഴുതാവുന്നവ)

1) ഭഗദത്തന്റെ മരണപശ്ചാത്തലം എഴുതുക

2) ‘‘കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ’’ ആരെ കൊല്ലാതെ? ഇതാരുടെ ആക്ഷേപമാണ്? ആരാണ് ‘‘നീ’’ ? കൊല്ലാൻ കാരണമെന്ത്?

3) ‘‘കല്ലുകൊണ്ടോമനതാവകമാകില-
കല്ലിനുമാർദ്രതയുണ്ടിതുകാണുമ്പോൾ ’’ സന്ദർഭവും ആശയവും വ്യക്തമാക്കുക

4) ‘‘മറ്റൊരുത്തനു തോന്നീടുമോ മാനസേ ’’ എന്ത്?

5) “കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു
മുണ്ണികളെയെനിയ്ക്കന്തിതു തോന്നുവാൻ” ആശയവും വ്യക്തമാക്കുക

6) “ദുര്യോധനന്റെ ശവശരീരം ” കണ്ട ഗാന്ധാരിയുടെ പ്രലപനങ്ങൾ ചുരുക്കി എഴുതുക.

7) “കണ്ടുകൂടായെനിയ്ക്കെന്നു ഗാന്ധാരിയും ”ഗാന്ധാരിയ്ക്ക് കണ്ടുകൂടാത്ത സംഭവമെന്ത്?

8) “ എന്തിനുമറ്റുള്ളവരെപ്പറയുന്നു
ചിന്തിയ്ക്കിൻ നിൻ മാറിമായമതൊക്കെയും”സന്ദർഭവും ആശയവും എഴുതുക

9) “അങ്ങനെതന്നെ വരേണമെന്നുള്ളതു
ണ്ടിങ്ങെനിയ്ക്കും മനക്കാമ്പിൽ സുബലജേ” സന്ദർഭം വിശദീകരിച്ച് ആശയം വ്യക്തമാക്കുക

## II ഉപന്യാസചോദ്യങ്ങൾ

1) ഗാന്ധാരിയുടെ ദുരന്തനുഭവങ്ങൾ ദയനീയമായ നിസ്സഹായാവസ്ഥയിലെത്തുന്ന കാഴ്ചയാണ് സ്ത്രീ പർവ്വത്തിൽ കാണുന്നത് - പരിശോധിയ്ക്കുക.

2) കരുണരസാവതരണത്തിൽ തുഞ്ചത്തെഴുത്തച്ഛന്റെ പാടവം ഗാന്ധാരീവിലാപത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

******

# കല്യാണസൌഗന്ധികം (തുളളൽ)

## കുഞ്ചൻ നമ്പ്യാർ

കൈരളിയുടെ പൊട്ടിച്ചിരി എന്നു വിശേഷിപ്പിയ്ക്കാനുളള തുളളൽക്കവിതയുടെ കർത്താവും തുളളലെന്ന കലാരൂപത്തിന്റെ ഉപജ്ഞാതാവുമായ മഹാകവി കുഞ്ചൻനമ്പ്യാരുടെ ജീവചരിത്രത്തെ ക്കുറിച്ച് പലകാര്യങ്ങളും അജ്ഞാതമാണ്. കുഞ്ചൻ എന്നപേരുപേലും തർക്കവിഷയമാണ്. രാമപാണിവാദൻ എന്നായിരുന്നു അദ്ദേഹത്തിന്റെ പേരെന്നും അഭിപ്രായമുണ്ട്. അദ്ദേഹത്തിന്റെ ജീവി തകാലം 1700 നും 1775നുമിടയിലാണെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നു. ഒറ്റപ്പാലത്തിനടുത്തുളള കിളളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് വീട്ടിലാണ് അദ്ദേഹം ജനിച്ചതെന്നും അദ്ദേഹത്തിന്റെ അച്ഛൻ കിടങ്ങൂർക്കാരനായ ഒരു നമ്പൂതിരിയാണെന്നും പറയപ്പെടുന്നു. അച്ഛന്റെ കൂടെ കിടങ്ങൂരിലെത്തിയ നമ്പ്യാർ കുടമാളൂരിലെ തെക്കേടത്തു ഭട്ടതിരിയുടെ ആശ്രിതനായി സംസ്കൃതപഠനംനടത്തി. കണ്ടങ്കരി മുറിയിൽ നന്ദികാട്ട് ഉണ്ണിരവിക്കുറുപ്പും അദ്ദേഹത്തിന്റെ ഗുരുനാഥനായിരുന്നു. ദ്രോണമ്പളളി നായ്ക്കനിൽ നിന്ന് ആയോധനകലയും വശമാക്കി. വിദ്യാഭ്യാസത്തിനു ശേഷം ചെമ്പകശ്ശേരി രാജാവ് ദേവനാരായണന്റെയും മന്ത്രിയായ മാത്തൂർപണിക്കരുടേയും ആശ്രിതനായി ക്കഴിഞ്ഞു. തിരുവിതാംകൂർ രാജാക്കന്മാരായ മാർത്താണ്ഡവർമ്മയുടേയും ധർമ്മരാജാവിന്റേയും ആശ്രിതനായിരുന്നിട്ടുണ്ട്. അമ്പലപ്പുഴവെച്ചായിരുന്നു അദ്ദേഹത്തിന്റെ ജീവിതാന്ത്യം.

എഴുത്തച്ഛനുശേഷം മലയാള കവിതാ സാഹിത്യചരിത്രത്തിൽ ഒരൊന്നര നൂറ്റാണ്ടു കാലത്തേക്ക് മന്ദതയാണനുഭവപ്പെട്ടത്. കിളിപ്പാട്ടുകളുടെ അനുകരണങ്ങളും ആട്ടക്കഥകളുമാണ് അക്കാലത്തുണ്ടായത്. എടുത്തുപറയത്തക്ക ജീവിത വീക്ഷണധാരകളോ സാമൂഹ്യജീവിതത്തിന്റെ ചൈതന്യത്തുടിപ്പുകളോ അക്കാലത്ത് കവിതയിൽ പ്രത്യക്ഷപ്പെട്ടില്ല. ഈ സ്ഥിതിക്ക് ഗണ്യമായൊരു മാറ്റമുണ്ടായത് തുളളൽക്കവിതകളുടെ ആവിർഭാവത്തോടെയാണ്.

നാൽപ്പതിലേറെ തുളളൽ കൃതികൾ നമ്പ്യാരുടേതായിട്ടുണ്ട്. അറുപതോളം ഉണ്ടെന്നും പക്ഷമുണ്ട്. ഇതിനു പുറമെ ശ്രീകൃഷ്ണചരിതം മണിപ്രവാളം, നളചരിതം, ശിവപുരാണം, പഞ്ചതന്ത്രം മുതലായ കിളിപ്പാട്ടുകൾ, ഭഗവദ്ദൂത് പതിനാലു വൃത്തം എന്നിവയും നമ്പ്യാരുടെ കാവ്യങ്ങ ളായി കണക്കാക്കിവരുന്നു. സംസ്കൃതത്തിൽ അസാമാന്യപാണ്ഡിത്യം നേടിയിരുന്ന അദ്ദേഹം ആ ഭാഷയിലും ഏതാനും കൃതികൾ ചരിച്ചിട്ടുണ്ട്.

### തുളളൽ പ്രസ്ഥാനം

തുളളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിലാണല്ലോ കുഞ്ചൻ നമ്പ്യാരുടെ പ്രശസ്തി. സാഹിത്യരൂപമെന്ന നിലയിലും ജനകീയ കലാരൂപമെന്ന നിലയിലും തുളളലിനെ വിലയി രുത്തേണ്ടതുണ്ട്. മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിലും ജീവിക്കുവാനും അവിടുത്തെ ജനങ്ങ ളുമായി അടുത്തിടപഴകുവാനും സാധിച്ച നമ്പ്യാർ അന്നുഇപചാരത്തിലുണ്ടായിരുന്ന പല അനുഷ്ഠാ നകലകളിൽ നിന്നും നാടൻ കലാരൂപങ്ങളിൽനിന്നും ലളിതസുന്ദരമായ പല ഘടകങ്ങളും കൂട്ടിചേർത്താണ് തനിക്കേരളീയമെന്നവകാശപ്പെടുന്ന തുളളൽ എന്ന കലാശില്പത്തിന് രൂപം കൊടു ത്തത്. കുലത്തൊഴിലുമായി ബന്ധപ്പെട്ട ചാക്യാർകൂത്തും പാഠകവും തന്നെയാണ് ഇക്കാര്യത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടിളളത്. പരിമിതമായ വേഷഭൂഷാദികൾ, ചുരുങ്ങിയ രംഗസജ്ജീ കരണം, പാകത്തിന് സംഗീതവാദ്യാഭിനയങ്ങൾ, രണ്ടോ മൂന്നോ വ്യക്തികൾ ചേർന്നു നിർവ്വഹിയ്ക്കാ വുന്ന അവതരണം, അവതരണത്തിനുളള സ്ഥലകാലങ്ങളിൽ യാതൊരു നിബന്ധനയുമില്ലായ്മ ഇതൊക്കെയാണ് മറ്റു കലകളെ അപേക്ഷിച്ച് തുളളലിനുളള മേന്മ. അതുതന്നെയാണ് അതിന്റെ പ്രചാരത്തിനും വിജയത്തിനും കാരണമായി ഭവിച്ചതും.

വാസ്തവത്തിൽ നമ്പ്യാരെ സംബന്ധിച്ചിടത്തോളം തുള്ളലിലെ കൊട്ടും പാട്ടും വേഷവുമെല്ലാം തന്റെ പുതിയ രീതിയിലുള്ള കാവ്യപ്രപഞ്ചത്തിലേക്ക് സഹൃദയരെ വിളിച്ചുകൂട്ടാനുള്ള ബാഹ്യോപാധി മാത്രമായിരുന്നുവെന്നും കാണാം. സാമാന്യജനത്തിന്റെ സാമൂഹ്യജീവിതത്തെപ്പറ്റി അദ്ദേഹത്തിന് സാധാരണ ജനങ്ങളോടു ചിലതുപറയാനുണ്ടായിരുന്നു. അത് ജനങ്ങളെ കേൾപ്പിച്ചേ അടങ്ങൂ എന്ന വാശിയും ഉണ്ടായിരുന്നു. പുരാണകഥകളുടെ വിപ്ലവാത്മകമായ പുനരാവിഷ്കാരമാണ് അദ്ദേഹം ചെയ്തത്. ഇത്തരം നൂതന പ്രവണതകളിലേക്ക് ജനങ്ങളെ പിടിച്ചുകൊണ്ടുവരൽ എക്കാലത്തും പ്രയാസമുള്ളതാണ്. ഒരിയ്ക്കൽ ആസ്വാദിച്ചാൽ പിന്നീടവർ എത്തിക്കൊള്ളുമെന്ന് ആ വശ്യവചസ്സിന് തികഞ്ഞ ആത്മവിശ്വാസമുണ്ടായിരുന്നു. ചുരുക്കത്തിൽ തുള്ളലിൽ കവിതയ്ക്ക് - സാഹിത്യാംശത്തിനുതന്നെയാണ് നമ്പ്യർ ഊന്നൽ കൊടുത്തത്.

സാധാരണക്കാരനെ തന്റെ കവിതാലോകത്തിലേയ്ക്കടുപ്പിക്കാൻ മറ്റു ചില പ്രത്യേകതകൾകൂടി വേണമെന്നദ്ദേഹം ഉറച്ചു. ഭാഷാ ലാളിത്യമാണ് അവയിൽ മുഖ്യം.

കവിതകൾ കേൾക്കുന്നേരംതന്നെ
ചെവിയുള്ളോർക്കാനന്ദം വേണം
എന്നായിരുന്നു അദ്ദേഹത്തിന്റെ ദർശനം.
ചിരിപ്പാൻ സംഗതിയുള്ള കവികൾ ചൊല്ലിയാൽ കേട്ടിട്ടിരിപ്പാനാഗ്രഹമുണ്ടാം എന്നും
ചിരിയ്ക്കുന്ന കഥ കേട്ടാലിരിയ്ക്കുമായതല്ലെങ്കിൽ തിരിയ്ക്കും എന്നും അദ്ദേഹത്തിന് നന്നായറിയാമായിരുന്നു.
ഭാഷയുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ വീക്ഷണം ഇങ്ങനെയാണ്.

ഭടജനങ്ങളുടെ നടുവിലുള്ളൊരു
പടയണിയ്ക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള
ഭാഷതന്നെ ചിതം വരു.
കുടകടെപ്പടുകഠിന സംസ്കൃത
വികട കടുകവി കെട്ടിയാൽ
ഭടജനങ്ങൾ ധരിയ്ക്കയില്ല
തിരിയ്ക്കുമൊക്കെയു മേറ്റുടൻ
ഈ വക മുൻധാരണകളും ഉപദർശനങ്ങളുമാണ് തുള്ളൽ പ്രസ്ഥാനത്തെ നിയന്ത്രിച്ചത്.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളലിനെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. ദൃശ്യകലാരൂപത്തിനു മാത്രമേ ഇതു ബാധകമാകുന്നുള്ളൂ. വേഷങ്ങളിലും കാവ്യരചനയ്ക്കുപയോഗിച്ച വൃത്തങ്ങളിലും അഭിനയരീതിയിലുമുള്ള വ്യത്യാസങ്ങളാണ് ഈ വിഭജനത്തിന് നിദാനം. ഈ മൂന്നു വിഭാഗത്തിൽവെച്ച് ദൃശ്യഭംഗി കൂടിയത് ഓട്ടനാണ്. അതുകൊണ്ട് ഓട്ടൻ തുള്ളലിനാണ് സാർവ്വത്രികമായ പ്രചാരം.

## സന്ദർഭം

പാണ്ഡവർ വനവാസികളായിക്കഴിയുമ്പോൾ ഭീമസേനനും പാഞ്ചാലിയും സംസാരിച്ചിരിക്കുന്നതിനിടയിൽ അതിവിശിഷ്ടമായ ഒരു പൂ - സൌഗന്ധികപ്പൂവ് - സമീപത്ത് കാറ്റിൽ വന്നുവീണു. അത്തരം കുറച്ചു പൂക്കൾ കിട്ടിയാൽക്കൊള്ളാമെന്ന് പാഞ്ചാലി താൽപ്പര്യം പ്രകടിപ്പിച്ചപ്പോൾ ഭീമൻ സൌഗന്ധികപ്പൊയ്ക തേടി പുറപ്പെട്ടു. മരങ്ങളും വല്ലികളും തല്ലിത്തകർത്ത് കാട്ടിലൂടെ

വഴിയുണ്ടാക്കി മുന്നേറിയ ഭീമൻ തന്റെ പിതാവിന്റെ മറ്റൊരു പുത്രനായ ശ്രീഹനുമാൻ ശ്രീരാമനെ ധ്യാനിച്ചിരിയ്ക്കുന്ന കദളീവനത്തിലെത്തി. മറ്റു തോട്ടങ്ങളിൽ നിന്നൊക്കെ തികച്ചും വ്യത്യസ്തവും ശാന്തസുന്ദരവുമായ ഈ കദളീവനം ആരുടേതെന്ന് അത്ഭുതപ്പെട്ട് ഭീമൻ അതിലേയ്ക്കു പ്രവേശിച്ചു.

ഭീമന്റെ യാത്രാകോലാഹലം കൊണ്ടു ധ്യാനത്തിൽനിന്നുണർന്ന ഹനുമാൻ ധ്യാനദൃഷ്ടിയിലൂടെ ഭീമനേയും ഈ യാത്രോദ്ദ്യേശ്യത്തേയും മനസ്സിലാക്കി. സഹോദരനെ നേരിൽക്കാണാനും ഭീമന്റെ അഹങ്കാരം അല്പമൊന്നു കുറയ്ക്കാനും അദ്ദേഹത്തിന് മാർഗ്ഗനിർദ്ദേശം നൽകുവാനും ഹനുമാൻ തീർച്ചയാക്കി. ഭീമന്റെ ദൂരത്തുനിന്നുള്ള വരവ് ഹനുമാൻ കാണുന്നുണ്ടായിരുന്നതു മുതൽക്കാണ് പാഠ്യഭാഗം ആരംഭിയ്ക്കുന്നത് ആദ്യത്തെ ശകാരവർഷങ്ങൾക്കുശേഷം ഹനുമാനെത്തിരിച്ചറിഞ്ഞ ഭീമന്റ ആവശ്യപ്രകാരം ഹനുമാൻ താൻപണ്ട് ലങ്കയിലേക്ക് സമുദ്രം ചാടിക്കടക്കുമ്പോൾ സ്വീകരിച്ച ഭീമാകാരം കാണിച്ചുകൊടുക്കുകയും ഭയവിസ്മയാധീനനായ ഭീമൻ ഹനുമാനെ സ്തുതിയ്ക്കുകയും ചെയ്യുന്നിടത്ത് പാഠ്യഭാഗം അവസാനിയ്ക്കുന്നു.

വൈശ്രവണന്റെ സൌഗന്ധികപ്പൊയ്കയിലേക്കുള്ള വഴി മനസ്സിലാക്കിയ ഭീമൻ അവിടെച്ചെന്ന് തോട്ടം കാവൽക്കാരെ കീഴടക്കി പുഷ്പം പറിച്ചുവരുന്നതാണ് ബാക്കിഭാഗം.

## പദാർത്ഥസൂചന

അതുലം = അതുല്യമായ, വളരെയധികം    മതിമാൻ = ബുദ്ധിമാൻ
മാതുതി = മരുത്തിന്റെ (കാറ്റിന്റെ) പുത്രൻ, ഹനുമാൻ
മതികൊണ്ട് = മനസ്സുകൊണ്ട്    ദനുജന്മാർ = അസുരൻമാർ
കരത്തിന്റെ ബലം = കൈയൂക്ക്    പടുത്വം = സാമർത്ഥ്യം
വടിവായി = രൂപമെടുത്ത്,    കണ്ഠീരവം = സിംഹം,    കണ്ഠേ = കഴുത്തിൽ
കണ = അസ്ത്രം,    ഉദ്ധതൻ = മർദ്ദിച്ചവൻ ,    പദ്ധതി = വഴി
ബലീമുഖൻ = വാനരൻ    സംഗതി =കാരണം
ദുർഘടസ്ഥാനം = അപകടം പിടിച്ച സ്ഥലം    ദുർഭാഷണം = ചീത്തവാക്കുകൾ
കയർത്ത് = കോപിച്ച്    ഏറ്റുമാറാൻ = എഴുന്നേറ്റു നീങ്ങാൻ
എളുതല്ല = കഴിയില്ല,    പൊയ്യല്ല = കളവല്ല,    കലമ്പുക = വഴക്കിടുക
ചുവട് = അടി    മുഴുക്കുന്നു = വർദ്ധിക്കുന്നു
പൂരുവംശം = പൂരുവിന്റെ കുലം (യയാതിയുടെ പുത്രനായ പൂരുവിന്റെ വംശപരമ്പരയിൽ പെട്ട പാണ്ഡവർ)
നേരായമാർഗ്ഗം = ധർമ്മപഥം എന്നും ശരിയായ വഴി എന്നും
പതിക്കും = വീഴും    നയജ്ഞൻ = നയങ്ങൾ അറിയുന്നവൻ
പഞ്ചബാണാർത്തി = കാമവേദന    പോരും = മതിയാകും
ചിതംവരാ = ഉചിതമായ,    കളത്രം = ഭാവം,    കൂറ്റുകാർ = ബന്ധുക്കൾ
ഭള്ള് = അഹങ്കാരം    കാംക്ഷ = കൊതി
അഞ്ജനാപുത്രൻ = അഞ്ജനയുടെ പുത്രൻ (ഹനുമാൻ)
ഭഞ്ജനം ചെയ്യുക = നശിപ്പിക്കുക    വക്ഷസ്സ് = മാറിടം
ധൂമകേതു = വാൽനക്ഷത്രം (ധൂമകേതുവിന്റെ ഉദയം നാശസൂചകമാണെന്ന് വിശ്വസം)
രൂക്ഷത = ഭയങ്കരത    കാലനൂർ = യമലോകം
അരക്കൻ = രാക്ഷസൻ,    സാലം = പന,    ഡംഭിച്ചുവന്ന = മദിച്ചുവന്ന
ജൃംഭിച്ച = തടിച്ച,    വിഗ്രഹം = ശരീരം,    സിദ്ധൻ = ദിവ്യൻ
പ്ലവംഗൻ = കുരങ്ങൻ,    സന്നാഹം = ഒരുക്കം,    ദുശ്ശാസനം = ചീത്തക്കല്പന

നാസ്തിയാം = ഇല്ലാതാവും, കടുപ്പം = ശൌര്യം, പാദപം = മരം
ഉരത്തെങ്കിൽ = എതിർത്താൽ ലംഘിക്കുക = ചാടികടക്കുക
നെടുക്കും =നീണ്ട ഗദാദണ്ഡം = ഗദകൊണ്ടുള്ള അടി
ഭംഗം = നാശം ശ്രവിക്കുക = കേൾക്കുക
നക്തഞ്ചരാരാതിദാസൻ = രാക്ഷസന്മാരുടെ ശത്രുവിന്റെ (ശ്രീരാമന്റെ) ദാസൻ
പുച്ഛാഗ്രം = വാരിന്റെ അറ്റം തരിമ്പില്ല = അല്പവുമില്ല
മേലാ = വയ്യ, മദ്ബലം = എന്റെ ശക്തി, നഷ്ടി = നാശം
ഇളപ്പെട്ടു = പരാജയപ്പെട്ടു ഉൽക്കടാടോപം = വർദ്ധിച്ച ഗർവ്വോടെ
മുഷ്ക്ക് = ധിക്കാരം, പംക്തികണ്ഠൻ = രാവണൻ, മഹാവാരിരാശി = മഹാസമുദ്രം
കേളികാനനം = ഉദ്യാനം സംക്ലേശം = കഷ്ടപ്പെട്ട്
ലങ്കേശപുത്രൻ = (ഇവിടെ)അക്ഷകുമാരൻ ചണ്ഡമായ = ഉഗ്രമായ
പങ്കേരുഹാക്ഷി = പങ്കേരുഹം (താമര)പോലെ കണ്ണുള്ളവൾ-സുന്ദരി
ഗണ്ഡസ്ഥലം = കവിൾത്തടം മക്ഷിക = ഈച്ച
പവനാത്മജൻ = വായുപുത്രൻ-ഹനുമാൻ ഉദ്ധമതി = അഹങ്കാരി
ധവളം = വെളുത്ത സന്നിഭം = തുല്യം, നെടുതാകിന = നീണ്ട
ചെമ്പുകിടാരം = ചെമ്പുപാത്രം, കുടിലാകൃതി = വളഞ്ഞ, ദന്തകദംബം = പല്ലിൻക്കൂട്ടം
സട = കുഞ്ചി, രോമം പരിഘം = ഇരുമ്പുദണ്ഡ്, പൃഥുതരം = തടിച്ച
കടിതടം = അരക്കെട്ട്, ഖരതരകരനഖരനികായം = ഉറപ്പേറിയ കൈ നഖങ്ങളുടെ കൂട്ടം
ഉരുതരം = വലിയ ജംഘായുഗളം = രണ്ടുകണങ്കാരുകൾ
നിഭം =തുല്യം ദീഷണം = ഭയങ്കരം അംബരതലം = ആകാശദേശം
ഉൽക്കടകടുദീർഘ = കഠിനവും ഭയങ്കരവും നീണ്ടതുമായ
ഇദാനീം = ഇപ്പോൾ, ഹുതാശനൻ = തീ സവിതാവ് = സൂര്യൻ
ഇതി = ഇപ്രകാരം നുതി = സ്തിതി

## സാരം

ഈ സമയത്ത് ഹനുമാൻ ദിവ്യദൃഷ്ടികൊണ്ട് ഇങ്ങനെ മനസ്സിലാക്കി: ഭാര്യയുടെ ആഗ്രഹം സാധിപ്പാൻ വീരനായ ഭീമൻ തിരക്കിട്ടുപോകുന്നു. ഇവൻ എന്റെ അനുജനാണ്. രാക്ഷസാന്തകനായ സ്വസഹോദരന്റെ കൈയൂക്ക് ഇവനെയൊന്നു ധരിപ്പിക്കണം. ഇവന്റെ വഴി തടയണം. ഇവന്റെ ഊക്കു ശമിച്ചാൽ വഴി കൊടുക്കുകയുമാവാം . ഇങ്ങനെ ചിന്തിച്ച് ദയനീയമായ മട്ടിൽ ഒരു വൃദ്ധ വാനരന്റെ രൂപത്തിൽ കിടന്നു. അപ്പോൾ കാടിളക്കി വരുന്ന ആനകളെ വട്ടം ചുഴറ്റിയും കാട്ടുമൃഗങ്ങളെ ഭയപ്പെടുത്തിയും ഭീമൻ കദളീവനത്തിൽ പ്രവേശിച്ചു. തന്റെ വഴി മുടക്കിക്കിടക്കുന്ന തന്തക്കുരങ്ങനെ നോക്കി ഇപ്രകാരം പറഞ്ഞു: എന്റെ വഴിയിൽക്കിടക്കുന്ന കുരങ്ങാ വഴിമാറ്. നീയെന്തിനാണ് ഈ അപകടസ്ഥാനത്തു കിടക്കുന്നത്. മാന്യരെ കണ്ടാലറിയാത്തത് നിന്റെ ജാതിസ്വഭാവം തന്നെ. നീ കൂട്ടംതെറ്റി വന്നതാണോ. ഉടനെ എഴുന്നേറ്റുമാറിയില്ലെങ്കിൽ ആപത്തുണ്ടാവും. ഇങ്ങനെയുള്ള ഭീമന്റെ ധിക്കാരവാക്കുകൾ കേട്ട് വൃദ്ധവാനരൻ ചിരിച്ചുകൊണ്ടു പറഞ്ഞു: അങ്ങ് എന്തിനാണ് ഇങ്ങനെ കോപിക്കുന്നത്. എനിക്കെഴുന്നേൽക്കാൻപോലും വയ്യ. അങ്ങ് വഴിമാറി പോകുന്നതാണ് നല്ലത്. അവശനായ ഈ കുരങ്ങച്ചനെ അങ്ങു കണ്ടില്ലേ. തളർന്നു കിടക്കുന്നവരോട് ആരെങ്കിലും കോപിയ്ക്കാറുണ്ടോ? ശരിയായ വഴിവിട്ട് രണ്ടടിയങ്ങോട്ടു മാറിയാൽ എന്തു കുഴപ്പമാണ്? ഹനുമാന്റെ വാക്കുകേട്ട് ഭീമൻ ഒന്നുകൂടി ക്രുദ്ധനായി പറഞ്ഞു: നീയാരോടാണ് സംസാരിക്കുന്നത്. പൂരുവംശത്തിലെ വീരനായ ഭീമസേനനാണ് ഞാൻ, നേർവഴിവിട്ടു നടക്കുകയുമില്ല, ആരോടും തോല്ക്കുകയുമില്ല ഞാൻ. എന്നോടുമാറിനടക്കാൻ പറയുന്നവരുടെ മാറത്തേയ്ക്കുള്ളതാണീ ഗദ.

സജ്ജന സമ്പ്രദായം അറിയാത്ത ദുഷ്ടന്മാരുടെ വാക്കുകൾ ഞാൻ സഹിയ്ക്കില്ല. ധർമ്മമാർഗ്ഗങ്ങൾ അറിയാത്ത നിന്നോട് സംസാരിച്ചിട്ടെന്തു കാര്യം? ധർമ്മപുത്രന്റെ അനുജനായ ഞാൻ അധർമ്മങ്ങൾ ചെയ്യുകയില്ല. ഇതുകേട്ട ഹനുമാൻ ചിരിച്ചു കൊണ്ടു പറഞ്ഞു. നീ നയജ്ഞനാണെന്നും പാണ്ഡവർ അധർമ്മം പ്രവർത്തിക്കില്ലെന്നും പറഞ്ഞത് കേമം തന്നെ. പണ്ട് പാഞ്ചാലി എന്ന ഒരു പെണ്ണിനെ നിങ്ങൾ അഞ്ചുപേരും ചേർന്ന് വിവാഹം കഴിച്ചുവെന്ന് ഞാൻ കേട്ടിട്ടുണ്ട്. അവൾക്കഞ്ചും തഞ്ചം തന്നെ. കടക്കണ്ണേർകൊണ്ട് നിങ്ങളെ അഞ്ചുപേരേയും ചതിപ്പാൻ അവൾ മതി. നാലഞ്ചു ഭർത്താവ് ഒരു പെണ്ണിന് എന്ന നില ഒരു ജാതിക്കും പതിവില്ല. വാലുള്ള വാനരന്മാരായ ഞങ്ങൾപോലും അങ്ങനെ ചെയ്യില്ലാ ചിലപ്പോൾ ജ്യേഷ്ഠത്തി, ചിലപ്പോൾ അനുജത്തി. ചിലപ്പോൾ ഭാര്യ. ഇതെന്തു ധർമ്മമാണ്. നിങ്ങളുടെ ചാപല്യങ്ങൾ കേട്ടാൽ ചിരിവരും. എന്നിട്ടാണ് നേരായ മാർഗ്ഗം വെടിയില്ല എന്നു പറഞ്ഞത്. നീ ആരോടും തോല്ക്കില്ലെന്നു പറഞ്ഞതും രസമായിട്ടുണ്ട്. നൂറ്റവർ നാടും നഗരവും പിടിച്ചെടുത്ത് നിങ്ങളെ കാട്ടിൽ തെണ്ടാനയച്ചതല്ലേ. വീട്ടിൽ കിടക്കാൻ നിങ്ങൾക്കും യോഗമില്ല. ദുര്യോധനൻ ആട്ടിയിറക്കിയതിനുശേഷം നാട്ടിൽ കടക്കാനും പറ്റില്ല. എന്നാൽ കാട്ടിൽ കഴിയാൻ സൈ്വരമുണ്ടോ. അതും ഇല്ല. കള്ളച്ചൂതിൽ തോൽപ്പിച്ച് ദുര്യോധനൻ നാടുകടത്തിയ നിങ്ങളുടെകൂടെ ആ പെണ്ണും പോന്നു. കണ്ണിൽ കണ്ടതൊക്കെ അവൾ ആവശ്യപ്പെടും. അവളെപ്പേടിച്ച് നിങ്ങളോ അതുനേടാൻ നെട്ടോട്ടം ഓടും. കണ്ട നിമിഷത്തിൽതന്നെ നിന്റെ കഥയൊക്കെ എനിക്കു മനസ്സിലായി. ഈ പരിഹാസം കേട്ട് കോപിച്ച ഭീമൻ പറഞ്ഞു: കാഞ്ഞിരക്കായ തിന്നുകഴിയുന്ന നിന്റെ മണ്ട തകർക്കാൻ തോന്നുന്നില്ല. എന്റെ ജ്യേഷ്ഠനായ ഹനുമാന്റെ വംശത്തിലാണല്ലോ നീയും ജനിച്ചതെന്നോർത്തിട്ട്. ഭീമന്റെ യോഗ്യത ഈ മൂളിക്കുരങ്ങെന്തറിഞ്ഞു. രാക്ഷസാധിപന്മാരായ ഹിഡിംബനേയും ബകനേയും തല്ലിച്ചതച്ചത് ഞാനാണ്. ജരാസന്ധനെ രണ്ടായി പിളർന്നിട്ടതും ഞാൻ തന്നെ. കിർമ്മീരനെ വധിച്ച് താപസന്മാരുടെ സങ്കടം തീർത്തതും മറ്റാരുമല്ലേ. ഇങ്ങനെയുള്ള എന്നോട് ഒരു കാട്ടുകുരങ്ങാണോ ധിക്കാരം പറയുന്നത്. അപ്പോൾ ഹനുമാൻ പറഞ്ഞു. എന്നെ തകർക്കാൻ മടിയ്ക്കണ്ട. ദുര്യോധനന്റെ കല്പനയനുസരിച്ച് പണ്ട് ദുശ്ശാസനൻ പാഞ്ചാലിയെ പിടിച്ച് പരസ്യമായി വലിച്ചിഴച്ച് നിങ്ങളുടെ അഞ്ചുപേരുടേയും മുമ്പിലിട്ട് ഉടുവസ്ത്രമഴിച്ചപ്പോൾ രാക്ഷസന്മാരെ കൊന്ന നിന്റെ പരാക്രമം കാശിക്കുപോയിരുന്നുവൊ? സ്വന്തം ഭാര്യയെ അന്യൻ അപമാനിക്കുമ്പോൾ കണ്ടു നിൽക്കുന്നതാണോ നിന്റെ ആണത്തം. നിന്റെ മിടുക്കും ഊക്കും ഒക്കെയെനിക്കറിയാം. അതെല്ലാം കാട്ടിലെ മരങ്ങളോടും പർവ്വതങ്ങളോടും പാവത്താനായ തന്തക്കുരങ്ങിനോടും പറ്റും. പല്ലും കടിച്ച് കണ്ണുരുട്ടി എന്നെ ശകാരിക്കുന്നതെന്തിനാ? എനിക്കെന്റെ വാലുപോലും അനക്കാൻ ആവതില്ല. നീ എന്നെച്ചാടിക്കടന്നുപോയാലും. ഞാൻ നിന്റെ വഴിമുടക്കുന്നില്ല. അപ്പോൾ ഭീമൻ പറഞ്ഞു. “നീയിപ്പറഞ്ഞതൊക്കെ ഇത്തിരി ജീവനുള്ള ഒരാളാണ് പറഞ്ഞിരുന്നതെങ്കിൽ എന്റെ കൈയൂക്ക് കാണിച്ചുതരാമായിരുന്നു. ഒരു ചാവാളിക്കുരങ്ങനെ ഭീമൻ തച്ചുകൊന്നുവെന്നു കേട്ടാൽ മഹാജനങ്ങൾ എന്നെ പരിഹസിയ്ക്കും. നിന്നെ ചാടിക്കടക്കാനും മടിയുണ്ട്. എന്റെ ജേഷ്ഠനായ ഹനുമാന്റെ കുലത്തിൽ പിറന്ന നിന്നെ ചാടിക്കടക്കുന്നതു മഹാപാപമാണ്.“ അപ്പോൾ ഹനുമാൻ പറഞ്ഞു: “മടിയുണ്ടെങ്കിൽ അതും വേണ്ട. വഴിയിൽ വിലങ്ങനെ കിടക്കുന്ന എന്റെ ഈ നീണ്ട വാലൊന്ന് മാറ്റി വെച്ച് വേണ്ട വഴിക്കുപോയാലും. കൈകൊണ്ട് കുരങ്ങനെ തൊടാനും അറപ്പാണെങ്കിൽ നിന്റെ കൈയിലുള്ള ആ കൂറ്റൻ ഗദകൊണ്ട് ഈ വാൽ തോണ്ടിയിട്ടു പോയാൽ മതി“. ഭീമൻ ചോദിച്ചു. തോണ്ടിയിടുമ്പോൾ മുറിഞ്ഞുപോയാലോ എന്ന്. “മുറിയുന്നത് എന്റെ വാലോ നിന്റെ ഗദയോ“ എന്നായിരുന്നു ഹനുമാന്റെ സംശയം. ഭീമൻ പറഞ്ഞു. “വന്മലകൾ കുത്തിപ്പൊടിയ്ക്കുന്ന എന്റെ ഗദ താങ്ങാൻ കഴിവുള്ളവരില്ല. അതുകൊണ്ട് ഈ ചാവാളിക്കുരങ്ങിന്റെ വാലുതൊട്ടാൽ അതു പൊടിഞ്ഞുപോകും. ഇതുവരെ കേൾക്കാത്ത നിന്റെ ഇത്തരം അഭിപ്രായങ്ങൾ കേട്ട് ഞാൻ കോപം കൊണ്ട് ജ്വലിക്കുന്നു.“

ഇങ്ങനെ പറഞ്ഞ് ഭീമൻ ഗദകൊണ്ട് ഹനുമാന്റെ നീണ്ടു തടിച്ച വാലറ്റം തോണ്ടിയെറിയുവാൻ ശ്രമിച്ചു. സകലശക്തി ഉപയോഗിച്ചിട്ടും വാലിലെ രണ്ടു രോമങ്ങൾപോലും ഇളക്കാനായില്ല. എത്ര ശ്രമിച്ചിട്ടും കഴിയാതെ വന്നപ്പോൾ നാണക്കേടോടെ ചിന്തിച്ചു. "ലോകം മുഴുവൻ കീഴടക്കിയ ഈ ഭീമന് ഒരു തന്തക്കുരങ്ങിന്റെ വാൽ ഇളക്കാനാവുന്നില്ല. എന്റെ പരാക്രമം എവിടെപ്പോയി. ഇതുവല്ല മായാപ്രയോഗവുമാണോ. ഭീമൻ ഒരു കുരങ്ങനോടു തോറ്റെന്നു കേട്ടാൽ കൗരവർ പരിഹസിക്കും. എന്റെ ആൾക്കാരും എന്നെ ഉപേക്ഷിക്കും. ഇനി ഞാൻ ജീവിച്ചിരുന്നിട്ടു കാര്യമല്ല. ഈ തന്തക്കുരങ്ങനെ തച്ചുകൊന്നാലോ. പരാജയപ്പെട്ട് ഭീമൻ ജീവിച്ചിരിക്കില്ല." ഇങ്ങനെ ചിന്തിച്ച ഭീമൻ ഹനുമന്റെ നേരെ പാഞ്ഞടുത്തുകൊണ്ടു പറഞ്ഞു: " നിന്റെ ചതിപ്രയോഗങ്ങൾ എന്നോടുവേണ്ട. ദ്വന്ദയുദ്ധം തുടങ്ങിയാൽ നിന്റെ ഹുങ്കു ശമിക്കും. അപ്പോൾ നീ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത എന്റെ ശക്തി നേരിട്ടു മനസ്സിലാക്കാം. കണ്ടാലറിയാത്തവൻ കൊണ്ടാലറിയും. നിന്റെ മന്ത്രവിദ്യയും ചതിപ്രയോഗങ്ങളും എന്നോട് വേണ്ട. കുരങ്ങനായ നിനക്കെന്തുചെയ്യാൻ കഴിയും. അടുത്തെത്തിയാൽ വാലും ഉയർത്തി മരത്തിലേക്ക് ചാടുന്ന വർഗ്ഗമല്ലേ. നിന്റെ ധിക്കാരം നിമിത്തം എനിക്കും നിലവിട്ടു സംസാരിയ്ക്കേണ്ടിവന്നു." ഇതുകേട്ട് ഹനുമാൻ പറഞ്ഞു: "കുരങ്ങനെന്നു വിചാരിച്ച് നിന്ദിയ്ക്കേണ്ട. മർക്കടന്മാരിലും മുഷ്ക്കരന്മാരുണ്ട്. പണ്ടൊരു കുരങ്ങനാണല്ലൊ രാവണനെ വാലിൽ ബന്ധിച്ച് നാലു സമുദ്രങ്ങളും ചാടിക്കടന്നത്. മറ്റൊരു വാനരനല്ലേ പണ്ട് സമുദ്രം ചാടിക്കടന്ന് ലങ്കയിൽ ചെന്ന് രാക്ഷസന്മാരെ ചിലരെ കൊന്നതും ഉദ്യാനം തകർത്തതും യുദ്ധത്തിനുവന്ന രാവണപുത്രനെ കൊന്നതും സീതയെ ആശ്വസിപ്പിച്ചതും യുദ്ധത്തിനെത്തിയ രാവണന്റെ തേരിൽ ചാടിവീണ് അവന്റെ ചെകിടത്താഞ്ഞടിച്ചതും എല്ലാം. ഇതുപോലെ യോഗ്യന്മാരായ പല വാനരന്മാരേയും ഞാനറിയും. കുരങ്ങൻ കുരങ്ങൻ എന്നു പറഞ്ഞുകളിയാക്കാതെ നിനക്കു നിന്റെ വഴിക്കുപോകുന്നതാണു നല്ലത്". ഇതുകേട്ട ഭീമൻ പറഞ്ഞു: "നീ പറഞ്ഞത് എന്റെ ജ്യേഷ്ഠനായ ഹനുമാൻ എന്ന മഹാനെക്കുറിച്ചാണ്. അദ്ദേഹമെവിടെ നീയ്യെവിടെ. പറവകളിൽ പെട്ടതാണ് ഗരുഡൻ എന്നു വിചാരിച്ച് ഈച്ചകൾ അഹങ്കരിക്കുന്നപോലെയാണിത്. രാമഭക്തനായ ഹനുമാന്റെ വംശത്തിൽ പിറന്നു എന്നതാണ് നിന്റെ ഹുങ്ക്.

ഇത്രയും കേട്ടപ്പോ ഹനുമാൻ സ്നേഹപൂർവ്വം തന്റെ യഥാർത്ഥരൂപം ധരിച്ചു. ഹിമാലയംപോലെയുള്ള ശരീരം, കൊടിമരംപോലെയുള്ള വാല്, ചെമ്പുകിടാരംപോലെയുള്ള കണ്ണ്, ചന്ദ്രക്കലപോലെയുള്ള പല്ലുകൾ, ഇരുമ്പുലക്കപോലത്തെ കൈകൾ, പർവ്വതതടംപോലെയുള്ള മാറ് ഇങ്ങനെ യൊക്കെ ഭീഷണമായ രൂപത്തിൽ ആകാശം മുട്ടെ നിൽക്കുന്ന ഹനുമാന്റെ യഥാർത്ഥരൂപം കൺമുമ്പിൽ കണ്ടപ്പോൾ ഭീമൻ അത്ഭുതം കൊണ്ട് വിറച്ചു. ഇതെന്തു മറിമായമാണാവോ എന്ന് വിചാരിച്ച് എന്താണ് ചെയേണ്ടതെന്നറിയാതെ പേടിച്ചു. ലക്ഷണങ്ങളെല്ലാം വെച്ച് ആലോചിച്ചപ്പോൾ ഇത് തന്റെ ജ്യേഷ്ഠനായ ഹനുമാൻ തന്നെ എന്നുറച്ചു. ഉടനെ പലവിധത്തിൽ സ്തുതിച്ചുകൊണ്ട് ആ കാൽക്കൽ വീണു നമസ്ക്കരിച്ചു.

## ചോദ്യങ്ങൾ

### I ലഘുചോദ്യങ്ങൾ (50/100 വാക്കിൽ)

1) "മതിമാൻ മാരുനി തന്റെ മതികൊണ്ട് നിരൂപിച്ചു". നിരൂപിച്ചതെന്ത്?
2) വൃദ്ധനായോരു ബലീമുഖനെ കണ്ടു" ആരുകണ്ടു? ആരൂപം എങ്ങനെയായിരുന്നു?
3) "പെട്ടെന്നെഴുന്നേറ്റു പോകായ്കിലാപത്തു
   പെട്ടീടുമെന്നു ധരിക്കനീവാനരാ" സന്ദർഭവും ആശയവും എഴുതുക.

4) “പാരംവലഞ്ഞു കിടക്കുന്നവർകളോ-

ടാരുമീവണ്ണം കലമ്പുമാറില്ലേടോ“ - സന്ദർഭവും ആശയവും വ്യക്തമാക്കുക

5) ഞങ്ങൾ ധർമ്മം വെടിഞ്ഞൊന്നും പ്രവർത്തിയ്ക്കുകയില്ല“ എന്ന ഭീമന്റെ ആത്മപ്രശംസയ്ക്ക് ഹനുമാന്റെ പ്രതികരണം എന്തായിരുന്നു?

6) “കണ്ടനേരം തന്നെ നിന്റെ പരാക്രമ

മുണ്ടായ് നമുക്കെന്നറിക വൃകോദര“ -ഹനുമാന്റെ ഈ മറുമടിയിൽ അടങ്ങിയിരിക്കുന്ന പരിഹാസം വിശദീകരിയ്ക്കുക. പരിഹാസപരമല്ലാത്ത ഒരർത്ഥം ഈ വരികളിൽ ഉണ്ടോ?

7) “പൊണ്ണത്തടിയനാം നിന്റെ പരാക്രമം

കാശിയ്ക്കു പോയോ കഥിയ്ക്ക വൃകോദരാ“ എപ്പോൾ? വിശദീകരിക്കുക.

8) “അറിയാഞ്ഞിട്ടുചോദിച്ചേൻ അരിശമുണ്ടാകവേണ്ട“

ആര് ആരോട് എന്തുചോദിച്ചു? എപ്പോൾ?

9) “പെട്ടെന്നു ജീവൻകളവാൻ മടിയില്ല കഷ്ടമീഭീമനിളപ്പെട്ടിരിയ്ക്കുമോ“ ഇത്രവ്ക്ക് ആത്മനിന്ദ തോന്നാനുണ്ടായ സംഭവമെന്ത്?

## II ഉപന്യാസചോദ്യങ്ങൾ

1) ഹനുമൽ-ഭീമ സംവാദത്തെ അടിസ്ഥാനമാക്കി കുഞ്ചൻനമ്പ്യരുടെ പരിഹാസപാടവം വിലയിരുത്തുക.

2) കുഞ്ചൻമ്പ്യാരുടെ വർണ്ണനാവൈദഗ്ധ്യം സോദാഹരണം വിവരിക്കുക.

3) കുഞ്ചൻനമ്പ്യാരുടെ കവിതാരീതി പാഠ്യഭാഗത്തെ ആധാരമാക്കി ഉപപാദിയ്ക്കുക.

# ചണ്ഡാലഭിക്ഷുകി

## കുമാരനാശാൻ

## കുമാരനാശാൻ

1873ൽ കായിക്കരയിൽ തൊമ്മൻവിളാകംവീട്ടിൽ നാരായണന്റെയും കാളിയമ്മയുടെയും മകനായി ജനിച്ചു. അന്നത്തെ സമ്പ്രദായമനുസരിച്ച് സംസ്കൃതസാഹിത്യവും ശാസ്ത്രവും പഠിച്ചു. പതിന്നാലാം വയസ്സിൽ തന്നെ അദ്ധ്യാപനവൃത്തി സ്വീകരിച്ചതിനാൽ അന്നുമുതൽ ആശാൻ എന്ന പേരിൽ വിളിക്കപ്പെട്ടു. പതിനെട്ടാം വയസ്സിൽ ശ്രീനാരായണഗുരുവുമായി അടുത്തു ബന്ധപ്പെടാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി. പിന്നീട് സംസ്കൃതത്തിൽ ഉപരി പഠനം നടത്തി. ഒപ്പംതന്നെ ഇംഗ്ലീഷും ബംഗാളിയും പഠിച്ചു. അദ്ദേഹത്തിന്റെ മാർഗ്ഗം സാഹിത്യപരമായി തിരിച്ചുവിടാൻ ഇതു കാരണമായി. 1902ൽ എസ്.എൻ.ഡി.പി.യുടെ കാര്യദർശിയായി നാരായണഗുരുസ്വാമി അദ്ദേഹത്തെ തെരഞ്ഞെടുത്തു. ആദ്യകാലത്ത് ശൃംഗാരശ്ലോകങ്ങൾ എഴിതിയിരുന്നു. ആ വഴി നിഷേധിച്ചതും ശ്രീനാരായണ ഗുരുസ്വാമി തന്നെ. 1922ൽ വെയിൽസ് രാജകുമാരനിൽനിന്ന് ആശാൻ പട്ടുംവളയും സ്വീകരിച്ചത് വലിയ വിമർശനത്തിനിടയാക്കി. വീണപൂവ്, നളിനി, ലീല, പ്രരോദനം, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, കരുണ, ബാലരാമായണം, ശ്രീബുദ്ധചരിതം, ദുരവസ്ഥ മുതലായവയാണ് മുഖ്യകൃതികൾ. 1924 ജനുവരിയിൽ പല്ലനയാറ്റിലെ റെഡീമർ ബോട്ടപകടത്തിൽ അകാലചരമമടഞ്ഞു.

## ഖണ്ഡകാവ്യപ്രസ്ഥാനം

ഏ.ആർ രാജരാജവർമ്മയുടെ മലയവിലാസമാണ് മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യം. കാല്പനിക പ്രസ്ഥാനത്തിന്റെ പ്രകടലക്ഷണങ്ങൾ ആദ്യമായി കാണിച്ച മലയാളകൃതിയും അതുതന്നെ. ധാരാളം ഖണ്ഡകാവ്യങ്ങൾ പിന്നീടുണ്ടായി. എന്നാൽ ഉത്തമഖണ്ഡകാവ്യങ്ങളുടെ പൂക്കാലം കവിത്രയത്തിന്റെ കാലഘട്ടമായിരുന്നു. കുമാരനാശാനും വള്ളത്തോളും ഉള്ളൂരും ഖണ്ഡകാവ്യ രചനയിൽ അത്യപൂർവ്വമായ കഴിവും മിഴിവും പ്രകടിപ്പിച്ചു. മഹാകാവ്യങ്ങളുടെ വാചാലതയിൽ മനംമടുത്തിരുന്ന അനുവാചകർക്ക് ഭാവതീവ്രത പുലർത്തുന്ന ഈ ലഘുകാവ്യങ്ങൾ ഒരു പുതിയ അനുഭവമായി. ഭാവഗീതങ്ങളുടെ ഭാവതീവ്രതയും ആഖ്യാനകാവ്യങ്ങളുടെ ആഖ്യാനശൈലിയും ഏകത്ര സമ്മേളിച്ചതായിരുന്നു ഖണ്ഡകാവ്യങ്ങൾ. ഖണ്ഡകാവ്യങ്ങളിൽ ഇതിവൃത്തത്തിലെ വൈകാരികാംശങ്ങൾക്ക് മുൻതൂക്കം കൊടുത്ത് അവതരിപ്പിക്കുകയാണ് പതിവ്. മഹാകാവ്യങ്ങളിലേതുപോലെ, ഭാവതീവ്രതയ്ക്കും ഏകാഗ്രതയ്ക്കും കോട്ടം തട്ടത്തക്കരീതിയിൽ വർണ്ണനകളും അലങ്കാരങ്ങളും പ്രയോഗിക്കാറില്ല. കാവ്യാമത്കമോ നാടകീയമോ ആയ സംഭവങ്ങളും കഥ കളുമാണ് ഇതിവൃത്തമായി സ്വീകരിക്കാറ്. പുരാണങ്ങളിലേയും ഇതിഹാസങ്ങളിലേയാം കഥാംശങ്ങളും ഖണ്ഡകാവ്യങ്ങൾക്ക് വിഷയമാകാറുണ്ട്. അപ്പോൾ അവയിലെ മൗലികാംശങ്ങൾക്ക് മാറ്റം വരുത്താറില്ല. കാല്പനികപ്രവണതകൾതന്നെയാണ് മികച്ച ഖണ്ഡകാവ്യങ്ങളിലും തെളിഞ്ഞുകണ്ടിരുന്നത്. പ്രത്യേകിച്ച് വിഷയാവതരണത്തിലും സമീപനത്തിലുമുള്ള ആത്മനിഷ്ഠത. കവിത്രയത്തിൽ കുമാരനാശാനായിരുന്നു കാല്പനികതയിൽ ഏറെ താൽപര്യം കാണിച്ചത്. മലയാളത്തിലെ ലക്ഷണമൊത്ത ഒന്നാമത്തെ കാല്പനിക കൃതിയായി വീണപൂവിനെയാണ് അംഗീകരിച്ചിട്ടുള്ളത്.

# ചണ്ഡാലഭിക്ഷുകി

## കഥ – സന്ദർഭം

പ്രൊഫസർ ലക്ഷ്മീസരസുവിന്റെ "The Essence of Budhism" എന്ന കൃതിയിലെ ഒരു ഭാഗത്തെ ഇതിവൃത്തമായി സ്വീകരിച്ച് കുമാരനാശാൻ രചിച്ച ഒരു സ്വതന്ത്ര ഖണ്ഡകാവ്യമാണ് ചണ്ഡാലഭിക്ഷുകി. ശ്രീബുദ്ധന്റെ ആദ്യകാലശിഷ്യരിൽ ഒരാളായ ആനന്ദഭിക്ഷു ഒരു കൊടിയ വേനൽക്കാലത്ത് നട്ടുച്ചയ്ക്ക് ഒതു ഗ്രാമപരിസരത്തിലുള്ള ആൽത്തറയിൽ വിശ്രമിയ്ക്കുമ്പോഴാണ് അധഃകൃതസമുദായമായ മാതംഗ ജാതിയിൽ പെട്ട ഒരുപെൺകിടാവ് വൃക്ഷസമീപത്തുള്ള കിണറിൽ നിന്ന് വെള്ളംകോരിക്കൊണ്ടുപോകുവാൻ വന്നത്. ദാഹാർത്തനായ ഭിക്ഷു അവളെ സമീപിച്ച് അല്പം വെള്ളം ചോദിച്ചു. മാതംഗിയ്ക്ക് അതൊരു പുതിയ അനുഭവമായിരുന്നു. സന്യാസിമാരെപ്പോലെ ഉയർന്ന ജാതിക്കാർ താണജാതിയിൽപെട്ട തങ്ങൾതൊട്ട ജലം കുടിയ്ക്കാറില്ലെന്നും അങ്ങയ്ക്ക് വെള്ളം തന്നാൽ പാപമുണ്ടാകുമെന്നും അവൾ പറഞ്ഞുനോക്കി. ജാതിചിന്തയെ വിഗണിച്ച് ഭിക്ഷു വെള്ളം കുടിച്ച് തിരിച്ച് പോയി. പ്രഥമദൃഷ്ട്യാതന്നെ ഭിക്ഷുവിന്റെ രൂപകാന്തിയിൽ മയങ്ങിയ മാതംഗി അദ്ദേഹത്തെ പിരിഞ്ഞിരിയ്ക്കാൻ കഴിയാത്ത നിലയിലായി. അന്നുരാത്രി അവൾ ഏകയായി വീടുവിട്ടിറങ്ങി. ഒരു വിധത്തിൽ ശ്രാവസ്തിയ്ക്കടുത്തുള്ള ബൌദ്ധാശ്രമത്തിലെത്തി. യാദൃച്ഛികമായി മാതംഗി ബുദ്ധഭഗവാന്റെ മുമ്പിലെത്തി. ശ്രീബുദ്ധന്റെ ഉപദേശംമൂലം അവൾക്ക് ആനന്ദഭിക്ഷുവിലുണ്ടായ സ്നേഹം വിശ്വസ്നേഹമായി മാറുകയും അവൾ സന്യാസം സ്വീകരിച്ച് ബുദ്ധഭിക്ഷുണിയായി ആശ്രമത്തിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. ജാതിയിൽതാണ ഒരു കിടാത്തിയെ ആശ്രമത്തിൽ താമസിപ്പിച്ചതറിഞ്ഞ് ജാതിഭ്രാന്തന്മാരായ പണ്ഡിതന്മാരും രാജാവും കുപിതരായി ആശ്രമത്തിലെത്തി. ശ്രീബുദ്ധൻ തന്റെ ഉപദേശങ്ങളിലൂടെ ജാതിവ്യവസ്ഥയുടെ അർത്ഥ ശൂന്യത അവരെ ബോദ്ധ്യപ്പെടുത്തി. അതിനാൽ എല്ലാവരും ശാന്തരായി തിരിച്ചുപോന്നു. അനാചാരങ്ങൾക്കെതിരെ തൂലിക പടവാളാക്കിയ കുമാരനാശാന്റെ ആ വിഷയത്തിലുള്ള ഒതു മുഖ്യ കൃതിയാണ് ചണ്ഡാലഭിക്ഷുകി.

ആനന്ദഭിക്ഷു മാതംഗിയോട് ദാഹജലം ചോദിയ്ക്കുന്നതുമുതൽക്കാണ് പാഠ്യഭാഗം.

## ഉള്ളടക്കത്തിലൂടെ

തൂമതേടും ..........................................................................................അമ്പരന്നോതിനാൾ

തൂമ = ശുദ്ധി | അർത്ഥിച്ചു = അപേക്ഷിച്ചു | ഭഗിനി = സഹോദരി

വൃത്തിയുള്ള കുത്തുപാള കിണറ്റിലിട്ട് കയറുവലിച്ച് അവൾ വെള്ളം കോരിക്കൊണ്ടിരിയ്ക്കുമ്പോൾ ആ മാന്യ ഭിക്ഷു അവളുടെ സമീപത്തു ചെന്ന് ആവശയപ്പെട്ടു, "എനിക്കു ദാഹിക്കുന്നു. സഹോദരീ, ദയവുണ്ടായി ഈ തണുത്തവെള്ളം എനിയ്ക്കിത്തിരി തരൂ". ആ സുന്ദരി അതുകേട്ട് പരിഭ്രമിച്ചുകൊണ്ടുപറഞ്ഞു.

അല്ലലെന്തുകഥ ..........................................................................കല്ലല്ലിരുമ്പല്ല

"എന്തൊരു കഷ്ടമാണ് പറയുന്നത്. ദാഹക്ഷീണം കൊണ്ട് അങ്ങ് ജാതി പോലും മറന്നുവോ? താണകുലത്തിൽ (നീചജാതി) പിറന്ന ഒരുത്തിയുടെ കൈയ്യിൽ നിന്ന് ഉന്നതകുലജാതരായ യോഗ്യന്മാർ വെള്ളം വാങ്ങികുടി(ആചമി)യ്ക്കുമോ? എന്നോട് ദേഷ്യം തോന്നരുതേ. വെള്ളം തന്നാൽ പാപമുണ്ടാവും. കാരണം ഞാനൊരു ചണ്ഡാലസ്ത്രീയാണ്. ഗ്രാമാതിർത്തിയ്ക്കപ്പുറം താമസിയ്ക്കുന്ന

ഒരു 'ചാമർ' സമുദായക്കാരന്റെ മകളാണ് ഞാൻ. ഇതുകേട്ട് പരിഭ്രമിച്ചു(വിലക്ഷൻ) കൊണ്ട് ഭിക്ഷു പറഞ്ഞു, "സഹോദരീ ഞാൻ ജാതിചോദിച്ചില്ല. വെള്ളമാണ് ചോദിച്ചത്. എന്റെ നാവുണങ്ങിപ്പോകുന്നു. പേടിയ്ക്കാതെ നീ എനിക്ക് വെള്ളള്ളംതരൂ." ഇങ്ങനെ പറഞ്ഞു ചെന്താമരപോലെ സുന്ദരനായ അദ്ദേഹം തന്റെ കൈക്കൂമ്പിൾ നീട്ടി. പിന്നെ അവൾ മുടക്കം പറഞ്ഞില്ല. അവളും ഒരു പെണ്ണാണ്. കല്ലോ ഇരുമ്പോ അല്ലല്ലോ.

കറ്റക്കാർ കൂന്തൽ ...................................................................... നിൽന്നുംപോലെ.

കറ്റക്കാർ = ഇടതൂർന്ന മേഘം — കൂന്തൽ = മുടി
ആസ്യം = മുഖം — ചോരിവാ = തുടുത്ത വായ
വിസ്ഫാരിതം = വികസിച്ച — താര = കൃഷ്ണമണി
മയ്ക്കണ്ണി = സുന്ദരി — അരുണാംശൂ = ഇളംചുവപ്പുള്ള രശ്മി
പൂരം = കൂട്ടം

ചേലകൊണ്ട് കറുത്തിരുണ്ട മേഘം പോലെയുള്ള മുടിക്കെട്ടും മുഖവും ഏറെക്കുറെ മറിച്ച് പുഞ്ചിരിപൊഴിച്ച് അവൾ ചുണ്ടുപിളർത്തി അത്ഭുതഭാവത്തിൽ കണ്ണുവിടർത്തി നിന്നു. അത് പ്രഭാതത്തിൽ ഇളംചുവപ്പുരശ്മിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ചെന്താമരമൊട്ട് വണ്ടുവന്നുമുട്ടിയപ്പോൾ ഇതൾ വിടർത്തി നിൽക്കുന്നതുപോലെയായിരുന്നു.

മനോഹരമായ ഒരു വാങ്മയചിത്രമാണിത്. മാതംഗിയുടെ സ്വാഭാവികമായ നിലയ്ക്കപ്പുറം വണ്ടിണ മുട്ടിവികസിച്ച ചെന്താമര എന്ന പ്രയോഗത്തിലൂടെ ഭിക്ഷുവിന്റെ നോട്ടത്തിലൂടെ അവളിലെ അനുരാഗാങ്കുരവും സൂചിപ്പിയ്ക്കുന്നു.

പിന്നെക്കൈത്താർ ............................................................. കുനിഞ്ഞവൾ

പിന്നെ അവളുടെ കൈവിറച്ചതിനാൽ പാളയിൽ തുളുമ്പിയതും പാളയുടെ നടുവിൽ നിന്ന് മുറിഞ്ഞൊഴുകുന്നതും തെളിഞ്ഞ കണ്ണാടിപോലെ തിളങ്ങുന്നതുമായ വെള്ളം ദാഹവിവശനായി ഭിക്ഷു നീട്ടിയ താരക്കുമ്പിൾപോരുള്ള കൈകളിലേക്ക് അവൾ അല്പമൊന്ന് വളഞ്ഞ് ഒഴിച്ചുകൊടുത്തു.

പുണ്യശാലിനി .................................................. മാറ്റുന്നുമുണ്ടാവാം

സുകൃതഹാരം = പുണ്യമാല — ശിക്ഷിതർ = പരിശീലിപ്പിയ്ക്കപ്പെട്ടവർ
ശിക്ഷിതാത്മനിർവ്വാണർ = അത്മനിർവ്വാണം (അവനവന്റെ മോക്ഷോപായം) ശീലിച്ചവർ
അഗ്ര്യൻ = മുമ്പൻ — ദക്ഷം = സമർത്ഥം

കവിയുടെ അഭിപ്രായ പ്രകടനമാണ് ഈ വരികൾ അല്ലയോ ഭാഗ്യവതീ, നീ ഇപ്പോൾ ഒഴിച്ചുകൊടുക്കുന്ന വെള്ളത്തിന്റെ ഒരോതുള്ളിയും അളവറ്റ ഭാഗ്യംകൊണ്ടു ലഭിച്ച മുത്തുമാലകൾ (വെള്ളത്തുള്ളി = മുത്ത്) നിന്റെ ഉള്ളിലെ ആത്മാവിൽ ചാർത്തുന്നുണ്ടാവാം. (മാലയിടൽ – വിവാഹപ്രതീക്ഷ) വ്യക്തികളുടെ മോക്ഷപ്രാപ്തിയ്ക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി നന്നായി അഭ്യസിച്ച ഈ ഭിക്ഷു ആരാണെന്ന് കുട്ടീ നീ അറിയുന്നില്ല. ആരേയും രക്ഷിക്കാൻ കഴിവുള്ള അദ്ദേഹത്തിന്റെ അനുഗ്രഹം ഒരു പക്ഷേ നിന്നെ മറ്റൊരാളാക്കിയേയ്ക്കാം. (ആനന്ദഭിക്ഷു ഇവൾക്ക് മോക്ഷം കൊടുക്കാൻ കഴിവുള്ള ആളാണ്. തൽക്കാലം അദ്ദേഹത്തിന്റെ ഭർശനം തന്നെ അവൾക്ക് മോക്ഷം. അവളെ സന്യാസത്തിലൂടെ മോക്ഷത്തിലെത്തിയ്ക്കുന്നതിനും കാരണക്കാരൻ ആനന്ദഭിക്ഷു തന്നെ. ഭിക്ഷു മോക്ഷോപായ

ത്തിൽ പ്രത്യേക പരിശീലനം നേടിയ മഹാത്മാവാണല്ലോ. അദ്ദേഹത്തിന്റെ പ്രസാദം മാതംഗിയെ വേറൊരാളാക്കുന്നു. വെള്ളം കോരാൻവരുന്ന മാതംഗിയല്ല തിരിച്ചുപോകുന്ന മാതംഗി. പ്രണയവിവശയായ അവൾ മഹാതപസ്വിനിയായി മാറുന്നതും ഭിക്ഷുവിന്റെ സ്വാധീനം കൊണ്ടാണ്. കഥാപരിണാമത്തേയും സൂചിപ്പിയ്ക്കുന്നു. ബാലേ എന്ന സംബോധനയിലെ 'ബുദ്ധിയുറയ്ക്കാത്തവളേ' എന്ന ധ്വനികൂടി ശ്രദ്ധിയ്ക്കണം).

അഞ്ജലി തന്നിൽ ............................................................... വിലക്കുന്നു

അഞ്ജലി = കൂപ്പുകൈ (അങ്ങനെ പിടിച്ച കൈക്കുമ്പിൾ) കഞ്ജം = താമര
വാരിതൻപൂരം = വെള്ളം പാവനം = പരിശുദ്ധം ആമയം = ദു:ഖം

കൂപ്പുകൈപോലെ പിടിച്ച കൈക്കുമ്പിളിൽ തന്റെ മുഖമാകുന്നതാമരയെ ചേർത്തുവെച്ച് ആ ഭിക്ഷു കുനിഞ്ഞു നിന്നു. അതിൽ വീഴുന്ന വെള്ളിക്കമ്പിപോലെയുള്ള തെളിവെള്ളം അദ്ദേഹം ആർത്തിയോടെ കടിച്ചു. അത് തന്റെ പരിശുദ്ധമായ ഭാവിവിജ്ഞാനധാരയാണെന്നപോലെയാണ് അദ്ദേഹം ആസ്വദിച്ചത്. ആ മഹാന്റെ സംതൃപ്തി കണ്ട് മാതംഗി രോമാഞ്ചമണിഞ്ഞു നിന്നു. ക്ഷീണംമാറി; വെള്ളംമതി-എന്ന അർത്ഥത്തിൽ അദ്ദേഹം ഇടതുകൈ കൊണ്ടു ആഗ്യം കാണിച്ചു.

സാദംതീർന്ന് ................................................................................... ഞാൻ പോകുന്നു.
സാദം = ക്ഷീണം മോദമാനം = സന്തോഷിപ്പിക്കുന്ന
പക്ഷ്മളം = ഇമരോമം നിർവ്വാണനിധി = മോക്ഷമാകുന്ന നിധി
ഗുർവ്വധീശൻ = ഗുരുവും എല്ലാറ്റിനും ഉടമസ്ഥനുമായ
പൂർവ്വചന്ദ്രൻ = വെളുത്തവാവിൻ നാളത്തെ (പൂർണ്ണ) ചന്ദ്രൻ

ക്ഷീണംമാറി സിരകളെല്ലാം ഉന്മേഷാവസ്ഥയിൽ എത്തിയ ഋഷി നിവർന്നുനിന്ന് കടയ്ക്കൽ നേരിയചുവന്ന ഇമതൂർക്ക് നീണ്ട കണ്ണുകൾ കൊണ്ടു നന്ദി സൂചിപ്പിച്ച് തനിയ്ക്കുപകാരം ചെയ്ത ആ സുന്ദരിയോടു പറഞ്ഞു. "ലോകത്തിൽ മോക്ഷകാരണം കണ്ടെത്തിയവനും എല്ലാ ജനങ്ങൾക്കും ആരാദ്ധ്യനും ദയാമയനും, ഗുരുവും എല്ലാറ്റിന്റേയും നാഥനുമായ ശ്രീബുദ്ധൻ സുന്ദരീ, നിന്നെ അനുഗ്രഹിക്കും. ഞാനിപ്പോൾ പോകട്ടേ.

എന്നു വീണ്ടും ................................................................ മാരജിത്തെന്നപോൽ

ഇങ്ങനെ പറഞ്ഞ് ശാന്തനും ഗൌരവപ്രകൃതിക്കാരനും ആയ ആ ബുദ്ധഭിക്ഷു ആ ആൽചുവട്ടിലേക്ക് ചെന്ന് ആതണലിൽ നേരത്തെ പറഞ്ഞ സ്ഥാനത്ത് ഇരുന്നു. സാവധാനത്തിൽ കാട്ടരുവിയിൽ ചെന്ന് ദാഹം മാറ്റിയശേഷം തന്റെ ഗുഹയിലേക്ക് മടങ്ങിവന്ന സിംഹത്തെപ്പോലെയായിരുന്നു അദ്ദേഹം. പിന്നെ വഴിയാംവണ്ണം യോഗാസനത്തിൽ ഇരുന്ന് അദ്ദേഹം ധ്യാനത്തിൽ മുഴുകി. ഫൽഗു നദീതീരത്തുള്ള അരയാൽച്ചുവട്ടിൽ തന്റെ ഗുരുവായ മാരജിത്ത് (കാമദേവനെ ജയിച്ചവൻ, ബുദ്ധൻ) ഇരിയ്ക്കുന്ന പോലെയായിരുന്നു അത്.

തൻകുടവും ................................................................................ മനോഹരി

തന്റെ കുടത്തിൽ വെള്ളം നിറച്ച് അതിന്റെ വക്കുതുടച്ച് വൃത്തിയാക്കി ആ സുന്ദരി മാറ്റിവെച്ചു. പിന്നെ നീളമുള്ള കയറ് ചുരുട്ടി പാളയിൽ ഒതുക്കിവെച്ചു അവൾ തിരിച്ചുപോകാൻ തുടങ്ങിയെങ്കിലും അതിനു കഴിയാതെ അവിടെത്തന്നെ പരുങ്ങിനിന്നു. (ബുദ്ധഭിക്ഷുവിന്റെ സാമീപ്യം നഷ്ടപ്പെടുന്നതില്ലുള്ള വിഷമം) സന്ധ്യാകാശത്തിൽ നിന്ന് അടർന്നു വീണ ഒരു തുണ്ടുപോലെ മനോഹരമായി പൂത്തുലഞ്ഞു നിൽക്കുന്ന ഒരു പൂമരത്തിന്റെ ചുവട്ടിൽ ആ സുന്ദരി നിന്നു. (അനുരാഗാർദ്രയായ മാതംഗിയുടെ സ്വയം മറന്നുള്ള നിൽപ്പ്)

ചാരുനേത്ര ..............................................................................തെല്ലിട സുന്ദരി

ചാരുനേത്ര = മനോഹരമായ കണ്ണോടുകൂടിയവൾ
കരും താരിണമാല = കറുത്ത രണ്ടു പൂക്കൾ കൊണ്ടുള്ള മാല
മോഘം = നിഷ്ഫലം
മാരദൂതി = കാമദേവന്റെ സന്ദേശം കൊണ്ടുവരുന്നവൾ

ആ മൈക്കണ്ണി ഇടംതോളുകൊണ്ട് ഇടത്തുഭാഗം ആ വാകമരത്തിൽ ചാരിയും ചെരിഞ്ഞുള്ള നോട്ടമാകുന്ന രണ്ടു നീലപ്പൂക്കൾ കൊണ്ട് ഭിക്ഷുവിനായി മാലകൾ നിഷ്ഫലമായി ഉണ്ടാക്കിയും ഭൂമിയിൽ ഒരു കാൽമാത്രം ഉറപ്പിച്ചു വെച്ച് കാമദേവന്റെ ദൂതിയെപ്പൊലെ നിന്നു.

## I ലഘുചോദ്യങ്ങൾ (50/100 വാക്കിൽ)

1) “ആ മനോഹരിയമ്പരന്നോതിനാൾ“ - ആതാണ് ആ മനോഹരി? അമ്പരക്കാൻ കാരണമെന്ത്?

2) ചണ്ഡാലിഭിക്ഷുവിനോട് പറഞ്ഞ മറുപടിയെഴുതുക

3) “തന്വിയാണവൾ കല്ലല്ലിരുമ്പല്ല“ സന്ദർഭവും ആശയവും എഴുതുക

4) ബുദ്ധഭിക്ഷുവിന് മാതംഗി ജലം ഒഴിച്ചുകൊടുക്കുന്ന വാങ്മയചിത്രം വിവരിക്കുക.

5) “രക്ഷാദക്ഷമാം തൽപ്രസാദം നിന്നെ
പ്പക്ഷേ വേറാളായ് മാറ്റുന്നുമുണ്ടാവാം“ ഈ വരികളിലെ അർത്ഥതലങ്ങൾ കുറിയ്ക്കുക.

6) “മന്ദും കാട്ടുറവെത്തി ദാഹം തീർത്തു
കന്ദരംപൂകും കേസരിപോലവൻ“ സന്ദർഭവും സാരസ്യവും വ്യക്തമാക്കുക

7) “പോകുവാനോങ്ങിയെങ്കിലും പെൺകിടാ-
വാകാഞ്ഞങ്ങൊട്ടലസയായ് ചുറ്റിനാൾ“ ആര്? എന്തുകൊണ്ട്?

8) പാരിലൊറ്റക്കാരൂന്നി നിലകൊണ്ടാൾ
മാരദൂതിപോൽ തെല്ലിട സുന്ദരി“ ആ നിൽപ്പിന്റെ ഭംഗി വിവരിക്കുക.

## II ഉപന്യാസചോദ്യങ്ങൾ

1) ആനന്ദഭിക്ഷുവിന്റെ പ്രഥമദർശനം മാതംഗിയിൽ ഉണ്ടാക്കിയ അനുഭൂതി വിശേഷം വിശദീകരിക്കുക.

2) സംഭവങ്ങളേയും കഥാപാത്രങ്ങളേയും ഔചിത്യപൂർണ്ണമായി വിന്യസിയ്ക്കുന്നതിൽ കുമാരനാശാനുള്ള വൈദഗ്ദ്യം ചണ്ഡാലഭിക്ഷുകിയിലെ പഠിച്ച ഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി അപഗ്രഥിക്കുക.

# മലകേറൽ

## ഉള്ളൂർ

### ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877–1949)

മലയാളഭാഷയ്ക്കും സാഹിത്യത്തിനും മഹത്തായ സംഭാവനകൾ നൽകിയ മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ1877–ൽ ജനിച്ചു. സ്ഥിരോത്സാഹിയായിരുന്ന അദ്ദേഹം ജീവിതക്ലേശങ്ങളെ വക വയ്ക്കാതെ പഠിച്ച് 26–ാം വയസ്സിൽ ബി.എൽ. പരീക്ഷയും തുടർന്ന് എം.എ പരീക്ഷയും പാസ്സായി. എളിയനിലയിൽ ഔദ്യോഗിക ജീവിതമാരംഭിച്ച അദ്ദേഹം തിരുവിതാംകൂർ സർക്കാർസർവ്വീസിൽ സെക്രട്ടറി, ചീഫ് സെക്രട്ടറി, ദിവാൻ പേഷ്കാർ മുതലായി ഭാരിച്ച ഉത്തരവാദിത്വമുള്ള പല പദവികളുംവഹിച്ചു. 1949 ജൂൺ 15ന് അന്തരിച്ചു.

തിരക്കുപിടിച്ച ഔദ്യോഗിക ജോലികൾക്കിടയിലും മഹാകവി സാഹിത്യത്തിന്റെ വിവിധ ശാഖകളിൽപ്പെടുന്ന ധാരാളം കൃതികൾ രചിച്ചു. മലയാളത്തിനു പുറകെ ഇംഗ്ലീഷിലും സംസ്കൃത ത്തിലും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ജീവിതത്തിരും സാഹിത്യരംഗത്തും മാറ്റമില്ലാത്ത കൃത്യനിഷ്ഠ, അമിതാദ്ധ്വാനശീലം, പുരാണേതിഹാസങ്ങളിലുള്ള അപാരമായ പാണ്ഡിത്യം, അനന്യ സാധാരണമായ ഓർമ്മശക്തി ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ജീവിത വിജയത്തിന് സഹായ കമായി ഭവിച്ച സിദ്ധികൾ. പതിമ്മൂന്നാംവയസ്സിൽ അദ്ദേഹം കവിതയെഴുതാൻ തുടങ്ങി. ഉമാകേരളം (മഹാകാവ്യം) സുജാതോദ്വാഹം(ചമ്പു), കർണ്ണഭൂഷണം, പിങ്ഗള, ചിത്രശാല, ഭക്തിദീപിക, മിഥ്യാപ വാദം, (ഖണ്ഡകാവ്യങ്ങൾ) കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജുഷ, ഹൃദയകൌമുദി, രത്നമാല, അമൃതധാര, കല്പശാഖി (കാവിതാസമാഹാരങ്ങൾ) തുടങ്ങയവയാണ് അദ്ദേഹത്തിന്റെ പ്രധാന പദ്യകൃതികൾ ഭാഷാചമ്പുക്കളെക്കുറിച്ചുള്ള ഒരു പഠനം വിജ്ഞാനദീപിക നാലുഭാഗങ്ങൾ, കേരള സാഹിത്യചരിത്രം ഏഴുഭാഗങ്ങൾ എന്നിവ അദ്ദേഹത്തിന്റെ പ്രധാന ഗദ്യകൃതികളുമാണ്.

### മലകേറൽ – ഉള്ളടക്കത്തിലൂടെ

മലകയറ്റം ഒരു പ്രതീകമാണ്. ക്ലേശങ്ങളേയും തടസ്സങ്ങളേയും അവഗണിച്ചുകൊണ്ട് രാഷ്ട്ര പുരോഗതിയ്ക്കും സമുദായപുരോഗതിയ്ക്കും വേണ്ടിയുള്ള ആഹ്വാനമാണിത്. വർണ്ണവർഗ്ഗ സമുദാ യഭേദങ്ങൾക്കെതിരായി സ്നേഹത്തിന്റെയും ഐക്യത്തിന്റേയും മഹത്വം ഉദ്ഘോഷിയ്ക്കുന്ന ഒരുഭാ വഗാനമാണിത്. രാഷ്ട്രപുരോഗതിയ്ക്ക് സ്വതന്ത്രഭാരതത്തിലെ പൗരന്മാരുടെ ചുമതലയെ സ്വാതന്ത്ര്യല ബ്ധിയുടെ പശ്ചാതലത്തിൽ ഉള്ളൂർ ഉപയോഗിയ്ക്കുന്നു.

ഉയരുവിൻവേഗം ..........................................................................മുറയ്ക്കുപോക നാം.

വേഗം ഉയർന്നുവരുവിൻ. മലകയറുവിൻ. അങ്ങനെ വിധിയുടെ തീരുമാനത്തെ നമുക്ക് തിരു ത്തിക്കുറിയ്ക്കാം. പറന്നുയരുവാൻ ചിലകില്ലാത്തവരാണ് നാം. നമ്മെ പിടിച്ചു കയറ്റുവാൻ ആരുമില്ല. ശവക്കുഴിയിൽ നിന്ന് വളരെ ദിവസങ്ങൾകൊണ്ട് ഇത്രത്തോളം സ്വയം ഇഴഞ്ഞു കയ റിയവരാണ് നമ്മൾ. (അടിമത്തത്തിൽ നിന്നുള്ള മോചനമാവാം ഉദ്ദേശിയ്ക്കുന്നത്) കല്ലുകളിൽ തട്ടിത്തടഞ്ഞാലും മുള്ളിൻ മുനയിൽ തട്ടി മുറിഞ്ഞാലും നമ്മുടെ കാലുകൾ ഇനിയും ഉയരട്ടെ. നമുക്കുവേണ്ടി ആരും പൂക്കൾ വിരിച്ച വഴി തുറന്നുവെച്ച് കാത്തിരിയ്ക്കുന്നില്ല. നമുക്ക് പുരുഷാർത്ഥം നേടാൻ മുന്നോട്ട് പോയേപറ്റൂ. (പുരുഷാർത്ഥം – ധർമ്മം, അർത്ഥം, കാമം മോക്ഷം എന്ന നാലു ജീവിതലക്ഷ്യങ്ങൾ) അതുകൊണ്ട് ക്രമത്തിൽ മുന്നോട്ടു പോകുക തന്നെ.

തപസ്സുചെയ്‌വോർക്കു.........................................................അഭീഷ്ടലക്ഷ്യത്തിൽ

വിബുധർ = ദേവന്മാർ                              ഉച്ചസ്ഥർ= ഉയർന്നപദവിയിൽ സ്ഥിതിചെയ്യുന്നവർ

വലിയ കശ്യസിദ്ധിയ്ക്കു വേണ്ടി കഠിനമായി തപസ്സുചെയ്യുന്നവർക്ക് പലതരം മുടക്കങ്ങൾ ഉണ്ടാക്കുവാൻ സ്വർഗ്ഗസ്ഥരായ ദേവന്മാർ എപ്പോഴാം ഉത്സാഹം കാണിക്കുന്നു. (മനുഷ്യർ തപസ്സു ചെയ്യുമ്പോൾ ദേവന്മാർ അതിന് വിഘ്നങ്ങൾ ഉണ്ടാക്കിയ പലകഥകളും പുരാണങ്ങളിലുണ്ട്. വിശ്വാമിത്രന്റെ, നരനാരായണൻമാരുടെ, അർജ്ജുനന്റെയൊക്കെ തപസ്സ് ഉദാഹരണം) ('തടസ്ഥം' തെറ്റ് 'തടസ്സം' ആണ് ശരി. തടസ്ഥം = തടത്തിൽ നിൽക്കുന്നത്-മദ്ധ്യാവർത്തി എന്നർത്ഥം) അമൃതം മറ്റാരും അശിക്കരുത് (ഭക്ഷിക്കരുത്) എന്ന് സമദമായ ((മദത്തോടുകൂടിയ) മനസ്സിൽ എപ്പോഴും വിചാരിയ്ക്കുന്നവരാണ് ദേവന്മാർ. അവരാകട്ടെ സ്വന്തം താൽപര്യങ്ങൾ സംരക്ഷിയ്ക്കുവാൻ പലതരത്തിലുള്ള കൊതിപ്പിക്കലിലൂടെ മഹർഷിമാരെപ്പോലും ആകർഷിയ്ക്കുന്നു. അവർ നമുക്കെന്തെങ്കിലും സഹായം ചെയ്യുമെന്നു പ്രതീക്ഷിയ്ക്കേണ്ടതില്ല. അവർക്കു സഹായം അവർ. നമുക്കു നമ്മളും. അതുകൊണ്ട് കാലുകൾ ഇടറാതെ നിരതെറ്റിയ്ക്കാതെ, ആരുടെമുമ്പിലും തോറ്റുകൊടുക്കാതെ, നമ്മുടെ കൈകളിലെ കൊടികൾ വീഴാതെ എല്ലാവരും കൈകൾ പരസ്പരം കോർത്തുപിടിച്ചു, ഒരേ സ്വരത്തിൽ ജയകോലാഹലം കൂട്ടിയും മുന്നിൽ വരുന്ന നൂറുകണക്കിലുള്ള മുടക്കങ്ങളെ പതിരുപോലെ ദൂരേയ്ക്ക് ഊതിപ്പറത്തിയും നമുക്ക് അണിയണിയായി മുന്നോക്കുപോകാം, നമ്മൾ ആഗ്രഹിക്കുന്ന ലക്ഷ്യസ്ഥാനത്തു വേഗത്തിൽ എത്തിച്ചേരാം.

ഇരിക്കലും മരിച്ചാലും.........................................................ദശാവിപര്യയം?

ജീവിച്ചാലും മരിച്ചാലും തരക്കേടില്ല. കൈയ്യൂക്കുള്ളവന് എന്നും ആഗ്രഹിച്ചതെല്ലാം നേടാൻ കഴിയും. ഭയം എന്ന ദുഷ്ടശക്തിയെ നമ്മൾ തന്നെ ഉണ്ടാക്കിയതാണ്. നമുക്ക് തന്നെ അതിനെ ഇല്ലാതാക്കാം. ഒരേ അമ്മയുടെ മക്കളായി ജനിച്ച നമ്മൾ തമ്മിൽത്തല്ലി നശിയ്ക്കുന്നുവല്ലോ. പല തരത്തിൽ കൊലയും, കൊള്ളയും കൊള്ളിവെപ്പും നമ്മൾ നടത്തുന്നു. ഇതിനുവേണ്ടിയാണോ നാം സ്വാതന്ത്ര്യം നേടിയത്. ആ അമൃതിനെ ഇങ്ങനെ ഗരളം (വിഷം) ആക്കണോ. യുദ്ധക്കൊടുങ്കാറ്റിൽപെട്ട് ചപ്പിലപോലെ നാം വീണ്ടും താഴോട്ടുവീഴുകയാണോ? ഇത് ഏത് ഈശ്വരനാണ് ഇഷ്ടമാവുക? ശത്രുക്കളെയല്ലാതെ ഇതാരെ സന്തോഷിപ്പിക്കും. ഇതെന്തൊരു ഭ്രാന്താണ്. ഇതെന്തൊരു അധ:പതനമാണ്. താണോ ഭാരതഭൂമിയുടെ അവസ്ഥാഭേദം?

ഉദയ ശൈലത്തിൽ...............................................................മനുഷ്യനാദർശം

അതാ ഉദയപർവ്വതത്തിന്റെ മുകളിൽനിന്ന് ബാലസൂര്യൻ സ്വർണ്ണമഴ പെയ്യിക്കുന്നു. നിസ്സാരമായ പുല്ലുകളുടെ കണ്ണീർ (ചെടിയിൽ പ്രഭാതത്തിൽ തൂങ്ങി നിൽക്കുന്ന ജലകണികകൾ) സ്വന്തം കൈകളെക്കൊണ്ട് തുടച്ചുമാറ്റുന്നു (കരം-കൈ, രശ്മി) സൂര്യൻ ഉദിച്ചുയരുമ്പോൾ പുൽച്ചെടികളിലെ ജലത്തുള്ളികൾ വറ്റിപ്പോകുന്നു) നിസ്സാരമായ പുഴുക്കൾക്കുപോലും സൂര്യൻ ഉന്മേഷം നൽകുന്നു. "ഇരുട്ടിനെ ദൂരത്തേയ്ക്ക് ഓടിച്ചു ഇളംക്കാറ്റുകൊണ്ട് പൂമണം പരത്തിയും ഇന്നലെ കടലിൽ ചാടിയ (അസ്തമിച്ച) ഞാനിതാ വീണ്ടും ആകാൾത്തിലേയ്ക്ക് പറന്നുകയറുന്നു. വേണ്ടതും വേണ്ടാത്തതും തിരിച്ചറിയലാകുന്ന വിളക്കിന്റെ പ്രഭകൊണ്ട് എനിക്ക് ശരിയായ വഴികാട്ടിത്തരുന്നതിനാൽ കടൽത്തിരകൾ കണ്ട് ഞാൻ കൂസിയില്ല. കടലിൽവെച്ച് മത്സ്യങ്ങളുടെ ഇരയായിത്തീർന്നതുമില്ല. ഞാൻ കടൽത്തട്ടിൽ നിന്ന് വിലയേറിയ മുത്തും പവിഴവും ശേഖരിക്കാൻ മിനക്കെട്ടില്ല. അടുത്തുള്ള ദ്വീപിൽ കയറിക്കിടക്കാൻ പോയില്ല. എനിക്ക് എന്റെ ലക്ഷ്യത്തിലെത്തണം. ഈ ഒറ്റ ഓർമ്മകൊണ്ട് ഞാനിതാ ഇവിടെ എത്തി." ഇങ്ങനെ ഓരോരോ പക്ഷികളെക്കൊണ്ടു വെറുതെ (വിതഥം) സ്വന്തം കഥപാടിച്ചു ഇനൻ (സൂര്യൻ) അതാ മുന്നിൽ ശോഭിയ്ക്കുന്നു. സ്വയം പര്യാപ്തനായ മനുഷ്യന് ആദർശം പ്രധാനമാണ്.

ക്ഷിതിയിലെ........................................................................നടുങ്ങുംദൈവവും

ഈ ഭൂമിയിലാകെയുള്ള ഇരുട്ട് നമ്മുടെ ഹൃദയമാകുന്ന ഗുഹയ്ക്കുള്ളിൽ കയറിപ്പറ്റിക്കഴിഞ്ഞു. അന്യനെ വെട്ടിവീഴ്ത്തുന്ന വാൾ അങ്കക്കലികൊണ്ട് അതിനുശേഷം തിരിഞ്ഞുവന്ന് നമ്മേയും അരിഞ്ഞു വീഴ്ത്തുകയില്ലേ? കഴിഞ്ഞുപോയ ചീത്തക്കാര്യങ്ങളെല്ലാം നമുക്കു മറക്കാം. നമ്മുടെ അകത്തളങ്ങൾ തുറന്നുവെയ്ക്കാം. കാറ്റും വെളിച്ചവും അകത്തേയ്ക്കു കയറട്ടേ. ഒരേ ലക്ഷ്യത്തോടെ നമുക്കു മുന്നോട്ടു നീങ്ങാം. അന്യോന്യസ്നേഹം വളർത്തിയെടുക്കാം. നമ്മുടെ ഭാരം മറ്റുള്ളവരുടെ തലയിൽ കെട്ടിവെയ്ക്കാതെ ഒന്നിച്ചുനിൽക്കേണ്ടവരെ ശത്രുക്കളാക്കാതെ നമ്മൾക്കാണ് ഭൂരിപക്ഷം എന്ന് ഊറ്റം കൊള്ളാതെ, താണ നിലയിൽ കഴിയുന്നവരെ പുച്ഛിച്ചു തള്ളാതെ, മുന്നോട്ടു പോകുന്ന വർക്ക് പാറക്കല്ലുകൾ പൂക്കളാകും. ഇരുട്ടുവിളക്കാകും. ഘനം (മേഘം) ഉഡു (നക്ഷത്രം)വാകും ഇരുട്ടുപരത്തുന്നത് വെളിച്ചം തരുന്നതാകും. ആത്മവീര്യത്തിൽ ആത്മവിശ്വാസമുള്ളവരെകക്കണ്ടാൽ എതിരായി നിൽന്നുന്ന വിധിപോലും പതറും.

വൃത്തം - അന്നനട

## ചോദ്യങ്ങൾ

## I ലഘുചോദ്യങ്ങൾ

1) "തപസ്സു ചെയ്യോർക്കു തടസ്സമുണ്ടാക്കാൻ
   വിബുധശുച്ചത്ഥർകൂതുകികളെന്നും" ആശയം വിശദീകരിക്കുക.
2) "പരനെവെട്ടുംവാൾ കലികൊണ്ടപ്പുറം
   തിരിഞ്ഞുനമ്മേയുമരിഞ്ഞുതള്ളില്ലേ" ആശയം വിശദമാക്കുക.
3) 'തനതുവീര്യത്തിൽ വിശങ്കതോന്നാത്ത
   ജനതയെക്കണ്ടാൽ നടുങ്ങും ദൈവവും' ആശയം വ്യക്തമാക്കുക.

## II ഉപന്യാസചോദ്യങ്ങൾ

1) ഉള്ളൂരിന്റെ പക്ഷത്തിൽ എന്താണ് യഥാർത്ഥപുരോഗതി?
2) മലകേറൽ എന്ന കവിത ഉദ്ബോധിപ്പിയ്ക്കുന്നനെന്ത്?

# ഒരു തോണിയാത്ര

## വള്ളത്തോൾ

### മഹാകവി വള്ളത്തോൾ നാരായണമേനോൻ (1878–1958)

വാഗ്ദേവതയുടെ പുരുഷാവതാരമെന്ന് കുട്ടിക്കൃഷ്ണമാരാർ വിശേഷിപ്പിച്ച മഹാകവി വള്ളത്തോളിന്റെ തറവാട് തിരൂരിനടുത്തുള്ള മംഗലം ഗ്രാമത്തിലായിരുന്നെങ്കിലും സ്ഥിരതാമസം പ്രധാനമായും ഷൊർണൂരിനടുത്തുള്ള ചെറുതുരുത്തിയിലായിരുന്നു. സംസ്കൃതവും ആയൂർവേദ വുമാണ് പഠിച്ചത്. പത്രമാസികകൾ വഴി കാലിക പൊതുവിജ്ഞാനങ്ങൾ നേടി. ഇംഗ്ലീഷുപരിജ്ഞാനം കഷ്ടിയായിരുന്നു.

സംസ്കൃതപാരമ്പര്യം വഴി നിയോക്ലാസിക്ക് പ്രവണതകളിൽ നിന്നുകൊണ്ടാണ് കാവ്യരചന ആരംഭിച്ചതെങ്കിലും കാലത്തിന്റെ രുചിഭേദമറിഞ്ഞ് കാല്പനികചാരുതയെ തന്റെ കവിതകളിൽ ആവാഹിയ്ക്കാൻ പിൽക്കാലത്ത് അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല. നിയോക്ലാസിക് ശൈലിയിൽ എഴുതിയ സ്തോത്രങ്ങളും, ശൃംഗാരശ്ലോകങ്ങളും (വിലാസലതിക, ഗ്രാമസൗഭാഗ്യം) ചിത്രയോഗം മഹാകാവ്യവുമാണ് ആദ്യഘട്ടത്തിലെ കൃതികൾ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, കൊച്ചുസീത, മഗ്ദലനമറിയം എന്നിവയുടെ രചന യിലാണ് വള്ളത്തോൾക്കവിതയുടെ വ്യക്തിമുദ്രകൾ പതിഞ്ഞത്. എന്നാൽ സമകാല സാമൂഹ്യ രാഷ്ട്രീ യാനുഭവങ്ങളെ വിഷയമാക്കിയുള്ള ലഘുകവിതകളാണ് വള്ളത്തോളിന്റെ ഏറ്റവും ഉജ്ജ്വലമായ കൃതികൾ. അവയാണ് സാഹിത്യമഞ്ജരി പരമ്പരകളിൽ സമാഹരിച്ചിട്ടുള്ളത്. ഖണ്ഡകവിതകളിൽ ചിലതും സാഹിത്യമഞ്ജരിയിലെ ഏതാനും കവികളുമാണ് വള്ളത്തോളിനെ മലയാളത്തിന്റെ മഹാക വിയാക്കുന്നത്. അദ്ദേഹം തർജ്ജമസാഹിത്യത്തിനു നൽകിയ സംഭാവനകളും അവിസ്മരണീയങ്ങ ളാണ്. വാല്മീകി രാമായണം തർജ്ജമ ചെയ്തതിന്റെ പേരിൽ അദ്ദേഹത്തെ കേരളവാല്മീകി എന്നു വിളിയ്ക്കാറുണ്ട്. അതുപോലെതന്നെ ഋഗ്വേദവും പൂർണ്ണമായി വിവർത്തനം ചെയ്തിട്ടുണ്ട്. കൂടാതെ ഭാസന്റേയും കാളിദാസന്റേയും ചില നാടകങ്ങളും പ്രധാനപ്പെട്ട പുരാണങ്ങളും പരിഭാഷപ്പെടുത്തിയി ട്ടുണ്ട്. നാടകീയമായ ആഖ്യാനസംവിധാനം, നേരിട്ടുകാണുന്നതുപോലെയുള്ള വർണ്ണനകൾ, മിത മായ നർമ്മബോധം, അതിസുഭഗമായ രചനാഗുണം, ഇതിവൃത്തവും കഥാപാത്രങ്ങളുമായുള്ള തന്മയീ ഭാവം, ഒരിയ്ക്കലും വിട്ടുമാറാത്ത ജീവിതരീതി എന്നിവയാണ് വള്ളത്തോൾക്കവിതയുമട സ്വത്വഘട കങ്ങൾ. സമകാലികകവികൾ സംസ്കൃതവൃത്തങ്ങളിൽ മാത്രം എഴുതിയിരുന്ന അക്കാലത്ത് ദ്രാവി ഡവൃത്തങ്ങളുടെ ശക്തിയും സൗന്ദര്യവും പ്രയോഗിച്ചുകാണിച്ച ഇദ്ദേഹം ഇക്കാര്യത്തിൽ തുഞ്ചത്തെ ഴുത്തച്ഛന്റെ യഥാർത്ഥ പിൻഗാമിയാണ്. വള്ളത്തോൾക്കവിതയിലെ ദേശീയപ്രസ്ഥാനാവേശവും ചൈത ന്യവും എടുത്തുപറയേണ്ടതുണ്ട് പിൽക്കാലകവികൾക്കും വള്ളത്തോൾ ഒരു മാതൃകയായിട്ടുണ്ട്. ദേശീയവീക്ഷണത്തിന്റെ ഭാഗമായി നമ്മുടെ പാരമ്പര്യകലകളുടെ സമാദ്ധരണത്തിനുവേണ്ടി അദ്ദേഹ ത്തിന്റെ നേതൃത്വത്തിൽ ഉണ്ടായ മഹാസ്ഥാപനമാണ് കേരളകലാമണ്ഡലം.

## സാഹിത്യമഞ്ജരി

തുഞ്ചത്തെഴുത്തച്ഛനുശേഷം മലയാളകവിതയിൽ പുരോഗമനോന്മുഖവും ദൂരവ്യാപകവുമായ പരിവർത്തനത്തിനു നേതൃത്വം കൊടുത്ത ആധുനികകവി മഹാകവി വള്ളത്തോളാണ്. താൻ ജീവിച്ച കാലത്തോട് ഏറ്റവും ശക്തിയായി പ്രതികരിച്ച കവിയാണദ്ദേഹം. ഭാരതത്തിൽ സ്വാതന്ത്ര്യസമരം കൊടു മ്പിരിക്കൊണ്ട കാലമാണ് വള്ളത്തോളിന്റെ സാഹിത്യപ്രവർത്തനത്തിലെ അതിപ്രധാനഘട്ടം.

അതിനാൽ നാട്ടിൽ തിരയടിയ്ക്കുന്ന നവോത്ഥാനപ്രവാഹത്തേയും സാധാരണജനങ്ങളുടെ ആശയാഭിലാഷങ്ങളേയും സ്വന്തം കവിതയിൽ അദ്ദേഹം പ്രതിഫലിപ്പിച്ചു. ലളിതവും സുന്ദരവുമായ അത്തരം കവിതകളുടെ സമാഹാരമാണ് സാഹിത്യമഞ്ജരികൾ. പ്രകരണശുദ്ധി തികഞ്ഞവയാണ് ആ കാവ്യതല്ലജങ്ങൾ. സാഹിത്യത്തിലെ ശബ്ദം, അർത്ഥം, ആശയം, അലങ്കാരം, രചനാരീതി, ഭാവം തുടങ്ങിയവയെല്ലാം കാവ്യസന്ദർഭത്തിനോട് ഏറ്റവും ഇണങ്ങിനിൽക്കുന്ന രീതിയ്ക്കാണ് അദ്ദേഹം പ്രകരണശുദ്ധി എന്നു പറഞ്ഞിരുന്നത്. സാഹിത്യമഞ്ജരിയിലെ പ്രധാനകവിതകളെല്ലാം ഭാവഗീതങ്ങളാണ്. കർത്തൃനിഷ്ഠവും ദൈർഘ്യം കുറഞ്ഞതും, വികാരപ്രധാനവുമായ കവിതകളാണ് ഭാവഗാനങ്ങൾ(ഹ്യൃശരെ). കാല്പനിക പ്രസ്ഥാനത്തിൽപ്പെടുന്നവയാണ് ഭാവഗാനം. ഗീതകം, വിലാപകാവ്യം, സ്വാഗതാഖ്യാനം എന്നിവയും ഭാവഗാനങ്ങൾ തന്നെ. ചുരുങ്ങിയ വരികളിൽ ഒതുക്കി ഒരുവസ്തുവോ, സംഭവമോ ആശയമോ കവിഹൃദയത്തിൽ ഉണ്ടാക്കിയ അനുഭൂതിയെ അതേപടി ആസ്വാദകനിലേയ്ക്കു സംക്രമിപ്പിയ്ക്കുന്നതാണ് അതിന്റെ ലക്ഷ്യം. അതിനാൽ പദബന്ധത്തിലും, വർണ്ണനകളിലും, ഉപയോഗിക്കുന്ന വൃത്തങ്ങളിലും, സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. വള്ളത്തോളിന്റെ ഭാവാനങ്ങൾ അത്ര ചെറുതല്ല എന്നൊരു പ്രത്യേകതയേയുള്ളൂ. മലയാളത്തിൽ ഭാവഗാനപ്രസ്ഥാനം വേരുറയ്ക്കുന്നത് വള്ളത്തോളിന്റെ കാലത്താണ്. തന്റെ ചുറ്റുപാടും കാണുന്ന ജീവിതാനുഭവങ്ങൾ, വ്യക്തിപരമായ അനുഭൂതികൾ, പുരാണങ്ങളിൽ നിന്നും ഇതിഹാസങ്ങളൽ നിന്നും തിരഞ്ഞെടുത്ത ചില സന്ദർഭങ്ങൾ, ചരിത്രസംഭവങ്ങൾ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങിയ എല്ലാ വിഷയങ്ങളും അദ്ദേഹത്തിന്റെ ഭാവഗാനങ്ങളിൽ നിറഞ്ഞുനിന്നു. അവ അക്കാലത്ത് തികച്ചും പുതുമയുള്ളതായിരുന്നു.

ഭാരതീയദർശനങ്ങളോടും ഭാരതത്തിന്റെ സാംസ്കാരികപാരമ്പര്യത്തോടും വള്ളത്തോളിനുണ്ടായിരുന്നത് അന്ധവും സങ്കുചിതവുമായ അഭിനിവേശമായിരുന്നില്ല. അവയെ ചൂണ്ടിക്കാട്ടി വർത്തമാനകാലത്തെ ജാഗ്രത്താക്കാനും കർമ്മോന്മുഖമാക്കാനുമാണ് അദ്ദേഹം ശ്രമിച്ചത്, അല്ലാതെ അതിന്റെ ആലസ്യത്തിൽ മയക്കാനായിരുന്നില്ല. മഹാത്മഗാന്ധിജിയടക്കമുള്ള ദേശീയ നേതാക്കന്മാർ അദ്ദേഹത്തിന്റെ കാവ്യജീവിതത്തിൽ കണക്കറ്റ സ്വാധീനം ചെലുത്തി. അതിനാൽ പൗരാണികമോ, ചരിത്രപരമോ, കല്പിതമോ ആയ വിഷയങ്ങളെക്കുറിച്ചാരംഭിച്ചാലും അദ്ദേഹത്തിന്റെ കവിത ദേശാഭിമാനത്തിലും സ്വാതന്ത്ര്യ തൃഷ്ണയിലുമാണ് അവസാനിച്ചിരുന്നത്. ഒരു തോണിയാത്രയും ആ ഇനത്തിൽപ്പെടുന്നു.

## ഒരി തോണിയാത്രയിലൂടെ

മഹാകവി വള്ളത്തോളിന്റെ ശക്തവും മനോഹരവുമായ ഒരു ലഘുകാവ്യമാണ് ഒരു തോണിയാത്ര. കേരളത്തിൽ ഒരുകാലത്ത് നിലനിന്നിരുന്ന അനാചാരങ്ങൾക്കും അധഃകൃത സംസ്ക്കാരത്തിനും എതിരായി ശബ്ദമുണ്ടാക്കുകയും ദേശീയബോധത്തെ ഉണർത്തുകയും ചെയ്യുന്നതാണ് ഈ കവിത.

1) സ്ഫുരിയ്ക്കും = ഇളകുന്ന സരിത്ത് = പുഴ

സന്ധ്യമയങ്ങാറായി. രാത്രിയാത്രക്കാർക്ക് കിടക്കാനുള്ള എളിയതോതിലുള്ള മെത്ത വിരിച്ചിട്ടുള്ളതും, ഞാൻ കയറിയതുമായ ആ തോണി തുള്ളിക്കളിയ്ക്കുന്ന ഓളങ്ങളെ മുറിച്ചുകൊണ്ട് മുന്നോട്ടു നീങ്ങാൻ തുടങ്ങി.

2) സിന്ധു = പുഴ

ഈ പുഴയിലൂടെ ഇരുട്ടിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന വഞ്ചികളെപ്പോലെ എന്റെ മനസ്സിലൂടെ പലതരത്തിലുള്ള അവ്യക്തചിന്തകൾ വന്നുപോയിക്കൊണ്ടിരുന്നു.

3) തരണിവ്രജം = തോണികളുടെ കൂട്ടം        അസംഗം = നിർവ്വികാരം

തന്റെ കളിസ്ഥലം (ജലപ്പരപ്പ്) തോണിക്കൂട്ടങ്ങൾ കൊണ്ടു നിറഞ്ഞാലും വിരോധമില്ല. ഒരോറ്റത്തോണിയും ഇല്ലാതെ ഒഴിഞ്ഞു കിടന്നാലും സാരമില്ല. ആരണ്ടവസ്ഥയേയും ശ്രദ്ധിയ്ക്കാതെ ഒന്നിലും താൽപ്പര്യമില്ലാത്തമട്ടിൽ ആ നദി ശാന്തമായി ഒഴുകുന്നു.

4) സന്നാഹി = ഒരുങ്ങിപ്പുറപ്പെട്ട,        ആച്ഛാദിതം = മറയ്ക്കപ്പെട്ടത്

സന്നാഭം = മങ്ങിയ വെളിച്ചമുള്ള

കല്പിച്ചു കൂട്ടിയ ഒരുങ്ങിപ്പുറപ്പെട്ട് അവിടെ കയറിപ്പറ്റിയ ഇരുട്ടാകട്ടെ ലോകത്തെ മുഴുവൻ മൂടി. നേരിയ വെളിച്ചം മാത്രമുള്ള സ്വന്തം വിളക്കുകളുമായി മിന്നാമിനുങ്ങുകൾ യാത്ര തുടങ്ങി.

5) തടം = പുഴവക്ക്        താമസ്സമൂഹം = ഇരുട്ടിന്റെ കൂട്ടം

ആസന്നചന്ദ്രോദയഭീതി = അടുത്തുണ്ടാവാൻ പോകുന്ന ചന്ദ്രന്റെ ഉദയത്തിൽ നിന്നുള്ള ഭയം

അധികം താമസിയാതെ ഉണ്ടാകാൻ പോകുന്ന ചന്ദ്രോദയത്തെ പേടിച്ചിട്ട് പുഴയിലേയ്ക്ക് ചാടാൻ ഒരുങ്ങുന്നതുപോലെ പുഴയുടെ വക്കത്തുള്ള പൊന്തക്കാടുകളിൽ ഇരുട്ടുകൂട്ടം കൂടി തഴച്ചു നിൽക്കുന്നതുകാണാം.

(ചന്ദ്രോദയം = ചന്ദ്രന്റെ വിജയം – മോഹൻദാസ് കരംചന്ദ്ഗാന്ധിയുടെ വിജയം)

6) പൂർവ്വദിശാസരസ്സ് = കിഴക്കെ ദിക്കാകുന്ന പൊയ്ക

അല്പം കഴിഞ്ഞപ്പോൾ വെളിച്ചം തെളിഞ്ഞുവരുന്ന കിഴക്കൻ ദിക്കിൽ പൂർണ്ണമായ രാത്രിയുടെ ചളിയിൽ നിന്ന് ഒരു വെള്ളത്താമര പൊങ്ങിവന്നു. ച്രന്ദ്രേദയം–ചളിയിൽ നിന്നേ താമര വിരിയൂ. പൌരസ്ത്യ രാജ്യങ്ങളിൽ ഇന്ത്യയുടെ തിളക്കം).

7) ബിംബനകൈതവം = പ്രതിബിംബിയ്ക്കുകയാണ് എന്ന വ്യാജേന

വർദ്ധിച്ച ശോഭയോടെ ഉദിച്ചുയർന്ന ചന്ദ്രൻ പുഴയിൽ പ്രതിബിംബിയ്ക്കുകയാണ് എന്ന വ്യാജേന നിറപുഴയിൽ അരയന്നങ്ങൾ നീന്തിക്കളിച്ചു (അരയന്നങ്ങളെപ്പോലെ ചന്ദ്രബിംബം പുഴയിൽ നിഴലിച്ചു.)

8) മഹസ്സ് = തേജസ്സ്

കത്തിജ്വലിച്ചിരുന്ന തേജസ്സ് (സൂര്യൻ) മറഞ്ഞുപോയതിനാൽ (അസ്തമിച്ച്) ഇരുട്ടിൽ മുഴുകിയ ലോകം ക്രമത്തിൽ പഴയ പ്രതാപത്തിലേയ്ക്കെത്താൻ വേണ്ടി പ്രകാശപൂർണ്ണമായ ഒരവസ്ഥയിലെത്തി. (ഇന്ത്യയുടെ നവോത്ഥാനം)

(മൂന്നുമുതൻ എട്ടു വരെയുള്ള ശ്ലോകങ്ങളിൽ കവിയുടെ അവ്യക്തമായ ചിന്തകളിലൂടെ ഇന്ത്യാചരിത്ര സൂചന)

9) മഞ്ജുളം = മനോഹരം

വഞ്ചിയുടെ വലിയ ചിറകായ തൂക്കിയിട്ടപായമേൽ വന്നു മുട്ടിയ മനോഹരമായ ശബ്ദമുണ്ടാക്കുന്നതും രാത്രിയുടെ ശ്വാസമെന്നു തോന്നിയ്ക്കുന്നതുമായ ഇളംകാറ്റ് കവിയോട് ക്ഷേമാന്വേഷണങ്ങൾ നടത്തുകയാണോ എന്നു തോന്നി.

10) മാർഗ്ഗവ്യഥ = യാത്രാക്ലേശം        അൻപ് = സ്നേഹം

സച്ചിൽസുഖം = മോക്ഷത്തിനു തുല്യമായ ആനന്ദം

വേഗത്തിൽ യാത്രക്ഷീണംകൊണ്ട് കണ്ണുചിമ്മിക്കിടക്കുന്ന എന്റെ നെറ്റിയിൽ വാത്സല്യനിധിയായ ഒരമ്മയെപ്പോലെ പരമാനന്ദം തരുന്ന ഉറക്കമാകുന്ന ദേവത ഉമ്മവെച്ചു.

11) മദംഗചേഷ്ടാകണങ്ങൾ = എന്റെ അവയവങ്ങളുടെ ചലനങ്ങളാകുന്ന നുറുങ്ങുകൾ

ഉറക്കമാകുന്ന കോഴി എന്റെ ശരീരചലനമാകുന്ന തുണ്ടുകളെ കൊത്തി വിഴുങ്ങിക്കൊണ്ടിരിയ്ക്കുമ്പോൾ (ഞാൻ ഉറക്കത്തിൽ നിശ്ചലനായിത്തുടങ്ങിയപ്പോൾ) ആ വഞ്ചി തുഴയൽക്കാരായ രണ്ടുപേരിൽ ഒരാളുടെ ശബ്ദം അങ്ങോട്ടൊരു കല്ലെറിഞ്ഞു. (കല്ലെറിഞ്ഞതിനാൽ കൊത്തിപ്പെറുക്കിത്തിന്നുന്ന കോഴി ഓടി രക്ഷപ്പെട്ടു. തുഴച്ചിൽക്കാരന്റെ ശബ്ദം കേട്ടതോടെ ഉറക്കത്തുൽ നിന്ന് ഞെട്ടിയുണർന്ന് അംഗചേഷ്ടകൾ തുടങ്ങി).

12) അനുജ്ഞ = കല്പന

ഞാനിത്രപെട്ടെന്ന് ഉറങ്ങിപ്പോകുമെന്ന് കരുത്തനായ ആ വേട്ടുവൻ (അരയൻ) കരുതിയിട്ടുണ്ടാവില്ല. ഇയാൾക്ക് രാമായണം വായിക്കാൻ എന്റെ അനുവാദം കിട്ടിയില്ലെങ്കിൽ എന്താണാവോ കുഴപ്പം.

13) ഉത്തമഗ്രന്ഥം (രാമായണ)പാരായണത്തെ ഞാൻ മുടക്കിയേക്കാം എന്ന് ഇവൻ ശങ്കിയ്ക്കാൻ കാരണമെന്ത്? കഷ്ടിച്ച് വായിക്കാൻ പഠിച്ചത് തന്റെ അഹങ്കാരമായി കാണരുതേയെന്നായിരിക്കാം അതിന്റെ പൊരുൾ. (കീഴ്ജാതിക്കാർ വിദ്യാഭ്യാസം നേടിക്കൂടാ എന്ന അനാചാരം)

14) ഈശങ്കയാകുന്ന നീരാവി കട്ടപിടിച്ച് എന്റെരണ്ടുകണ്ണിലും വെള്ളം ഉണ്ടാക്കി (നീരാവി ഘനീഭവിച്ച മേഘമാണല്ലോ മഴപെയ്യിക്കുന്നത്) "ഉയർന്ന ജാതിക്കാർ കീഴ്ജാതിക്കാരോട് കാണിക്കുന്ന കാരുണ്യം കേമം തന്നെ". (വിപരീതാർത്ഥം)

15) ഗർത്തം = പാഴ്ക്കുണ്ട് കീടം = പുഴു വിഭൂതി = സമ്പത്ത്

ഇവർ കാലാകാലം അർത്ഥശൂന്യമായ പടുകുഴിയിൽത്തന്നെ പുഴുക്കളെപ്പോലെ കിടക്കണമെന്നോ? വേദം, ഇതിഹാസം തുടങ്ങിയ സാംസ്കാരിക സമ്പത്തെല്ലാം ഉയർന്ന ജാതിക്കാരുടെ തറവാട്ടു സ്വത്താണത്രെ.

16) വാക്കിന്റെ ദേവതയായ സരസ്വതിയെ താൻ അറിയാതെ തീണ്ടിപ്പോയി എന്ന കുറ്റത്തിന് ഇവൻ മാപ്പുചോദിയ്ക്കുന്നു. (ഉയർന്ന ജാതിയിൽപ്പെട്ട ഒരു കുലീനസ്ത്രീയെ ശുദ്ധം മാറ്റിയ ധിക്കാരംപോലെ തോന്നിയ്ക്കുന്നു ഈ ചോദ്യം. താൻ രാമായണം വായിച്ച ശബ്ദം ജാതിക്കാര(കവി)ൻ അപരാധമായിക്കണ്ടുവോ എന്ന പേടി. തീണ്ടുക = തൊട്ടശുദ്ധമാക്കുക-അല്ല അടുത്തുവരുക അഥവാ 'തീണ്ടാപ്പാട്' തെറ്റിനടന്നതാണ്) എങ്കിൽ നമ്മുടെ നാട്ടിലെ സ്മൃതിവാക്യഘോഷം (ധർമ്മശാസ്ത്രങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾ) ജാതി എന്ന പിശാചിന്റെ കടുത്ത അട്ടഹാസമാകുന്നു. ഭീകരം തന്നെ.

17) സാഹോദര്യമാകുന്ന സസ്യം മുളച്ചുവളർന്നിരുന്ന നമ്മുടെ രാജ്യമാകുന്ന ഈ വിളഭൂമി ഏതോ വെള്ളപ്പൊക്കത്താൽ പലദിക്കിലും മണൽവന്നടിഞ്ഞ് ഇത്രയും ഉയർന്നും താഴ്ന്നും കിടക്കുന്ന സ്ഥലമായതാണ്. (സാഹോദര്യത്തിന്റെ സമനിരപ്പ് ഇപ്പോൾ ഉയർന്നതും താഴ്ന്നതുമായ സ്ഥലമായിപ്പോയി.

18) ഈ പുണ്യഭൂമിയിലെ ഒരു മുക്കുവത്തിയുടെ മകനാണ് പിന്നീട് ബ്രഹ്മർഷി മുഖ്യനായത് - ഇവിടെ വേദവ്യാസൻ. കഷ്ടമേ, കഷ്ടം അങ്ങനെയുള്ള നാട്ടിൽ ഇപ്പോൾ മനുഷ്യൻ മനുഷ്യന്റെ അടുത്തുവരുന്നത് (തീണ്ടൽ) അധർമ്മമായി (പരാശരമഹർഷിയ്ക്ക് മത്സ്യഗന്ധി-പിന്നീട് കാളി എന്ന അരയത്തിക്കന്യകയിൽ ജനിച്ച പുത്രനാണ് വേദങ്ങൾ പകുക്കുകയും ഇതിഹാസങ്ങൾ രചിയ്ക്കുകയും ചെയ്ത വേദവ്യാസൻ)

19) അസ്മൽകൂലപൂർവ്വൻ = നമ്മുടെ തറവാട്ടിലെ പഴയകാരണവന്മാർ

ആർത്തത്രാണം = ദു:ഖിതരെ രക്ഷിക്കാൻ ശസ്ത്രം = ആയുധം

പരതന്ത്രർ = അസ്വതന്ത്രർ മൂർദ്ധനി = ശിരസ്സിൽ

സ്വതന്ത്രരായിക്കഴിഞ്ഞിരുന്ന നമ്മുഷെ നാട്ടിലെ പൂർവ്വുകർ ദു:ഖിതന്മാരെ രക്ഷിക്കാൻ കൈയ്യിൽ ആയുധമേന്തിയവരാണ്. എന്നാൽ ഒന്നിനും കൊള്ളരുതാത്തവരായി അടിമകളായിക്കഴിയുന്ന നമ്മളോ നമ്മുടെ കൈകൊണ്ട് പാവങ്ങളുടെ മണ്ട എറിഞ്ഞു പൊളിയ്ക്കാൻ കല്ലെടുക്കുന്നു. (സ്വതന്ത്രഭാരത്തിൽ പണ്ട് ജീവിച്ചവർ ആർത്തത്രാണനത്തിനും അസ്വതന്ത്രഭാരതത്തിൽ ഇന്ന് ജീവിയ്ക്കുന്നവർ പരപീഡനത്തിനും ആയുധമെടുക്കുന്നു. സ്വതന്ത്ര്യലബ്ധിയ്ക്കു മുമ്പെഴുതിയതാണ് ഈ കവിത)

20) ഭാർഗ്ഗവരാജലക്ഷ്മി = ഭാരതത്തിന്റെ ഐശ്വര്യദേവത

പണ്ട് ഏകയോഗത്തോടെ എല്ലാവരിലും ഒരേ തോതിൽ ആരിൽ വിളയാടിയോ ആ പൂർവ്വികന്മാരുടെ രക്തപാരമ്പര്യം അല്ലയോ നായന്മാരെ നിങ്ങളിൽ ഒട്ടുമില്ലേ. (കവി നായരാണ്. ഉച്ചനീചത്വം പുലർത്തുന്നതിൽ ദുരഭിമാനം കൊള്ളുന്ന സ്വസമുദായ പ്രമാണിമാരെ ആക്ഷേപിയ്ക്കുന്നു. ഇവിടെ നായരോടാണല്ലോ വേട്ടുവൻ മാപ്പിരന്നത്).

21) സ ബുദ്ധി = സംബോധന

തമ്പ്രാൻ' എന്നാണയാൾ എന്നെ വിളിച്ചത്. അല്ലയോ പാവം മനുഷ്യാ ഈ നമ്മളൊക്കെ ഒരേ ഒരു തമ്പുരാന്റെ (ജഗദീശ്വരൻ) ഭൃത്യന്മാരാണ്. അങ്ങനെയുള്ള നമ്മൾ തമ്മിൽ ആര് ആരുടെ തമ്പുരാനാകും (എല്ലാവരും തുല്യർ).

22) ഒരുപക്ഷേ നീ ഉടുത്തതിനേക്കാളും നല്ല വസ്ത്രങ്ങളായിരിയ്ക്കും എന്റേത്. ഇത് ആർക്കും പീടികയിൽ നിന്ന് വാങ്ങാൻ കിട്ടുന്നതാണ്. എന്നാൽ ഒരേ നൂലുകൾ കൊണ്ട് തുന്നിയ ഉടുപ്പാണ് (ശരീരം) അംബ (പ്രകൃതീദേവി) നമുക്കെല്ലാവർക്കും തന്നിട്ടുള്ളത്.

23) പള്ളിയോടം = രാജാക്കന്മാർ സഞ്ചരിയ്ക്കുന്ന തോണി

യുഷ്മാദൃശന്മാർ = നിങ്ങളെപ്പോലുള്ളവർ, പ്രോഷ്മളബാഷ്പനീർ = ചുടുകണ്ണുനീർ

നിങ്ങളെപ്പോലെയുള്ളവരുടെ ചുടുകണ്ണുനീർപ്പുഴയിൽ ആരാണോ അലങ്കാരത്തോണിയിൽ കറങ്ങിക്കളിയ്ക്കുന്നത് ആ യോഗ്യന്മാർ നിങ്ങൾക്കിപ്പോൾ തമ്പുരാനാണ്. ലോകത്തിന്റെ മറിമായം - പീഡകൻ ആദരണീയനാകുന്നു.

24) ഞാനാകുന്ന പുഴു എന്റെ നാട്ടിൽ ഭാവനാസ്വർഗ്ഗം ഉണ്ടാക്കാൻ തുടങ്ങുമ്പോൾ - ഈ ജാതിവ്യവസ്ഥയും ഉച്ചനീചത്വവും ഇല്ലായ്മചെയ്താൽ ഇന്ത്യയ്ക്കുണ്ടാവാൻ പോകുന്ന അഭിവൃദ്ധിയെക്കുറിച്ച് സ്വപ്നം കണ്ടുകൊണ്ടിരിയ്ക്കേ രാമായണ വായനയ്ക്ക് എന്റെ സമ്മതം പ്രതീക്ഷിച്ചിരിയ്ക്കുന്ന അവന്റെ ചോദ്യം വീണ്ടും ഉണ്ടായി.

25) “വായിച്ചുകൊള്ളുക അതെനിയ്ക്കെത്രയും ഇഷ്ടമാണ്“ എന്നു ഞാൻ മറുപടി പറഞ്ഞ ഉടനെ മങ്ങിക്കത്തുന്ന മണ്ണെണ്ണവിളക്കിനടുത്ത് അയാൾ തൊഴുകൈയ്യുമായി ഇരുന്നു.

26) പിന്നീടയാൾ പുസ്തകമെടുത്ത് ആദരവോടെ വായനയും തുടങ്ങി. ശ്രുതിയിണക്കമില്ലാ രാഗഭംഗിയില്ല, അക്ഷരസ്ഫുടതയും വേണ്ടത്രയില്ല.

27) എന്നാലും അയാളുടെ വായനാഗാനം എന്റെ ചെവികൾക്ക് വലിയ ആനന്ദം ഉണ്ടാക്കി; അയാളടെ തൊണ്ടയിൽ നിന്നു വരുന്ന സ്വരം അത്രയ്ക്ക് ഭക്തിപൂർണ്ണയും മാധുര്യമുള്ളതുമായിരുന്നു.

28) സുഗേയം = നല്ലവണ്ണം പാടാവുന്നത്, രാഘവീയം = രാഘവ(രാമ)നോട് ബന്ധപ്പെട്ടത്
കാവ്യം നന്നായി ആലപിയ്ക്കാവുന്നതാണ്. കഥ ശ്രീരാമന്റെ. ഗ്രന്ഥകർത്താവ് തുഞ്ചത്തെഴുത്താചാര്യൻ, പാടുന്നതോ ഭക്തിമയസ്വരത്തിൽ. ആനന്ദം ലഭിയ്ക്കുവാൻ ഇനി എന്തുവേണം?

29) അവന്റെ പാട്ടാകുന്ന മനോഹരമായ ശബ്ദം രാത്രിയുടെ നിശ്ശബ്ദതയെ തകർത്തുകൊണ്ടിരിയ്ക്കുന്നത് ആസ്വദിയ്ക്കുവാൻ എന്ന മട്ടിൽ ആകാശത്തിൽ നക്ഷത്രങ്ങൾ ഇളകാതെ നിന്നു.

30) അവന്റെ തൊണ്ടയിൽ നിന്ന് നീട്ടിച്ചെല്ലുന്ന ആ ഗാനം പുറത്തു വന്നുകൊണ്ടിരുന്നപ്പോൾ ആ നദി ഓളങ്ങളാകുന്ന കൈകൾ കൊണ്ട് പതുക്കെപ്പതുക്കെ താളം പിടിച്ചു.

31) രാമാനുജനെന്ന പഞ്ചവർണ്ണകിളി പാടിയ രാമായണത്തിന്റെ മധുരപ്രവാഹത്തിൽ ആ വെണ്ണിലാവ് പാൽക്കുഴമ്പിൽ ലയിച്ചപോലെയായി.

32) പ്രസിദ്ധമായ തുഞ്ചത്തെഴുത്തച്ഛന്റെ കാവ്യമാകുന്ന രത്നത്തിൽ നിന്നു പ്രസരിച്ച ശോഭ കൊണ്ട് ആ പൊട്ട മണ്ണെണ്ണ വിളക്ക് എനിക്ക് ഒരു വൈദ്യുതദീപമായി ത്തീർന്നപോലെ തോന്നി.

33) അത്ഭുതകരമായ ഒരു സുഗന്ധം ഇളംകാറ്റിൽ അവിടെയെങ്ങും പരന്നു. ഞാനിരിയ്ക്കുന്ന വഞ്ചിയിൽ ഏതോ ഒരു തേൻ ഇടവിടാതെ വന്നുപതിച്ചു.

34) മനോഹരമായ വർണ്ണങ്ങൾ മേളിച്ച തന്റെ ശരീരകാന്തികൊണ്ട് കണ്ണഞ്ചിച്ച് ആ പൈങ്കിളി കുറേനേരം എന്റെ മനസ്സാകുന്ന വള്ളിയുടെ ചില്ലകളിൽ മധുരതരമായി പാടിക്കൊണ്ട് തത്തിക്കളിച്ചു.

35) അർത്ഥഗൌരവത്തിൽ ശ്രദ്ധയൂന്നി വായിയ്ക്കുന്നതിനിടയ്ക്ക്, ഇടയ്ക്കിടയ്ക്ക് അയാൾ ചില ഭാഗങ്ങളടെ അർത്ഥം എന്നോടു ചോദിച്ചിരുന്നു. കഷ്ടം തന്നെ. ഉയർന്ന ചിന്തകനായ, കൂടുതൽകൂടുതൽ അറിയാൻ ആഗ്രഹിയ്ക്കുന്നവനായ ഈയാൾ അറിവിന്റെ ലോകത്തിൽ നിന്ന് എത്ര അകലെയാണ് വർത്തിയ്ക്കുന്നത്.

36) ആകരം = ഇരിപ്പിടം, ശ്രീമദ്വസ്തുചയം = ഐശ്വര്യപൂർണ്ണമായ വസ്തുകളുടെ കൂട്ടം
വ്യാമോഹദൂർ വൈഭവം = തെറ്റിദ്ധാരണയുടെ കടുപ്പം
ഇങ്ങനെയുള്ള വിലപിടിച്ച എത്രയെത്ര രത്നങ്ങൾ അതാതിടത്തുണ്ടാവും. തെറ്റിദ്ധാരണയുടെ ശക്തികൊണ്ട് ഉയർന്ന പദവിയിലുള്ളവർ അവയെ തൊടുന്നതേയില്ല. തൊട്ടാൽ കൈയ്യിൽ മണ്ണും പൊടിയും പറ്റുമെന്നവര വിചാരിയ്ക്കുന്നു. അവരുടെ കൈകളാകട്ടെ സഹോദരന്മാരെ ഉപദ്രവിച്ചതിന്റ കറപുരണ്ടതാണ്. (കഴുകിയാലും പോകാത്ത സഹോദരദ്രോഹത്തിന്റെ കറപുരണ്ടവരാണ് തട്ടിക്കുടഞ്ഞാൽ പോകുന്ന പൊടിയെ ഒഴിവാക്കുന്നത്.

# ചോദ്യങ്ങൾ

## I ലഘുചോദ്യങ്ങൾ

1) തടങ്ങളിൽച്ചേർന്ന ചെടിപ്പടർപ്പിൽ-
ത്തഴച്ചുകാണായി തമസ്സമൂഹം
ആസന്ന ചന്ദ്രോദയദീതിമൂല-
മാറ്റിൽപ്പതിപ്പാൻ മുതിരുന്നപോലെ. ആശയം വിശദീകരിയ്ക്കുക

2) ഹാനന്നുയർന്നുള്ളവർ താഴ്ന്നജാതി-
ക്കാരിൽ കടത്തും കരുണാകടാക്ഷം. ഇവിടെ സൂചിപ്പിക്കുന്ന കരുണാകടാക്ഷം എന്താണ്?

3) ബ്രഹ്മർഷിമാർ മുഖ്യനെ മുക്കുവത്തി
പെറ്റോരുപുണ്യക്ഷിതിമണ്ഡലത്തിൽ
അഹോ, മനുഷ്യന്നു മനുഷ്യനോട്
സാമീപ്യസമ്പർക്കമധർമ്മമായി. സൂചിതകഥയും ആശയവും വ്യക്തമാക്കുക

4) ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ
കീഴാളരാരാർക്കിഹ തമ്പുരാനാം. സന്ദർഭം കാണിച്ച് ആശയം വിവരിക്കുക.

5) "ആനന്ദലബ്ധിയ്ക്കിനിയെന്തു വേണം." എന്തെല്ലാം സാഹചര്യങ്ങളാണ് ഇപ്പോൾ ഉള്ളത്?

6) ഹാ കഷ്ടമുൽക്കൃഷ്ട വിചാരനാമി-
ജ്ജിജ്ഞാസുവിജ്ഞാന വിദൂരസംസ്ഥൻ. സന്ദർഭവും ആശയവും എഴുതുക.

7) വേട്ടുവന്റെ രാമായണപാരായണം കവിയിലും പ്രകൃതിയിലും വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

## II ഉപന്യാസചോദ്യങ്ങൾ

1) "നിലവിലുള്ള അനാചാരങ്ങൾക്കും ജാതിവ്യവസ്ഥകൾക്കും എതിരെ തൂലിക പടവാളാക്കിയ കവിയാണ് വള്ളത്തോൾ". ഒരു തോണിയാത്ര എന്ന കവിതയെ അവലംബിച്ച് ഈ പ്രസ്താവനയെ വിലയിരുത്തുക.

2) ദേശീയ ബോധ പ്രബോധനപരമായ ഒരു കവിതയാണോ വള്ളത്തോളിന്റെ 'ഒരു തോണിയാത്ര' എന്തുകൊണ്ട്?

# കറുത്ത ചെട്ടിച്ചികൾ

## ഇടശ്ശേരി

### ഇടശ്ശേരി ഗോവിന്ദൻ നായർ (1906–1974)

കവിത്രയത്തിന്റെ പിന്നാലെ മലയാളകവിതാലോകത്തേയ്ക്കു കാലെടുത്തുവെച്ച കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. മഹാകവികളായ ജി. ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ, ചങ്ങമ്പുഴ, ബാലാമണിയമ്മ, വയലാർ തുടങ്ങിയവരെല്ലാം അദ്ദേഹത്തിന്റെ സമകാലീനരും സഹഗാമികളുമായിരുന്നു. പക്ഷേ, അവരെല്ലാം കാല്പനിക ലോകത്ത് വിഹരിക്കുമ്പോൾ, ഗ്രാമീണ ഗാർഹിക ജീവിതത്തിലെ അസാധാരണമായ രംഗങ്ങളും ദൗർബ്ബല്യങ്ങളും ഭീരുതകളും പകകളുമാണ് ഇടശ്ശേരിക്ക് ഇഷ്ടപ്പെട്ട കാവ്യവിഷയങ്ങളായത്. ആ നിലയ്ക്ക് അദ്ദേഹം തികച്ചും ഒരേകാന്തപഥികനായിരുന്നു.

ശക്തിയുടെ കവി എന്നാണ് ഇടശ്ശേരി വിശേഷിപ്പിയ്ക്കപ്പെട്ടിട്ടുള്ളത്. കവിതയുടെ, രൂപത്തിലായാലും ഭാവത്തിലായാലും ലളിതകോമളമെന്ന സൗന്ദര്യസങ്കല്പമല്ല നിവർന്നുനിൽക്കാനുള്ള എല്ലുറപ്പായിരുന്നു അദ്ദേഹത്തിന്റെ കാവ്യദർശനം വാക്കുകൾ സംഗീതവും അലങ്കാരവുമുണ്ടാക്കാനുള്ള കളിക്കോപ്പുകളായിരുന്നില്ല അദ്ദേഹത്തിന്, മറിച്ച് തനിയ്ക്ക് വ്യക്തമായും തറപ്പിച്ചും പറയാനുള്ള ആശയങ്ങളുടെ അതിർക്കുറ്റികളായിരുന്നു. ഗ്രാമീണനായി ജീവിച്ച അദ്ദേഹത്തിന്റെ കവിത നാളികേരപാകത്തിലായിരുന്നു. അത് പുറംകഠോരമായും പരിശുഷ്കമായും തോന്നാം. എന്നാൽ ഉള്ള് ആരോഗ്യദായിയായ മൃദുസ്വാദുരസാനുവിദ്ധം തന്നെ.

നിത്യജീവിതത്തിൽ കനത്ത ആഘാതപരമ്പരകളേറ്റിട്ടും അദ്ദേഹം തന്റേതായ ദർശനത്തിൽനിന്ന് അണുപോലും വ്യതിചലിച്ചില്ല. ആ കവിഹൃദയം എന്നും മനുഷ്യപ്രേമത്താൽ തരളമായിരുന്നു. ഹൃദയതാരള്യം ദർശനദാർഢ്യത്തിന് ഒരിയ്ക്കലും മങ്ങലേല്പിച്ചില്ല. മനുഷ്യ സൗന്ദര്യത്തെക്കുറിച്ച് മനുഷ്യശക്തിയെക്കുറിച്ച്, മനുഷ്യമഹത്വത്തെക്കുറിച്ച് അദ്ദേഹം എന്നും അഭിമാനിച്ചിരുന്നു. ഏതു പ്രതികൂല സാഹചര്യത്തിലും അദ്ദേഹം ജീവിതത്തെ തള്ളിപ്പറഞ്ഞില്ല. ഇടശ്ശേരിയുടെ ഭാവന എന്നും ഉദാത്തവും പ്രതിനവവിചിത്രവുമായിരുന്നു. അതേസമയത്ത്, അദ്ദേഹത്തിന്റെ ഭാഷ പരുഷവും ശൈലി പരുപരുത്തതുമായിരുന്നു. താനാവിഷ്കരിക്കുന്ന പരുക്കനായ ജീവിത യാഥാർത്ഥ്യങ്ങൾക്ക് പരുക്കനായ ശൈലിയും ആവശ്യമാണെന്നുള്ളതാണ് അദ്ദേഹത്തിന്റെ ശില്പബോധം. ക്രൂരതയെപ്പോലും ദേവിയായി ആരാധിയ്ക്കുന്ന, ക്രൂരതയിൽപോലും ജീവിതസത്യം ദർശിയ്ക്കുന്ന കവിയാണ് ഇടശ്ശേരി. ഇടശ്ശേരിക്കവിത ഒരേസമയം വെണ്ണപോലെ മൃദുലവും ഉരുക്കുപോലെ ദൃഢവുമാണ്. മനുഷ്യപ്രേമം, ജീവിതപ്രേമം, ആദർശനിഷ്ഠ ഇതാണ് ഇടശ്ശേരിക്കവിതയുടെ സത്ത്. തന്റെ ചുടുപാടും കാണുന്ന അനീതികളെയും ചൂഷണങ്ങളേയും ചൂണ്ടിക്കാണിയ്ക്കുക, കഴിയുമെങ്കിൽ അതിനു പരിഹാരം കണ്ടെത്തുക-ഇതാണ് ഇടശ്ശേരിയുടെ കാവ്യപ്രയോജനം. അതുകൊണ്ടുതന്നെ മലയാളത്തിലെ ഏറ്റവും മഹത്തായ റിയലിസ്റ്റിക് കവിതകളായി, ഇടശ്ശേരിയുടെ രചനകൾ.

### ഉള്ളടക്കം

ഇടശ്ശേരിയുടെ പ്രസിദ്ധ രചനകളിൽ ഒന്നാണ് കറുത്ത ചെട്ടിച്ചികൾ. കാലവർഷം തീരെ ദുർബ്ബലമായ ഒരു കൊല്ലം ആപശ്ചാത്തലത്തിൽ എഴുതിയതാണ് കവിത. കേരളത്തിൽ കാർഷികാവശ്യത്തിന് വെള്ളം അപര്യാപ്തമാകുമ്പോൾ തമിഴ്നാട്ടിൽ പെയ്ത കിഴക്കൻമഴയുടെ ധാരാളിത്തവുമായി പാലക്കാട് ജില്ലയിലൂടെ ഇങ്ങ് പൊന്നാനി അഴിമുഖം വരെ കലങ്ങിമറിഞ്ഞുവരുന്ന ഭാരതപ്പുഴയുടെ

നീരൊഴുക്കും കാലാകാലങ്ങളിൽ കേരളത്തിന്റെ ഉൾനാടുകളിൽ നാടൻ ചിന്തുപാടിയും കുപ്പിവള, ചാന്ത്, ചീർപ്പുതുടങ്ങിയവ വിറ്റും നാടോടികളായ തമിഴത്തികളുടെ പ്രവാഹവും അനുസ്മരിപ്പിക്കുന്നതാണീക്കവിത.

പേരാറ്റുനീരായ (ഭാരതപ്പുഴ വെള്ളം) ഇളംചുവപ്പു നിറമുള്ള പശുക്കളെ സമൃദ്ധമായി ആട്ടിത്തെളിച്ചുകൊണ്ട് പശ്ചിമഘട്ടം കടന്ന് ഈ തീരഭൂമിയിൽ (കവിയുടെ ജന്മനാടായ പൊന്നാനി-കടൽത്തീരം. പൊന്നാനിയിലാണ് ഭാരതപ്പുഴ സമുദ്രത്തിൽ പതിയ്ക്കുന്നത്) ഇന്നലെ കറുത്ത ചെട്ടിച്ചികൾ എത്തിക്കഴിഞ്ഞു. പ്രകൃതിഭംഗിയാൽ മനസ്സിനെ ആകർഷിയ്ക്കുന്ന ഈ ഭൂപ്രദേശം കണ്ട് അത്ഭുതസ്ബ്ധരായ ആ സ്ത്രീകൾ (യോഷന്മാർ) കടുംചായങ്ങളുള്ള പുടവകൾകൊണ്ട് ശരീരം മൂടിപ്പുതച്ച് വിശാലമായ (ആയതം = നീണ്ട, സാനു = പർവ്വതത്തിന്റെ താഴ്‌വര) സഹ്യപർവ്വത സാനുക്കളിൽ നില്ക്കുമ്പോൾ അതു മഴവില്ലാണെന്നുതന്നെ നമ്മൾ ഉറപ്പിച്ചു. (തമിഴ്നാട്ടിലെ ആനമലയിൽനിന്നുത്ഭവിച്ച് കോയമ്പത്തൂർ ജില്ലയിലെ പൊള്ളാച്ചി, കേരളത്തിലെ ചിറ്റൂർ, പാലക്കാട്, ഒറ്റപ്പാലം, പൊന്നാനി എന്നീ താലൂക്കുകളിലൂടെ ഒഴുകി ഭാരതപ്പുഴ അറബിക്കടലിൽ ചെന്നുചേരുന്നു. കുത്തിയൊലിച്ച് മലവെള്ളം കലങ്ങിമറിഞ്ഞു (തുലാമഴയും) വരുന്നതുകണ്ടാൽ ചെമ്പിച്ച പശുക്കൾ കൂട്ടമായി മേഞ്ഞു മുന്നേറുകയാണെന്നു തോന്നും. വാളയാർ ചുരം കടന്ന് കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന കടുത്ത ചെട്ടിച്ചികളുടെ കൂട്ടത്തെ കണ്ടാൽ (മഴക്കാറിനുമേലെ)മഴവില്ലാണെന്ന് തോന്നും. കടുത്ത നിറങ്ങളുള്ള ചേലകളാണ് തമിഴത്തികൾക്കിഷ്ടം. അതൊരു കാരണം. കിഴക്കും പടിഞ്ഞാറും (പ്രത്യേകിച്ചും തുലാവർഷക്കാലത്ത്) മഴവില്ലുകാണുക സ്വാഭാവികം. ഈ പുഴവെള്ളത്തിന്റെയും ചെട്ടിച്ചികളുടെയും ആഗമം ഉയർത്തുന്ന ആഹ്ലാദം കൂടി മാരിവിൽ സങ്കല്പത്തിലുണ്ട്. താരതമ്യേന തമിഴ്നാട്ടിനെക്കാൾ പ്രകൃതിസുന്ദരമാണ്(കടൽക്കാറ്റ് എതിർദിശയിൽ വന്നുകൊണ്ടിരിക്കുന്നതുമാണ്) കേരളം. അതാണവർ അത്ഭുതസ്തബ്ധരായി നില്ക്കാൻ കാരണം). (ഇവിടെ) മുണ്ടകപ്പാടങ്ങൾ (രണ്ടാം വിളയിറക്കിയ വയലുകൾ) ചുണ്ടും പിളുത്തിച്ചുരുളൻ മുടിയുമായി, (അവരുടെ വരവ്) കാത്തുകിടക്കുകയാണ്. കാരണം, പെറ്റെണീയ്ക്കും മുമ്പേ (രക്തക്കുറവിനാൽ) അമ്പേ വിളറിവെളുത്ത കാലവർഷാംഗന (കാലവർഷമെന്ന സ്ത്രീ) അകാലചരമമടഞ്ഞു (കാലവർഷം ചതിച്ച ഒരു കാലത്താണ് ഈ രചന എന്നു സൂചിപ്പിച്ചുവല്ലോ. നെൽച്ചെടികളുടെ ശൈശവത്തിൽ തന്നെ കാലവർഷം പോയി. ചുണ്ടു പിളുത്തിയ വയല് = വെള്ളം വറ്റി കട്ടപൊട്ടാൻ തുടങ്ങുന്ന പാടം. തൊണ്ടവരണ്ട് മുലപ്പാലിനുവേണ്ടി കരയാൻ തുടങ്ങുന്ന പിഞ്ചുകുട്ടിയുടെ ഭാവം. ചുരുളൻമുടി = മഴക്കുറവു നിമിത്തം ആഞ്ഞുവരേണ്ട നെല്ലോലകൾക്കു പകരം 'ഞറുങ്ങണപിറുങ്ങണണയായി മുരടിച്ചുനില്ക്കുന്ന നെൽച്ചെടികൾ.) ഈ ദയനീയഘട്ടത്തിലാണ് ചുരന്നമുലയുമായി ഈ മങ്കമാർ പോന്നുവന്നത്. (പോന്നുവരുക എന്നത് ഒരു പഴയ പ്രയോഗം – അവിടെനിന്ന് പുറപ്പെട്ട് ഇവിടെ എത്തൽ – ഒരുങ്ങിപ്പുറപ്പെട്ട്). പെറ്റമ്മ മരിച്ചാൽ അയൽപക്കത്തെ അമ്മമാർ ആ കുട്ടികളെ മുലയൂട്ടി വളർത്തുന്നത് പണ്ടത്തെ ഗ്രാമീണ സംസ്ക്കാരത്തന്റെ അടയാളമാണ്. പിഞ്ചുകുട്ടികളുടെ കരച്ചിൽ കേട്ടാൽ അമ്മമാരുടെ മുലചുരുക്കും. ഭാരതപ്പുഴയിൽനിന്ന് വെള്ളം തേവി തീരപ്രദേശത്തെ കൃഷിയെ രക്ഷപ്പെടുത്തുന്നു.) തക്കസമയത്ത് സഹായിക്കാൻ സന്നദ്ധമായ അയൽപ്രദേശങ്ങളുണ്ടെങ്കിൽ ഒരു പ്രദേശത്തിനും ഭാഗ്യക്കേടുവരില്ല.

ഇന്ന് എന്റെ നാട്ടുകാരുടെ കണ്ണിൽ ഈ കറുത്ത ചെട്ടിച്ചികൾ എത്ര സുന്ദരിമാരാണെന്നോ? അതല്ലേ അത്ഭുതം. (പ്രയോജനംതന്നെ കാരണം.) ഇന്ന് ഈ തമിഴത്തികളുടെ ഭാഷ തമിഴായിട്ടേ തോന്നുകയില്ല. ഇവരുടെ നാടോടിപ്പാട്ടുപോലെ സുന്ദരമായൊരു പാട്ടില്ല. (പേശുക = പറയുക). തമിഴുപദം തന്നെ ഉപയോഗിച്ചതിന്റെ ഔചിത്യം ശ്രദ്ധിയ്ക്കുക – സാധാരണ ചെട്ടിച്ചികളുടെ ഭാഷയെ 'തമിഴ്പേച്ച്' എന്ന് മലയാളികൾ പരിഹസിയ്ക്കാറുണ്ട്) തെങ്ങുകൾ നിറഞ്ഞുനില്ക്കുന്ന കേരളത്തിലെ തോട്ടങ്ങൾ ഇവരെ ആലിംഗനം ചെയ്യാൻ കൈനീട്ടിനില്ക്കുകയാണ്.

ഞാനാലോചിച്ചു പോകുകയാണ്. ഈ കേരളം (മലനാട്) അതിയായ കഷ്ടകാലത്തിൽപ്പെട്ടു കുഴങ്ങുന്ന സന്ദർഭങ്ങളിൽ (ദൂനസ്ഥിതി = ദു:ഖാവസ്ഥ) എപ്പോഴും ഇവിടെ ഓടിയെത്തി നമ്മളെ സഹായിയ്ക്കുന്നത് കാഴ്ചയിൽ വൃത്തികുറഞ്ഞ ഈ കൊങ്ങരാണ്. (തമിഴർ വിസ്തരിച്ചു കുളിയ്ക്കാത്തവരാണ്. ശരീരശുദ്ധിക്ക് വളരെ കുറിച്ചുവെള്ളം മാത്രം ഉപയോഗിക്കുന്നവരാണ് എന്നൊക്കെയാണ് അവരെ വിളിയ്ക്കാറ്) വാളയാറിന്റെ അപ്പുറത്തെത്തുന്നതിനു മുമ്പുതന്നെ (നന്ദികെട്ട നാം) അവർ ചെയ്ത സേവനത്തിന്, 'സംസ്ക്കാരമില്ലാത്തർ' എന്ന വാക്കിലൂടെ കൂലികൊടുക്കുന്നു. തീർച്ചയായും കേരളം അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കുന്ന സാംസ്ക്കാരിക ഗുണങ്ങൾ ശ്രേഷ്ഠം തന്നെ. പക്ഷേ, ഈ മേനിപ്പറച്ചിലാണ് (തറവാടിത്തഘോഷണം - മുടിഞ്ഞ തറവാടുകളിലെ ദുർബല രായ കാരണവന്മാർ പഴയകാലത്തെ പ്രതാപം പറഞ്ഞു മേനിനടിയ്ക്കും). ഈ ഭൂമിയിലെ ഏറ്റവും വലിയ ചെറ്റത്തം.

ഇനി കിഴക്കൻ മഴയുടെ (തുലാവർഷത്തിന്റെ മഹത്വം)വന്മാളികകളിൽ താമസിയ്ക്കുന്നവർക്ക് മുരജം(ഒരു താളവാദ്യം) കൊട്ടിക്കേൾപ്പിയ്ക്കുവാൻ (തുലാവർഷത്തോടൊപ്പമുള്ള ഇടിനാദവും, കനത്ത മഴത്തുള്ളികൾ പുരപ്പുറത്തു വീഴുന്ന ശബ്ദവും), ചെറ്റക്കുടിലിൽ താമസിക്കുന്ന ഭാര്യഭർത്താക്കന്മാരെ ആലിംഗനബദ്ധരാക്കി തലോടിയുറക്കുവാൻ (തുലാവർഷത്തിന്റെ ശീകരത), തെങ്ങിന്റെ പച്ചക്കുരലുകളിൽ പുതിയ ചന്ദ്രക്കലകൾ ഉദിപ്പിക്കുവാൻ (തുലാവർഷപ്പുളപ്പിൽ പുതിയ ചന്ദ്രക്കലകൾ ഉണ്ടാകുന്നു. അറ്റം വളഞ്ഞു നില്ക്കുന്ന പൂക്കുലക്കതിരുകൾക്ക് ചന്ദ്രക്കലയോടുള്ള സാദൃശ്യം ശ്രദ്ധിയ്ക്കുക. അവയുടെ കൂട്ടങ്ങൾ)

അല്ലയോ നീലനിറത്തിലുള്ള സുന്ദരിമാരെ, നിങ്ങളോട് കടപ്പെട്ട് ഈ കേരളം നന്ദിപറയുന്നു. അധികദിവസങ്ങൾ കഴിയുന്നതിന് മുമ്പായി ഈ തീരപ്രദേശത്ത് നിങ്ങൾ വീണ്ടും എത്തുമല്ലോ. (അതെന്ന് എന്നു പറയുന്നു.) നിങ്ങളുടെ പാലുണ്ട്, വളർന്ന പുന്നെല്ല് കൊയ്തെടുത്ത് ഞങ്ങളുടെ പത്തായങ്ങൾ നിറങ്ങുകഴിയുന്ന കാലത്ത്, മഞ്ഞിൽകുളിച്ച് നിലാവത്ത് മനോഹരമായ (മഞ്ജു) രാത്രികളിൽ ഞങ്ങൾ ഊഞ്ഞാലാടുന്ന കാലത്ത് (തിരുവാതിരക്കാലം) മൺപെഴും (സുന്ദരനായ) ആൺകുയിൽ പാട്ടുപാടിത്തളരുമ്പോൾ മാമ്പൂവിരിഞ്ഞ് ഗന്ധംപരക്കുന്ന കാലത്ത് (വിഷു) കുപ്പിവളകളും ചാന്തും, സിന്ദൂരവും, ചീർപ്പും, കണ്ണാടിയും, മട്ടിപ്പശ (ഒരു സുഗന്ധവസ്തു - മട്ടി എന്ന മരത്തിന്റെ കട്ടിയായ പശ. അത് പുകച്ചാൽ സുഗന്ധമുണ്ടാകും)യുമായി തമിഴത്തികളേ നിങ്ങൾ വീടുവീടാന്തരം കയറിയിറങ്ങി ഐശ്വര്യക്കച്ചവടം നടത്തുമ്പോൾ, അറിയപ്പെടാത്ത ഏതോ പാപം ഇല്ലാതാക്കാൻ നിങ്ങൾ ഊരുചുറ്റാൻ വരുമ്പോൾ നിങ്ങളെ വീണ്ടും കാണാം. കണ്ടാൽ ഉടനെ ഞങ്ങൾ നിങ്ങളെ അറിയും. നിങ്ങളുടെ കറിത്ത മുഖം ഒരിയ്ക്കലും ഞങ്ങൾക്ക് മറക്കാനാവില്ല. (കടപ്പാടു തന്നെ കാരണം)

## I ലഘുചോദ്യങ്ങൾ

1) "മാരിവില്ലെന്നേ നിനച്ചുപോയ് നാം" എന്തുകണ്ടിട്ട്? എന്തുകൊണ്ട്?

2) ".ഭാഗ്യം കെടില്ലൊരു നാട്ടിനുമുണ്ടയൽ-
പക്കങ്ങളെങ്കിൽ സഹകരിച്ചീടുവാൻ" സന്ദർഭവും ആശയവും വ്യക്തമാക്കുക.

3) "ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ" ആശയം വിശദീകരിയ്ക്കുക.

4) കവി കറുത്ത ചെട്ടിച്ചികളോട് നന്ദി പറയാൻ കാരണമെന്ത്?

## II ഉപന്യാസചോദ്യങ്ങൾ

1) കറുത്ത ചെട്ടിച്ചികൾ എന്ന കവിതയ്ക്ക് ഒരാസ്വാദനം എഴുതുക.

# ബാക്കി വല്ലതുമുണ്ടോ?

## എൻ.വി.കൃഷ്ണവാരിയർ

(എൻ.വി.കൃഷ്ണവാരിയർ 1916-1989) തൃശ്ശൂരിനടുത്ത് ഞെരുവശ്ശേരിയിൽ നെരുവക്കാവു വാര്യത്തിൽ മാധവി വാരസ്യാരുടേയും അച്ച്യുത വാര്യരുടെയും മകനായി ജനിച്ചു. പെരുമനം സംസ്കൃത സ്കൂളിലും തൃപ്പൂണിത്തുറ സംസ്കൃത സ്കൂളിലും തൃപ്പൂണിത്തുറ സംസ്കൃത കോളേജിലുമായിരുന്നു പ്രധാന വിദ്യാഭ്യാസം. അദ്ധ്യാപകൻ, സ്വാതന്ത്ര്യസമരഭടൻ, പത്രപ്രവർത്തകൻ തുടങ്ങി പല മണ്ഡലങ്ങളിലും പ്രവർത്തിച്ചു. കവി, ആട്ടക്കഥാകൃത്ത്, സഞ്ചാരസാഹിത്യകാരൻ, നിരൂപകൻ, വൈജ്ഞാനിക സാഹിത്യരചയിതാവ്, ഭാഷാശാസ്ത്രജ്ഞൻ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിൽ പല പ്രസ്ഥാനങ്ങൾക്കും നേതൃത്വം നൽകി. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരിക്കുമ്പോൾ അദ്ദേഹം കൈപിടിച്ചുയർത്തിക്കൊണ്ടുവന്നവരാണ് മലയാളത്തിലെ പ്രഗത്ഭരായ എഴുത്തുകാരിൽ ഭൂരിപക്ഷവും.

ഇടശ്ശേരിയെപ്പോലെ ഇദ്ദേഹത്തേയും ചങ്ങമ്പുഴയുടെ കൗണ്ടർപാർട്ടെന്ന് വിശേഷിപ്പിക്കാറുണ്ട്. മൃദുലകോമള പദാകലിതമായ പ്രേമസങ്കീർത്തനമാണ് കവിത എന്ന ധാരണയിൽ മലയാളകവിത കൂമ്പടഞ്ഞു എന്നു പറയേണ്ടിവന്ന ഒരു സന്ദിഗ്ദ്ധ ഘട്ടത്തിൽ രചനാരീതി കൊണ്ടും ഉള്ളടക്കം കൊണ്ടും മലയാളകവിതക്ക് ഷോക്ക് ട്രീറ്റ്മെന്റ് നടത്തിയ കവിയാണ് ഡോ.എൻ.വി.കൃഷ്ണവാരിയർ. ആധുനികകവിത എന്ന പ്രസ്ഥാനത്തിന് അദ്ദേഹം നേതൃത്വം നൽകി. ഇംഗ്ലീഷും മലയാളവും തെരുവുപദങ്ങളും സംസ്കൃതവുമെല്ലാമുപയോഗിച്ച് പരിഷ്കൃത നാഗരിക മനുഷ്യന്റെ ഉള്ളുപൊള്ളയായ ജീവിതത്തെ പരുഷസ്വരത്തിൽ ത്തന്നെ ചിത്രീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. പലപ്പോഴും ആക്ഷേപഹാസ്യത്തിന്റെ പരിഹാസസ്വരവും അദ്ദേഹത്തിന്റെ കവിതക്കു ശക്തി പകർന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം കറുത്ത സായിപ്പൻമാർ ഇവിടെ കാട്ടിക്കൂട്ടുന്ന അക്രമങ്ങളേയും അനീതികളേയും അദ്ദേഹം തുറന്നുകാണിച്ചു. ചാട്ടവാർ, നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സേയും, കാളിദാസന്റെ സിംഹാസനം, പുഴകൾ മുതലായവയാണ് മുഖ്യ കവിതാസമാഹാരങ്ങൾ.

## ബാക്കി വല്ലതുമുണ്ടോ?

### ഉള്ളടക്കത്തിലൂടെ

വർത്തമാനകാലജീവിത ദുരന്തത്തിന്റെ ഒരു പരിച്ഛേദമാണ് ഈ കവിത.

(1)

നമ്മുടെ ജീവിതത്തിൽ നിന്ന് ദയയും, ഔദാര്യവും, അടുപ്പവും മര്യാദയും നഷ്ടപ്പെട്ടുകഴിഞ്ഞു. ഇനി ബാക്കി വല്ലതും ഉണ്ടോ? നമ്മുടെ ബാഹ്യബന്ധങ്ങൾ എല്ലാം ഒഴിവാക്കി വാതിലുകളെല്ലാം ചേർത്തടച്ചു കഴിഞ്ഞു. നാലുപാടുമുള്ള മറ്റു ജനങ്ങളുടെ കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ല. നമ്മൾക്കുവേണ്ടി നമ്മൾതന്നെ ഉണ്ടാക്കിയ ചങ്ങലകൊണ്ട് കൈയും കാലും നെഞ്ചിലെ മർമ്മരങ്ങളും ബന്ധിച്ചുകഴിഞ്ഞു. ആ ചങ്ങലയുടെ ഭാരം ഏറിവരുന്നു. ഇപ്പോൾ പുഞ്ചിരിയില്ല, കണ്ണുനീരില്ല, ഹൃദയസ്പന്ദനം പതുക്കെയായിരിക്കുന്നു. ഇനി നഷ്ടപ്പെടാൻ എന്തെങ്കിലും അവശേഷിച്ചുട്ടുണ്ടോ?

(2)

നീതിയും നിയമങ്ങളും കീഴ്വഴക്കങ്ങളും ചിട്ടയും നാം മറന്നുകഴിഞ്ഞു. ഇനി എന്തുണ്ട് ബാക്കി? പെട്ടെന്ന് പോലീസ് വണ്ടിയുടെ സൈറൺ കേൾക്കുന്നു, ഏതോ വാതിലിൽ അവർ അസമയത്ത് മുട്ടുന്നു. പൊറുതികെട്ട ആരോ നിസ്സഹായരായി ശപിക്കുന്നു. ആരുടേയോ എല്ലിൽ തോക്കിൻ പാത്തികൊണ്ടടിക്കുന്നു. ആരൊക്കെയോ ഓടി രക്ഷപ്പെടുന്നു. (ഇത്തരം രംഗങ്ങൾ എവിടേയും എപ്പോഴും അരങ്ങേറാം.). ഒച്ചയില്ല. വെട്ടമില്ല, സ്വൈരമില്ല, ഉറക്കമില്ല, ഇനി എന്താണ് അവശെഷിക്കുന്നത്?) സ്വാസ്ഥ്യമില്ലാത്ത ജീവിതം)

(3)

ഇപ്പോൾ ഒരിടത്തും പൂവില്ല, വസന്തമില്ല, പൂമ്പാറ്റയില്ല, പക്ഷിയില്ല പിന്നെ എന്താണുള്ളത്? ശുഭ പ്രതീക്ഷകൾ വാഴകൾപോലെ കൂമ്പടയുന്നു. നമ്മുടെ വിശ്വാസം പോലെ തെങ്ങോലകൾ ചുരുണ്ടുകരിയുന്നു. ഭൂമി വിണ്ടുകീറുന്നു. അണക്കെട്ടുകൾ ഇല്ലാതാവുന്നു. തോട്ടിൽ പാഴ്മണൽ മാത്രമാകുന്നു.(വെള്ളമില്ല, ഇപ്പോൾ തോട്ടിൽ മണലുമില്ല. മണ്ണും ചരലും നിറയുന്നു.)വരമ്പുകൾ ഇടിഞ്ഞുവീഴുന്നു. കുണ്ടും കുഴിയും നിരപ്പാകുന്നു. വായു പൊള്ളിക്കുന്നു. ആകാശം കത്തിജ്ജ്വലിക്കുന്നു. പമ്പുസെറ്റിന് ശക്തിയില്ല. കൃഷിനിലം മരുഭൂമിയായി. ഇനി ബാക്കി വല്ലതുമുണ്ടോ? (ആനന്ദിപ്പിക്കുന്ന കാഴ്ചകൾ മാഞ്ഞ് ആ സ്ഥലം പേടിപ്പെടുത്തുന്ന മരുഭൂമിയായി മാറിക്കഴിഞ്ഞു.)

(4)

തൊഴിലില്ല, ഉണ്ടെങ്കിൽത്തന്നെ ശരീരമനങ്ങിച്ചെയ്യുന്നില്ല. പരസ്പരം യോജിപ്പില്ല. ഒന്നിലും ആവേശമില്ല. ഇനി ബാക്കി വല്ലതുമുണ്ടോ? കമ്പനികൾ ഉത്പാദിപ്പിക്കുന്നത് കള്ളക്കടത്തിനുള്ള സാധനങ്ങളാണ്. വിരൽ സംഘടിയ്ക്കുന്നത് (തൊഴിലാളി യൂണിയൻ) മുഷ്ടിച്ചുരുട്ടി പ്രതിഷേധിക്കാനാണ്. നാം പുതിയ പുതിയ അറിവുനേടുന്നത് വസ്തുക്കളിൽ മായം ചേർക്കാനാണ്. യഥാർത്ഥത്തിലുള്ള നഷ്ടമാണ് ഇപ്പോൾ കണക്കുപുസ്തകത്തിലെ ലാഭം. ശരീരം വിയർത്തുനേടുന്ന ഭക്ഷണത്തിന്റെ സ്വാദ് മറന്ന് കഴിഞ്ഞു. ഇനി ബാക്കി വല്ലതുമുണ്ടോ നശിപ്പിക്കാൻ?

(തൊഴിൽമേഖലയിലെ ഇന്നത്തെ അവസ്ഥ)

അറിവും, അറിവാനുള്ള വെമ്പലും, കരുത്തും, ഉന്മേഷവും ഇല്ലാതായി. ഇപ്പോൾ ചുണ്ടിൽ ചിരിയില്ല. അവിടെ മുദ്രാവാക്യങ്ങളാണ്. ആർദ്രതയില്ലാത്ത കണ്ണുകളിൽ കോപമാണ് കത്തിനിൽക്കുന്നത്. ഹൃദയത്തിൽ മരുഭൂമിയുടെ തീരാദാഹം ആളിപ്പടരുന്നു. എത്ര തിന്നാലും എന്തു തിന്നാലും അകത്തെ വിശപ്പുമാറുന്നില്ല. ഇപ്പോൾ ഒന്നിലും തൃപ്തിയില്ല, പൂർണ്ണതയില്ല, യുക്തി ചിന്തയില്ല, വീണ്ടുവിചാരമില്ല. ഇനിയും എന്തെങ്കിലും അവശേഷിക്കുന്നുണ്ടോ? (സാമൂഹ്യജീവിതശൂന്യത)

(6)

സത്യാവസ്ഥയും, അർത്ഥപൂർണ്ണമായ പദങ്ങളും ഇല്ലാതായി. പിന്നെ എന്തുണ്ട് ബാക്കി? ഇപ്പോൾ ചാരായമാണ് പേനയിൽ നിറയ്ക്കുന്നത്. വെണ്ണീറിലാണ് ചിത്രം വരക്കുന്നത്. ഞങ്ങളുടെ വാക്യങ്ങളിൽ കർത്താവ് (ചെയ്യുന്ന ആൾ) ഇല്ല; ക്രിയ (പ്രവൃത്തി)യും ഇല്ല. കർമ്മം (ഫലം അനുഭവിക്കുന്നവൻ) മാത്രമേ ഉള്ളൂ. കർമ്മങ്ങളിൽത്തന്നെ കൊടുംക്രൂരകർമ്മങ്ങളേ ഉള്ളൂ. വായിൽവെച്ചാൽ ദുസ്സ്വാദു മാത്രമേയുള്ളൂ. സത്യവും ചേർച്ചയും തനിമയും പരസ്പരബന്ധവും പോയി. ഇനി ബാക്കി വല്ലതുമുണ്ടോ?

(7)

ഇപ്പോൾ നമ്മുടെ കൈയ്യിലുള്ളത് കത്തികളും, കഠാരികളും, തോക്കുകളും, കൈബോംബുകളുമാണ്. കത്തുകളിൽ പൊട്ടിത്തെറി (തപാൽ ബോംബ്) ആൾക്കൂട്ടങ്ങളിൽ പൊട്ടിത്തെറി, കുടിലുകൾ കത്തിയമരുന്നു, ആരെ ആരാണ് കുത്തിയത്? ആരാണ് വീണത്? കുടിവെള്ളം വീഴേണ്ട കുഴലിൽ വിഷവെള്ളമാണ് വരുന്നത്. മായം കലർന്ന ഔഷധങ്ങളേ കിട്ടാനുള്ളൂ. അത് വിറ്റും വാങ്ങിയും ചത്തുവീഴുന്നത് മനുഷ്യത്വമാണ്. ഞാൻ തന്നത് കള്ളനോട്ടാണോ? അത് മാറ്റിത്തന്നാൽ കമ്മീഷൻ കൊടുക്കുമോ? ഇനി എന്തുണ്ട് ശുദ്ധമായി?

(സാമൂഹ്യ ജീവിതവും, പരിസ്ഥിതിയും മലിനമാകുന്നത്)

(8)

മനുഷ്യന്റെ മനസ്സിൽ ചോരയില്ല, അത് ശൂന്യമാണ്, കൈപ്പാണ്. ഇനി ബാക്കിയൊന്നുമില്ല. എന്നാലും ഇനിയും സന്ധ്യകൾ ആകാശത്തെ തുടുപ്പിച്ച് മനോഹരമായ കാഴ്ചകൾ ഉണ്ടാകില്ലേ? വെന്തുപൊള്ളുന്ന വേനലിലെ മഞ്ഞുതുള്ളി ആശ്വസിപ്പിയ്ക്കില്ലേ? ഹൃദയത്തിന്നടിയിൽ അടിഞ്ഞുകൂടിയ ചേറിൽനിന്നും ചളിയിൽനിന്നും ഒരു വെൺതാമര പൊന്തിവരില്ലേ? നാം അതിന്റെ സുഗന്ധം നുകരില്ലേ (മനുഷ്യമനസ്സിൽ നന്മയുടെ വസന്തം വിരിയില്ലേ?) ഇനിയും നമുക്കു നഷ്ടപ്പെടാതെ വല്ലതും അവശേഷിക്കുന്നുണ്ടോ? - സ്വാതന്ത്ര്യം, സത്യം, ധർമ്മം, മൈത്രി, കാരുണ്യം, ശാന്തി - ഇവയിൽ എന്തെങ്കിലും

## ചോദ്യങ്ങൾ

### I. ലഘുചോദ്യങ്ങൾ :

1) നമ്മൾക്ക് നാമേ ചങ്ങലതീർത്തതെങ്ങനെ?

2) "വീഴുന്നുതോക്കിൻ പാത്തിയേതെല്ലിൽ" ആര് പറയുന്നു? സന്ദർഭവും ആശയവും എഴുതുക?

3) "പാഴടഞ്ഞുപോയ്പ്പാടം" ഏതെല്ലാം വിധത്തിൽ ?

4) കർത്താവിലില്ലാക്രിയ ഉള്ളതുകർമ്മം മാത്രം" ആശയം വ്യക്തമാക്കുക.

### II. ഉപന്യാസചോദ്യം

നമ്മുടെ വർത്തമാനകാലജീവിതത്തിന്റെ ദുരന്തതലങ്ങളെയെല്ലാം സ്പർശിക്കുന്നതാണ് എൻ.വി.കൃഷ്ണവാരിയരുടെ ബാക്കിവല്ലതുമുണ്ടോ? എന്ന കവിത - പ്രസ്താവന വിലയിരുത്തുക

# മാമ്പഴക്കാലം

## പിപി രാമചന്ദ്രൻ

മലപ്പുറം ജില്ലയിൽ വട്ടംകുളത്ത് 1962-ൽ ജനിച്ചു. പൊന്നാനി എ.വി.ഹൈസ്ക്കൂളിൽ ജോലി ചെയ്യുന്നു.

ആധുനിക-ആധുനികോത്തര കവികളിൽ ശ്രദ്ധേയനായ രാമചന്ദ്രന്റെ കവിതകൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെ മലയാളിസഹൃദയർക്ക് സുപരിചിതമാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ കവിതാസമാഹാരമായ 'കാണെക്കാണെ'യ്ക്ക് തന്നെ കേരളസാഹിത്യ അക്കാദമി അവാർഡു ലഭിച്ചു. നർമ്മത്തിൽപൊതിഞ്ഞ മുൾമുനയുള്ള അർത്ഥഗരിമയാണ് രാമചന്ദ്രന്റെ കവിതയുടെ അടയാളം.

### മാമ്പഴക്കാലം

### ഉള്ളടക്കത്തിലൂടെ

കവിയോട് കൊച്ചുമകൾ ചോദിച്ചു "നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം ഈ 'മാംഗോ ഫ്രൂട്ടി'യുടെ സ്വാദാണോ?" കവിയുടെ സമീപത്തുനിന്ന് ഒരു ചിത്രശലഭത്തെപ്പോലെ അവൾ പ്ലാസ്റ്റിക് കുഴലിലൂടെ ആ മഞ്ഞദ്രാവകം നുണയുകയാണ്. കുട്ടീ, ആ രുചിഭേദങ്ങൾ വർണ്ണിക്കാൻ കഴിയില്ല. ഈ അച്ഛനും നീയും തമ്മിൽ എത്ര മാമ്പഴക്കാലത്തിന്റെ (വയസ്സിന്റെ) വ്യത്യാസം ശരീരത്തിലും മനസ്സിലും ഉണ്ടെന്നോ (തലമുറകളുടെ അകലം)? കൂടുതൽ അടുത്തറിയുമ്പോൾ കുട്ടീ നിനക്കെന്നേയും പുളിക്കും. (അണ്ടിയോടടുക്കുമ്പോഴാണ് മാങ്ങയുടെ പുളി അറിയുക - എന്ന നാടൻ ചൊല്ല് ഓർക്കുക). എങ്കിലും നിന്റെ ജിജ്ഞാസയുടെ പീലിക്കണ്ണുകൾ എന്റെ മനസ്സിനെ തൽക്കാലത്തേക്ക് ഒരു വണ്ടാക്കി മാറ്റി. ഓടുന്ന തീവണ്ടിയുടെ ജാലകത്തിലൂടെ ആ വണ്ട് പഴയ മാമ്പഴക്കാലം തേടി ഓർമ്മകളുടെ ലോകത്തിലേക്ക് പറന്നു. (തീവണ്ടി യാത്രക്കിടയിലാവാം ഈ സംഭവം. കവിയുടെ മനസ്സ് ഗതകാലബാല്യസ്മരണയിൽ പാറിനടന്നു.)

(2)

നാട്ടിൻപുറത്തെ മാവുകൾ, സ്വതന്ത്രമായി വളരുന്നവ, പഴഞ്ചനെങ്കിലും കായ്കളുടെ സ്വഭാവം(തനിമ) കാണിക്കുന്ന പേരുകൾ അവക്ക്. നാട്ടുകാര്യസ്ഥപ്രമാണിമാരെപ്പോലെ ചുണ (മാങ്ങയുടെ പൊള്ളിക്കുന്ന കറ - പൗരുഷശാലികളായ നാട്ടുപ്രമാണിമാർ)യനാമാരാണവർ. അന്യന് ആശ്രയം നൽകുന്നതാണ് (തണൽ) തന്റെ സമ്പാദ്യമെന്ന് വിചാരിച്ചവർ. ആ കാരണവന്മാരാണ് 'പച്ചക്കോലം' കെട്ടി തെയ്യങ്ങളായി മാറിയത്. (തെയ്യങ്ങളെപ്പോലെ ഭീമാകാരത്തിൽ നിൽക്കുന്ന പച്ചപിടിച്ച മാവുകളേയും പൂർവ്വികരായ വീരപുരുഷന്മാരെ ദൈവമായി സങ്കൽപ്പിച്ച് തെയ്യം കെട്ടി ആടുന്നതിനേയും ഓർക്കുക.) പട്ടണത്തിലെ റോഡു വക്കത്ത് വരിയായി നിൽക്കുന്ന, തണലില്ലാത്ത, പച്ചപ്പില്ലാത്ത കമ്പിക്കാലുകളെ മാത്രം കണ്ടു പരിചയമുള്ള കുട്ടിക്കും, കുട്ടിക്കു പരിചയമുള്ള മധുരപലഹാരചന്തകൾക്കും ആ നാടൻ മാവുകളെക്കുറിച്ചുപറഞ്ഞാൽ മനസ്സിലാവില്ല.

(3)

അച്ഛന്റെ കുട്ടിക്കാലം ഇങ്ങനെയായിരുന്നു. അന്ന് കുട്ടികൾ അണ്ണാനെപ്പോലെ തുള്ളിച്ചാടിയോടി നടക്കും. അന്നവരുടെ ശരീരത്തിൽ വല്ല മുറിവും പറ്റിയാൽ ചോരയല്ല പൊടിയുക, പഴച്ചാറാണ്. അന്ന് അവർക്ക് പൂത്തുനിൽക്കുന്ന ഓരോ മാവും ഓരോ വസന്തമാസമായിരുന്നു. ഓരോരോ കൊമ്പത്തേയും മാങ്ങകൾ പ്രത്യേകതരത്തിലുള്ള മാധുര്യമുള്ളതായിരുന്നു. ഒരു മാമ്പഴം തന്നെ

ഇടിച്ചുപതം വരുത്തി ചെറിയൊരോട്ടകടിച്ചുണ്ടാക്കി അതിലൂടെ നുണഞ്ഞുകുടിക്കുമ്പോൾ (പ്ലാസ്റ്റിക് കുഴലിലൂടെ 'ഫ്രൂട്ടി'യുടെ ചാറ് നുണയുന്നതോർക്കുക) ഓരോ നിമിഷത്തിലും ഓരോ സ്വാദായിരുന്നു നാവുകളറിഞ്ഞത് (രസന = നാവ്) അതിൽനിന്ന് പണിപ്പെട്ട് ഒരു തുള്ളിനുണയാൻകഴിഞ്ഞാൽത്തന്നെ നാക്കിന്റെ തുമ്പത്ത് വിവിധ സ്വാദുകളുടെ മഴവില്ലു വിരിയുകയായി. (വർണ്ണരാജിയാണല്ലോ മഴവില്ല് - രസരാജി = രസങ്ങളുടെ കൂട്ടം) ജിഹ്വാഞ്ചലം = നാക്കിന്റെ തുമ്പ്. അത്രക്ക് ഉഗ്രങ്ങളായ - വിഭിന്ന സ്വാദറിയാൻ - നാവുകളുടെ കഴിവിനെയാണ് മിഠായിപ്പൊതികൾക്കായി നമ്മൾ പണയം വെച്ചത് (വിഭിന്നരുചിയുള്ള ഫ്രൂട്ടിയോ മിഠായികളോ മാത്രമാണല്ലോ ഇപ്പോഴത്തെ കുട്ടികൾ നുണയുന്നത്) വെറുതെ മധുരിക്കുകമാത്രം ചെയ്യുന്ന (പോഷകഘടകങ്ങളില്ലാതെ രുചി മാത്രമുള്ള) രാസവസ്തുക്കൾക്കുവേണ്ടി നാം പകരം കൊടുത്തത് ദൈവം തന്ന രാസവിദ്യയാണ്.

(4)

മുട്ടിക്കുടിക്കുന്ന, കടുച്ചുവലിക്കുന്ന മാങ്ങയുടെ അവസാനത്തെ അമൃതബിന്ദുവും സ്വീകരിച്ചുകഴിഞ്ഞാൽ മാങ്ങയണ്ടി വലിച്ചെറിയും. അപ്പോൾ മറ്റെന്തെങ്കിലും ചെയ്തുകൊണ്ടുനിൽക്കുന്ന കൂട്ടുകാരിൽ ഒരാളുടെ പേരുവിളിക്കും. അയാൾ ഓർക്കാതെ വിളികേട്ടാൽ മാങ്ങയണ്ടി ദൂരേക്കെറിഞ്ഞുകൊണ്ട് "ഈ അണ്ടിക്കൊന്നു തുണ പോ" എന്നു കൽപ്പിക്കും. വിളികേൾക്കുന്ന കൂട്ടുകാരൻ വിഡ്ഢിയായെന്നാണ് വെപ്പ്. അയാൾ പകരം വീട്ടാൻ വീട്ടാൻ കാത്തിരിക്കും. നാട്ടിൻപുറത്ത് പണ്ട് മാമ്പഴം പെറുക്കികൂട്ടുന്ന കുട്ടികളുടെ ഒരു കളിയാണ് ഇത്.) അണ്ടിക്കു തുണപോകാൻ ഒരാളുവേണം. നാളെ ആ അണ്ടി മുളയ്ക്കണം. സമൂഹത്തിന് തണലും മധുരവും നൽകാൻ സഹായിക്കണം. പിന്നേയും മുളയ്ക്കണം, കായ്ക്കണം. അങ്ങനെ മരിച്ചാലും ജീവിതം തളിർക്കണം (പരമ്പര തുടരണം). എന്നാൽ എന്റെ കുട്ടീ, നീയിപ്പോൾ വണ്ടിയിൽനിന്ന് പുറത്തേക്കെറിഞ്ഞ ഈ പ്ലാസ്റ്റിക് കവറിനെപ്പോലെ നമ്മൾ മനുഷ്യരും പൊള്ളയാണ്. "വാങ്ങുക, ഉപയോഗിക്കുക, വലിച്ചെറിയുക" അതാണിന്നത്തെ ജീവിതം. ഈ കൂടകളിൽനിന്ന് നാളേക്കുള്ളത് മുളക്കില്ല.

## ചോദ്യങ്ങൾ

### I. ലഘുചോദ്യങ്ങൾ : (50/100 വാക്കുകളിൽ)

1) "പറയാനാമോ രുചിഭേദങ്ങൾ?" എന്തുകൊണ്ട് ?

2) അറിയില്ലവയ്ക്കെഴുംകനികൾ ചുരത്തുന്ന
ചുണയും ചൂരും നിന്റെ മിഠായിത്തെരുവിന്നും - സന്ദർഭവും ആശയവും എഴുതുക ?

3) വെറുതെ മധുരിക്കും രാസമാധുര്യത്തിന്നായ്
പകരം കൊടുത്തതോ ദിവ്യമാം രസവിദ്യ - ആശയം വിശദീകരിക്കുക.

4) വാങ്ങുക, കുടിക്കുക, പുറത്തേക്കെറിയുക-
ജീവിതം നിറച്ചൊരീക്കൂടുകൾ നാളേക്കില്ല - ആശയവും സന്ദർഭവും വിശദമാക്കുക.

### II. ഉപന്യാസചോദ്യം

"ഗൃഹാതുരത്വം ഉണർത്തുന്ന ഒരു പാരിസ്ഥിതിക കവിതയാണ് മാമ്പഴക്കാലം" ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട് ?

# മൊഡ്യൂൾ 2
# വൃദ്ധസദനം
## ടി.വി.കൊച്ചുവാവ

### ടി.വി.കൊച്ചുവാവ

1955-ൽ തൃശ്ശൂർ ജില്ലയിൽ കാട്ടൂരിൽ ജനിച്ചു. കാട്ടൂർ ഹൈസ്ക്കുളുലും നാട്ടികഹൈസ്ക്കുളിലും നാട്ടിക എസ്.എൻ.കോളേജിലുമായിരുന്നു വിദ്യാഭ്യാസം. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ 1971-ലെ മാതൃഭൂമി വിഷുപ്പതിപ്പിൽ വിദ്യാർത്ഥികൾക്കായുള്ള ചെറുകഥാമത്സരത്തിൽ സമ്മാനം നേടിയ 'അദൃശ്യതയുടെ നിഴൽ' പ്രസിദ്ധികരിക്കപ്പെട്ടതോടെതന്നെ മലയാളചെറുകഥക്ക് കരുത്തുറ്റൊരു വാഗ്ദാനമെന്ന് സഹൃദയ സമ്മതി നേടി. ഹ്രസ്വമായ ജീവിതകാലത്തിന്നിടക്ക് നോവൽ, കഥാസമാഹാരങ്ങൾ, വിവർത്തനങ്ങൾ എന്നീ ഇനങ്ങളിൽ ഇരുപത്തിമൂന്നോളം കൃതികൾ പ്രസിദ്ധീകരിച്ചു. ഒന്നങ്ങനെ, ഒന്നിങ്ങനെ, വീടിപ്പോൾ നിശ്ശബ്ദമാണ്. കിളികൾക്കും, പൂക്കൾക്കും, പ്രച്ഛന്നം, ഇറച്ചിയും, കുന്തിരിക്കവും, കിണറുകൾ, സ്നാനം, ഭൂമിശാസ്ത്രം, അവതാരിക ഭൂപടങ്ങൾക്ക്, എപ്പോഴെത്തുമോ എന്തോ? കഥ, വില്ലന്മാർ സംസാരിക്കുമ്പോൾ എന്നിവയാണ് കഥാസമാഹാരങ്ങൾ. സൂചിക്കുഴയിൽ ഒരു യാക്കോബ്, ജാതകം, കാകളി, പ്രാർത്ഥനകളോടെ നിൽക്കുന്നു, ഗൃഹപാഠം, കഥയും ജീവിതവും, ഒന്നായിത്തീരുന്നതിനെപ്പറ്റി എന്നീ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ ലഘുനോവലുകൾ സമാഹരിച്ചിരിക്കുന്നു. വൃദ്ധ സദനം, പെരുങ്കളിയാട്ടം, വിരുന്നുമേശയിലേക്കു നിലവിളികളോടെ, ഉപജന്മം എന്നിവയാണ് കൊച്ചുബാവയുടെ നോവലുകൾ. ഖലീൽ ജിബ്രാന്റെ പ്രവാചകന്റെ ഉദ്യാനം, മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കുറഞ്ഞകാലത്തെ സാഹിത്യസേവനംകൊണ്ടുതന്നെ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടാൻ കഴിഞ്ഞു. അങ്കണം അവാർഡ് (സൂചിക്കുഴയിലെ യാക്കോബിന്), ചെറുകാട് അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് (രണ്ടും വൃദ്ധസദനത്തിന്), ആദ്യത്തെ എസ്.ബി.ടി. അവാർഡ് (തിരഞ്ഞെടുത്ത കഥകൾക്ക്), തോപ്പിൽ രവി അവാർഡ് (ഉപജന്മത്തിന്), വി.പി.ശിവകുമാർ കേളി അവാർഡ് എന്നിവയാണവ. ബലൂൺ എന്ന തിരകഥക്ക് തിരക്കഥാ അവാർഡും ലഭിച്ചു. ബലൂൺ ചലച്ചിത്രമാവുകയും ചെയ്തു. 1999 നവമ്പർ 25-ന് അന്തരിക്കുമ്പോൾ 'ഗൾഫ് വോയ്സി'ന്റെ പത്രാധിപരായിരുന്നു.

പ്രമേയത്തിലും അവതരണത്തിലും തികച്ചും പുതുമ പുലർത്തുന്ന നോവലാണ് വൃദ്ധസദനം. അമ്പത്തഞ്ചുവയസ്സിൽത്തന്നെ വൃദ്ധനായി സീലടിക്കപ്പെട്ട് നിർമ്മൽ ഭവൻ എന്ന വൃദ്ധസദനത്തിൽ അന്തേവാസിയായി നടതള്ളപ്പെട്ട സിറിയക് ആന്റണി എന്ന കഥാപാത്രത്തിലൂടെ വൃദ്ധസദനം എന്ന ഒരു നൂതനലോകം തുറന്നുവെക്കുകയാണ് കൊച്ചുബാവ. ജീവിതത്തിന്റെ എല്ലാ തുറകളിൽനിന്നും നിഷ്കരുണം ആട്ടിയോടിക്കപ്പെടുന്ന അനാഥ വാർദ്ധക്യത്തെ ചിത്രീകരിക്കുന്നതോടൊപ്പം ഇന്നത്തെ കാലഘട്ടത്തിന്റെ ഞെട്ടിക്കുന്ന ഒരു പരിച്ഛേദത്തെ കൊച്ചുബാവ വൃദ്ധസദനത്തിലൂടെ നമ്മുടെ കൺമുമ്പിൽ അനായാസമായി ഉയർത്തിപ്പിടിക്കുന്നു. ടി.പത്മനാഭൻ പറയുന്നു: "സാഹിത്യത്തിൽ കൊച്ചുബാവ സ്വന്തമായ കൊട്ടാരങ്ങളും ജനപദങ്ങളും സൃഷ്ടിച്ചു- അസുരശില്പിയായ മയനെപ്പോലെ". അദ്ദേഹത്തിന്റെ മുമ്പിൽ ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളു. ചത്തും കൊന്നും മുന്നേറുക എന്ന ആദർശമാണ് അദ്ദേഹത്തെ നിയന്ത്രിച്ചിരുന്നത്. നർമ്മത്തിന്റെ സുതാര്യമായ ആവരണമണിഞ്ഞതാണ് ഇദ്ദേഹത്തിന്റെ ശൈലി. അത് ആക്ഷേപഹാസ്യത്തിന്റെ ചാട്ടുളിയാകുന്നത് വൃദ്ധസദനത്തിൽ കാണാം. ശ്രീമതി.പി.വത്സല സൂചിപ്പിച്ചതുപോലെ പപ്പും പൂടയും നീക്കിയ ഒരു കോഴിയുടെ ബീഭത്സരൂപം മറ്റു കൃതികളിലെന്നതുപോലെ വൃദ്ധസദനത്തിലും കാണാം. വാക്പ്രയോഗത്തിന്റെ മൂർച്ചയിൽ നാം ജീവിക്കുന്ന ഈ ലോകത്തിന്റെ പട്ടുടയാടകളും

പൊങ്ങച്ചത്തൊപ്പികളും കൊച്ചുബാവ കീറിപ്പറത്തുന്നു. നോവലിന്റെ ഭാഷാപരതയിലൂന്നി നിന്ന് പ്രമേയപരമായ സൂചനകളും ചിഹ്നങ്ങളും മാത്രം നൽകി വായനക്കാരനെക്കൊണ്ട് അർത്ഥോൽപ്പാദനം സ്വയം സാധ്യമാക്കുന്ന ഒരു രീതിയാണ് വൃദ്ധസദനത്തിൽ കാണുക. ഇത് ആധുനികോത്തര പ്രവണതകളുടെ ഒരു ഭാഗമാണ്. ആ നിലക്ക് മലയാളത്തിലെ ആദ്യത്തെ ആധുനികോത്തരനോവലാണ് എന്നു അവകാശപ്പെടാം.

## വൃദ്ധസദനം

### (ഉള്ളടക്ക സംഗ്രഹം)

1. സിറിയക് ആന്റണി എന്ന അരോഗദൃഢഗാത്രനായ അമ്പത്തഞ്ചുകാരൻ വൃദ്ധസദനത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു. അദ്ദേഹം വായനക്കാരോട് നേരിട്ടു സംസാരിക്കുന്ന രീതിയിലാണ് ആഖ്യാനരീതി. ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ വിരുദ്ധോക്തിയിലൂടെ വേണം കഥാരൂപം മനസ്സിലാക്കാൻ.

ഒരു ഡിസംബറിലെ സുപ്രഭാതത്തിൽ കഥാനായകനെ വൃദ്ധസദനത്തിൽ പ്രവേശിപ്പിക്കുന്നു. നമ്മൾ എന്ന പദത്തിന് ജീവിതത്തിൽ പ്രസക്തിയില്ല. എല്ലാവരും ഒറ്റക്കാണ്. മുറിവു പറ്റുമ്പോഴും വേദനിക്കുമ്പോഴുമെന്നപോലെ. സിറിയക്കിന് അമ്പത്തഞ്ചു വയസ്സേ ആയിട്ടുള്ളൂ. മനസ്സിനോ, ശരീരത്തിനോ വാർദ്ധക്യം ബാധിച്ചിട്ടില്ല. അൽപം നരയല്ലാതെ കഷണ്ടിപോലുമില്ല. സുന്ദരിയും യുവതിയുമായ സാറ സിറിയക്കിന്റെ രണ്ടാം ഭാര്യയാണ്. ആദ്യ ഭാര്യ ആഗ്നസ് രോഗശയ്യയിൽ കിടക്കുമ്പോൾ ശുശ്രൂഷിക്കാൻ വന്ന നേഴ്സാണ് സാറ. സാറ വിലകൂടിയ മുന്തിയതരം ഡൈ ഉപയോഗിച്ച് അയാളുടെ മുടി കറുപ്പിക്കുന്നു. ഒരു ദരിദ്രനായാണ് നായകൻ ജീവിതം ആരംഭിച്ചത്. ഇത്തരം പൂർവ്വകഥകൾ ആലോചനയിൽ വരുന്നതാണ് അയാളുടെ ദൗർബ്ബല്യം. അതുകൊണ്ട് അയാളെ സഹിച്ചുമടുത്തിട്ടാണ് സാറ ഒരു വൃദ്ധസദനത്തിൽ ഏൽപ്പിക്കാലൊരുങ്ങിയത്. സാറ ഒരു പകൽ മുഴുവൻ മിനക്കെട്ടാണ് ഫോണിൽ വൃദ്ധസദനം ഡയറക്ടറെ കിട്ടിയത്. ജീവിതത്തിൽ ഒരാളോടും കാണിക്കാത്ത വിധേയഭാവത്തോടെയാണ് ഡയറക്ടറോട് അവൾ സംസാരിച്ചത്. മനോരോഗാസ്പത്രിയിൽ മക്കൾ നിർബന്ധപൂർവ്വം പ്രവേശിപ്പിച്ച മറ്റൊരപ്പനുവേണ്ടി ബുക്കുചെയ്ത മുറിയാണ് അവൾക്കനുവദിച്ചത്. മക്കൾ തമ്മിലുള്ള സ്വത്തുതർക്കം മൂർദ്ധന്യത്തിലെത്തിയ സ്ഥിതിക്ക് ഏതെങ്കിലും പ്രാകൃതരീതിയിൽ ആ അപ്പനെ തട്ടിക്കളയുമെന്നുറപ്പ്. വൃദ്ധസദനത്തിലേക്ക് വരാൻ താൻ മടിച്ചിരുന്നെങ്കിൽ സാറ തന്നേയും ഒരു ചിത്തരോഗാസ്പത്രിയിൽ പ്രവേശിപ്പിച്ച് പ്രാകൃതരീതിയിൽ അവസാനിപ്പിക്കുമായിരുന്നു. സഹികെട്ട ഭാര്യയും മക്കളും മറ്റൊരു വൃദ്ധനെ പത്തായത്തിലിട്ടുപൂട്ടിയതും ദാഹിച്ച വെള്ളത്തിന് മൂത്രം കുടിച്ചുകൊള്ളാൻ പറഞ്ഞതും അയാൾ വായിച്ചതോർത്തു. പത്തായത്തിനു പകരം വൃദ്ധസദനത്തിൽത്തന്നെ ആക്കിയതിനാൽ സാറ ദയയുള്ളവളാണ്. നിങ്ങൾക്ക് പിരി ലൂസായിപ്പോയോ എന്നും ഒരിക്കൽ സാറ ചോദിക്കുകയുണ്ടായി. അതിനുശേഷം കയ്യെത്താവുന്ന സാധനങ്ങളെല്ലാം അവൾ എടുത്തുമാറ്റി. പിരിലൂസിന്റെ തുടക്കം വസ്തുവകകൾ എറിഞ്ഞുടക്കുന്നതിലൂടെയായിരിക്കണം സിറിയക് ജോൺ കരഞ്ഞുപോയി. തന്റെ ക്ഷമാപണംപോലും സാറ ശ്രദ്ധിച്ചില്ല. അവൾ തിരക്കിട്ട് ഒരു പരസ്യപുസ്തകം തിരഞ്ഞുപിടിച്ചു. അതിലെ നിർമ്മൽഭവൻ എന്ന വൃദ്ധസദനത്തിന്റെ ആകർഷണീയമായ പരസ്യം അവൾ തെരഞ്ഞെടുത്തു. ആഹ്ലാദകരമായ അന്തരീക്ഷം, മനോഹരമായ കെട്ടിടം, രുചിയുള്ള ആഹാരം, നിർബന്ധിത വിദഗ്ദ്ധ വൈദ്യപരിശോധന, പരിചരണത്തിന് പ്രത്യേകപരിശീലനം ലഭിച്ച നേഴ്സുമാർ, പ്രാർത്ഥനാഹാൾ, വായനശാല, ഇങ്ങനെ ഭൂമിയിലെ സ്വർഗ്ഗമായ വൃദ്ധസദനത്തിലേക്ക് വാർദ്ധക്യം ബാധിച്ചവരെപരസ്യത്തിലൂടെ സ്വാഗതം ചെയ്യുന്നു. ഇതൊക്കെ തന്നെ വായിച്ചു കേൾപ്പിച്ചതിന്റെ പൊരുൾ മനസ്സിലായില്ല. മനോരോഗാശുപത്രിയേ പ്പറ്റിയായിരുന്നങ്കിൽ അവളുടെ ഉദ്ദേശ്യം

ഊഹിക്കാമായിരുന്നു. ഏറ്റവും സൗകര്യപ്രദമായ ഒരിടം തനിക്കുണ്ടാക്കിത്തരിക എന്നതാണ് അവളുടെ താൽപ്പര്യമെന്നും വയസ്സായെന്ന് സ്വയം മനസ്സിലാക്കാനുള്ള വിവേകമെങ്കിലും താൻ കാണിക്കേണ്ടതാണെന്നും അവൾ തുറന്നു പറഞ്ഞപ്പോൾ എല്ലാം പിടികിട്ടി. താൻ തലയാട്ടി സമ്മതിച്ചു. അറിയാതെ കണ്ണുകൾ നിറഞ്ഞുപോയി. അതിലൊരുതുള്ളി അവളുടെ കൈത്തണ്ടയിലും വീണു. രണ്ടരക്കൊല്ലം മുമ്പ് അവളെ കെട്ടുമ്പോൾ അവൾക്ക് താൻ വയസ്സനായിരുന്നില്ല. കരുത്തനായിരുന്നു എന്ന് സങ്കടത്തോടെ ഓർത്തുപോയി. പത്തിരുപത്തഞ്ചുകൊല്ലം തന്നോടൊപ്പം ജീവിച്ച ആഗ്നസ് എന്ന ആദ്യ ഭാര്യയെ ഓർത്തുപോയി. അതാലോചിച്ചാൽ തൊണ്ടയിടറും. ഒക്കെ ബുദ്ധിമുട്ടാവും. ഈ വൃശ്ചികപ്പുലർവേളയിൽത്തന്നെ നന്മ നിറഞ്ഞ ഒരിടത്തേക്കു കൊണ്ടുപോകുന്ന സാറ ദയാമയിയെന്നാശ്വസിച്ചു. നമ്മുടെ ബന്ധം നിലനിർത്തിക്കൊണ്ടുനമുക്കകന്നുകഴിയാമെന്നും അവൾ പറഞ്ഞു. കാറ് വൃദ്ധ സദനത്തിലേക്കടുത്തു. പ്രധാനവഴിയിൽനിന്നു തിരിയുന്നിടത്ത് ഒരു ബോർഡുണ്ടായിരുന്നു. "ഇറച്ചിക്കോഴികൾ വിൽപ്പനക്ക്".

**2.** വൃദ്ധസദനത്തിൽ പ്രവേശിപ്പിക്കപ്പെട്ട സിറിയക് ആന്റണിയ്ക്ക് ആരോടും യാത്ര പറയാനുണ്ടായിരുന്നില്ല. മൃദുവായി ഒരു വാക്കുച്ചരിക്കുകയോ ഇനി ഇന്ന ദിവസം വരാമെന്നുപറയുകയോ ചെയ്യാതെ സാറ കാറോടിച്ചുപോയി. ഇത്തരം വികാരങ്ങളാണ് തന്നെ ഇവിടെ എത്തിച്ചതുതന്നെ. സാറ മറ്റൊരാളായതുകൊണ്ടും സദനത്തിലെ നിയമമനുസരിച്ചും അവൾ പോയേ പറ്റൂ. സിറിയക്കിന് 55 വയസ്സും സാറക്ക് 30 വയസ്സുമാണ്. അവൾ പോകുന്നതിന് മുമ്പ് തനിയ്ക്കനുവദിച്ച മുറിയിലെ സൗകര്യങ്ങൾ വിവരിച്ചുതന്നു. ഇങ്ങനെയൊരു മുറികിട്ടിയതിൽ ഭാഗ്യവാനാണെന്നും ഓർമ്മിപ്പിച്ചു, എന്തിനധികം, മുറിയിൽ പതിച്ച തറയോടുകളിലെ സുന്ദരമായ ഡിസൈൻ നോക്കിയിരുന്നാൽ മതിയല്ലോ നേരം പോകാൻ. അപ്പോഴേക്കും ഡയറക്ടർ ഇർവാദീസും എത്തി. കാഴ്ചയിൽ കുള്ളൻ, പ്രായം ഊഹിച്ചെടുക്കാൻ കഴിയാത്ത മുഖവും ശരീരവും. വളരെ മാന്യമായ പെരുമാറ്റം. സാറ കൊടുത്ത കവറിലെ ചെക്കു കണ്ടപ്പോൾ ഉടനെ അവിടുത്തെ സ്റ്റാഫിനെയെല്ലാം പരിചയപ്പെടുത്തി. ഇതെല്ലാം സാധാരണ പതിവുള്ള ചടങ്ങല്ല. സാറ കൊടുത്ത ചെക്കിന്റെ ശക്തിയാണ്. ഹരിദാസൻ എന്ന ഓഫീസ് സ്റ്റാഫിനെ ഡയറക്ടർ ശാസിച്ചു. കാരണം പുതിയ അന്തേവാസിയുടെ ഫോൺ നമ്പർ വാങ്ങിവെച്ചിരുന്നില്ല. അതിഥി മരിച്ചുപോയാൽ ഉത്തരവാദപ്പെട്ടവർ വരാനുള്ള കാലതാമസം ഒഴിവാക്കാനാണിത്. ഈ പ്രസാതാവന സിറിയക്കിന് ഒട്ടും സുഖമായില്ല. ടെലഗ്രാം കിട്ടാനുള്ള താമസം കൊണ്ട് തന്റെ ശവശരീരം ഏറ്റുവാങ്ങാനാളില്ലാതെ അത് അനുനിമിഷം ചീഞ്ഞുവീർക്കുന്ന രംഗം അയാൾ ഭാവനയിൽ കണ്ടു. സ്ഥാപനത്തിന്റെ പഴയ നിലയും സാറടെപ്പോലുള്ള ഉദാരമതികളുടെ സഹായവും ഡയറക്ടർ ഓർമ്മിച്ചു. ഈ വൃദ്ധൻ നിങ്ങളുടെ ആരാണെന്നആ ചോദ്യം മാത്രം ഡയറക്ടർ ചോദിച്ചില്ല. അയാളുടെ ഔചിത്യം എടുത്തുപറയണം. ചോദിച്ചാൽ എന്തു മറുപടിയായിരിക്കും സാറ പറയുന്നത് കേൾക്കേണ്ടിവരിക. പരസ്പരം കൈകൊടുത്ത് വളരെ ഊഷ്മളമായ ഒരു യാത്രപറയലാണ് സാറ നടത്തിയത്. തന്നോടു കാണിക്കാത്ത വൈകാരികത. സാറയോട് ഒരു കാര്യം കൂടി ഡയറക്ടർ പറഞ്ഞു. ഈ മുറി ബുക്കുചെയ്തിരുന്ന മനോരോഗാശുപത്രിയിലെ വൃദ്ധൻ മരിച്ചുപോയി. നിങ്ങളുടെ മാന്യവൃദ്ധന് മരണംവരെ ഈ മുറിയിൽ കഴിയാം. സാറ ആശ്വാസപൂർവ്വം കുരിശു വരച്ചു. താനില്ലാതെ സാറ തിരിച്ചുചെല്ലുന്ന ബംഗ്ലാവിനെപ്പറ്റിയും അവിടെ മുമ്പു കഴിഞ്ഞ അനുഭവങ്ങളെപ്പറ്റിയും അയാൾ ഓർത്തു. "അപ്പാപ്പാ, പ്രാർത്ഥനക്കുള്ള നേരമായി" എന്നൊരു യുവതി വന്നറിയിച്ചു. സുന്ദരിയായ നിർമ്മലയെന്ന നേഴ്സാണ്. താനവളുടെ അപ്പാപ്പനാണ്. വേണമെങ്കിൽ പിടിക്കാമെന്നവൾ പറഞ്ഞു. തന്റെ ആദ്യ ഭാര്യ ആഗ്നസിനെ പരിചരിക്കാൻ കുടുംബഡോക്ടർ യോഹന്നാൻ ഏർപ്പാടാക്കിയ സാറയെ വിവാഹം കഴിച്ച കാര്യം ഓർത്തു. പതിവായി പ്രാർത്ഥിയ്ക്കുന്ന സ്വഭാവമില്ലാത്ത അയാൾക്ക് അതിൽ വലിയ താൽപര്യം തോന്നിയില്ല. എങ്കിലും മറ്റുള്ള അന്തേവാസികളുമായി പരിചയപ്പെടാനുള്ള ഒരു സന്ദർഭം കൂടിയാണെന്ന് നിർമ്മല ഓർമ്മിപ്പിച്ചു. ആകെ പതിനാലു വൃദ്ധരാണിവിടെയുള്ളത്. പ്രാർത്ഥന കഴിഞ്ഞ് ഭക്ഷണഹാളിൽ പോയി അത്താഴം കഴിയ്ക്കുകയാണ് അവിടുത്തെ പതിവ്. തീരെ വയ്യാത്തവർക്ക്

ഭക്ഷണം മുറിയിൽകൊടുക്കും. മനോഹരമായി അലങ്കരിച്ചതാണ് പ്രാർത്ഥനാലയം. പ്രാർത്ഥനാലയത്തിലേക്ക് കടന്ന സിറിയക്കിനെ എല്ലാവരും താൽപര്യമില്ലാതെ നോക്കി. പ്രാർത്ഥനകഴിഞ്ഞ് അവിടെയിരുന്നിട്ടും ആരെങ്കിലും പേരു ചോദിക്കുകയോ പരിചയപ്പെടാൻ വരികയോ ഉണ്ടായില്ല. പ്രാർത്ഥനകഴിഞ്ഞപ്പോൾ ഒരന്തേവാസിനി “ദേണ്ടെ വന്നു കഴിഞ്ഞു” എന്നു പറഞ്ഞ് അലമുറയിടാൻ തുടങ്ങി. ഇരിക്കുന്നവരാരും ഇളകിയില്ല. വൃദ്ധ മരണവെപ്രാളം പോലെ എല്ലാവരേയും മാറി മാറി നോക്കി കണ്ണീരൊലിപ്പിച്ചു. അപ്പോൾ സുന്ദരിയായ മറ്റൊരു വൃദ്ധ അടുത്തിരിക്കുന്ന ആളോട് എന്തോ പറഞ്ഞു. വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് ഒരു യൂണിഫോം വേണ്ടതാണെന്ന് സിറിയക്കിനു തോന്നി. അപ്പോൾ കൃശഗാത്രനായ ഒരന്തേവാസി ജുബ്ബയുടോ കീശയിൽനിന്ന് ഒരു വെളുത്ത ചരടു പുറത്തെടുത്തു. വൃദ്ധ മരിക്കുകയാണെങ്കിൽ കാൽ വിരൽ കൂട്ടികെട്ടാനാണത്. കണ്ണടക്കാതെ കാലകത്തി മരിച്ചുകിടക്കുന്നത് എത്ര വൃത്തികേടാണ്. ഈ അഭംഗി ഒഴിവാക്കാനാണ് അയാളുടെ ശ്രമം. ആ മനസ്ഥിതി കാണിച്ച അയാളെ പുണ്യാത്മാവ് എന്നുതന്നെ വിളിക്കണം. ഈ മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്ത് ഒരമ്മാമ്മയുടെ കാൽവിരൽത്തുമ്പ് കൂട്ടിക്കെട്ടാൻ കയറും കീശയിലിട്ടു നടന്ന ആളാണ്. ഈ വൃദ്ധയാകട്ടെ ഒരാഴ്ചയ്ക്കിടയിൽ ആറാമത്തെ മരണപരാക്രമമാണ് കാണിക്കുന്നത്. കണ്ടു നിൽക്കുന്നവർക്ക് അതിൽ ഒരു പുതുമയും തോന്നിയില്ല. അപ്പോഴേക്കും പ്രാർത്ഥനാലയത്തിന്റെ വാതുക്കൽ നിർമ്മല വന്ന് ഭക്ഷണസമയമായെന്നറിയിച്ചു. എല്ലാവരും തിരക്കിട്ടെണീറ്റു. കയറെടുത്ത കൃശഗാത്രനടക്കം. ഇവുടുത്തെ ബോറടിയിൽനിന്ന് രക്ഷിക്കുന്നത് ഈ അമ്മാമ്മയാണെന്ന് കൃശഗാത്രൻ ഓർമ്മിപ്പിച്ചു. നിർമ്മല സിറിയക്കിന്റെ തോളിൽ പിടിച്ചു. താനാരെയും പരിചയപ്പെട്ടില്ലെന്ന് സിറിയക്ക് പറഞ്ഞു. അതിന്റെ ആവശ്യമില്ലെന്നും പരസ്പരം നോക്കൽ തന്നെയാണിവിടുത്തെ പരിചയപ്പെടലെന്നും നിർമ്മല പറഞ്ഞു. ഇതിന്നുള്ളിൽ ആർക്കും മേൽവിലാസമില്ല. എല്ലാവരും വൃദ്ധൻമാർ. തീൻമുറിയുടെ ചുമരിൽ എഴുതിവെച്ചത് സിറിയക്ക് കണ്ടു. “ഭക്ഷിക്കുമ്പോൾ അതേപ്പറ്റി മാത്രം ചിന്തിക്കുക.”.

**3.** വൃദ്ധസദനത്തിലെ ഒരന്തേവാസിയായ തടിനാടൻ പേരുപറഞ്ഞ് പരിചയപ്പെട്ടു. ഇവിടെ ആർക്കും മേൽവിലാസമില്ലാത്തതിനാൽ അതിൽ ശ്രദ്ധിച്ചില്ല. പണ്ട് കുട്ടിക്കാലത്ത് ഗ്രാമത്തിൽ ദാരിദ്ര്യത്തിന്നിടയിലും അയൽക്കാർ സ്നേഹിച്ചിരുന്നു. നഗരപരിഷ്കാരപ്രകാരം സ്നേഹത്തിനുപകരം ഞെട്ടലാണ്. സിറിയക് തന്റെ പഴയ ജീവിതം ഓർത്തു. ഗ്രാമത്തിലെ ഒരു പട്ടിണിവീട്ടിൽ ജനിച്ചു. ഏഴാംക്ലാസ്സിൽ വെച്ച് പട്ടിണി സഹിയ്ക്കാതെ നാടുവിട്ടു. നഗരത്തിലെ ഒരു വലിയവീട്ടിൽ വിശപ്പടക്കാൻവേണ്ടി വേലക്കാരനായി. അന്നവിടെ ആഗ്നസ് എന്നൊരു മാലാഖകുട്ടി അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നുണ്ടായിരുന്നു. വേലക്കാരൻ ആഗ്നസിനെ പ്രേമിച്ചു കല്ല്യാണം കഴിച്ചു. അച്ഛനമ്മമാരുടെ കാലശേഷം അളവറ്റ സ്വത്തിന്നുടമയായി. ആ സ്വത്തിന്റെ വലിപ്പമാണല്ലോ അമ്പതുകഴിഞ്ഞിട്ടും തന്നെ പ്രേമിച്ചു കല്ല്യാണം കഴിയ്ക്കാൻ സാറയെ സജ്ജയാക്കിയത്. കാശിലാണ് കാര്യം. കാശിന്റെ ഉപയോഗ ശൂന്യതയും സിറിയക്കിന്നറിയാം. ഇക്കണ്ട കാശുപയോഗിച്ചിട്ടും ആഗ്നസിന്റെ മരണമോർത്തു. ഇപ്പോൾ കണ്ട മരണവെപ്രാളവും ഓർത്തു. കുറ്റബോധത്താൽ വരാന്തയിലെ തിണ്ണയിൽ തലമുട്ടിച്ചു. അവിടെയാണ് നേരത്തെ പരിചയപ്പെട്ട വൃദ്ധൻ ഇരുന്നിരുന്നത്. തന്നോടയാൾ ജീവിതകഥ പറഞ്ഞുവെന്നാണ് വിചാരിച്ചത്. ഒന്നും ശ്രദ്ധിച്ചിട്ടില്ലാതിരുന്നതിനാൽ ഒരിയ്ക്കൽ കൂടി 'ആ കഥ' പറയാൻ ആവശ്യപ്പെട്ടു. വൃദ്ധനെ പ്രീണിപ്പിക്കാൻ വേണ്ടിയായിരുന്നു. പക്ഷേ വൃദ്ധൻ ക്ഷുഭിതനായി ആക്രമിക്കുകയാണുണ്ടായത്. അതും എതിർപ്പില്ലാതെ സഹിച്ചു. അയാളോടുള്ള സഹതാപംകൊണ്ട് ഇയാൾ അസംതൃപ്തനായ വൃദ്ധനാണെന്നും മറ്റുള്ളവരെ തിരെ സഹിക്കാനൊക്കാത്ത കൃത്യനിഷ്ഠക്കാരനാണെന്നും മനസ്സിലായി. വൃദ്ധസദനത്തിലെ പരിസരം ശ്രദ്ധിച്ചപ്പോൾ സാറയെ വിവാഹം കഴിച്ചകാലം ഓർമ്മ വന്നു. അന്നവൾ പറഞ്ഞതാണ്. “എനിക്കൊരു നിമിഷം വേർപിരിഞ്ഞിരിക്കാനാവില്ലെന്ന്”. പക്ഷേ ഇന്ന് ഈ വൃദ്ധസദനത്തിൽ വീണ്ടും വന്ന് അങ്ങനെ പറയാനുള്ള അനൗചിത്യം സാറക്കുണ്ടാവില്ല. സമൂഹത്തിൽ കൂടെക്കൊണ്ടുനടക്കുമ്പോൾ ഉണ്ടാവേണ്ട

പ്രൗഢിയ്ക്കായിരിക്കണം അവൾ തന്റെ തലമുടിയിലും വസ്ത്രധാരണത്തിലുമൊക്കെ ശ്രദ്ധിച്ചത്. തടിമാടനായ വൃദ്ധന്റെ കഥ കേട്ടു. അയാൾ സർക്കാർ ജോലിയിലിരുന്നു കുടുംബം നോക്കി, മക്കളെ ഇയർന്ന പദവിയിലെത്തിച്ചു. റിട്ടയർ ചെയ്തു വന്നപ്പോൾ വീട്ടിൽ ഒറ്റപ്പെട്ടു. ഒന്നും ചെയ്യാനില്ല. ഈ അവസ്ഥ കണ്ട് മക്കൾക്കും മരുമക്കൾക്കും ശല്യമായിത്തോന്നിയിരിക്കണം. മക്കൾ ആട്ടിപ്പുറത്താക്കി കൊണ്ടുവന്നാക്കുന്നതിനുമുമ്പ് സ്വയം ഇവിടെ എത്തിയതാണ്. അയാൾക്കിപ്പോൾ ആരേയും ഓർക്കാനില്ല. സാറയ്ക്കൊന്നിവിടെവരെ വരാൻ തോന്നിയില്ലല്ലോ എന്ന് സിറിയക് ഓർത്തു. മറിച്ച് ആഗ്നസ് ആയിരുന്നെങ്കിലോ. തനിക്കീ വൃദ്ധസദനത്തിൽത്തന്നെ കാൽകുത്തേണ്ടി വരില്ലായിരുന്നു. അത്രയുമായപ്പോൾ നേരത്തെ മരണവെപ്രാളം കാണിച്ച വൃദ്ധയുടെ ഒമ്പതാം നമ്പർ മുറിയിലേക്കു നടന്നു. കതകടഞ്ഞു കിടക്കുന്നു. അവിടെയും ഒരറിയിപ്പ്. “ഉറങ്ങുന്നവരെ ഉണർത്തരുത്”.

**4.** അസ്തമയ ഭംഗി കാണാൻ നിർമ്മലയോടൊത്ത് കുന്നിൻമുകളിൽ പോയി. ഏകാന്തതയിൽ ബംഗ്ലാവിൽ കഴിയുന്ന സാറയെ ഓർത്തു. താനിവിടെ വന്നിട്ട് രണ്ടുമാസം കഴിഞ്ഞു. ക്രിസ്തുമസ്സിനു കേക്കും കൊണ്ടോ, ജനുവരി ഒന്നിന് ആശംസയുടെ പുഞ്ചിരിയും കൊണ്ടോ സാറ വരികയുണ്ടായില്ല. വന്നാൽ വീണ്ടും തിരിച്ചുപോകുമ്പോഴേക്കുണ്ടാവുന്ന സങ്കടം സഹിക്കാൻ കഴിയാത്തതുകൊണ്ടാവാം, സാറയെ കുറ്റപ്പെടുത്തിയതിൽ പശ്ചാത്താപത്തോടെ നിർമ്മലയുടെ തല നെഞ്ചോടു ചേർത്തുപിടിച്ചു. അവൾ അനുസരിച്ചു. പെട്ടെന്ന് നിർമ്മല സാറയാകുന്ന ചതിയിൽ കുടുങ്ങിയതു തിരിച്ചറിഞ്ഞു. കുറ്റബോധത്തോടെ തിരിച്ചുനടന്നു. നിലവിളിച്ചു. ഒരപ്പാപ്പനായി തൊട്ടതാണെന്നു കരുതിയാൽ മതിയെന്നവൾ ആശ്വസിപ്പിച്ചു. അമ്പത്തിരണ്ടാമത്തെ വയസ്സിലെ വിവാഹജീവിതാനുഭവങ്ങളെക്കുറിച്ച് അവൾ ചോദിച്ചു. താൻ പാപിയാണെന്നും യാതൊരു പാപവും ചെയ്യാത്തവനാണെന്നും തോന്നി. ദൈവനീതിയുടെ മുമ്പിൽ പുണ്യപാപങ്ങൾ ലോകനീതിയിലെതുപോലല്ല. അതാണല്ലോ പതിവ്രതയുടേയും വേശ്യയുടേയും കഥ സൂചിപ്പിക്കുന്നത്. പതിവ്രത വേശ്യയുടെ വീട്ടിൽ വന്നുപോകുന്നവരുടെ എണ്ണം പിടിക്കാൻ നമസ്കാരപ്പായയ്ക്കടിയിൽ ചരൽക്കല്ലു കൂട്ടിവെച്ചു. മരിച്ചുപോയപ്പോൾ വേശ്യക്കു സ്വർഗ്ഗവും പതിവ്രതക്ക് നരകവും കിട്ടി. കാരണം വേശ്യ അവളുടെ ചുമതലയാണ് ചെയ്തത്. നമസ്ക്കാരപ്പായയിലിരുന്ന് പിഴ ചെയ്തവൾ പതിവ്രതയാണ്. ആഗ്നസിന്റെ മരണശേഷം ജപമാലയുമായി കഴിയേണ്ട താൻ സാറയെ കെട്ടി. അതു തെറ്റ്. മക്കളില്ലാത്തതിനാലാണ് രണ്ടാംകെട്ടു കെട്ടിയത്. പക്ഷേ, സാറയിൽ മക്കളുണ്ടാവാൻ അവൾ സമ്മതിച്ചില്ല. ആഗ്നസ്സിന്റെ മരണശേഷം സാറയെ കെട്ടിയത് പാപമാണോ. സ്ത്രീയും പുരുഷനും ആകർഷിക്കപ്പെടുന്നതിൽ മറുപടിയില്ല. അതിനാൽ നിർമ്മലയെ സാകൂതം നോക്കുന്നതിലും തെറ്റില്ല. നിർമ്മലയോട് താനവളെ സ്നേഹിക്കുന്നെന്നു പറയാൻ കഴിഞ്ഞില്ല. തൊണ്ണൂറാം വയസ്സിൽ തന്നെപ്രേമിച്ച ഒരു വൃദ്ധൻ പണ്ട് ഈ സദനത്തിൽ ഉണ്ടായിരുന്നത് നിർമ്മല പറഞ്ഞു. അസ്തമയം കണ്ട് നിർമ്മലയോടൊപ്പം തിരിച്ചെത്തിയ തന്നെക്കണ്ട് സദനത്തിലെ അന്തേവാസികൾ അമർഷംകൊണ്ടു. അവർക്കുമുണ്ട് താൽപ്പര്യങ്ങൾ. അതിനു സ്വാതന്ത്ര്യമില്ല. കൃശഗാത്രൻ ഇതിനെതിരെ ഡയറക്ടർക്ക് നിവേദനം തയ്യാറാക്കി. പ്രാർത്ഥനക്കു സമയമായി. നിങ്ങൾ അഹംഭാവിയാണെന്നും ഈതിനിടെ ആരേയും പരിചയപ്പെട്ടിട്ടില്ലെന്നും കൃശഗാത്രൻ സിറിയക്കിനെ കുറ്റപ്പെടുത്തി. കഴിഞ്ഞ രണ്ടുമാസം കൊണ്ട് താനാരുമായും സൗഹൃദമുണ്ടാക്കിയില്ലെന്നോർത്തു. അതിനിടയിൽ കഴിഞ്ഞ ക്രിസ്തുമസ്സ് സദനത്തിൽ എല്ലാവരും ചേർന്ന് ആഘോഷിച്ചതോർത്തു. അന്തേവാസികളെ കാണാനും സമ്മാനങ്ങൾ നൽകാനും പല പ്രായക്കാരായ ബന്ധുക്കളുടെ പ്രവാഹമായിരുന്നു. സിറിയക്കിനെ കാണാൻമാത്രം ആരും വന്നില്ല. തനിക്ക് സാറയല്ലാതെ ആരുമില്ലല്ലോ. അത്താഴത്തിനു സമയമായെന്ന് നിർമ്മല അറിയിച്ചു. വിളിച്ചത് നിർമ്മലയായതിനാൽ കഠിനമായ വിശപ്പുതോന്നി. ഹാളിൽ ചെന്നപ്പോൾ അവിടെ നിർമ്മലയില്ല. വിളമ്പുകാരൻ പാത്രങ്ങൾ നിരത്തുന്നു. സിറിയക്കിന്റെ വിശപ്പുകെട്ടു. ചുമരിൽ ആണിയടിച്ചുതൂക്കിയിട്ടുള്ള ഒരാപ്തവാക്യം ദൃഷ്ടിയിൽ പെട്ടു. “ഗുസ്തിയിൽ ജനിക്കുന്നവനല്ല, ഇച്ഛകളെ അതിജീവിക്കുന്നവനാണ് കേമൻ.

**5.** നുണകളുടെ രാജാവായ കെ.നാടാരാണ് വൃദ്ധസദനത്തിലെ മറ്റൊരന്തേവാസി. നാടാരെ സദനത്തിലെത്തിച്ചത് പൊറുതിമുട്ടിയ നാട്ടുകാരാണ്. കയ്യും കാലും തല്ലിച്ചതച്ച് ഒരു മുളവടിയിൽ തലകീഴായി കെട്ടിത്തൂക്കിയാണ് അവിടെ കൊണ്ടുചെന്നത്. അയാളുടെ മരണംവരെ ചെലവിനുള്ള സംഖ്യയും നാട്ടുകാർ പിരിച്ചെടുത്താണ് സ്വരൂപിച്ചത്. സദനത്തിന്റെ തുടക്കക്കാലമായിരുന്നതിനാലും മുറികൾ ഒഴിഞ്ഞുകിടന്നിരുന്നതിനാലും അന്ന് പ്രവേശനം എളുപ്പമായി. നുണ അഥവാ കിംവദന്തി പരത്തി നാട്ടിൽ സ്വൈരക്കേടുണ്ടാക്കലായിരുന്നു അയാളുടെ വിനോദം. കൊലപാതകത്തേക്കാൾ ഭീകരമാണ് നുണ. കേൾക്കുമ്പോൾത്തന്നെ നുണയാണെന്നറിയാമെങ്കിലും ചുണ്ടുകൾ മാറി മാറി പ്രചരിച്ച് അത് ഒരു സത്യത്തിന്റെ രൂപത്തിൽ ഉത്ഭവസ്ഥാനത്തുതന്നെ തിരിച്ചെത്തുന്നു. പൂർണ്ണ ഗർഭിണിയായ ഒരു പത്തൊമ്പതുകാരിയെ ഭർത്താവിനെക്കൊണ്ട് ചവിട്ടിക്കൊല്ലിച്ച കിംവദന്തിയാണ് നാടാരെ സദനത്തിലെത്തിച്ചത്. അന്തേവാസികളെ പരിചയപ്പെടുന്നില്ല എന്ന ആക്ഷേപത്തിനു പരിഹാരമായാണ് ഇയാളെ പരിചയപ്പെട്ടത്. അത് തന്നെ മഹാ അപകടമായി. മുറിയിലെ ഏകാന്തതയിൽ തന്നെ കഴിച്ചുകൂട്ടിയാൽ മതിയായിരുന്നു. മുറിയിൽ ചെടികൾ നട്ടുവളര്ടത്തി കട്ടിലിന്റെ ചോട്ടിൽ ഒരു മുയൽക്കുട്ടിയേയും വളര്ടത്തുന്നതിനെപ്പറ്റി ആലോചിച്ചാൽ മതിയായിരുന്നു. മുയലിനു തീറ്റക്കു ക്യാരറ്റുവേണം. അതിനു കലവറക്കാരനെ സേവപിടിക്കാം. അയാൾ മുരടനാണെങ്കിലോ, ക്യാരറ്റു തട്ടിപ്പറച്ചുകൊണ്ടുവന്നാൽ അയാളും പിന്നാലെയോത്തും. അപ്പോൾ മുയലിനെ കണ്ടെത്തും. അതിനെ വളർത്തിയെടുത്തു പൊരിച്ചുതിന്നാനായിരിക്കും അയാളുടെ താൽപ്പര്യം. അതിനാൽ സങ്കൽപ്പത്തിൽ വളർത്തുന്ന മുയലിനെ ജനലിലൂടെ പുറത്തേക്കുവിട്ടു. വീണ്ടും വിഷാദഗ്രസ്തനായപ്പോൾ അയാൾ നിർമ്മലയെ കാണാനാഗ്രഹിച്ചു. ഇന്നു തന്റെ മുറി ശുചിയാക്കാനും കിടക്ക വിരിക്കാനും നിർമ്മലക്കുപകരം കത്രീനയെന്നൊരു നേഴ്സാണ് വന്നത്. അവൾക്ക് നിർമ്മലയുടെ അത്ര സൗന്ദര്യം ശരീരത്തിലെ പെരുമാറ്റത്തിലോ ഇല്ല. എങ്കിലും അവളുടെ നിഗൂഢസൗന്ദര്യത്തിൽ കണ്ണു തങ്ങിയപ്പോൾ സ്വയം പുച്ഛം തോന്നി. അതിനാൽ മുറിവിട്ടു പുറത്തുകടന്നു. നിർമ്മലയെഅന്വേഷിക്കുകതന്നെ.

അപ്പോൾ മുറ്റത്തിരുന്നു പുല്ലുപറിക്കുന്ന ഇയ്യാക്കുമൂപ്പരെന്ന മറ്റൊരന്തേവാസിയെക്കണ്ടു. പകൽ മുഴുവൻ പുല്ലുപറിയാണ് മൂപ്പരുടെ ദൗർബ്ബല്യം. അതുതന്നെയാണ് അയാളെ സദനത്തിലെത്തിച്ചതും. മക്കളെല്ലാം വളരെ ഉയർന്ന പദവിയിലുള്ള പ്രബലന്മാരാണ്. സന്ദർശകരുടേയും മറ്റും സാന്നിദ്ധ്യത്തിൽ അപ്പന്റെ പുല്ലുപറി അവർക്കപമാനമായി. ഒരിക്കൽ മരുമകളോട് മുറ്റത്തുപറിക്കാൻ പുല്ലില്ലെന്നു പരാതിപ്പെട്ടു. മറ്റൊരിക്കൽ പേരക്കിടാവ് മുറ്റത്തെ പുൽനാമ്പിൽ ചവിട്ടുന്നതു കണ്ട അയാൾ കുട്ടിയെ തട്ടിമാറ്റി. കുട്ടിയുടെ തല കല്ലിലിടിച്ച് മുറിവുപറ്റി. അതോടെ മക്കളുടേയും മരുമക്കളുടേയും മുന്നിൽ ഭ്രാന്തനായി. മക്കൾക്ക് സഹിക്കാനായില്ല. പുല്ലുപറി നിർത്താൻ അവർ ഉപദേശിച്ചു. വുണ്ടും അയാൾ പുല്ലുപറിക്കാനിറങ്ങി. മക്കൾ ഇയ്യാക്കുമൂപ്പരെ വൃദ്ധസദനത്തിലെത്തിച്ചു. ആരോഗ്യവാനായിരുന്നകാലത്ത് കാടുവെട്ടിത്തെളിയിച്ച് കുടിയേറ്റക്കാരനായി കഴിഞ്ഞതാണ്. അയാളുടെ ഭാര്യ പൊടുന്നനെ മരിച്ചു. സദനത്തിലും പുല്ലുപറിതന്നെ. ഭക്ഷണംപോലും കഴിക്കുന്നതിൽ താൽപ്പര്യമില്ല. പറിക്കുന്ന അത്ര പുല്ലുതന്നെ പുതുതായി കിളിർക്കുന്നതിൽ അയാൾക്കു സന്തോഷമേയുള്ളു. സിറിയക്ക് പുല്ലുപറിക്കുന്ന മൂപ്പരെ പ്രീതിപ്പെടുത്താൻ ചോദിച്ചതാണ് ഭക്ഷണം കഴിച്ചോ എന്ന്. നിറച്ചുണ്ടവനേ മറ്റൊരാളുടെ നിറവയറിനെപ്പറ്റി അന്വേഷിക്കാവു എന്നായിരുന്നു മൂപ്പരുടെ പ്രതികരണം. വൃദ്ധസദനത്തിലെത്തുന്ന വരെല്ലാം തത്ത്വജ്ഞാനികളാകുന്ന അത്ഭുതം സിറിയക്ക് ഓർത്തു. ഇന്നലെ മുഴുവൻ നിർമ്മലയെ കണ്ടില്ല. അതിനാൽ വിശപ്പുതോന്നാത്തതുകൊണ്ട് അയാൾ ഉണ്ടിട്ടുമില്ല. ഇന്ന് നേരിയതോതിൽ തോന്നിയ വിശപ്പ് കെ.നാടാരുടെ കഥ കേട്ടതോടെ ഇല്ലാതായി. നാടാർ മറ്റൊരു കിംവദന്തി ഇറക്കി. തലേന്നാൾ സിറിയക്കും നിർമ്മലയും കൂടി കുന്നിൻമുകളിലേക്കു പോയതിൽ അന്തേവാസികൾ ഉണ്ടാക്കിയ കോലാഹലവും അവർ ഡയറക്ടർക്കു കൊടുത്ത നിവേദനവും ശരിക്കും ഫലിച്ചിരിക്കുന്നു. നിർമ്മല നാടാരുടെ മുറിയിൽ ചെന്നിരുന്നു. അവർക്ക് സിറിയക്കിനോട് പ്രേമമുണ്ടെന്ന് സൂചനയും കിട്ടിയിട്ടുണ്ട്. അവൾ ഒരനാഥാലയത്തിൽനിന്നുവന്ന കുട്ടിയാണ്. അപ്പോഴേക്കും മുറ്റത്തുനിന്നൊരാക്രോശം ഉയർന്നു.

അമ്മാമ്മ പുല്ലിൽ ചവിട്ടിയതിന് ഇയ്യാക്കുമൂപ്പർ ക്ഷുഭിതമായതാണ്. അയാൾ കല്ലെടുത്തൊരു വീക്കുവെച്ചുകൊടുത്തു. അമ്മാമ്മയുടെ നെറ്റിപൊട്ടി ചോരയൊലിച്ചു തുടങ്ങി. ഉടനെ മൂപ്പർ ഓടി എത്തി അവരെ താങ്ങിയെടുത്തു. വേലക്കാർ ഓടിയോത്തി. സിറിയക്കിന് പുതിയൊരറിവുകിട്ടി. "ഒരുക്കിയിട്ട വഴിയിലൂടെ പമ്മിപ്പതുങ്ങി സൂത്രക്കാരനായി മരണം വരുന്നു."

കഴിഞ്ഞ തവണ ഡോക്ടർ വന്നപ്പോൾ സിറിയക്കിനും ഒരു ഗുളിക നിർദ്ദേശിച്ചു. തനിക്കു രോഗമില്ലെന്നു പറഞ്ഞപ്പോഴും ഗുളിക കഴിച്ചു തുടങ്ങിക്കോളു രോഗം ഉണ്ടായിക്കൊള്ളുമെന്നു പറഞ്ഞു. വൃദ്ധസദനത്തിൽ വരുന്നവർ രോഗികളാകണം. താൻമാത്രം അതിൽനിന്നൊഴിവായാൽ ഡയറക്ടർക്ക് മറ്റുള്ളവർ പരാതി നൽകും. അയാൾക്കത് കണക്കിലെടുക്കേണ്ടവരും. സമൂഹമനസ്സിമാണ് പ്രാധാന്യം. നിർമ്മലയെപ്പറ്റിയുള്ള ഇതിനുമുമ്പത്തെ പരാതിയെപ്പറ്റി ഡയറക്ടർ സംസാരിച്ചിരുന്നു. അതൊന്നും സാരമാക്കാനില്ലെന്നും രണ്ടു ദിവസം കഴിഞ്ഞാൽ നിർമ്മലയെത്തന്നെ അയാളുടെ നേഴ്സാക്കാമെന്നും പറഞ്ഞു. സദനത്തിലെക്കു ഏറ്റവുമധികം പണം തന്ന താങ്കളം ബുദ്ധിമുട്ടിക്കുന്ന പ്രശ്നമില്ലെന്നും ഡയറക്ടർ ഇർവാദീസ് വാക്കുകൊടുത്തു. തനിക്കിവിടെ മടുത്തുവെന്നും തിരിച്ചുപോകണമെന്നും ഡയറക്ടറോട് പറഞ്ഞു. അതു ബുദ്ധിമുട്ടുണ്ടാക്കുമെന്ന് ഇർവാദീസ് പറഞ്ഞു. എന്നെ തിരിച്ചയച്ചാലും സദനത്തിലെക്കുതന്ന പണം തിരിച്ചുതരേണ്ടതില്ലെന്നും പറഞ്ഞു. അതൊന്നും നിങ്ങൾക്കിപ്പോൾ മനസ്സിലാവില്ലെന്നു പറഞ്ഞു ഡയറക്ടർ പോയി. സാറയെ ശപിച്ച് സിറിയക് കട്ടിലിൽ കിടന്നു. അടുത്തനിമിഷം തലയണചുവട്ടിൽ ഒളിച്ചുവെച്ചിരുന്ന സാറയുടെ പൂർണ്ണ നഗ്നമായ ഫോട്ടോ അയാളെടുത്തു നോക്കാൻ തുടങ്ങി. ഇടക്കൊന്നു ബാത്ത്റൂമിൽപോയി തിരിച്ചു വന്നപ്പോൾ മുറിയിൽ കത്രീന നിൽക്കുന്നു. അവളുടെ കൈയ്യിൽ സാറയുടെ ഫോട്ടോ. പോരാത്തതിന് അവളുടെ ഒരു കള്ളനോട്ടവും. ആ ഫോട്ടോ തിരിച്ചുനൽകാൻ കത്രീനയോടാവശ്യപ്പെട്ടു. തന്നെപ്പറ്റി സദനത്തിലുള്ള സൽപ്പേരു തന്നെ നഷ്ടപ്പെടുമെന്നു പേടിച്ചു. താൻ ചുവരെഴുത്തിൽ സ്ഥാനം പിടിച്ചേക്കാം. ആകെ അസ്വസ്ഥനായി. പക്ഷേ കത്രീന ഫോട്ടോ കെടുക്കുന്ന മട്ടില്ല. കഴിടുമെങ്കിൽ വലം പിടിച്ചു തട്ടിയെടുത്തോ എന്ന കള്ളച്ചിരിയും. തട്ടിപ്പറിക്കാൻതന്നെ ശ്രമിച്ചു. അതിനിടെ സിറിയക് മലർന്നടിച്ച് കട്ടിലിൽ വീണു. അയാളുടെ മാറത്തേക്കു കത്രീനയും. ഒരു നിമിഷം അങ്ങനെ കിടന്നപ്പോഴേക്കും വാതിലിൽ നിർമ്മലയും ഡയറക്ടറും. നിർമ്മല ആ രംഗം കണ്ട് ഉടനെ സ്ഥലം വിട്ടു. ഡയറക്ടർ മുറിയിലേക്കു തലയിട്ടുനോക്കി. കത്രീനക്ക് യാതൊരു പരിഭ്രമവുമുണ്ടായില്ല. ഡയറക്ടർ ക്ഷമാപണത്തോടെ അതിനു പ്രോത്സാഹനം നൽകി വാതിൽ ചേർത്തടച്ച് സ്ഥലം വിട്ടു. പുറമേക്കറിയാത്തതെല്ലാം തടവറയിലെ മര്യാദകളാകുന്നു എന്നൊരു വെളിപാടുണ്ടായി സിറിയക്കിന്.

7. മന:ശാസ്ത്രമറിയുന്നവരുടെ മറ്റൊരു വ്യാപാരകേന്ദ്രമാണ് വൃദ്ധസദനം. ഒരിടത്തു സ്വസ്ഥമായി കിടക്കാനും അനുവദിക്കില്ല. ഉടനെ ശുശ്രൂഷയായി, സ്പെഷലിസ്റ്റായി, ബഹളമായി, പ്രത്യേകിച്ച് അന്തേവാസിയുടെ ബന്ധുക്കളാരെങ്കിലും സമീപത്തുള്ള സമയമാണെങ്കിൽ പറയാനുമില്ല. എല്ലാവരും ചേർന്ന് സ്വർഗ്ഗീയപരിചരണം തന്നെ. വൃദ്ധരായ ആരെങ്കിലും നിങ്ങൾക്കുണ്ടങ്കിൽ ഈ ഒഴിവിലേക്കു കൊണ്ടുവരൂ എന്ന പരസ്യമാണത്. തന്നെ വെറുതെ വിടണമെന്നു പറഞ്ഞിട്ടും ഡയറക്ടർ സമ്മതിച്ചില്ല. വൃദ്ധരുടെ മുറിയുടെ വാതിൽ ബോൾട്ടിടരുതെന്നാണു നിയമം. പെട്ടെന്നൊരു വൃദ്ധന് മരിക്കാം. മരണവെപ്രാളം കാട്ടിയേക്കാം. വാതിൽ ഉള്ളിൽ നിന്നടച്ചാൽ അപ്പൊഴൊക്കെ പ്രശ്നങ്ങളാവും. വൃദ്ധന്മാർക്ക് പൂട്ടിവെക്കാൻ സ്വത്തുക്കളോ സ്വകാര്യങ്ങളോ ഇല്ലല്ലോ. ഉറങ്ങിക്കിടക്കുന്ന ഏതു വൃദ്ധനേയും ആർക്കും എപ്പോഴും അവസാനിപ്പിക്കുകയുമാവാം. കത്രീന മുറിയിൽ കടന്നുവന്നു. അവൾക്ക് യാതൊരു ചമ്മലുമില്ല. അവളോടു വെറുപ്പുതോന്നി. തന്നെ അവഹേളിച്ചതിനെപ്പറ്റി സംസാരിച്ചു. അതെല്ലാം ഡയറക്ടറുടെ ഉപദേശപ്രകാരമാണെന്നു മനസ്സിലായി. താൻ അസംതൃപ്തനായ വൃദ്ധനാണെന്നും അവിടെനിന്നുപോകാനാഗ്രഹിയ്ക്കുന്നുവെന്നും ഡയറക്ടർ മനസ്സിലാക്കിയിരുന്നു. പോകുന്ന പ്രശ്നമേയില്ല. അതുവേറെക്കാര്യം. എന്നാലും കച്ചവടശ്ശാലയിലെ

പതിവുകാരെ അസംതൃപ്തരാക്കാതെ നോക്കേണ്ട ചുമതലയുണ്ട്. പ്രത്യേകപരിശീലനം ലഭിച്ച നേഴ്സ് എന്ന നിലക്ക് അസംതൃപ്തിയുടെ കാരണമന്വേഷിച്ച് ഡയറക്ടറുടെ നിർദ്ദേശപ്രകാരം കത്രീന നൽകിയ ഒരു ട്രീറ്റ്മെന്റ് മാത്രമായിരുന്നു അത്. കത്രീന കച്ചവടക്കളിയുടെ രഹസ്യം പുറത്താക്കി കരയാൻ തുടങ്ങി. സദനത്തിന്റെ ചുവരിൽ കൈയ്യിൽ തുലാസു പിടിച്ചുനിൽക്കുന്ന ഒരു വ്യാപാരിയുടെ ചിത്രം തെളിഞ്ഞു. ഉചിതജ്ഞനാണ് ചിത്രകാരനെന്നു പ്രശംസിച്ചു. അടുത്ത നിമിഷത്തിൽ അതു മായ്ച്ചുകളയുവാൻ ഇടനാഴിയിലേക്ക് ഇറങ്ങിച്ചെന്നു. അവിടെ അങ്ങനെ ഒരു ചിത്രം തന്നെയുണ്ടായിരുന്നില്ല. അന്തേവാസികൾ വാതിൽ ബോൾട്ടിടരുതെന്ന നിയമം തെറ്റിക്കാൻ തന്നെ തീരുമാനിച്ചു. പക്ഷേ ബോൾട്ടിടാൻ കൈയ്യുയർത്തിയപ്പോഴല്ലേ അറിയുന്നത്, വാതിലിൽ ബോൾട്ടേയില്ല. നമ്മളുടെ അറിവുകൾ എത്ര തുച്ഛം.വാതിൽ തുറന്നുതന്നെ കിടക്കട്ടെ എന്ന് തീരുമാനിച്ചു. തുറന്ന കതകിലൂടെ വീണ്ടും ചുമരിൽ വ്യാപാരിയുടെ ചിത്രം തെളിഞ്ഞുവന്നു. ചുമരിൽ നിന്ന് തുലാസ്സെടുത്ത് അവിടേക്ക് മന്ദം മന്ദം നടന്നുവരുന്ന കളർ വേഷക്കാരിയെകണ്ടു. ഇവളാകുന്നു സദനത്തിന്റെ യഥാർത്ഥ പ്രതീകം. അവൾ സ്വപ്നത്തിലെന്നപോലെ തന്റെ നേരെ നീങ്ങിവരുന്നു. അവൾ ഇങ്ങനെ പറയുന്നതുപോലെയും തോന്നി. "വില്പനക്കും മനഃശ്ശാസ്ത്രമുണ്ടെന്നറിയാത്തവൻ വിഡ്ഢിയാകുന്നു."

8. വിദേശയാത്രക്കിറങ്ങിയ ഒരാളെപ്പോലെ വൃദ്ധസദനത്തിൽ കുറച്ചുനാൾ പാർത്തു തിരിച്ചുപോകാനാണ് സിറിയക്കിന്റെ ഉദ്ദേശ്യം. അതുകൊണ്ട് അവിടുത്തെ നൂലാമാലകളിലൊന്നും തലയിടാൻ വിചാരിക്കുന്നില്ല. തൽക്കാലം തന്റെ മുറിയുടെ വാതിലിനു ബോൾട്ടുവേണം. ഓഫീസിൽ കയറിച്ചെന്നു. ഹരിദാസൻ മാത്രമേ അവിടെയുള്ളൂ. അവനോടിക്കാര്യം പറഞ്ഞപ്പോൾ ഡയറക്ടരുടെ അനുവാദം വേണമെന്നായി. പാവം ഡയറക്ടറുടെ അടിമയായ അവനെ സഹായിക്കണമെന്നു തോന്നി. പോക്കറ്റിൽ കൈയിട്ടപ്പോൾ അതിലൊന്നുമില്ല. വൃദ്ധന്മാർക്കെല്ലാം സ്വാതന്ത്ര്യത്തോടെ പാർക്കാൻ താനുണ്ടാക്കാൻ പോകുന്ന സങ്കൽപ്പത്തിലുള്ള വൃദ്ധസദനത്തെപ്പറ്റി പറഞ്ഞു. അതിൽ അവന് വലിയൊരു ജോലി കൊടുക്കാമെന്നും ഏറ്റു. ഓഫീസിൽ ഫോൺ ബെല്ലടിച്ചു. ഫോണിന്റെ ശല്യത്തെപ്പറ്റിയും തന്റെ ബംഗ്ലാവിലെ ഫോണിനെപ്പറ്റിയും ഓർത്തു.അപ്പോഴാണ് സാറക്ക് ഒന്നു ഫോൺ ചെയ്യാമെന്ന് തോന്നിയത്. ഹരിദാസൻ ഫോൺ അറ്റന്റുചെയ്തു വിയർക്കുന്നു. സദനത്തിലെ മറ്റു തൊഴിലാളികളെപ്പോലെ അവനും അനാഥാലയത്തിൽ നിന്നു വന്നതാണ്. അയാൾ ഫോൺ ഡയൽചെയ്യാൻ നോക്കി. ഹരിദാസൻ തടഞ്ഞു. അതൊന്നും വകവെയ്ക്കാതെ വീണ്ടും ഡയൽചെയ്യാനൊരുങ്ങി. അപ്പോഴാണ് നമ്പർ കൃത്യമായി ഓർമ്മയിൽ വരുന്നില്ലെന്നറിയുന്നത്. ഹരിദാസന് നല്ലൊരു ജോലി കൊടുക്കുവാനുള്ള ശ്രമമാണ് ഫോൺ എന്നറിഞ്ഞപ്പോൾ ഹരിദാസന് ഉത്സാഹമായി. അപ്പോഴാണ് തന്നെ സംബന്ധിക്കുന്ന ഫയൽ ഓഫീസിലുണ്ടെന്നും അതിൽ വീട്ടിലെ ഫോൺ നമ്പർ ഉണ്ടെന്നും ഓർമ്മവന്നത്. പക്ഷേ ഫയൽ കൊടുക്കാൻ ഹരിദാസൻ സമ്മതിച്ചില്ല. പിടിയും വലിയും നടത്തുന്നതിന്നിടയിൽ ആ ഫയൽ താഴെ വീണു. സിറിയക്ക് അതെടുത്തുനോക്കി. അപ്പോഴാണ് ഫയലിൽനിന്നു ഫോൺ നമ്പർ ചുരണ്ടിക്കളഞ്ഞിരിയ്ക്കുന്നുവെന്നു മനസ്സിലായത്. അതാണ് സദനത്തിലെ പതിവെന്നു ഹരിദാസൻ പറഞ്ഞു. നമ്പർ ചുരണ്ടിക്കളഞ്ഞസ്ഥലം ചുവന്ന മഷിയിൽ തി നിർദ്ദേശങ്ങൾ എഴുതിയിട്ടുമുണ്ട്.

(1) വിശിഷ്ടാതിഥിക്കുള്ള പരിചരണം

(2) മരിയ്ക്കുംവരെ തിരിച്ചുചെല്ലരുത്

(3) ഭാര്യയുമായി കാണാനിടവരരുത്.

(4) മരിയ്ക്കുമ്പോൾ മാത്രം അറിയിയ്ക്കുക.

(5) മരണം സ്വാഭാവികമായിരിക്കണം.

**9.** സിറിയക്ക് ഫയൽ എടുത്തതിന് ഡയറക്ടർ ഹരിദാസിനെ പൊതിരെ തല്ലി. താനാണ് തെറ്റുകാരൻ. അയാളെ ജോലിയിൽനിന്നു പിരിച്ചുവിടരുതെന്നു സിറിയക്കപേക്ഷിച്ചു. ഡയറക്ടൽ സിറിയക്കിനെ സദനത്തിനു പിൻവശത്തുള്ള തടാകക്കരയിലേക്കു കൂട്ടിക്കൊണ്ടുപോയി. സദനത്തിലെ പല രഹസ്യങ്ങളും പറഞ്ഞുകൊടുത്തു. ഹരിദാസിനെ തല്ലിയത് പേടിപ്പിച്ചു നിറുത്താനാണ്. പേടിപ്പിച്ചും സൽക്കരിച്ചും തനിക്കാവശ്യമുള്ളവരെ ഡയറക്ടർ അടുപ്പിച്ചുനിറുത്തുന്നു. ഒരു തരത്തിലും സിറിയക്കിനെ അവിടെനിന്നു വിടുകയില്ല. അവിടുത്തെ ഏ ക്ലാസ്സ് അന്തേവാസിയാണയാൾ. അതിനും ആവശ്യമായ സംഖ്യയുടെ ഇരട്ടിയാണ് സാറ സദനത്തിലേക്കു കൊടുത്തിട്ടുള്ളത്. ആ നിലവാരത്തിൽ വേറെ അന്തേവാസികളാരുമില്ല. അതുകൊണ്ട് സിറിയക്കിന് എല്ലാത്തിനും സ്വാതന്ത്ര്യമുണ്ട്. അയാൾക്കു വിളമ്പുന്ന ഭക്ഷണമടക്കം മറ്റുള്ളവരേക്കാൾ എത്രയോ മുന്തിയതാണ്. അവിടുത്തെ അന്തേവാസികൾ മൂന്നു കാറ്റഗറിയിൽപെടുന്നു. ബന്ധുക്കൾ കൊടുക്കുന്ന പണമനുസരിച്ചാണ് ക്യാറ്റഗറി തിരിക്കുന്നത്. അമ്പത്തഞ്ചുവയസ്സായവർക്കു അവിടെ പ്രവേശനമില്ല. തൊണ്ണൂറു വയസ്സുവരെ ജീവിക്കുവാനാവശ്യമായ പ്രതിഫലം ഒറ്റയടിക്കു വാങ്ങിയിട്ടാണ് സദനത്തിൽ വൃദ്ധരെ അന്തേവാസിയായെടുക്കുന്നത്. ബന്ധുമിത്രാദികളുടെ ആവശ്യപ്രകാരം അന്തേവാസികൾക്ക് ഇടക്ക് പോയിവരാം. സിറിയക്കിനെ ഒരിക്കലും വീട്ടിലേയ്ക്കയക്കരുതെന്നാണ് നിബന്ധന. ബന്ധുക്കളുടെ നിബന്ധനക്കാണ് ഏറ്റവും മുന്തിയ പരിഗണന. എല്ലാ സുഖങ്ങളും അനുഭവിച്ചുകൊണ്ട് മരണംവരെതാമസിപ്പിയ്ക്കാനാണ് സാറയുടെ കരാറ്. മറ്റു ബന്ധുക്കൾ ഡയറക്ടർ പറയുന്നിടത്തൊപ്പിട്ടു കൊടുക്കുന്നു. സാറ ദിവസങ്ങളോളം ആലോചിച്ചാണ് കരാർ തയ്യാറാക്കിയത്. അതും മുദ്രപത്രത്തിൽ. ഒരു തരത്തിലും തിരിച്ചയക്കരുത്. എല്ലാ സുഖങ്ങളും അനുഭവിക്കണം. അതിനാണ് കത്രീനയെ മുറിയിലേക്കു വിട്ടത്. തന്നിഷ്ടപ്രകാരം അവിടെ എത്തുന്ന വൃദ്ധന്മാർ കുറവാണ്. ബന്ധുക്കൾ നിർബന്ധമായി കൊണ്ടുവരുന്നതാണ്. തിരിച്ചുപോകാതിരിയ്ക്കാൻ എപ്പോഴും ശ്രദ്ധയുണ്ടായിരിക്കും. എല്ലാസുഖസൗകര്യങ്ങളും അനുഭവിച്ച് നിങ്ങൾക്കു സ്വാഭാവികമായ ഒരു മരണം തരുന്നതിൽ ഭാര്യ സാറ കാണിച്ച ഉദാരത ശ്ലാഘനീയം തന്നെ. വാതിലിന്നു ബോൾട്ടു വെയ്ക്കാൻ മാത്രം നിർവ്വാഹമില്ല. മരണം സംഭവിച്ചാൽ വീട്ടിത്തടിയിൽതീർത്ത മനോഹരമായ വാതിലുകൾ വെട്ടിപ്പൊളിക്കേണ്ടിവരും. മറ്റെല്ലാ സ്വാതന്ത്ര്യവും താങ്കൾക്കിവിടെയുണ്ട്. എവിടെയും ഫ്രീയായി സഞ്ചരിക്കാം. ഇതെല്ലാം പറഞ്ഞു. ഈർവാദീസ് നിർത്തിയപ്പോൾ തന്റെ ഹൃദയത്തിൽ നിന്ന് ഒരു കുട്ടി ഇറങ്ങി കാറ്റിനു നേരെ ഓടുന്നതായി സിറിയക്കിനു തോന്നി. ഓടുന്ന കുട്ടി ആ പഴയ ബോർഡ് കണ്ടു. "ഇറച്ചിക്കോഴികൾ വിൽപ്പനക്ക്".

**10.** രാത്രി സമയം സിറിയക്ക് പുറത്തേക്കു നോക്കിക്കിടന്നു. ടേപ്പ് റെക്കാർഡിൽ ഭൂപിന്ദർ പാടുന്നു. ആ പാട്ടിലൂടെ സിറിയക്കിന്റെ മനസ്സിൽ സ്നേഹം നിറഞ്ഞു. തന്നെ സ്നേഹിക്കുന്ന എല്ലാ സ്ത്രീകളേയും മാറോടു ചേർക്കാൻ കൊതിച്ചു. സാറ എന്തൊരു ചതിയിലാണ് തന്നെ അകപ്പെടുത്തിയതെന്നോർത്തു. എന്നെന്നേക്കുമായി വീടിനു വെളിയിലാക്കുന്ന കാര്യം സൂചിപ്പിക്കുകപോലുമുണ്ടായിരുന്നില്ലല്ലോ. പെരും ചതിയാണ് തന്നോട് ചെയ്തത്. നിർമ്മലയും കത്രീനയും എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു സദനത്തിനു വേണ്ടി മാത്രം. ഉണ്ണുന്ന ചോറിനോടുള്ള നന്ദി. ഈ സ്ഥാപനം അത്ര വലിയ തെറ്റൊന്നും ചെയ്തിട്ടില്ല. വേണമെങ്കിൽ വൃദ്ധന്മാരെ കൊല്ലാം. പുതുതായി ബുക്കുചെയ്തവരെ ആ ഒഴിവില്ല പ്രവേശിപ്പിക്കുകയുമാവാം. അതൊന്നും ചെയ്യാത്തതുതന്നെ ഔദാര്യം. അന്തേവാസികളുടെ ജനനത്തിയ്യതി ഫയലിൽ സൂക്ഷിക്കുന്നു. ജന്മദിനത്തിന് ആഘോഷം സംഘടിപ്പിക്കുന്ന വിവരം ഓർമ്മവെച്ച് ബനാധുക്കളെ അറിയിക്കുന്നു. അവരെക്കൊണ്ട് സദനത്തിലേക്ക് വലിയ സംഭാവനകളും സമ്മാനങ്ങളും കൊടുപ്പിക്കുന്നു. അന്തേവാസികളെല്ലാം ആടുമേയ്ക്കുന്ന ഇടയന്മാരാണെന്നും സദനം ആട്ടിൻപറ്റങ്ങളുടെ താവളമാണെന്നും സിറിയക് സങ്കൽപ്പിച്ചു. ഇടയൻമാരിൽനിന്ന് ഇയ്യാക്കുമൂപ്പരേയും അമ്മാമ്മയേയും ഒഴിവാക്കുന്നതാണ് നല്ലത്. ആടുകൾ പുല്ലുതിന്നാലും അമ്മാമ്മ പുല്ലിൽക്കൂടി നടന്നാലും മൂപ്പർ

ക്ഷോഭിച്ചേക്കും. അങ്ങനെ ഓരോന്നാലോചിച്ചു കിടക്കുമ്പോൾ കൃശഗാത്രൻ സിറിയക്കിന്റെ മുറിയിൽ പ്രവേശിച്ചു. സിറിയക് വളരെ നല്ല നിലയിൽ അദ്ദേഹത്തെ സ്വീകരിച്ചു. കൃശഗാത്രന് രാത്രിയിൽ സിറിയക്കിനെ കാണണമെന്നു തോന്നി. അയാൾ തന്റെ പേര് ഡേവിഡ് എന്നാണെന്നു പരിചയപ്പെടുത്തി. ഏറ്റവും നല്ല ചങ്ങാതിമാരായ അവർക്ക് അൽപം മദ്യപിക്കാമെന്ന് ഡേവിഡ് ക്ഷണിച്ചു. മദ്യം അയാൾ കൊണ്ടുവന്നിട്ടുണ്ട്. പുകവലിക്കുള്ളതും കരുതിയിട്ടുണ്ട്. ഇതൊന്നും സദനത്തിൽ അനുവദനീയമല്ലെന്ന് സിറിയക് സൂചിപ്പിച്ചപ്പോൾ "ഈവിടെ കിട്ടാത്തതൊന്നുമില്ല. എല്ലാറ്റിനും അതിന്റെ മറവു വേണമെന്നുമാത്രം." എന്ന് ഡേവിഡ് പറഞ്ഞു. അവർ രണ്ടുപേരും മദ്യപിച്ചു. സിറിയക്ക് ഇതിനുമുമ്പ് മദ്യപിച്ചിട്ടില്ല. പുകവലിച്ചിട്ടില്ല. അതു വല്ലാത്ത നഷ്ടമായെന്നു തോന്നി. കുടിയ്ക്കാൻ ആഗ്നസും സാറയും സമ്മതിച്ചില്ല. പക്ഷേ, സാറയ്ക്ക് പലപ്പൊഴും ഇതിന്റെ മണമുണ്ടായിരുന്നു. ഇനി വീട്ടിൽ ചെന്നാൽ സാറ എവിടേയാണ് മദ്യം ഒളിപ്പിച്ചിരിക്കുന്നതെന്നു നോക്കണം. അപ്പോഴാണ് ഓർത്തത്, താനൊരിക്കലും ഇനി വീട്ടിൽ എത്തുകയില്ലല്ലോ എന്ന്. മദ്യം യഥാർത്ഥ വെളിച്ചം കാണിച്ചുതരുന്നു. ഏതായാലും ഇടയരുടെ കൂട്ടത്തിലേക്ക് അമ്മാമ്മയേയും ഇയ്യാക്കുമൂപ്പരേയും ക്ഷണിയ്ക്കാൻ തീരുമാനിച്ചു. ഉടനെ മുറിവിട്ട് പുറത്തേക്കോടി. പിന്നാലെ വിളിച്ചുകൊണ്ട് ഡേവിഡും. അമ്മാമ്മയുടെ മുറിയിൽ ചെന്നു കയറി. അവിടെ അമ്മാമ്മ മരിച്ചു വിറങ്ങലിച്ചുകിടക്കുന്നു. കൈകളും കാലുകളും ചേർത്തുവേയ്ക്കാതെ. ഇയ്യാക്കുമൂപ്പൻ ദു:ഖംകൊണ്ട് കൂനിപ്പിടിച്ച് മുറിയിലിരിപ്പുണ്ട്. പിന്നാലെ ഡേവിഡും മുറിയിലെത്തി. അയാൾ തൊട്ടതോടെ കൈകളും കാലുകളും ചേർത്തുവെയ്ക്കാൻ കഴിഞ്ഞു. പിന്നെ അവിടെ മരണത്തിന്റെ കോലാഹലമായി. പാതിരാത്രിയിൽ എപ്പോളോ അമ്മാമ്മ മരിച്ചുകഴിഞ്ഞിരുന്നു. യന്ത്രയുഗത്തിലെ ഒരു മരണം വാർത്തയാകുന്നതും ആളെക്കൂട്ടുന്നതും അതിന്റെ നാട്യപ്രധാനമായ കാട്ടിക്കൂട്ടലുകൾ കൊണ്ടാകുന്നു.

11. അമ്മാമ്മ മരിച്ചതറിഞ്ഞ് മുക്രയിട്ട കരച്ചിലോടെ ഡയറക്ടർ അവിടെ എത്തി. ഒരുമമകന്റെ ദു:ഖഭാവം ഭംഗിയായി അയാൾ അഭിനയിച്ചു. അന്തേവാസികളായ വൃദ്ധന്മാർ നിശ്ചലരായിരുന്നു. തടിയൻ വൃദ്ധൻ മുന്നോട്ടുവന്ന് അമ്മാമ്മയുടെ കവിളിൽ മോതിരവിരൽകൊണ്ട് തൊട്ടു. അതൊരു ചടങ്ങായി. എല്ലാ വൃദ്ധന്മാരും തൊട്ടു. ഇയ്യാക്കുമൂപ്പർ സമ്മതിച്ചില്ല. അയാൾ തൊടാൻ തയ്യാറാണ്. പക്ഷേ എന്നും തൊടാൻ ആ ശവം അവിടെ ഉണ്ടായിരിക്കണം. ചെയ്യുന്നതെന്തും ആവർത്തിച്ചു ചെയ്യണമെന്നാണല്ലോ മൂപ്പരുടെ പ്രകൃതി. ഡയറക്ടർ അന്തേവാസികളെ അഭിമുഖീകരിച്ചു പ്രസംഗിച്ചു. വൃദ്ധസദനത്തിന്റെ മാഹാത്മ്യം അതിൽ മുഴച്ചുനിന്നു. സൗജന്യമായി വൃദ്ധസദനത്തിൽ പാർപ്പിച്ചിരുന്ന വൃദ്ധയായിരുന്നു അമ്മാമ്മയെന്നും സദനം നടത്തിപ്പ് ഒരു വ്യാപാരം മാത്രമല്ല തനിക്കൊരു ജീവകാരുണ്യപ്രവർത്തനമാണെന്നും വ്യക്തമാക്കി. അപ്പോഴേക്കും ഡോക്ടർ സ്ഥലത്തെത്തി. അന്തേവാസികളെയെല്ലാം മുറിയിൽനിന്നു പുറത്താക്കി. അമ്മാമ്മയെ പരിശോധിച്ചു. അമ്മാമ്മ മരിച്ചുവെന്നും അതൊരു സ്വാഭാവിക മരണമാണെന്നും രേഖപ്പെടുത്തി. അത് ഫയലിൽ വെക്കുന്നതോടെ ഒരു അദ്ധ്യായം അവസാനിക്കുന്നു. സിറിയക്ക് ആഗ്നസ്സിന്റെ ശവമടക്കുചടങ്ങ് ഓർത്തുപോയി. നിർമ്മല സിറിയക്കിന്റെ തോളിൽ തൊട്ടു. അവൾക്കു തന്നോടു സ്നേഹമില്ലെന്നും ഡയറക്ടറുടെ ഒരു പാവ മാത്രമാണെന്നും അവളോടു പറഞ്ഞില്ല. നാളെ മുതൽ തന്നെ പരിചരിക്കാൻ നിർമ്മല വരുമെന്നു പറഞ്ഞു. തൊട്ടുപുറകിൽ കത്രീന നിൽക്കുന്നു. തന്നോടു പരിഭവിക്കരുതെന്നവൾ അപേക്ഷിച്ചു. നാളെമുതൽ പരിചരിയ്ക്കാൻ വരില്ലെന്നവൾ പറഞ്ഞു. സാറയുടേതിനേക്കാൾ വികാരസാന്ദ്രമായ യാത്ര പറയൽ. അപ്പോഴേക്കും ഫോട്ടോഗ്രാഫർമാരും പത്രപ്രവർത്തകരും വന്നു. ശവത്തിന്റേയും അന്തേവാസികളുടേയും ഫോട്ടോ എടുത്തു. കൂടാതെ നന്നായി വസ്ത്രം ധരിച്ച സിറിയക്കിനേയും കളർ സാരിക്കാരിയേയും ഒഴിച്ചുനിർത്തി മറ്റൊരു ഫോട്ടോയും എടുത്തു. വിദേശത്തേക്ക് അയയ്ക്കാനുള്ളതാണ്. വൃദ്ധസദനത്തിലെ അന്തേവാസികളുടെ ദൈന്യം വ്യക്തമാക്കുന്ന ഫോട്ടോ കാണിച്ച് പിരിവ് നടത്താൻ. അവിടെ അതിന് ഏജന്റുമാരുണ്ട്. സ്ഥാപനത്തിനും അവർക്കും പ്രാപ്തിയെന്നാണ് വ്യവസ്ഥ. അതിനു പറ്റിയ ഫോട്ടോ എടുക്കാൻ ഇപ്പോഴാണവസരം കിട്ടുന്നത്. ഇതുണ്ടെങ്കിലേ ഏജന്റുമാർക്ക് അവിടുത്തെ ധനികരെ സമീപിക്കാനാവുകയുള്ളു എന്നു ഡയറക്ടർ

സിറിയക്കിനോടു പറഞ്ഞു. നാളെമുതൽ നിർമ്മലയാണ് നിങ്ങളുടെ നേഴ്സെന്ന് സ്വകാര്യമായി ഓർമ്മിപ്പിയ്ക്കാനും അയാൾ മറന്നിട്ടില്ല. കൂടെ ഒരു ചോദ്യവും. "ഇനി പറയില്ലല്ലോ വാതിലിനു ബോൾട്ടുവേണമെന്ന്?"

മുകളിൽ ഒരു കുറിപ്പു കാണുന്നു. - "വാഴ്‌വിതു മഹാസത്യം"

12. അമ്മാമ്മയുടെ മരണവും തൊട്ടുള്ള കോലാഹലങ്ങളുമായി സദനത്തിൽ രണ്ടുദിവസം കടന്നുപോയി. നിർമ്മല പരിചരണത്തിനു വന്നുതുടങ്ങി. സിറിയക്ക് അവൾക്ക് അപ്പാപ്പനാണല്ലോ. അമ്മാമ്മ മരിച്ചതിൽപ്പിന്നെ ഡേവിഡ് മാത്രം കിടപ്പിലാണ്. ഭക്ഷണവും കഴിക്കുന്നില്ല. ഇയ്യാക്കുമുപ്പർ കിടക്കയിൽ കിടന്നു പുല്ലു പറിച്ചുകൊണ്ടിരിക്കുന്നു. തനിക്കും എന്തൊക്കേയോ അസുഖങ്ങൾ ഉള്ളമ്തിരി സിറിയക്കിനു തോന്നി. ഡിസംബറിൽ പൂർണ്ണാരോഗ്യവാനായി സദനം പ്രവേശിച്ച സിറിയക്ക് ആഗസ്റ്റായപ്പോഴേക്കും രോഗിയും വൃദ്ധനുമായിത്തീർന്നതുപോലെ. ഇതാണ് സദനത്തിലെ പ്രത്യേകത. ഇവിടെ പ്രവേശിച്ചുകഴിഞ്ഞാൽ ആരും വൃദ്ധനായിത്തീരുന്നു. അടുത്ത തവണ സ്പെഷ്യലിസ്റ്റുവരുമ്പോൾ തനിക്കൊന്നു കാണണം. അക്കാര്യം ഓഫീസിൽ പറഞ്ഞേൽപ്പിക്കാൻ പുറപ്പെട്ടു. തനിക്കെപ്പോൾ വേണമെങ്കിലും അവിടെ ചെല്ലാനുള്ള സ്വാതന്ത്ര്യമുണ്ടല്ലോ. ഓഫീസിനു പുറത്തു ഒരു പുതിയ വൃദ്ധൻ ഇരിയ്ക്കുന്നു. നല്ല ഉന്മേഷവാൻ. നല്ല പെരുമാറ്റം. ഓഫീസിൽ മറ്റൊരപരിചിതൻ ഇരിയ്ക്കുന്നു. അയാൾ ഏജന്റാണ്. അമ്മാമ്മ മരിച്ച ഒഴിവിൽ കലക്ടറുടെ അമ്മയെ പ്രവേശിപ്പിക്കണമെന്നയാൾ. ബുക്കിങ്ങിലെ സീനിയോറിറ്റിപ്രകാരം പുറത്തിരിയ്ക്കുന്ന വൃദ്ധനാണ് അടുത്ത പ്രവേശനമെന്നു ഡയറക്ടർ. കലക്ടറുടെ അമ്മയെ താൻ ക്യാൻവാസു ചെയ്തതാണെന്ന് അയാൾ. താൻ ഡയറക്ടർ നിർദ്ദേശിച്ച ഏജന്റാണെന്നും ആരെ പ്രവേശിപ്പിച്ചാലും തന്റെ ന്യായമായ കമ്മീഷൻ കിട്ടണമെന്നും ഏജന്റ്. അവസാനം ഡയറക്ടർ കമ്മീഷൻ കൊടുത്ത് ഏജന്റിനെ വിടുന്നു. പുതിയ പ്രവേശനത്തിനു കാത്തിരിയ്ക്കുന്ന അയാൾ തന്റെ ചരിത്രമെല്ലാം പറഞ്ഞു. രണ്ടാൺമക്കളുണ്ട്. ഭാര്യ മരിച്ചു. മക്കൾ എന്തിനും പോന്നവർ. അവരുടെ ദുഷ്ടത സഹിക്കവയ്യാതെ തന്ത സദനത്തിൽ ചേരാൻ വന്നതാണ്. ഇന്നലെ തന്തയുടെ വിവാഹമായിരുന്നു. മക്കളും അവരുടെ സുന്ദരിമാരായ ഭാര്യമാരും പടക്കം പൊട്ടിച്ച അപ്പന്റെ വിവാഹം ആഘോഷിച്ചവരാണ്. സുന്ദരിയായ ഒരു പതിനേഴുകാരിയേയാണ് അവുതത്തന്ത വിവാഹം കഴിച്ചത്. പിറ്റേന്നു വൃദ്ധസദനത്തിലേക്കു പോരുകയും ചെയ്തു. ഒരു പണികൂടി പറ്റിച്ചുവെച്ചിട്ടുണ്ട്. തന്റെ കാലശേഷം അനന്തമായ സ്വത്തെല്ലാം നവവധുവിന്റെ പേരിലാണ് എഴുതിവെച്ചിട്ടുള്ളത്. വെറിയന്മാരായ രണ്ടു മക്കൾ പതിനേഴുകാരിക്കുവേണ്ടി പടവെട്ടാനുള്ള വഴിമരുന്നൊരുക്കിയാണ് അവുതത്തന്ത പോന്നത്. കൂട്ടത്തിൽ കെട്ടിമറിയാൻ അവരുടെ ഭാര്യമാരും. ആ ദുഷ്ടന്മാരെ ഒരു പാഠം പഠിപ്പിക്കാൻ ഇതല്ലാതെ വഴി കണ്ടില്ലത്രെ.

അപ്പോഴേക്കും തന്തയുടെ രണ്ടു മക്കളും സദനം ഓഫിസിന്റെ മുന്നിൽ കാറിറങ്ങി. സദനം ഡോക്ടറും എത്തിയിരുന്നു. തന്തയെ പരിശോധിച്ചു. ഇരുപത്തിരണ്ടു കൊല്ലം കൂടി ആയുസ്സുണ്ടെന്നും അതിനുള്ള പ്രതിഫലം വാങ്ങാമോന്നും തീരുമാനിച്ച് ഡോക്ടർ പോയി. തന്തയുടെ ആയുസ്സിൽ ദേഷ്യം പിടിച്ച മക്കൾ പിശകി രണ്ടുകൊല്ലത്തെ പ്രതിഫലം ഇളവു ചെയ്യിച്ചു. സംഖ്യ അടച്ചു തന്തയെ ഒന്നു തിരിഞ്ഞുനോക്കുക കൂടി ചെയ്യാതെ വന്ന കാറിൽ തിരിച്ചുപോയി. തന്ത ഡയറക്ടറെ സമീപിച്ച് തന്റെ ക്യാറ്റഗറി ഏതെന്നന്വേഷിച്ചു. തേഡ് ക്ലാസ്സിനുള്ള പ്രതിഫലമേ മക്കൾ അടച്ചിട്ടുള്ളു എന്ന് മനസ്സിലാക്കി. ഉടനെ പോക്കറ്റിൽ കൈയ്യിട്ട് നേരത്തെ എഴുതിക്കൊണ്ടുവന്നിരുന്ന ഒരു ചെക്ക് ഡയറക്ടർക്കു കൊടുത്തു. ചെക്കിലെ സംഖ്യ കണ്ട് ഡയറക്ടറുടെ കണ്ണു തള്ളിപ്പോയി. എനിക്ക് ഒന്നാമൻ തന്നെയാകണമെന്ന് തന്ത പറഞ്ഞു. അങ്ങനെ ഒന്നാമനിൽ മുമ്പനായ തന്റെ സ്ഥാനം നഷ്ടപ്പെടുന്നത് സിറിയക്ക് മനസ്സിലാക്കി. അന്നുമുതൽ നിർമ്മല കത്രീനമാർ തന്തയ്ക്കടുത്തേക്ക്. ഇന്നലെ പതിനേഴുകാരിയെ ഉണർത്തിയിരിയ്ക്കാവുന്ന അപ്പൂപ്പനെ ഇന്നു മുതൽ നിർമ്മല താങ്ങണം. സിറിയക്കിനു മനസ്സിലായി. മറ്റുള്ളവരുടെ സന്തോഷത്തിൽ ലയിച്ചു ചേരുന്നവനാണ് നീതിമാൻ.

**13.** അമ്മാമ്മയുടെ മരണത്തിൽ ഡേവിഡ് ഇപ്പോഴും ദുഖിതനാണ്. സിറിയക്ക് അടക്കം മറ്റുള്ളവരെല്ലാം അതെല്ലാം ഏതാണ്ടു മറന്ന മട്ടാണ്. അമ്മാമ്മയുടെ മുറിയിലേക്ക് അവുതത്തന്ത കടക്കാൻ ചെന്നു. ഡേവിഡ് വഴി തടഞ്ഞു കിടന്നു. ഡേവിഡിനെ കവച്ചുകടക്കാൻ ശ്രമിച്ച അവുതയെ അയാൾ തൊഴിച്ചു വീഴ്ത്തി. പെട്ടെന്ന് രണ്ടു മല്ലന്മാർ വന്ന് ഡേവിഡിനെ അയാളുടെ മുറിയിലാക്കി പൂട്ടി. അവുതയോട് സിറിയക്കിന് മത്സരം തോന്നി. തനിക്കു കിട്ടിയിരുന്ന നിർമ്മലയുടെ പരിചരണം നഷ്ടപ്പെടുമോ എന്ന വേവലാതിയാകാം. നിർമ്മല സിറിയക്കിന് പ്രഷറിനുള്ള ഗുളിക കൊടുക്കാൻ വന്നു. ഗുളിക കഴിച്ച് അവുതയുടെ മുറിയിലേക്കു നടന്നു. മര്യാദയ്ക്ക് സംസാരിച്ച് തങ്ങളുടെ പ്രശ്നത്തിനൊരു പരിഹാരമുണ്ടാക്കണം. മുന്തിയ പരിഗണനയുള്ള രണ്ടുപേരാണ് തങ്ങൾ. നിർമ്മലയെ തനിക്കു തരണം. ഡേവിഡിന്റെ മുറിയും പെട്ടെന്നൊഴിഞ്ഞുകൂടെന്നില്ല. പകരം ഒരു ഫസ്റ്റു ക്യാറ്റഗറിക്കാരൻ കൂടി വന്നാൽ തങ്ങൾക്കു രണ്ടുപേർക്കും ദോഷമാണ്. സൗഹാർദ്ദത്തിൽ തീരാൻ അവുത സമ്മതിക്കുന്നില്ലെങ്കിൽ ഒരു ദ്വന്ദയുദ്ധം തന്നെ. അവുതയുടെ മുറിയിലേക്കു പോകുമ്പോൾ കുള്ളൻ കാർലോസിന്റെ മുറിയിൽനിന്ന് ഒരു കഷണം കടലാസ് കാറ്റത്തു പറന്നയാളുടെ മുഖത്തടിച്ചു. ഉടനെ കാർലോസ് വന്ന് കടലാസ് തട്ടിപ്പറിച്ചുകൊണ്ടുപോയി. എല്ലാം കണക്കെഴുതി കൃത്യമായി സൂക്ഷിക്കുന്ന കണിശക്കാരനാണ് കാർലോസ്. മകൻ തരാനുള്ള കടത്തിന്റെ കണക്കാണിത്. സിറിയക്ക് അവുതയെ കണ്ടു. അയാൾ സിറിയക്കിനോട് ആദരവോടെയും സ്നേഹത്തോടെയും സംസാരിച്ചു. അവർ രണ്ടുപേരുംകൂടി ഓഫീസിന്റെ മുൻവശത്തേക്കു നടന്നു. കാർലോസിന്റെ മകനും ഭാര്യയും, കുട്ടിയും കാർലോസിനെ കാണാൻ വന്നിരിയ്ക്കുന്നു. കൊടുക്കാനുള്ള പണം ബാങ്കിലടച്ച രേഖയുമായാണ് അവർ വന്നിട്ടുള്ളത്. കൊച്ചുമകന്റെ ഉമ്മപോലും കാർലോസ് ഇടപാടുതീരും മുമ്പേ സ്വീകരിയ്ക്കാൻ തയ്യാറായില്ല. മകനെ ബുദ്ധിമുട്ടിക്കാതിരിക്കാനാണ് കാർലോസ് സദനത്തിലേക്കു പോന്നത്. പണം ബാങ്കിലടച്ച കടലാസു കണ്ടപ്പോൾ അയാൾ തൃപ്തനായി. അപ്പോഴേക്കും സദനത്തിലെ അന്തേവാസികളെല്ലാം അവിടെ എത്തിയും പാളിയും നോക്കുന്നു. കാർലോസിന്റെ മരുമകളുടെ സുതാര്യമായ സാരിയ്ക്കുള്ളിൽകൂടി കാണുന്ന നിമ്നോന്നതങ്ങളിൽ മുഴുകിയിരിക്കുകയാണ് എല്ലാവരും. അവുത സിറിയക്കിനോടു പറഞ്ഞു. എനിയ്ക്കെന്റെ ഭാര്യയെ കാണാൻ തോന്നുന്നു. സിറിയക്കിനും സാറയെ കാണണമെന്നു തോന്നാതിരുന്നില്ല. തന്റെ മൂത്തമകൻ പതിനേഴുകാരിയോടുള്ള കമ്പത്തിൽ മുറിവേറ്റ് ആസ്പത്രിയിലെത്തിയ സന്തോഷവാർത്ത തന്ത കുറച്ചു മുമ്പേ പറഞ്ഞിട്ടേയുള്ളു. സിറിയക് ഓർത്തു. – "സ്ത്രീകൾ ഭൂമിയുടെ ഉണക്കുമരങ്ങളാകുന്നു."

**14.** മരണചിന്ത ആദ്യം മനസ്സിന് ഇടിവുണ്ടാക്കും. ദിവസങ്ങൾ പോകുംതോറും അനവരതമായ മരണചിന്ത പുതുജീവിതം സമ്മാനിക്കും. നിർമ്മല ഗുളിക തരാൻ വന്നു. ഗുളിക വാങ്ങി വലിച്ചെറിഞ്ഞു. നിർമ്മലയോട് പോയിക്കൊള്ളാൻ പറഞ്ഞു. അവൾ പോയില്ല. സിറിയക്ക് മുറിക്കുവെളിയിൽ കടന്നു. ഓഫിസിന്റെ പുറത്ത് ആരോഗ്യവാനായ ഒരപരിചിതനും കെ.നാടാരും ഇരിയ്ക്കുന്നു. മക്കൾ തള്ളിപ്പറയും മുമ്പേ ഇങ്ങോട്ടുപോരണം. ഉള്ളതെല്ലാം വിറ്റുപെറുക്കണം. ബുക്കുചെയ്തേ പോകാവൂ എന്ന് നാടാർ ഉപദേശിക്കുന്നു. സദനത്തിൽ പുതിയ രണ്ടുനിലക്കെട്ടിടം ഉയരാൻ പോകുന്നു. അവിടെ വേറൊരു സദനം ഉണ്ടാവും. ദുരിതങ്ങളിൽനിന്ന് രക്ഷപ്പെടാൻ വൃദ്ധന്മാർ അങ്ങോട്ടു വരും. അപ്പോഴാണ് പണിസ്ഥലത്തു നിൽക്കുന്ന മറ്റൊരുചെറുപ്പക്കാരനെ കണ്ടത്. ആഗ്നസ് പ്രസവിച്ചിരുന്നെങ്കിൽ തന്റെ മകനാവാൻ പ്രായമുള്ള പയ്യൻ. ഡൊമിനിക് എന്നാണ് പേര്. ഹരിദാസൻ പരിചയപ്പെടുത്തി. തന്നെക്കാണാൻ നഗരത്തിൽനിന്നു വന്നവനാണ്. സാറ പറഞ്ഞയച്ചതാണ്. തന്നെ മോചിപ്പിയ്ക്കാനോ എന്ന് സംശയിച്ചു. അല്ല, സാറയുടെ പുതിയ ഭർത്താവാണ്. അവളേക്കാൾ രണ്ടു വയസ്സു കുറയും. വിവാഹത്തിന്റെ ഔപചാരിക രേഖകൾ കിട്ടാൻ വൈകുമെന്നതുകൊണ്ട് അവർ മധുവിധു ആഘോഷിക്കാൻ തുടങ്ങിയിരിക്കുന്നു. അയാൾ ഒരു ഫയലുമായാണ് സിറിയക്കിനെകാണാൻ വന്നിട്ടുള്ളത്. സിറിയക്ക് ഭ്രാന്തനായിരുന്നുവെന്നും രണ്ടുവർഷം ഭ്രാന്താശുപത്രിയിൽ കിടത്തി ചികിത്സിച്ചതാണെന്നും ഉള്ള ഒരു രേഖ ഫയലിലുണ്ട്. നശീകരണ സ്വഭാവമുള്ള അയാളെ

വൃദ്ധസദനത്തിൽ ചേർത്തതാണ് മറ്റൊരു കടലാസ്. ഇങ്ങനെ അപകടകാരിയായ ഒരാളിൽനിന്ന് മോചനം അപേക്ഷിച്ചുകൊണ്ടുള്ളതാണ് വേറൊരു കടലാസ്. മറ്റൊരു കടലാസു കൂടിയുണ്ട്. തന്റെ ഭാര്യയായ സാറയെ ഡൊമിനിക്കിന് ഇഷ്ടദാനമായി എഴുതിക്കൊടുത്ത മുദ്രപത്രമാണത്. അതിൽ സിറിയക്കിന്റെ ഒരൊപ്പിനുവേണ്ടിയാണ് ഡൊമിനിക്ക് വന്നിട്ടുള്ളത്. മടിയ്ക്കാതെ ഒപ്പിട്ടു കൊടുത്തു. ഡൊമിനിക്ക് സിറിയക്കിനെ കെട്ടിപ്പിടിച്ചു. സങ്കടം തോന്നിയെങ്കിലും "സാറയോട് എന്റെ അഭിനന്ദനങ്ങൾ പറയണം" എന്നു മാത്രം പറഞ്ഞയച്ചു.

15. ജീവിതം വെറുത്ത സിറിയക്ക് അന്ത്യയാത്രക്കുള്ള ഒരുക്കത്തിലാണ്. മുറിയിൽ ഇരുട്ടിൽക്കിടന്നു. വാതിൽതുറന്ന് ആരോ മുറിയിലേക്കു വന്നതായി തോന്നി. കത്രീനയാണെന്നു മനസ്സിലായി. ഏതിരുട്ടിലും സ്ത്രീകളുടെ സാന്നിദ്ധ്യം സിറിയക്കിനു മനസ്സിലാവും. അവൾ കട്ടിലിൽ കൂടെക്കിടന്നു. അയാൾക്ക് യാതൊരുത്സാഹവും തോന്നിയില്ല. പേടിക്കയ്ക്കേണ്ടതില്ല, സദനത്തിലെ നേഴ്സ്മാരെല്ലാം വന്ധ്യംകരിയ്ക്കപ്പെട്ടതാണെന്നവൾ ഓർമ്മിപ്പിച്ചു. കോമാളിയുടെ ഉത്സവനഗരിയിൽ എത്തിയമാതിരി തോന്നി പിന്നീട്. അവിടെ സദനത്തിലെ അന്തേവാസികളെല്ലാം എത്തിയിട്ടുണ്ട്. അവർ ഹൃദയമെന്തെന്ന് ഇതുവരെയറിഞ്ഞിട്ടില്ല. ഹൃദയമിടിപ്പിന്റെ താളമേ സിറിയക്ക് ഇപ്പോൾ അറിയുന്നുള്ളൂ. അതും ഒന്ന് അവസാനിച്ചു കിട്ടണം.

## (ചോദ്യങ്ങൾ)

**(മുന്നുറു വാക്കിൽ ഉത്തരമെഴുതുക)**

1. **"വാർദ്ധക്യം ഒരു ശാപമോ രോഗമോ ആക്കുന്ന വ്യവസ്ഥിതിയാണ് വൃദ്ധസദനത്തിലെ അന്തേവാസികളെ സൃഷ്ടിക്കുന്നത്." കൊച്ചുബാവയുടെ നോവലിന്റെ വെളിച്ചത്തിൽ പരിശോധിക്കുക.**

ആധുനിക യാന്ത്രിക സംസ്കാരവും കമ്പോള സംസ്കാരവുമാണ് ഇന്ന് സാർവ്വത്രികമായി കാണുന്ന അനാഥവാർദ്ധക്യത്തെ സൃഷ്ടിക്കുന്നത്. പാശ്ചാത്യ സംസ്കാരഭ്രമവും ഇന്നത്തെ ന്യൂക്ലിയർ കുടുംബ വ്യവസ്ഥയും ഈ പരിതാപാർഹമായ പ്രവണതയെ ആവോളം പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.ഈ ആശയത്തെ ശക്തമായി സംവദിക്കുന്ന ഒരു നോവലാണ് കൊച്ചുബാവയുടെ വൃദ്ധസദനം. പതിനാലോളം അന്തേവാസികളെമാത്രം ഉൾക്കൊള്ളുന്ന ഈ കൊച്ചുസദനത്തിൽ പ്രവേശിക്കപ്പെട്ടവരുടെ കഥകൾ തന്നെ വാർദ്ധക്യത്തോടു കാണിയ്ക്കുന്ന ദാരുണമായ ക്രൂരതകൾ വിളിച്ചോതുന്നു. ദീവിതകാലം മുഴുവൻ ഭാര്യക്കും മക്കൾക്കും വേണ്ടി വിയർപ്പൊഴുക്കി ജീവിതാശ്രമത്തിലെ മൂന്നാം ഘട്ടത്തിലേക്കു കടക്കുമ്പോഴേക്കും ഭാര്യക്കോ, മക്കൾക്കോ വേണ്ടാത്ത ഒരവസ്ഥയിലെത്തുന്നു മനുഷ്യനിവിടെ. ചിലർക്ക് ഇത്തരം വൃദ്ധന്മാർ ശല്യമാണ്. അവരെ ഒഴിവാക്കാനുള്ള മാന്യമായ രീതിയാണ് വൃദ്ധസദനം.

നായകനായ സിറിയക്ക് ആന്റണിയുടെ കഥ നിൽക്കട്ടെ. അല്ലാതെത്തന്നെ ഇവിടെയുള്ള ചില അന്തേവാസികൾ വൃദ്ധസദനത്തിൽ എങ്ങനെ വന്നുപെട്ടുവെന്നു നോക്കാം. വിചിത്രസ്വഭാവക്കാരനായ തടിമാടനെ ആദ്യം പരിചയപ്പെടാം. തടിമാടന്റെ യഥാർത്ഥ പേരെന്തെന്നുപോലും ചോദിച്ചിട്ടുകാര്യമില്ല. വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് , ഊരോ, പേരോ, വ്യക്തിത്വമോ ഇല്ല. സാമാന്യം ഭേദപ്പെട്ട സർക്കാർ ഉദ്യോഗത്തിലായിരുന്നു ഇയാൾ. അമ്പത്തഞ്ചു വയസ്സായപ്പോൾ ജോലിയിൽ നിന്നു പിരിഞ്ഞു. റിട്ടയറാകും മുമ്പെ മക്കളെയെല്ലാം തന്റെ പരിധിവെച്ച് ഉന്നതപദവിയിലെത്തിച്ചു. തിരിച്ചുവീട്ടിൽ വന്നപ്പോൾ താനൊറ്റയായി. ചെയ്യാൻ പ്രത്യേകിച്ച് ജോലിയുമില്ല. ആകെ മടുപ്പ്. മക്കൾക്കും മരുമക്കൾക്കും ഈ മടുപ്പൊരു ശല്യമായിത്തുടങ്ങി. ബുദ്ധിമാനായ അയാൾ കൂടുതലൊന്നും

പറയിപ്പിയ്ക്കാനവസരം കൊടുക്കാതെ, ആട്ടിപ്പുറത്താക്കും മുമ്പ് തലയെടുപ്പോടെ ഇറങ്ങിപ്പോന്നു, സദനത്തിലേയ്ക്ക്, വയസ്സുകാലത്ത് തന്തയുടെ മലവും മൂത്രവും കോരാതെ കഴിഞ്ഞു എന്ന് ആശ്വസിച്ചിരിയ്ക്കണം മക്കളുടെ ഭാര്യമാർ.

നായകനായ സിറിയക്ക് ആന്റണിയ്ക്ക് മുറി കിട്ടുന്നതുതന്നെ ഒരു വ്യവസ്ഥയിലാണ്. പണക്കാരായ ഒരു അപ്പനെ അദ്ദേഹത്തിന്റെ മക്കൾ ഭ്രാന്താശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അവിടെനിന്ന് ഡിസ്ച്ചാർജ്ജു ചെയ്യുമ്പോഴേക്കും ആ അപ്പനുവേണ്ടി പണക്കാരായ മക്കൾ ബുക്കുചെയ്തതാണ് ഈ മുറി. പക്ഷേ ലോകം കുറേ കണ്ട അനുഭവമുള്ള ഡയറക്ടർക്ക് അറിയാം ആ അപ്പൻ ഭ്രാന്താശുപത്രിയിൽ നിന്ന് പുറത്തുകടക്കുകയില്ലെന്ന്. സ്വത്തുതർക്കം മൂർദ്ധന്യത്തിലെത്തിയിരിക്കുന്നതു കൊണ്ട് മനോരോഗാശുപത്രിയിലെ എതെങ്കിലും പ്രാകൃതരീതികളിലൂടെ മകന് അപ്പനെ തട്ടിക്കളയാതെ നിർവാഹമില്ല. കാര്യം അങ്ങനെതന്നെയാണ് സംഭവിയ്ക്കുന്നത് എന്ന് ഏറെത്താമസിയാതെ നാം അറിയുന്നു.

ഇയ്യാക്കു മൂപ്പരാണ് മറ്റൊരന്തേവാസി. സദാ പുല്ലുപറിക്കലാണ് മൂപ്പരുടെ പണി. പറിയ്ക്കാൻ പുല്ലില്ലെങ്കിൽ അതിനെപ്പറ്റി പരാതിപ്പെട്ടെന്നു വരും. ആരെങ്കിലും പുൽനാമ്പിൽ ചവിട്ടുകയെ നശിപ്പിക്കുകയോ ചെയ്താൽ ക്ഷുഭിതനാകും. ആക്രമിച്ചെന്നു വരും. തന്റെ യൗവ്വനകാലത്ത് കാടുവെട്ടിത്തെളിച്ച് കുടിയേറ്റം നടത്തിയവനാണ് മൂപ്പർ. അങ്ങനെ സമ്പന്നനായി. മക്കളെയെല്ലാം ഉയർന്ന പദവിയിലെത്തിച്ചു. സമുദായത്തിലെ മേൽത്തട്ടിൽ അവർക്ക് ബന്ധുക്കളും പിടിപാടുമുണ്ട് ഇന്ന്. മാന്യന്മാരായ അതിഥികൾ കാറിൽ മുറ്റത്തു വന്നിറങ്ങുമ്പോൾ തങ്ങളുടെ അച്ഛൻ അവിടെയിരുന്ന് പുല്ലു പറിയ്ക്കുന്നത് അവർക്ക് വലിയ നാണക്കേടായി. പലതവണ അപ്പനോടുപദേശിച്ചു പുല്ലുപറിയ്ക്കല്ലേയെന്ന്. കേൾക്കണ്ടെ. പോരാത്തതിന് വൃദ്ധനെക്കൊണ്ട് വീണ്ടും ശല്യങ്ങൾ ഉണ്ടായി. ഒരിയ്ക്കൽ മകന്റെ ഭാര്യയോട് അയാൾ സങ്കടപ്പെട്ടു. പറിയ്ക്കാൻ മുറ്റത്ത് പുല്ലൊന്നുമില്ലെന്ന്. മരുമകൾക്ക് കലികയറി. നട്ടവേനൽക്ക് തന്തപ്പിടിയ്ക്ക് പറിയ്ക്കാൻ - പുല്ലിരിയ്ക്കയല്ലേ. പറമ്പിൽ പോയി നോക്ക് വല്ലതും കാണുമെന്നവൾ പുച്ഛിച്ചു. അപ്പോഴേക്കും മൂപ്പരുടെ മൂത്തമകളുടെ ഇളയകുട്ടി മുറ്റത്തേക്കിറങ്ങാൻ തുടങ്ങി. കുട്ടി പുൽനാമ്പുകൾ ചവിട്ടിനശിപ്പിയ്ക്കുമെന്നു ഭയന്ന വൃദ്ധൻ കുട്ടിയെ തട്ടിനീക്കി. അതു മലർന്നടിച്ചു വീണു. ചവിട്ടുപടിയിൽ തട്ടി അതിന്റെ തലയിൽ ചെറിയൊരു മുറിവു പറ്റി. ആ സംഭവം വീട്ടിലാകം ഭൂകമ്പമുണ്ടാക്കി. 'നമ്മടപ്പന് ഭ്രാന്തായേ' എന്ന് മകൾ വിളിച്ചു നിലവിളിക്കാൻ തുടങ്ങി. മൂപ്പർക്ക് ആ വാക്കിന്റെ അർത്ഥം പോലും മനസ്സിലായില്ല. വൃദ്ധന്റെ കണ്ണുകൾ നിറഞ്ഞു. കണ്ണിൽ കരടു പെട്ടതാണെന്നു നടിച്ച് തുടച്ചുമാറ്റി. മക്കൾ വെവ്വേറെ അപ്പനെ ഉപദേശിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ വൃദ്ധൻ വീണ്ടും മുറ്റത്തേക്കിറങ്ങി പുല്ലു പറിയ്ക്കാൻ. മക്കൾ പിന്നെ ക്ഷമിച്ചില്ല. പിടിച്ച പിടിയാലെഅപ്പനെ വൃദ്ധസദനത്തിലെത്തിച്ചു. കുടിയേറ്റക്കാലത്ത് അയാളുടെ സാഹസങ്ങൾക്ക് കൂട്ടായി നിന്നവളും തന്റെ മക്കളെ ഗർഭത്തിൽ വഹിച്ചവളുമായ ഒരുത്തിയുണ്ടായിരുന്നു. അവൾ പൊടുന്നനെ ഒരു ദിവസം മരിച്ചു. ചില്ലിട്ടുവെച്ച അവളുടെ ഫോട്ടോവിനോട് അവസാനമായൊന്നു യാത്ര പറയാൻ പോലും മക്കൾ അനുവദിച്ചില്ല. വാർദ്ധക്യത്തെ ഒരു രോഗമാക്കിത്തീർക്കുന്ന പ്രവണതയാണിവിടെ കണ്ടത്. പോലീസ് കമ്മീഷണർ വരെ സ്വന്തക്കാരായ മക്കൾ പൊറുതികെടുത്തിയ അപ്പനെ ഭ്രാന്താശൂപത്രിയിലാക്കുകയോ വകവരുത്തുകയോ ചെയ്തില്ലെന്നതുതന്നെ വലിയൊരു ജീവകാരുണ്യപ്രവർത്തനമായി.

ഇതിൽ നിന്നെല്ലാം വ്യത്യസ്തനായ ഒരു കഥാപാത്രമാണ് കെ.നാടാർ. അയാളെ ബന്ധുക്കളല്ല സദനത്തിലെത്തിച്ചത്, നാട്ടുകാരാണ്. കയ്യും കാലും തല്ലിയൊടിച്ച് മുളന്തണ്ടിൽ തലകീഴായി കെട്ടിത്തൂക്കിയാണ് അയാളുടെ പ്രവേശനം. അയാളെ ചേർക്കാനുള്ള പ്രതിഫലം നാട്ടുകാർ പിരിവിട്ടെടുത്തതാണ്. അത്രയ്ക്കും ജനങ്ങൾ നാടാരെക്കൊണ്ട് പൊറുതിമുട്ടിയിരുന്നു. നുണ പറഞ്ഞ് ഗ്രാമവാസികളെ മുഴുവൻ തല്ലിക്കുകയാണ് അയാളുടെ വിനോദം. നുണ എന്ന കിംവദന്തി എന്നാണ്

അയാളുടെ പ്രയോഗത്തിന്റെ ഓമനപ്പേര്. തോളിൽ കൈയ്യിട്ടുപോയിരുന്ന ചേട്ടനേയും അനുജനേയും പരസ്പരം കുടൽമായ ചൂടിച്ചതും, അയൽവാസിയുടെ ഭാര്യടെ കിണറ്റിലെത്തിച്ചതും, മുപ്പതുകാരിയുടെ ഇല്ലാഗർഭം ചുമന്ന് പതിമുന്ന്കാരൻ ഗ്രാമം വിട്ടതും, പൂർണ്ണ ഗർഭിണിയായഒരു പത്തൊമ്പതുകാരിയെ അവളുടെ പ്രിയപ്പെട്ട ഭർത്താവിനെക്കൊണ്ട് ചവിട്ടിക്കൊല്ലിച്ചതും കെ.നാടാരുടെ ചില ധീരസാഹസകൃത്യങ്ങളാണ്.

ഇതുപോലെ എടുത്തുപറയേണ്ട മറ്റൊരാളാണ് അവുതത്തന്ത. ദുഷ്ടന്മാരായ മക്കളെക്കൊണ്ട് അയാൾ പൊറുതിമുട്ടി. ഒരു തരത്തിലും അവർ മര്യാദ പഠിയ്ക്കില്ല. സാമാന്യം ചതികളിൽ നിന്നെല്ലാം അവർ രക്ഷപ്പെടുകയും ചെയ്യും. ഗതികെട്ട അവുതത്തന്ത രണ്ടാമതൊരു കല്ല്യാണം കഴിച്ചു. അച്ഛന്റെ രണ്ടാം വിവാഹം മക്കൾ പടക്കം പൊട്ടിച്ചാഘോഷിച്ചു. തന്തയുടെ മലവും മൂത്രവും കോരാനൊരാളായല്ലോ എന്ന് പുത്രഭാര്യമാർ കരുതി ആശ്വസിച്ചു. ഒരു മധുരപ്പതിനേഴുകാരിയാണ് നവവധുവായി അവുതയുടെ കൂടെ വീട്ടിൽ കയറി വന്നത്. അവളുടെ സാന്ജര്യത്തിൽ ആൺമക്കൾ മതിമറന്നു. പെൺമക്കൾ അസൂയകോണ്ടു മുഖം കുനിച്ചു. അതിലും വലിയ ബോംബ് അതല്ല. തന്റെ കാലശേഷം സ്വത്തെല്ലാം നവവധുവിന്റെ പേരിൽ എഴുതിവെയ്ക്കുകയും ചെയ്തു. വയസ്സുകാലത്ത് ദുഷ്ടരായ തന്റെ മക്കൾക്കു നേരെ പ്രയോഗിക്കാൻ ഇതിലും നല്ലൊരായുധം ആ മനുഷ്യൻ കണ്ടില്ല. മക്കളാകട്ടെ, വൃദ്ധസദനത്തിൽ വരുന്നു. അപ്പന്റെ കൂട്ടായല്ലാ തനിയെ ഓടിച്ചുവരുന്നു കാറിൽ. അപ്പന്റെ പ്രതിഫലത്തുക കുറയ്ക്കാൻ വേണ്ടി മാറിമാറി ഡയറക്ടറോട് വില പേശുന്നു. അപ്പന്റെ ആയുരാരോഗ്യത്തിൽ അസംതൃപ്തരാകുന്നു. എന്തിനധികം, പോകുന്ന സമയത്ത് സ്വന്തം പിതാവിനെ ഒന്നു തിരിഞ്ഞു നോക്കാൻപോലും അവർ തയ്യാറായില്ല.

പിടിച്ചതിലും വലിയതാണ് മടയിൽ എന്നൊരു ചൊല്ലുണ്ടല്ലോ. അതുപോലെ ഇതിലൊക്കെയും ദയനീയമായ ക്രൂരതയ്ക്കാണ് മുഖ്യ കഥാപാത്രമായ സിറിയക്ക് ആന്റണി വിധേയനാകുന്നത്. ആദ്യഭാര്യയായ ആഗ്നസ് മുഖേനയാണ് ദരിദ്രനായ സിറിയക്ക് ധനികനാകുന്നത്. പക്ഷേ ദൗർഭാഗ്യ വശാൽ ആസ്നസ് അകാലത്തിൽ രോഗിണിയായി, ശയ്യാവലംബിനിയായി മരിച്ചുപോയി. ആഗ്നസിനെ ശുശ്രൂഷിക്കാൻ കുടുംബഡോക്ടർ ഏർപ്പെടുത്തിക്കൊടുത്ത നേഴ്സാണ് സാറ. അവൾ ആഗ്നസ്സിനേക്കാൾ പരിചരിച്ചത് സിറിയക്കിനെയാണ്. ആഗ്നസ് മരിച്ചപ്പോൾ സിറിയക്ക് സാറയെ വിവാഹം കഴിച്ചു. ആഗ്നസ് പ്രസവിച്ചിരുന്നില്ല. സാറയും പ്രസവിക്കുവാൻ സമ്മതിച്ചില്ല. സിറിയക്കിന്റെ സ്വത്തിലായിരുന്നു അവളുടെ കണ്ണ്. കല്യാണം കഴിക്കുമ്പോൾ സാറയ്ക്ക് വയസ്സ് മുപ്പത്. സിറിയക്കിന് അമ്പത്. രണ്ടരക്കൊല്ലത്തെ സുഖജീവിതത്തിന്നിടയിൽ സിറിയക്കിന്റെ സ്വത്തെല്ലാം സാറയുടെ പേരിൽ എഴുതി വെപ്പിച്ചു. അതുമുതൽ ചതി തുടങ്ങുന്നു. അമ്പത്തഞ്ചുകാരനും അരോഗദൃഢഗാത്രനുമായ സിറിയക്കിനെ സ്വർഗ്ഗീയ സൗകര്യങ്ങളുള്ള നിർമ്മൽഭവൻ വൃദ്ധസദനത്തിൽ ചേർക്കാനായിരുന്നു അവളുടെ അശ്രാന്ത പരിശ്രമം. അതിനുവേണ്ടി ഡയറക്ടറുമായി ഫോണിൽ ബന്ധപ്പെട്ടു. അയാൾക്കുപോലും അവിശ്വസനീയമായ ഒരു തുക സദനത്തിലേക്കു നൽകി. അങ്ങനെ സിറിയക്കിനെ ഫസ്റ്റ് ക്ലാസ്സ് ക്യാറ്റഗറിയിലുള്ള അന്തേവാസിയാക്കി മാറ്റി. സിറിയക്കിന്റെ സമ്മതത്തോടെയല്ല അയാളെ വൃദ്ധസദനത്തിലാക്കുന്നത്. വളരെ സൂക്ഷ്മമായി ആലോചിച്ചുണ്ടാക്കിയ വ്യവസ്ഥകളനുസരിച്ചാണ് അവൾ അയാളെ അവിടെ ചേർക്കുന്നത്. ഒരു തരത്തിലും സിറിയക്ക് വൃദ്ധസദനം വിട്ടു വീട്ടിലേക്കു ചെന്നുകൂടാ. ഒരിയ്ക്കലും ഭാര്യയുമായി വീണ്ടും കണ്ടുകൂടാ. എല്ലാ സുഖസസൗകര്യങ്ങളും അയാൾക്ക് സദനത്തിൽ ലഭിച്ചിരിക്കണം. അവസാനം അയാൾക്കൊരു സ്വാഭാവികമരണവും നൽകണമെന്നതായിരുന്നു വ്യവസ്ഥകൾ. സ്വന്തം വീട്ടിലെ ഫോൺ നമ്പർ വരെ ഒളിപ്പിച്ചുവെക്കുന്നു. സദനത്തിൽ നിന്നു പിരിയുമ്പോൾ ഒന്നു യാത്രപറയാൻപോലും സന്മനസ്സു കാണിക്കുന്നില്ല സാറ. അമ്പത്തഞ്ചുകാരന്റെ പൂർണ്ണാരോഗ്യം എതാനും മാസങ്ങൾകൊണ്ട് തകർന്നു. മരണം ഒരനുഗ്രഹമായി കാണുന്ന പതനത്തിൽ സിറിയക്ക് എത്തിച്ചേരുന്നു. അളവറ്റ തന്റെ സ്വത്തെല്ലാം കൈവശപ്പെടുത്തിയ സാറ ഒരിയ്ക്കൽപോലും അയാളെ സന്ദർശിയ്ക്കാൻ സദനത്തിൽ വരുന്നില്ല.

കഥാന്ത്യത്തിലാണ് സിറിയക്കിന്റെ ദയനീയാവസ്ഥ വ്യക്തമാക്കുന്നത്. ഡൊമിനിക്ക് എന്ന തന്നേക്കാൾ രണ്ടു വയസ്സിനിളപ്പമുള്ള ചെറുപ്പക്കാരനുമായി സാറ മധുവിധുവാഘോഷിയ്ക്കാൻ തുടങ്ങിയ വിവരം സിറിയക്ക് നിർവ്വികാരനായി അറിയുന്നു. സിറിയക്കിന്റെ ഒരു ഒപ്പിനുവേണ്ടിയാണ് സാറ പറഞ്ഞയച്ച് ഡൊമിനിക്ക് സദനത്തിലെത്തിയിട്ടുള്ളത്. സിറിക്കിന് മുഴു ഭ്രാന്തായിരുന്നുവെന്നും രണ്ടുകൊല്ലം ഭ്രാന്താശുപത്രിയിൽ ചികിത്സിച്ചിട്ടും നശീകരണസ്വഭാവം വിട്ടുമാറാത്തതിനാലാണ് സിറിയക്കിനെ വൃദ്ധസദനത്തിൽ ചേർത്തതെന്നും സാറ രേഖയുണ്ടാക്കിയിട്ടുണ്ട്. സാറയുടേയും ഡൊമിനിക്കിന്ടറേയും വിവാഹത്തിനു സമ്മതമാണെന്ന രേഖയിലാണ് സിറിയക്ക് ഒപ്പിട്ടു കൊടുക്കേണ്ടത്. അതാണ് സാറയുടെ നിസ്സാരമായ ആവശ്യം.

വൃദ്ധസദനത്തിൽ ആരും സ്വമനസ്സാലെ എത്തിച്ചേരുന്നില്ല. സ്വാർത്ഥ താൽപ്പര്യത്തിനും സ്വന്തം ജീവിതസുഖങ്ങൾക്കും വേണ്ടി ആരോഗ്യവാന്മാരായ ബന്ധുക്കളെ അനാഥവൃദ്ധരാക്കുന്ന സാമൂഹ്യ വ്യവസ്ഥയുടെ നേരെയാണ് വൃദ്ധസദനം എന്ന നോവൽ വിരൽ ചൂണ്ടുന്നത്.

**(2) ആധുനിക കാലഘട്ടത്തിലെ കമ്പോള സംസ്ക്കാരത്തിൽ വാർദ്ധക്യവും ഒരു മുന്തിയ കച്ചവടച്ചരക്കു തന്നെ – വൃദ്ധസദനത്തെ അടിസ്ഥാനപ്പെടുത്തി ചർച്ച ചെയ്യുക.**

ഇന്ന് എല്ലാം വ്യാപാരാടിസ്ഥാനത്തിലും ലാഭനഷ്ടത്തിന്റെ ഭാഷയിലും പരിഗണിച്ചു വരുന്നു. മാനുഷികമൂല്യങ്ങളും രക്തബന്ധങ്ങളും എല്ലാം വാണിജ്യവസ്തുക്കളാണ്. അക്കൂട്ടത്തിൽ വിപണന സാദ്ധ്യത ഏറെയുള്ളതാണ് വൃദ്ധസദനം. വൃദ്ധസദനം എന്നു കേൾക്കുമ്പോൾ ആരുടേയോ നല്ല മനസ്സിൽ കിളർന്നു വളർന്ന മഹത്തായ ജീവകാരുണ്യപ്രവർത്തനം എന്നു നാം തെറ്റിദ്ധരിച്ചേക്കും. പ്രധാനറോഡിൽ നിന്ന് വൃദ്ധസദനത്തിലേക്കു തിരിയുന്ന വഴിയിൽ കാണുന്ന വ്യക്തമായി എഴുതിവെച്ച ബോർഡുണ്ടല്ലോ – ഇറച്ചിക്കോഴികൾ വിൽപ്പനക്ക് എന്ന്. അതു പ്രതീകാത്മകമായി വൃദ്ധസദനത്തെ തന്നെയാണ് കുറിക്കുന്നത്.

ഒരു വിപുലമായ വ്യാപാരമേഖലയുടെ എല്ലാ സമ്പ്രദായങ്ങളും കച്ചവടനീതിയും നിർമ്മൽഭവൻ വൃദ്ധസദനത്തിനുമുണ്ട്. ഏതു വ്യാപാരത്തിനും പരസ്യമാണ് പരമപ്രധാനം. ഒരു പ്രസിദ്ധീകരണത്തിലെ ഒരു മുഴുവർണ്ണ പരസ്യപേജിൽ നിന്നാണ് വൃദ്ധസദനത്തിന്റെ വിശദാംശങ്ങൾ സാറ ചികഞ്ഞെടുക്കുന്നത്. ഭൂമിയിലെ സ്വർഗ്ഗഖണ്ഡം പോലെ അവിടെയുള്ള സുഖസൗകര്യങ്ങൾ അവർ ഭർത്താവിന് വായിച്ചുകൊടുക്കുന്നു. നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഇത്രയും സൗകര്യമുള്ളൊരിടം കിട്ടിയാൽ......... എന്നു പ്രലോഭിപ്പിയ്ക്കുന്നു. വൃദ്ധസദനത്തതിലും ഫോണുണ്ട്. ആവശ്യക്കാർക്ക് ഡയറക്ടറുമായി ബന്ധപ്പെടാം. തിരക്കുനിമിത്തം കണക്ഷൻ കിട്ടാനാണ് പ്രയാസം എന്നേ ഉള്ളു.

ആവശ്യം കണ്ടപിടുത്തത്തിന്റെ അമ്മയാണല്ലോ. വൃദ്ധന്മാരെ നട തള്ളാനുള്ള ആവശ്യക്കാരുടെ നീണ്ട ക്യൂ ഉണ്ടെന്ന് ഡയറക്ടർ ഇർവ്വാദീസിന്നറിയാം ജില്ലാ കലക്ടർ വരെ ആ നീണ്ട നിരയിലുണ്ട്. അതനുസരിച്ചുള്ള സ്ഥാപന നടത്തിപ്പും ചിട്ടവട്ടങ്ങളും അയാൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരസ്യം തന്നെ പല രീതിയിലാണ്. വൃദ്ധസദനത്തിലെ ഒരന്തേവാസിക്കു എന്തെങ്കിലും അസുഖം ബാധിച്ചാൽ ഡയറക്ടർ മുതൽ വേലക്കാർ വരെ കാട്ടിക്കൂട്ടുന്ന വെപ്രാളം സഹിയ്ക്കില്ല. പ്രത്യേകിച്ച് ഏതെങ്കിലും അന്തേവാസിയുടെ ബന്ധുക്കൾ ആരാനും സന്ദർശകരായുണ്ടെങ്കിൽ, ഡോക്ടറും നേഴ്സും, വേലക്കാരും കാട്ടിക്കൂട്ടുന്ന ബദ്ധപ്പാടും വികാരവായ്പും മറ്റൊരു പരസ്യമാണ്. "നിങ്ങളുടെ വീട്ടിൽ വൃദ്ധന്മാരുണ്ടെങ്കിൽ ഈ സ്വർഗ്ഗീയ പരിചരണം നേടാനുള്ള അവസരം അവർക്കും കൊടുക്കൂ" എന്നാണതിനർത്ഥം. അതുകൊണ്ടൊക്കെത്തന്നെയാണ് ഉദാരമതികളുടെ സഹായം നിർല്ലോപം ലഭിയ്ക്കുന്നതും വളരെ എളിയ തോതിൽ ആരംഭിച്ച ഈ സ്ഥാപനം അടിയ്ക്കടി വളർന്നു വരുന്നതും.

അന്തേവാസികളേക്കാൾ അവരുടെ ബന്ധുക്കളുടെ താൽപ്പര്യങ്ങൾക്കാണ് ഏറ്റവും മുന്തിയ പരിഗണന. കാരണം പ്രതിഫലം നൽകുന്നത് അവരാണല്ലോ. വൃദ്ധനെ വീട്ടിലേയ്ക്ക് വിടുകയേ അരുതെന്നോ, ബന്ധുക്കൾ കാണാനിടവരരുതെന്നോ, അനായാസമായ സ്വാഭാവികമരണം നൽകണമെന്നോ ബന്ധുക്കൾ ആവശ്യപ്പെട്ടാൽ അതെല്ലാം കൃത്യമായി നടക്കും. സദനത്തിലെ താമസത്തിൽ അസംതൃപ്തരായ വൃദ്ധന്മാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ട്രീറ്റുചെയ്യാൻ പ്രത്യേകം പരിശീലനം നേടിയവരാണ് അവിടുത്തെ നേഴ്സുമാർ. ഏതൊരാളേയും അപ്പാപ്പാ എന്ന് അലിവോടെ വിളിച്ച് സഹായിക്കാൻ അവർ എത്തും. തൊടാനും താങ്ങാനും തലോടാനും ഭക്ഷണം വായിൽ കൊടുക്കാനും അവരുണ്ട്. അതിലപ്പുറം അകാലവൃദ്ധനായ ഒരാൾക്ക് ലൈംഗികതൃഷ്ണയുണ്ടെങ്കിൽ അതിനെ പ്രോത്സാഹിപ്പിച്ച് തൃപ്തിപ്പെടുത്താനും വേണ്ട സംവിധാനം അവിടേയുണ്ട്. ഗർഭത്തെപ്പറ്റി പേടിക്കേണ്ടതില്ല. കാരണം അവിടുത്തെ നേഴ്സുമാരെല്ലാം വന്ധ്യംകരിയ്ക്കപ്പെട്ടവരാണ്; അനാഥാലയത്തിൽ നിന്നു കൊണ്ടു വന്നവരാണ്.

വൃദ്ധസദനത്തിലെ വ്യാപാരം എത്ര ഭംഗിയായി നടക്കുന്നുവെന്നതിനുദാഹരണമാണ് അമ്മാമ്മയുടെ മരണം. സദാ മരണഭീതിയുമായിക്കഴിയുന്ന അവർ രാത്രിയുടെ ഏതോ യാമത്തിൽ ആരും അറിയാതെ മരിച്ചു. പക്ഷേ മരിച്ച വിവരം അറിഞ്ഞതോടെ ഡയറക്ടർ ഇർവ്വാദീസ് ഒരു മരുമകന്റെ സങ്കടത്തോടെ അവിടെ പാഞ്ഞെത്തുന്നു. അന്തേവാസികളെയെല്ലാം അഭിമുഖീകരിച്ച് അയാൾ വികാരതരളിതനായി അനുശോചനപ്രസംഗം നടത്തുന്നു. പ്രസംഗത്തിന്നിടയിൽ അനാഥയായ അമ്മാമ്മയെ താൻ സൗജന്യമായാണ് സദനത്തിൽ പാർപ്പിച്ചതെന്നും ലാഭത്തിനു വേണ്ടിയല്ല, ജീവകാരുണ്യ പ്രചോദിതമായാണ് താൻ ഈ സദനം നടത്തുന്നതെന്നും അടിവരയിട്ടു പ്രഖ്യാപിക്കുന്നു. ഉടനെ ഡോക്ടർ വരുന്നു. ജീവിച്ചിരുന്ന കാലത്തേക്കാൾ ശുഷ്ക്കാന്തിയോടെ പരിശോധിച്ച് മരണം സ്ഥിരീകരിക്കുന്നു. പിന്നാലെ പത്രക്കാരും ഫോട്ടോഗ്രാഫറും വരുത്തപ്പെടുന്നു. സദനത്തിലെ ആത്മാർത്ഥ പരിചരണവും ഡയറക്യറുടെ നിസ്വാർത്ഥ സേവനവും അഭിമുഖത്തിലൂടെ കുറിയ്ക്കപ്പെടുന്നു. പ്രാകൃതവേഷക്കാരായ ഏതാനും അന്തേവാസികളുടെ പശ്ചാത്തലത്തിൽ ശവത്തിന്റെ ഫോട്ടോ എടുക്കുന്നു. അതുകൊണ്ടൊരു വലിയ പ്രയോജനമുണ്ട്. സദനത്തിനുവേണ്ടി വിദേശങ്ങളിൽ പിരിവു നടത്തുന്ന ഏജന്റുമാർക്കെത്തിക്കാനുള്ളതാണ് ഫോട്ടോ. അവർക്കതുപയോഗിച്ച് ധനികരായ വിദേശികളെ വൃദ്ധസദനത്തിന്റെ ദൈന്യം ബോദ്ധ്യപ്പെടുത്താമല്ലോ. പിരിവുകൂടും എന്ന കാര്യം തീർച്ച. ഇതുപോലൊരു സുവർണ്ണാവസരത്തിന് ഡയറക്ടർ കാത്തിരിക്കുകയായിരുന്നു.

കമ്മീഷൻ വ്യവസ്ഥയിൽ സദനത്തിലേക്ക് ആളെ പിടിയ്ക്കാനുള്ള ഏർപ്പാടു വേറെയും ഉണ്ട്. അമ്മാമ്മ മരിച്ച ഒഴിവിലേക്ക് കളക്ടറുടെ അമ്മയെ ഏജന്റു കൊണ്ടുവരുന്നു. ബുക്കിങ്ങിലെ സീനിയോറിറ്റി മറികടക്കാൻ നിവൃത്തിയില്ലാത്തതിനാൽ ആ റൂം അവുതത്തന്തയ്ക്കാണ് ലഭിച്ചത്. പക്ഷേ ആരെ എടുത്താലും ഏജന്റിനവകാശപ്പെട്ട കമ്മീഷൻ ഡയറക്ടർക്കു കൊടുക്കേണ്ടി വന്നു.

വൃദ്ധസദനത്തിലെ പ്രവേശനത്തിലും ചില സമ്പ്രദായങ്ങളും നിയമാവലികളും ഉണ്ട്. അതും കച്ചവടക്കണ്ണു വെച്ചുണ്ടാക്കിയിട്ടുള്ളതാണ്. അമ്പത്തഞ്ചു വയസ്സു വരെ സദനത്തിൽ സ്വീകരിയ്ക്കുകയില്ല. സദനം ഡോക്ടർ വിസ്തിരിച്ച് പരിശോധിത്ത് അന്തേവാസി എത്രകാലം ജീവിയ്ക്കാനിടയുണ്ടെന്നു രേഖപ്പെടുത്തുന്നു. മിക്കവാറും തൊണ്ണൂറു വയസ്സാണ് സദനത്തിലെ വൃദ്ധരുടെ ആയുസ്സ് എന്നാണ് വെപ്പ്. മുപ്പത്തഞ്ചുകൊല്ലത്തിന് വൃദ്ധന് വേണ്ടി വരുന്ന ചെലവു കണക്കാക്കിയാണ് പ്രതിഫലം നിശ്ചയിക്കുന്നത്. പ്രതിഫലം ഒറ്റത്തവണയായി മുൻകൂർ അടച്ചിരിക്കണം.

സമ്പന്നരെങ്കിലും വൃദ്ധന്റെ പ്രതിഫലം കുറച്ചു കിട്ടാൻ പിശകുന്ന ദരിദ്രവാസികളായ മക്കളുമുണ്ട്. തവണകളായി പണമടക്കുന്ന വ്യവസ്ഥ സ്വീകരിച്ചാൽ ആദ്യത്തെ തവണ മാത്രം അടച്ച് വൃദ്ധനേയും കൈയ്യൊഴിച്ച് വിദേശങ്ങളിൽ പോയി ഒളിയ്ക്കുന്ന ബന്ധുക്കളും ഉണ്ട്. ഇത്തരക്കാരെയെല്ലാം ഡയറക്ടർക്കറിയാം. പൂർണ്ണ ആരോഗ്യവാനായി സദനത്തിൽ പ്രവേശിക്കുന്നവരും മാസങ്ങൾകൊണ്ട് അവശരും ദർബ്ബലരും ആയിത്തീരും.വിദഗ്ദ്ധ ഡോക്ടർമാരുടെ ചികിത്സയും ആരോഗ്യസംരക്ഷണപ്രവർത്തനവും ജാഗ്രതയായി നടക്കുന്നതുകൊണ്ടാണിത്. ഈ ഗുളിക പതിവായി കഴിക്കണം. അസുഖം ഉണ്ടായിക്കൊള്ളും എന്ന മട്ടാണ്.

വൃദ്ധസദനത്തിലെ അന്തേവാസികളുടെ ജന്മദിനമാണ് മറ്റൊരു കച്ചവടച്ചരക്ക്. പ്രവേശനസമയത്ത് മറ്റെന്തു മറന്നാലും ജനനത്തിയ്യതി കുറിച്ചിടാൻ മറക്കില്ല. കൃത്യമായി തിയ്യതി ഓർമ്മിച്ച് ബന്ധുക്കൾക്ക് കത്തുകിട്ടുന്നു. ഇന്നയാളുടെ ജന്മദിനം വിപുലമായി ആഘോഷിക്കപ്പെടുന്നു എന്ന്. ബന്ധുക്കൾ സമ്മാനപ്പൊതികളും വിലപിടിച്ച ഉപഹാരങ്ങളുമായി അന്ന് അല്ലെങ്കിൽ അതിനുമുമ്പ് സദനത്തിലെത്താതിരിയ്ക്കില്ല.. ബന്ധുക്കളുടെ സാമ്പത്തികശേഷിയനുസരിച്ച് വൃദ്ധർക്കുവേണ്ടി ടി.വിയോ ഫ്രിഡ്ജോ സദനത്തിലേയ്ക്ക് സംഭാവന ചെയ്യാൻ പറ്റിയ സുവർണ്ണാവസരം കൂടിയാണിത്.

വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് കിട്ടുന്ന പരിചരണം പുറമേയ്ക്ക് ഒരേ മാതിരിയാണെങ്കിലും അവരെ മൂന്നു ക്യാറ്റഗറിയായി തിരിച്ചിരിക്കുന്നു. സാധാരണ സൗകര്യങ്ങൾ മാത്രം അർഹിക്കുന്നവർ മൂന്നാം ക്ലാസ്സുകാർ. പ്രത്യേകം പരിഗണന ലഭിക്കുന്നവർ രണ്ടാം ക്ലാസ്സുകാർ. എല്ലാവിധ സുഖസൗകര്യങ്ങളും സ്വാതന്ത്ര്യവുമുള്ളവർ ഒന്നാംക്ലാസ്സുകാർ. ബന്ധുക്കൾ വൃദ്ധന്മാർക്കുവേണ്ടി സദനത്തിലടക്കുന്ന പ്രതിഫലത്തുകയാണ് ഈ ക്ലാസ്സിഫിക്കേഷന്റെ മാനദണ്ഡം. ഇവർക്കു നൽകുന്ന ഭക്ഷണത്തിലടക്കം വ്യത്യാസമുണ്ട്. പക്ഷേ പുറമേക്കതൊന്നും അറിയില്ല. അന്തേവാസികൾക്കു ജനാധിപത്യമര്യാദപ്രകാരം പ്രതിഷേധിക്കാനും ആവലാതിപ്പെടാനും അവസരമുണ്ട്. പക്ഷേ ആൾത്തഞ്ചമനുസരിച്ച് ബാഹ്യമായ പരിഹാരങ്ങളെ പ്രതീക്ഷിയ്ക്കേണ്ടൂ.

ബന്ധുമിത്രാദികൾ ആവശ്യപ്പെടുകയാണെങ്കിൽ അവരുടെ ഇത്തരവാദിത്വത്തിൽ മാത്രം വൃദ്ധന്മാരെ അൽപ്പദിവസം വീട്ടിൽപോകാനനുവദിക്കും. ഒരുതരം പരോൾ തന്നെ. സദനത്തിൽ സ്വന്തം ഇഷ്ടപ്പടി വന്നുചേരുന്ന വൃദ്ധന്മാർ ചുരുക്കമാണ്. ഈ വൃദ്ധരെക്കൊണ്ടു പൊറുതിമുട്ടിയിട്ടോ കുടുംബപ്പേരിന് കളങ്കമായിട്ടോ ആണ് ഇവരെ വലിയ തുകനൽകി ബന്ധുക്കൾ ഇവിടെ ഏൽപ്പിക്കുന്നത്. അതുകൊണ്ട് അവർ വൃദ്ധനെ വീടു കാണിക്കരുതെന്നു നിർദ്ദേശിച്ചാൽ സദനം അതു പാലിക്കും. കുഴിയിലേക്കു കാലെടുത്തുവെച്ച വൃദ്ധന്മാരേക്കാൾ അവർക്കുവേണ്ടി കൈയ്യയച്ചു സംഭാവന ചെയ്യുന്ന ബന്ധുക്കളുടെ ആഗ്രഹമാണ് പാലിക്കേണ്ടത്. അതുകൊണ്ടാണല്ലോ ഇത്രയും പെട്ടെന്ന് സദനത്തിൽ രണ്ടുനിലക്കെട്ടിടം പണിയാൻ സാധിച്ചത്. വേണമെങ്കിൽ വിദേശമദ്യവും മറ്റു ലഹരിപദാർത്ഥങ്ങളും സദനത്തിൽ കിട്ടും. ഡേവിഡു പറഞ്ഞതുപോലെ, “ഇവിടെ കിട്ടാത്തതൊന്നുമില്ല. എന്തിനും ഒരു മറ വേണമെന്നുമാത്രം”.

ഇങ്ങനെ വൃദ്ധസദനം എന്ന ആവശ്യത്തിലൂന്നി അതിൽ ഉൾപ്പെടുത്താവുന്ന എല്ലാ കച്ചവട തന്ത്രങ്ങളും സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു വ്യാപാരമേഖലയാണിവിടെ കാണുന്നത്.

**(3) വൃദ്ധസദനം എന്ന നോവലിലെ ആധുനികോത്തര പ്രവണതകൾ സംഗ്രഹിക്കുക.**

കൊച്ചുബാവയുടെ വൃദ്ധസദനം എന്ന നോവൽ മലയാളത്തലെ ആദ്യത്തെ പോസ്റ്റ് മോഡേൺ (ആധുനികോത്തര) നോവലാണെന്നുവരെ അവകാശപ്പെടുന്നുണ്ട്. ''സാംസ്കാരികവും രാഷ്ട്രീയവുമായ ദർശനത്തിന്റെയും ഉപരിപ്ലവബുദ്ധിയുടെ ക്രീഡാപരതയുടേയും വിചിത്രമായ ചേരുവയാണ്'' എന്ന പോസ്റ്റ് മോഡേൺ നിരൂപണത്തെ പരിഹസിക്കുന്ന സാഹിത്യ പണ്ഡിതന്മാരുണ്ട്. ആധുനികതക്കുശേഷം സാഹിത്യത്തിലും മറ്റു കലാരൂപങ്ങളിലും കാലദേശാതീതമായ ചില സാമാന്യ പ്രവണതകൾ കണ്ടുവരുന്നു എന്നത് നിഷേധിയ്ക്കാനാവില്ല. സമകാലിക അനുഭവങ്ങളോട് ഏറ്റവും അടുത്തുനിൽക്കുന്ന സാഹിത്യരൂപം എന്ന നിലയ്ക്ക് മലയാളത്തിൽ ചെറുകഥയിലാണ് ആദ്യമായി ആധുനികോത്തര പ്രവണതകൾ കടന്നുവന്നത്. വൃദ്ധസദനത്തിലും ആധുനികോത്തര പ്രവണതകൾ കാണാം. ആഖ്യാനരൂപം തന്നെ നോവലിന്റെ ആന്തരികസത്തയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് ആധുനികോത്തര പ്രവണതകളിലൊന്നാണ്. ഇവിടെ സിറിയക്ക് ആന്റണി എന്ന കഥാപാത്രം വായനക്കാരുമായി നടത്തുന്ന രഹസ്യഭാഷണമോ സംഭാഷണമോ ആണ് കഥാവസ്തു. പറച്ചിലിന്റെ സവിശേഷരീതി തന്നെ ഇവിടെ പറയപ്പെടുന്ന യാഥാർത്ഥ്യമായിത്തീരുന്നു. നോവലിന്റെ ആത്മ പ്രതിഫലനസ്വഭാവമാണ് മറ്റൊരടയാളം. വൃദ്ധസദനത്തിലെ കഥ മുഴുവൻ ഗ്രന്ഥകർത്താവു പറയുകയും വായനക്കാരൻ കേട്ടിരിയ്ക്കുകയുമല്ല, കഥാഗതിയെ സൂചിപ്പിക്കുന്ന ഭാഷാപരമായ ഒരു ചിഹ്നവ്യവസ്ഥ തുറന്നിടുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. അവിടെ കൂട്ടിച്ചേർത്ത് കഥാരൂപം പുന:സൃഷ്ടിക്കേണ്ട ചുമതല വായനക്കാരനാണ്. വൃദ്ധസദനത്തിലെ അനുഭവങ്ങളും സിറിയക് ആന്റണിയുടെ അനുഭവങ്ങളും നേരെ ചൊവ്വേ പറയുന്നതിനുപകരം അതിലേക്ക് വായനക്കാരനെ എത്തിക്കുന്ന ചില സൂചനകൾ നൽകുക മാത്രമാണ് ചെയ്യുന്നത്, ആധുനികോത്തര നോവലുകൾ. ഇങ്ങനെ നോക്കുമ്പോൾ വൃദ്ധസദനത്തിനു സമാനമായി ഇതുപോലെ മറ്റൊരുകൃതി കാണാൻ പ്രയാസമാണ്. യാഥാർതഥ്യത്തിന് സമകാലിക ജീവിതത്തിൽ കേവലമായ നിലനിൽപ്പില്ലെന്നും അതിന്റെ സൂചനകളും സ്വാധീനങ്ങളും സംഭവങ്ങളെ വൈരുദ്ധ്യാത്മകവും സന്നിഗ്ദ്ധവുമാക്കുന്നു എന്നുമുള്ള ബോധമാണ് പോസ്റ്റ് മോഡേണിസത്തിന്റെ ഒരു പ്രദ്യേകത. “ഡിസംബറിലെ ഒരു പ്രഭാതത്തിൽ ഞങ്ങൾ വൃദ്ധസദനത്തിലേക്കു യാത്ര തിരിച്ചു.” എന്ന നോവലിലെ ആദ്യ വാക്യങ്ങളിൽത്തന്നെ ഈ സന്ദിഗ്ദ്ധാവസ്ഥ കാണുന്നു. ഋജുവും ലളിതവുമെന്ന് പ്രഥമദൃഷ്ട്യാ തോന്നുന്ന ഇതിലെ ഭാഷ തന്നെ ശ്രദ്ധേയമാണ്. ലാളിത്യം ബാഹ്യമായി മാത്രമേ അനുഭവപ്പെടുകയുള്ളു . ജീവിത സത്യത്തിന്റെ നന്മതിന്മകളേയും സുഖാനുഭവങ്ങളേയും പ്രകടമാക്കുന്നതും ആത്മവിമർശനം നടത്തുന്നതുമാണ് ഈ ആഖ്യാന രീതി. ഐറണികളും നർമ്മോക്തികളും വിഹ്വലചിത്രങ്ങളും നിറഞ്ഞ് ആഴങ്ങളെ ഒളിപ്പിച്ചുവെയ്ക്കുന്ന അസാധാരണ ഭാഷയാണതെന്ന് ആവർത്തിച്ചു. വായിക്കുമ്പോൾ മനസ്സിലാകും. സാധാരണ നോവൽ ഭാഷയിൽ നിന്ന് അകന്നു നിൽക്കുന്ന രീതിയും ആധുനികോത്തര പ്രവണത തന്നെ.

**(4) ആഗ്നസ്സിന്റേയും സാറയുടേയും സ്വഭാവങ്ങൾ താരതമ്യപ്പെടുത്തുക.**

ടി.വി.കൊച്ചുബാവയുടെ വൃദ്ധസദനം എന്ന നോവലിലെ മുഖ്യ കഥാപാത്രമായ സിറിയക്ക് ആന്റണിയുടെ ആദ്യ ഭാര്യയാണ് ആഗ്നസ്. ആഗ്നസിന്റെ മരണശേഷം സിറിയക്കിന്റെ ഭാര്യയായിത്തീരുന്ന സാറ ശരിക്കും ആഗ്നസിനെ പരിചരിയ്ക്കാൻ കുടുംബഡോക്ടർ ഏർപ്പാടാക്കിയ നേഴ്സാണ്. ഗ്രാമത്തിലെ ദരിദ്ര ഭവനത്തിൽ നിന്ന് പട്ടിണിയുടെ മോചനത്തിനുവേണ്ടി സിറിയക്ക് വിദ്യാർത്ഥിയായിരിക്കുമ്പോൾ പട്ടണത്തിലുള്ള ആഗ്നസ്സിന്റെ വീട്ടിൽ വേലക്കാരനായി എത്തുന്നു. അന്ന് അഞ്ചാം ക്ലാസ്സിൽ പഠിയ്ക്കുന്ന കൊച്ചുമാലാഖയാണ് ആഗ്നസ്. സിറിയക് ആഗ്നസിനെ പ്രണയിച്ചു വിവാഹം കഴിയ്ക്കുന്നു. അച്ഛനമ്മമാരുടെ മരണശേഷം അളവറ്റ സ്വത്തിനവകാശിയായിത്തീരുന്നു. രോഗബാധിതയായി കിടപ്പിലാവുകയും മരിയ്ക്കുകയും ചെയ്യുന്ന

ആഗ്നസ് വഴിക്കു വന്ന സമ്പത്താണ് മുപ്പതുകാരിയായ സാറയെ അമ്പതു കഴിഞ്ഞ സിറിയക്കിന്റെ പ്രേമഭാജനമാക്കുന്നത്. തഞ്ചത്തിൽ നിന്ന് ഈ സ്വത്തെല്ലാം സാറയുടെ പേർക്കെഴുതിവെപ്പിച്ചിട്ട് സിറിയക്കിനെ ബലമായി വൃദ്ധസദനത്തിലേക്കയക്കുകയാണ് സാറ ചെയ്യുന്നത്. ആഗ്നസ് വഴി സമ്പന്നനായ സിറിയക്ക് സാറ വഴി പരമദയനീയാവസ്ഥയിലെത്തി. രോഗിണിയായ ആഗ്നസ് പ്രസവിച്ചില്ല. സാറയാകട്ടെ, പ്രസവിയ്ക്കാൻ കൂട്ടാക്കിയില്ല. വിശുദ്ധിയുടേയും നൈർമ്മല്യത്തിന്റേയും പര്യായമായ ആഗ്നസിനെ ഇടക്കിടക്ക് ഓർക്കാതിരിക്കാൻ സിറിയക്കിനു കഴിയുന്നില്ല, അത്ര കടുത്ത ക്രൂരതകളാണ് സാറ അയാളോട് കാണിയ്ക്കുന്നത്. ആഗ്നസിനെ അപേക്ഷിച്ച് വിലാസവതിയാണ് സാറ. ആഗ്നസിന്റെ ശരീരത്തിലെ നിമ്നോന്നതങ്ങൾ ഇരുട്ടിൽ തൊട്ടറിയാൻ മാത്രമേ അനുവദിയ്ക്കപ്പെടുന്നുള്ളു. എന്നാൽ വൃദ്ധസദനത്തിൽ എത്തിയിട്ടും സാറയുടെ പരിപൂർണ്ണ നഗ്നമായ ഫോട്ടോ അയാളുടെ കൈവശമുണ്ട്. രണ്ടുപേരുടേയും സ്വഭാവത്തിന്റെ അന്തരം സൂചിപ്പിക്കുന്നതാണിത്. സിറിയക്കിന്റെ അനുവാദമില്ലാതെ അയാളെ വൃദ്ധസദനത്തിൽ ചതിച്ചു കയറ്റിയതുമാത്രമല്ല, ഒരിയ്ക്കലും അയാൾ ഇനി താനുമായി കാണാതിരിക്കാനുള്ള എല്ലാ നിബന്ധനകളും അവൾ തയ്യാറാക്കുന്നു. സാറ അവളേക്കാൾ ചെറുപ്പക്കാരനായ ഡൊമിനിക്കിനെ വിവാഹം കഴിക്കാനുള്ള കരുക്കൾ നീക്കിക്കൊണ്ടിരിക്കുകയാണ്. സിറിയക്കിന് ഭ്രാന്താണെന്നും അയാളെ രണ്ടുകൊല്ലം ഭ്രാന്താശുപത്രിയിൽ കിടത്തി ചികിത്സിപ്പിച്ചിട്ടും അക്രമസ്വഭാവവും നശീകരണപ്രവണതയും മാറ്റി എടുക്കാനാവാത്തതു കൊണ്ടാണ് വൃദ്ധസദനത്തിൽ പ്രവേശിപ്പിച്ചതെന്നും അവൾ വിശ്വസനീയമായ രേഖയുണ്ടാക്കിയിട്ടുണ്ട്. അതിനാൽ സിറിയക്കുമായുള്ള ബന്ധത്തിൽ നിന്ന് മോചനം നൽകണമെന്നും സഭ മുഖേന അപേക്ഷ ഉന്നതങ്ങളിലേക്കയക്കുന്നു. ഡൊമിനിക്കിന് സാറയെ തന്റെ പൂർണ്ണ സമ്മതത്തോടെ വിട്ടുകൊടുക്കുകയാണെന്ന രേഖയിൽ സിറിയക്കിന്റെ ഒപ്പു വാങ്ങുവാൻ സദനത്തിലേക്ക് ഡൊമിനിക്കിനെ അയക്കാനും അവൾ മടിക്കുന്നില്ല. ഇങ്ങനെ എല്ലാതരത്തിലും വിപരീതസ്വഭാവക്കാരാണ് ആഗ്നസും സാറയും.

## ഒറ്റവാക്കിൽ ഉത്തരമെഴുതുക

### ഗോവർദ്ധനോദ്ധാരണം

1) **ചെറുശ്ശേരി നമ്പൂതിരിയുടെ പ്രസിദ്ധകൃതിയുടെ പേരെഴുതുക ?**
2) **ചെറുശ്ശേരിയുടെ ജീവിതകാലം തുഞ്ചത്തെഴുത്തച്ഛന്റെ മുമ്പോ പിമ്പോ ?**
3) **കൃഷ്ണഗാഥ ഏതു പുരാണത്തെ ആശ്രയിച്ചെഴുതിയതാണ് ?**
4) **ചെറുശ്ശേരി നമ്പൂതിരിയുടെ പുരസ്കർത്താവായ നാട്ടുരാജാവ് ആര് ?**
5) **ആരുടെ മദം നടക്കുവാനാണ് ഗോവർദ്ധന പൂജ നടത്തിയത് ?**
6) **ഇന്ദ്ര പൂജ മുടക്കിയതാര് ?**
7) **ഗോവർദ്ധനോദ്ധാരണം എന്ന കവിതയിൽ ഉപയോഗിച്ചിട്ടുള്ള വൃത്തത്തിന്റെ പേര് ?**

### ഗാന്ധാരീവിലാപം

1) **മഹാഭാരതം കിളിപ്പാട്ടിന്റെ രചയിതാവ് ആര്?**
2) **കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?**
3) **മലയാളഭാഷയുടെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നതാരെ?**
4) **ലോകത്തിലെ ഏറ്റവും മഹത്തും ബൃഹത്തുമായ ഇതിഹാസം ഏത് ?**
5) **മഹാഭാരതം എന്ന ഇതിഹാസ കൃതിയുടെ കർത്താവാര് ?**

6) മഹാഭാരതത്തിലെ അദ്ധ്യായങ്ങൾക്ക് പറയുന്ന പേരെന്ത് ?

7) കുരുക്ഷേത്രയുദ്ധത്തിൽ വീണ ഭീഷ്മർ എവിടെയാണ് കിടക്കുന്നത് ?

8) ഭഗദത്തനെ വധിച്ചതാര് ? ?

9) അർജ്ജുനന്റെ മകനും ശ്രീകൃഷ്ണന്റെ മുരമകനുമായ കുട്ടി ആര്?

10) ഘടോൽക്കചന്റെ അമ്മയാര്?

11) ഘടോൽക്കചനെ വധിച്ചതാര് ?

12) ഘടോൽക്കചനെ വധിച്ച ആയുധം കർണ്ണന് കൊടുത്തതാര് ?

13) ദ്രോണരെ വധിച്ചതാര്?

14) കർണ്ണൻ ഏതു നാട്ടിലെ രാജാവായിരുന്നു ?

15) കുരുക്ഷേത്രയുദ്ധത്തിലെ ശവശരീരങ്ങൾ സംസ്കരിക്കാൻ ആരെയാണ്ചുമതലപ്പെടുത്തിയത്?

## കല്ല്യാണസൗഗന്ധികം.

1) തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?

2) കല്ല്യാണസൗഗന്ധികം തുള്ളലിന്റെ കർത്താവാര് ?

3) ഭീമൻ അന്വേഷിച്ചുനടന്ന പൂവേത് ?

4) ഹനുമാൻ തപസ്സുചെയ്യുന്ന കാടിന്റെ പേരെന്ത് ?

5) ഹനുമാനോ, ഭീമനോ ജ്യേഷ്ഠൻ ?

6) ഹനുമാനും ഭീമനും തമ്മിലുള്ള ബന്ധമെന്ത്?

7) ഹനുമാന്റെ അമ്മയാര് ?

8) പാഞ്ചാലിയുടെ ഉടുപുടവയഴിച്ചപമാനിച്ചതാര് ?

## ചണ്ഡാലഭിക്ഷുകി

1) ചണ്ഡാലഭിക്ഷുകി എന്ന ഖണ്ഡകാവ്യത്തിന്റെ കർത്താവാര് ?

2) ചണ്ഡാലഭിക്ഷുകി ഏതു സമുദായക്കാരിയാണ് ?

3) ചണ്ഡാലഭിക്ഷുകിയുടെജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കിയത് ആരുടെ ദർശനമാണ്?

4) തിരിച്ചുപോകാനാകാതം ചണ്ഡാലഭിക്ഷുകി നിന്നതെവിടെ ?

5) പാരിൽ ഒറ്റക്കാലൂന്നി നിൽക്കുന്ന ചണ്ഡാലഭിക്ഷുകിയെ അരോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

6) ഭിക്ഷു ജലം കുടിച്ചു തിരിച്ചുപോയി - ആരെപ്പോലെ ?

7) ചണ്ഡാലഭിക്ഷുകി എന്ന കാവ്യത്തിലെ പാഠ്യ ഭാഗത്തിന്റെ വൃത്തം ഏത് ?

## മലകേറൽ

1) മലകേറൽ എന്ന കവിതയുടെ കർത്താവാര് ?

2) മലകേറൽ എന്ന കവിതയിലെ വൃത്തം ഏത് ?

3) തപസ്സുചെയ്യുന്നവർക്കു ആരാണ് തടസ്സം ഉണ്ടാക്കുന്നത് ?

## ഒരു തോണിയാത്ര

1) സന്നാഭമാം സ്വന്തവിളക്കുമായി സഞ്ചരിച്ചതാര് ?

2) ആറ്റിൽപ്പതിപ്പാൻ മുതിരുന്നപോലെ – ആര് ?

3) വഞ്ചിയിൽക്കെട്ടിയ പായയെ എന്തായി സങ്കൽപ്പിച്ചിരിക്കുന്നു.

4) മദംഗചേഷ്ടാകണങ്ങളെ കൊത്തിവിഴുങ്ങിയതാര് ?

5) മുക്കുവത്തിപെറ്റ ബ്രഹ്മർഷിമാർ മുഖ്യൻ ആര്?

6) കാവ്യംസുഗേയം; കഥ രാഘവീയം – ഏതാണാ കാവ്യം ?

7) വേട്ടുവൻ കവിയെ സംബോധനചെയ്ത പദമേത് ?

## കറുത്തച്ചെട്ടിച്ചികൾ

1) "പോന്നുവന്നാരേ ചുരന്ന മുലയുമായ്
പൂർവ്വാംബുരാശിയെപെറ്റൊരിമ്മങ്കമാർ" – ആരാണ് ഈ മങ്കമാർ ?

2) "കാണാമറിയുമേ കണ്ടാൽ മറക്കാത്ത-
താണക്കറുത്ത മുഖങ്ങൾ" – ആരുടെ?

## വൃദ്ധസദനം

1) മലയാളത്തിലെ ആധുനികോത്തര നോവൽ ?

2) വൃദ്ധസദനത്തിലെ മുഖ്യ കഥാപാത്രം ആര് ?

3) കൊച്ചുബാവയുടെ വൃദ്ധസദനത്തിന്റെ പേരെന്ത് ?

4) സിറിയക് ആന്റണിയുടെ ആദ്യഭാര്യ?

5) വൃദ്ധസദനം ഡയറക്ടരുടെ പേരെന്ത് ?

# ടൈഗർ

## വൈക്കം മുഹമ്മദ് ബഷീർ (1908 – 1994)

വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. പഠനത്തിനിടെ വീട്ടിൽ നിന്നും പുറപ്പെട്ടു പോയി ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്നു. സ്വാതന്ത്ര്യ സമനത്തിന്റെ ഭാഗമായ ഉപ്പു സത്യാഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദ്ദനത്തിനിരയാകുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു.

### കൃതികൾ

പ്രേമലേഖനം
ബാല്യകാലസഖി
കഥാബീജം
ജന്മദിനം
ഓർമ്മക്കുറിപ്പ്
അനർഘനിമിഷം
മുച്ചീട്ടുകളിക്കാരന്റെ മകൾ
മതിലുകൾ
വിശ്വവിഖ്യാതമായ മൂക്ക്
ശബ്ദങ്ങൾ
പാത്തുമ്മയുടെ ആട്
മാന്ത്രികപ്പൂച്ച
ആനപ്പൂട
ഭൂമിയുടെ അവകാശികൾ
ഭാർഗവീനിലയം
അനുരാഗത്തിന്റെ ദിനങ്ങൾ

## ടൈഗർ

ടൈഗർ ഭാഗ്യവാനായ നായയാണ് എന്നാണ് കഥയുടെ തുടക്കം. നാടൊട്ടുക്ക് വിശപ്പും ക്ഷാമവും കൊടുമ്പിരികൊള്ളുന്നു. ജനങ്ങൾ പട്ടിണികൊണ്ട് എല്ലും തോലുമാകുമ്പോഴും അവൻ തടിച്ചുകൊഴുത്തൊരു കരിമ്പടക്കെട്ടുപോലെ നടപ്പാണ്. പോലീസ് ഇൻസ്പെക്ടറുടെ ഓമനയാണവൻ.

തെരുവിൽ ഏതോ തെണ്ടിപ്പട്ടിയുടെ മകനായി പിറന്നെങ്കിലും പോലീസ് സ്റ്റേഷനിൽ എത്തിയതോടെ അവന്റെ ഭാഗ്യം തെളിഞ്ഞു. പോലീസുകാർ അവന്റെ മിത്രങ്ങളാണ്. തടവുകാർ ശത്രുക്കളും.

തടവറയുടെ ദയനീയമായ ചിത്രം കഥാകൃത്ത് നൽകുന്നതിങ്ങനെയാണ്. വെളിച്ചവും കാറ്റും കടക്കാത്ത മുറികളാണ് തടവറകളെല്ലാം. മലമൂത്രാദികളുടെ ദുർഗന്ധത്തിൽ, മൂട്ടകടിയേറ്റ് കീറവസ്ത്രങ്ങൾ ചുറ്റി, താടിമീശവളർന്ന വിളർത്ത മനുഷ്യക്കോലങ്ങൾക്ക് ഒരേയൊരു മഹാപ്രശ്ന

മാണുള്ളത്– വിശപ്പ്! പോലീസ് ലോക്കപ്പിന്റെ മഹാദുരിതങ്ങൾ – അത്തരം തടവുമുറികളിൽ നിന്നുയരുന്ന ഹൃദയം കരിക്കുന്ന കെട്ട വാട – ഒന്നും തടവുകാരെ ബാധിക്കാതായിരിക്കുന്നു. വിശപ്പും ഭക്ഷണത്തോടുള്ള ആർത്തിയും മാത്രമാണ് അവരെ കീഴടക്കുന്നത്. രാത്രി ഉറങ്ങാൻ കിടക്കുന്നത് രാവിലത്തെ കഞ്ഞി കുടിക്കാനാണ്. കഞ്ഞി കുടി കഴിഞ്ഞാൽ ഉച്ച ഭക്ഷണമാണ് മനസ്സുനിറയെ. ഒരിക്കലും വയറു നിറച്ചുകഴിക്കാനാകാതെ അവർ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു.

പോലീസ് ലോക്കപ്പിൽ നിന്ന് ജയിലിലെത്താൻ ഓരോ തടവുകാരനും ആഗ്രഹിയ്ക്കുന്നുപോലീസ് മർദ്ദനമില്ലാതെ കഴിച്ചുകൂട്ടാം. ഭക്ഷണം കിട്ടുകയും ചെയ്യും.

ഓരോ തടവുകാരന്റെയും മനസ്സിലുള്ള ക്രോധം പകരാനുള്ള പാത്രമാണ് ടൈഗർ. ലോക്കപ്പിന്റെ വാതിൽക്കൽ വിശ്രമിക്കുന്ന അവന് ഇൻസ്പെക്ടർ ഒരാൾ കഴിയ്ക്കുന്ന ചോറ് ദിവസേന കൊടുക്കും. ചെയ്തിട്ടില്ലാത്ത കേസുകൾക്ക് ശിക്ഷ വാങ്ങി ലോക്കപ്പിൽ കിടക്കുന്ന തടവുകാർക്ക് അതുകണ്ടു വായിൽ വെള്ളം നിറയും. അവർക്കു കിട്ടേണ്ട ചോറാണ് അവൻ സമൃദ്ധമായി കഴിക്കുന്നത്. വിശപ്പടങ്ങുന്നില്ല. ഞങ്ങൾക്ക് ഗവൺമെൻറിൽ നിന്ന് കിട്ടാനുള്ളത് തരണം എന്നാവശ്യപ്പെട്ട തടവുകാർക്ക് പോലീസുകാരുടെ മർദ്ദനമേറ്റു. ഹോട്ടൽക്കാരനും പോലീസ് ഇൻസ്പെക്ടറും തമ്മിലുള്ള കൂട്ടുകെട്ടിൽ തടവുകാരുടെ വീതം ചോറും ആനുകൂല്യങ്ങളും അപ്രത്യക്ഷമായി. ബോധം കെടുന്നതുവരെ തല്ല് കിട്ടിയപ്പോൾ തടവുകാർ ആവശ്യങ്ങളുന്നയിക്കാതെയായി. ടൈഗറാണ് ഗവൺമെന്റ് എന്നും അവർ പറയാൻ തുടങ്ങി. തങ്ങളുടെ കൺമുന്നിൽ സുഭിക്ഷമായി തിന്ന് ഉറങ്ങി കഴിഞ്ഞു കൂടുന്ന ടൈഗറിനെ അവർ വെറുത്തു. തരം കിട്ടുമ്പോഴൊക്കെ അവരതിനെ ഉപദ്രവിച്ചു. ഇൻസ്പെക്ടറുടെ കൈയിൽ നിന്ന് ശിക്ഷകിട്ടിയാലും അവർ അതിനെ ഉപദ്രവിക്കുക ശീലമാക്കി. പോലീസ്സ്റ്റേഷനകത്ത് ശൗര്യം കാണിയ്ക്കുന്ന ടൈഗർ പുറത്തൊരു ചാവാളിപ്പട്ടിയെ കണ്ടാൽകൂടി പേടിച്ചു വാലൊളിപ്പിച്ചോടുന്ന ഭീരുവായിരുന്നു. ഇൻസ്പെക്ടർ എന്ന് ടൈഗരെ രഹസ്യമായി അവർ വിശേഷിപ്പിച്ചു.

ഒരു ദിവസം പുറത്തു നിന്ന് ചില സന്ദർശകരെത്തി. കുറച്ചു പലഹാരങ്ങളും മധുര നാരങ്ങയുമായാണ് അവർ എത്തിയത്. തടവുകാർ ഭാഗ്യം ചെയ്തവരാണെന്നായിരുന്നു വന്നവരുടെ പക്ഷം. അവർക്ക് ഭക്ഷണം കിട്ടുന്നുണ്ടല്ലോ. പുറത്ത് ഭയങ്കര ക്ഷാമവും പട്ടിണിയുമാണ്. തടവുകാരെ സംബന്ധിച്ചിടത്തോളം ടൈഗറാണ് ഏറ്റവും ഭാഗ്യവാൻ.

സന്ദർശകർ കൊണ്ടുവന്ന ഭക്ഷണസാധനങ്ങൾകൊണ്ടു തൃപ്തരായാണ് അന്ന് നാലുതടവുകാർ ഉറങ്ങാനൊരുങ്ങിയത്. അവരുടെ മിച്ചം വന്ന ചോറ് ലോക്കപ്പിലെ മറ്റുതടവുപുള്ളികൾക്ക് വെച്ചുകൊടുത്തു. അതിലുണ്ടായിരുന്ന ഇരുപത്തിരണ്ടുപേരും അത്യാർത്തിയോടെ അതിലോരോപിടിയിൽ കൈവെച്ചു. നിലത്തു വീണതു നക്കിയ ടൈഗറിന് ഏതോ ഒരു തടവുകാരൻ ഒരു ചവിട്ടുകൊടുത്തു. നായയുടെ നിലവിളികേട്ടു ഇൻസ്പെക്ടറെത്തി. വിശപ്പോടെ ഓരോ പിടിചോറിനും മുമ്പിലിരുന്ന തടവുകാരുടെ വിഹിതം മുഴുവനും തിരിപ്പിച്ചെടുപ്പിച്ചു പട്ടിക്കുവെച്ചുകൊടുത്തു. തടവുകാർക്ക് പതിവുമർദ്ദനവും കിട്ടി.

അന്നു രാത്രി പത്തുമണിയോടെ തടവുകാരുടെ പ്രതികാരം വീണ്ടും പ്രവർത്തിച്ചു. ടൈഗറിന്റെ മോന്ത കമ്പിയഴിക്കകത്തേയ്ക്കു വെച്ച് രണ്ടു തടവുകാർ അമർത്തുന്നതാണ് പോലീസുകാർ കണ്ടത്. പാറാവുകാരന് ഒരാളെയേ മനസ്സിലായുള്ളു. ഇൻസ്പെക്ടർ അയാളെ പുറത്തേക്കു വിളിച്ച് മർദ്ദിച്ച വശനാക്കി. പല്ലടിച്ചു തെറുപ്പിച്ചു. നിലത്തുവീണ ചോര ടൈഗർ നക്കിത്തുടച്ചു. ബോധം കെടുന്നതുവരെ ചവിട്ടുകയും തല്ലുകയും ചെയ്തിട്ടും മറ്റേയാൾ ആരെന്നു അവൻ പറഞ്ഞില്ല. ടൈഗർ അവന്റെ

കാൽവെള്ളയിലെ പുതുമുറിവുകളിൽ നക്കി ചോര തുടച്ചിട്ടും അറിയാത്തവിധം അവൻ ബോധം നശിച്ചു കിടപ്പായിരുന്നു. കഥാകൃത്ത് ആവർത്തിക്കുന്നു. ടൈഗർ ഭാഗ്യവാനായ ഒരു നായയാണ്.

വിശപ്പ് ബഷീറിന്റെ അനേകം കഥകൾക്ക് പ്രമേയമാണ്. മഹത്തായ രാഷ്ട്രീയ ലക്ഷ്യങ്ങളും സ്വപ്നങ്ങളും സൂക്ഷിച്ചിരുന്ന മനുഷ്യർ തടവുമുറിയിലെ വിശപ്പിൽ മറ്റെല്ലാം മറക്കുന്നു. അവരുടെ പ്രതീക്ഷ ഭക്ഷണത്തെച്ചൊല്ലി മാത്രമാണ്. അധികാരത്തിന്റയും അനീതിയുടെയും പ്രതീകമായ ഇൻസ്പെക്ടർക്കും ടൈഗറിനുമെതിരെ കഴിയുമ്പോഴെല്ലാം അവർ പ്രതികരിക്കുന്നു. വിശപ്പില്ലെന്ന പോലെ ടൈഗറിനോടുള്ള പ്രതികാരബുദ്ധിയിലും പരിപൂർണ്ണമായ ഐക്യം പുലർത്തുന്നവനാണ് തട വുകാർ. മർദ്ദനമേറ്റ് ബോധം നശിക്കാറായിട്ടും തടവുകാരൻ തന്റെ കൂട്ടുപ്രതിയുടെ പേര് വെളിപ്പെടു ത്തുന്നില്ല എന്നത് ശ്രദ്ധേയമാണ്. ടൈഗറും ഇൻസ്പെക്ടറുമടങ്ങുന്ന മർദ്ദകവ്യവസ്ഥ വിജയിച്ചു നിൽക്കുന്ന ചിത്രമാണ് കഥയിൽ കാണാവുന്നത്. അധികാരത്തിന്റെ പിന്തുണയുള്ളതുകൊണ്ട് ഇവർ തടവുകാരന്റെ ചോര നക്കികൊണ്ടിരിക്കുക തന്നെ ചെയ്യുന്നു.

# മൂന്നാമതൊരാൾ

## മുണ്ടൂർ കൃഷ്ണൻകുട്ടി (1935–2005)

പാലക്കാട് മുണ്ടൂരിൽ ജനനം. അദ്ധ്യാപകനായിരുന്നു. സിനിമാസീരിയിൽ അഭിനേതായിരുന്നു 'സഖി' മാസികയ്ക്കു പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്. മൂന്നാമതൊരാൾ എന്ന കഥ ഏറ്റവുമധികം ആസ്വാദകശ്രദ്ധ പിടിച്ചുപറ്റി. 2005 ജൂൺ 5ന് അന്തരിച്ചു.

### കൃതികൾ

അമ്മയ്ക്കുവേണ്ടി (കഥാസമാഹാരം)
മലയാളത്തിന്റെ സുവർണ്ണ കഥകൾ (കഥാസമാഹാരം)
ആശ്വാസത്തിന്റെ മന്ത്രച്ചരട് (1997 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് നേടി)
ഏകാകി
എത്രത്തോളമെന്നറിയാതെ
ആരോ പിന്നിലുണ്ട്
ഈ നിലാപ്പിശുക്കുള്ള രാത്രിയിൽ
മൂന്നാമതൊരാൾ
മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കഥകൾ

## മൂന്നാമതൊരാൾ

സ്നേഹിക്കുന്നവർക്ക് മരണമില്ല. മരിച്ചാലും അവരുടെ സാമീപ്യം കാൽപ്പെരുമാറ്റമായും കരുതലായി ഓർമ്മിപ്പിക്കലായും കൂടെയാണ്ടാവുമെന്ന തിരിച്ചറിവാണ് മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ മൂന്നാമതൊരാൾ അനുഭവിപ്പിക്കുന്നത്. ഭാര്യയുടെ ചരമവാർഷികദിനത്തിൽ അവളുടെ തറവാട്ടിലേയ്ക്ക് മകനുമായെത്തുകയാണ് കഥാനായകൻ. ഇരുട്ടുവീണപ്പോഴേയ്ക്കാണ് അവർക്ക് ഗ്രാമത്തിൽ ബസ്സിറങ്ങാൻ കഴിഞ്ഞത്. ഒരൂഹം വെച്ച് മുന്നേറുന്നതിനിടെ തൃശ്ശൂരിൽ നിന്നൊരു തോക്കു വാങ്ങിത്തരണമെന്ന് ഉണ്ണി ആവശ്യപ്പെടുന്നുണ്ട്. വഴിയിലെ പൊടിമണലിൽ ചവുട്ടി ആരോ ഒരാൾ കൂടെ വരുന്നുണ്ടെന്നു അയാൾക്കു തോന്നുന്നു. രണ്ടു വർഷം മുൻപ് ഇതുപോലെ ആ തറവാട്ടിൽ വന്നു തിരിച്ചുപോകുമ്പോൾ വെള്ളത്തിലോടുന്ന ബോട്ടായിരുന്നു അവന്റെ ആവശ്യം. ബസ്സ് പിടിക്കാനുള്ള തിരക്കിൽ അയാൾ അന്നവനെ ദേഷ്യപ്പെട്ടു. അന്നത്തെ മൂന്നാമതൊരാൾ – അയാളുടെ ഭാര്യ – അവനതു വാങ്ങികൊടുത്തിട്ടു പോയാൽ പോരെ .എന്നു സ്നേഹപൂർവ്വം ശാസിച്ചത് അയാൾ ഓർക്കുകയാണ്. ആ ഓർമ്മ ഉണർന്നപ്പോൾ അയാൾ മകനെ ഒന്നുകൂടി ചേർത്തുപിടിച്ചു തോക്കുവാങ്ങിത്തരാമെന്നു ഉറപ്പുകൊടുത്തു. ഇന്ന് നിർബന്ധിക്കേണ്ടയാൾ കൂടെയില്ലല്ലോ. അവളുടെ അമ്മ അൽപ്പം പരിഭ്രമത്തോടെ അവരെ സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കു ശേഷം നീലിച്ച നിശബ്ദത അവർക്കിടയിൽ നിലനിൽക്കുന്നു. പൊതുവായ ഒരു നഷ്ടത്തിൽ വിങ്ങൽ അവരിലുണ്ട്. തറവാട്ടിലാവുമ്പോൾ അവിടത്തെ ഭക്ഷണ രീതി മതിയെന്നും ഇഷ്ടാനിഷ്ടങ്ങൾ കാര്യമാക്കരുതെന്നും അവൾ ഓർമ്മിപ്പിക്കുമായിരുന്നു. ഇന്ന് അവളുടെ അഭാവത്തിൽ അതെല്ലാം കൂടുതൽ തെളിഞ്ഞുവരുന്നു. അയാൾ തന്റെ കൂടെയില്ലാത്ത അവളുടെ മനസ്സറിയുകയും നടപ്പിലാക്കുകയും ചെയ്യുന്നു. അയാളെയും കുടുംബത്തെയും ബന്ധിപ്പിച്ചിരുന്ന കണ്ണി അകന്നുപോയിട്ടും ഒന്നും എവിടെയും ബന്ധമറ്റുപോയില്ലെന്ന മട്ടിൽ ഇടപെടാൻ അയാൾക്കു കഴിയുന്നു.

പിറ്റേന്നാൾ അമ്പലത്തിൽ കുളിച്ചു തൊഴാനായി തന്നെയും ഉണ്ണിയേയും നേരത്തെ വിളിക്കണമെന്ന് അയാൾ അമ്മയോടു പറയുന്നു. അമ്മ അവളുടെ ഓർമ്മയിൽ കണ്ണീരണിഞ്ഞു.

ആ മുറിയിൽ തനിച്ചുകിടന്നപ്പോഴും മറ്റൊരാളുടെ സാന്നിധ്യം അയാൾ അനുഭവിക്കാൻ തുടങ്ങി. മാറിൽ ചുടുകണ്ണീർ വീഴ്ത്തിക്കൊണ്ട് തനിക്കസുഖമാവില്ലേ എന്നവൾ ചോദിച്ചത്, ഒക്കെ ഭേദായെന്ന് അയാൾ ആശ്വസിപ്പിച്ചത്, മാറത്തൊരു പിടപ്പ് മാറീട്ടില്ലല്ലോ എന്നവൾ ദു:ഖിച്ചത് – ഒക്കെ പൂർവ്വാധികം തെളിമയോടെ മനസ്സിൽ നിറയുന്നു.

ആരും വിളിക്കാതെ തന്നെ അതിരാവിലെ താനും ഒരുൾവിളിയിലെന്ന പോലെ ഉണ്ണിയും ഉണർന്നു എന്നയാൾ ശ്രദ്ധിച്ചു. എല്ലാം ആ മൂന്നാമതൊരാളുടെ സാമീപ്യം കൊണ്ടാവാം. അമ്പലത്തിൽ ഈറനോടെ തൊഴുതു നിൽക്കേ ദേവീവിഗ്രഹം ഇമവെട്ടാതെ തന്നെ നോക്കുന്നതായി അയാൾക്കു തോന്നുന്നു മുഴുമിക്കാത്ത വിളിയിൽ, അപേക്ഷയിൽ എല്ലാമുണ്ടായിരുന്നു. അത് ഭഗവതിയറിഞ്ഞു. മടക്കയാത്രയിലും പൊടിമണ്ണിൽ കാലുരഞ്ഞുകൊണ്ട് ആരുടേയോ പാദപതനശബ്ദം അവർ അനുഭവിക്കുന്നു. അവളുടെ ഇഷ്ടം അതാവുമെന്നു തിരിച്ചറിഞ്ഞപോലെ അയാൾ പറയുന്നു- തൃശ്ശൂരിൽ നിന്ന് ഉണ്ണിക്കിഷ്ടമുള്ളതൊക്കെ വാങ്ങിത്തരാമെന്ന്..

ഭംഗിയുള്ള ഒരു കുടുംബചിത്രത്തിൽനിന്ന് ഒരാളെ വിധി തട്ടിപ്പറിച്ചകറ്റുമ്പോഴുള്ള വിങ്ങലും കണ്ണീരു ചിതറാത്ത സഹനവും നഷ്ടബോധവും ഈ കഥ അനുഭവിപ്പിക്കുന്നു. അവൾക്കോ അയാൾക്കോ പേരില്ല. അവരുടെ ഉണ്ണി അമ്മ നഷ്ടപ്പെട്ട ഏതു ഉണ്ണിയേയും പോലെ തന്നെ. അവളുടെ സാന്നിധ്യം ഇപ്പോഴും അവരെ നയിക്കുന്നു. അവരിരുവരും നടക്കുന്നിടത്തെല്ലാം സ്പഷ്ടമായ പാദപതനശബ്ദമായി അവളുണ്ട്. അവളുടെ ഇഷ്ടങ്ങളും നിർദ്ദേശങ്ങളും നിർബന്ധങ്ങളും അയാൾ മറ്റേതു കാലത്തേയുംകാൾ കരുതലോടെ അനുസരിക്കുന്നു. അങ്ങനെ ആ നഷ്ടത്തെ മറികടക്കാൻ ശ്രമിക്കുകയാണയാൾ.

മരണത്തിൻെറ നിശ്ചലചിത്രങ്ങളല്ല ഈ കഥാപാത്രം മനസ്സിൽ സൂക്ഷിക്കുന്നത്. സ്നേഹവും സ്വാധീനവും കരുതലുമുള്ള സാന്നിധ്യത്തിന്റെ ചലനാത്മക ചിത്രങ്ങളാണ്. മൂന്നാമതൊരാൾ ഈ രണ്ടുപേരുടേയും ജീവിതത്തിൽ നിന്ന് പിരിഞ്ഞുപോകാനാവാതെ സ്നേഹത്താൽ ബന്ധിക്കപ്പെട്ട് പിന്തുടരുകയാണെന്ന് അയാൾ ചിന്തിക്കുന്നു. അവളുടെ ഇഷ്ടാനിഷ്ടങ്ങൾ. അവൾ ജീവിച്ചിരുന്നപ്പോഴെന്നപോലെ തന്നെ വിധേയത്യത്തോടെ പിന്തുടരുകയാണ് അയാൾ. മരണവും നഷ്ടബോധവും ചിത്രീകരിക്കപ്പെട്ട നിരവധി കഥകളിൽ ശ്രദ്ധേയമായ ഒന്നാണ് മൂന്നാമതൊരാൾ.

# ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

## സുഭാഷ് ചന്ദ്രൻ

1972 ൽ ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ ജനനം. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയ്ക്ക് മാതൃഭൂമി വിഷുപ്പതിപ്പ് നടത്തിയ മൽസരത്തിൽ ഒന്നാം സമ്മാനം ലഭിച്ചു. 2001 ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, ഇ.പി സുഷമ എൻഡോവ്മെന്റ്, അങ്കണം അവാർഡ്. എസ്. ബി.ടി അവാർഡ്, വി.പി ശിവകുമാർ കേളി അവാർഡ്, അബുദാബി ശക്തി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം (കേരള സാഹിത്യ അക്കാദമി അവാർഡ് 2002)
പറുദീസാനഷ്ടം
വധക്രമം
മദ്ധ്യേയിങ്ങനെ (അനുഭവക്കുറിപ്പുകൾ)
തല്പം
മഹാപ്രസ്ഥാനം (കവിത)
മനുഷ്യന് ഒരാമുഖം (നോവൽ)
അക്കുടുമുയൽ അപ്പംചുട്ടു (ബാലസാഹിത്യം)

### ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

ഓർത്തെത്തുന്നിടത്തെങ്ങും സ്വന്തം ബാല്യം കണ്ടെത്താനാകാതെ നിരാശപ്പെട്ട ബുക്കാറാം വിത്തൽ എന്ന കള്ളന് അത് അവിചാരിതവും ക്ഷണികവുമായി കണ്ടെത്താനാകുന്നു. ചുവടുലച്ചു കൊണ്ടും ഘടികാരങ്ങളെ നിലപ്പിച്ചുകൊണ്ടും ഭൂമി അതു വെളിവാക്കികൊടുക്കുകയായിരുന്നു.

കൊടുങ്കാറ്റിൽ നടുക്കടലിലകപ്പെട്ട കപ്പലിനെപ്പോലെ ഭൂമിക്കുലുക്കത്തിൽ വില്ലാരിഗ്രാമം ആടി. വീടുകൾ താഴേയ്ക്കിരുന്നു. ഓരോ വീടിനകത്തും വിളഞ്ഞപാടങ്ങൾ സ്വപ്നം കണ്ടുറങ്ങിയ ജനങ്ങൾ ഉതിർന്നുവീണ കല്ലുകളുടേയും മരങ്ങളുടേയും അടിയിൽ നിത്യനിദ്രയിലാണ്ടു.

ബുക്കാറാമിന്റെ ഒടുവിലത്തെ ലക്ഷ്യമായിരുന്നു ശൈലേന്ദ്രബിസ്മയുടെ വാച്ചുകട. ഗ്രാമം മുഴുവൻ അയാളെ കള്ളനെന്നു വിളിച്ചപ്പോഴും ബിസ്മേ അങ്ങനെ കരുതിയില്ല. തന്റെ കടത്തിണ്ണയിൽ ചാക്കു വിരിച്ചിറങ്ങുന്ന ബുക്കാറാം ആ കടയിലെ ക്ലോക്കുകൾ മോഷ്ടിക്കും വരെ താനയാളെ കള്ളനെന്നു വിളിക്കില്ലെന്നു അയാളുറപ്പിച്ചിരുന്നു. അതയാൾ ബുക്കാറാമിനോടുതന്നെ പറയുകയും ചെയ്തു. എന്നാൽ ഘടികാരങ്ങൾ എന്നും ബാക്കറാമിനെ പ്രലോഭിപ്പിച്ചു. ലത്തൂരിലേയും ഉസ്മാനബാദിലേയും എല്ലാ കടകളിലും താൻ കയറിക്കഴിഞ്ഞതിനുശേഷം ബിസ്മേയുടെ സമയങ്ങളും താൻ മോഷ്ടിക്കുമെന്നായിരുന്നു ബുക്കാറാമിന്റെ മറുപടി.

ബിസ്മേയ്ക്കും .ബുക്കാറാമിനും ചില സമാനതകളുണ്ട്. ഇരുവരും ഏകരാണ്. വില്ലാരിയ്ക്കു സമയം വിറ്റും ആ ഗ്രാമത്തിന്റെ കേടുവന്ന സമയങ്ങളെ ശരിപ്പെടുത്തിയും ബിസ്മേ കഴിഞ്ഞുകൂടി. വില്ലാരിയുടെ അസമയങ്ങളെയാണ് ബുക്കാറാം അപഹരിച്ചതും വില്പനച്ചരക്കാക്കിയതും. സമയം ഇരുവരുടേയും സൗഹൃദത്തെ എങ്ങനെയോ ഇണക്കിച്ചേർത്തിരുന്നു.

ഒരിക്കൽ ശൈലേന്ദ്ര ബിസ്മേ എന്ന കടയുടമ ബുക്കാറാമിനോട് ചോദിച്ചതാണ് ഒരു ക്ലോക്കോ വാച്ചോ സമ്മാനിക്കട്ടേ എന്ന്. ചുവരുകളില്ലാത്ത താൻ അതെവിടെ തൂക്കും എന്നായിരുന്നു ബുക്കാറാമിന്റെ മറുചോദ്യം. വാച്ചാകാട്ടെ ഒരു കള്ളന് ആവശ്യമേയല്ല താനും. ഇരുട്ടും വെളിച്ചവും അവന്

സ്വയമേവ ഘടികാരമായിത്തീരുന്നു. ഏതായാലും അനേകം ഘടികാരങ്ങൾ അല്ലെങ്കിൽ വിലപിടിച്ച ഒരു ഘടികാരം മോഷ്ടിച്ച് അതിന്റെ വിലകൊണ്ട് മറ്റൊരു ഗ്രാമത്തിൽ താൻ കള്ളനല്ലാതെ ജീവിക്കുമെന്ന സ്വപ്നം അയാൾ പുലർത്തിയിരുന്നു. അതുകൊണ്ടാവണം ആദ്യത്തെ അമ്പരപ്പിനുശേഷം, തകർന്നുവീണ വാച്ചുകടയിലെ ഘടികാരങ്ങൾക്കിടയിൽ ബുക്കാറാം തിരയാനാരംഭിച്ചത്. എല്ലാ ഘടികാരങ്ങളും നിലച്ചുപോയിരുന്നു.

എന്നാൽ ഏറെ തിരച്ചിലിനുശേഷം അപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്ന ഒന്ന് ബുക്കാറാം കണ്ടെത്തി. ആയിരം മൃതദേഹങ്ങൾക്കിടയിൽ നിന്ന് ജീവനുള്ള ഉറ്റബന്ധുവിന്റെ ദേഹം കണ്ടവനെപ്പോലെ അയാൾ ആനന്ദിച്ചു. ഇത് തൻെറ അവസാനത്തെ മോഷണമാകണേ എന്ന പ്രാർത്ഥനയോടെ അയാളത് കൈയിലെടുത്തു ദേഹത്തോടുചേർത്ത് പുറത്തുകടന്നു.

ഒറ്റ നിമിഷം കൊണ്ടു നിലം പരിശാക്കപ്പെട്ട ഗ്രാമത്തിൽ ബുക്കാറാമിനുമാത്രം ആരെയും തിരയാനില്ലായിരുന്നു. ഘടികാരങ്ങളായിരുന്നു അയാളുടെ മിത്രങ്ങൾ. ജീവൻ മിടിച്ച ഒരു ഘടികാരം ദേഹത്തോടുചേർന്നിരുന്ന് അപ്പോഴും അയാളെ സനാഥനാക്കി.

വഴി നീളെ വിലാപങ്ങളായിരുന്നു. കിഴവൻദേശ് പാണ്ഡെ, തൊണ്ണൂറുകഴിഞ്ഞ തന്റെ അമ്മയെ കണ്ടെത്താനാകാതെ കരഞ്ഞുകൊണ്ടിരുന്നു.

ശൈലേന്ദ്ര ബിസ്മേയും കുടുംബാംഗങ്ങളും മരിച്ചുപോയിരുന്നു. ബിസ്മേയുടെ ബന്ധുക്കളിൽ ജീവൻ അവശേഷിച്ച ഒരേയൊരെണ്ണം തന്റെ ഉടുപ്പിനകത്ത് മിടിക്കുന്ന ഘടികാരമാണെന്ന് ബുക്കാറാമിന് തോന്നി. താൻ ചാരിയിരുന്ന കെട്ടിടത്തിന്റെ ഉള്ളിൽ നിന്നൊരു ഞെരക്കവും ചലനവും ബുക്കാറാം അറിഞ്ഞു. അവശിഷ്ടങ്ങൾ നീക്കി അയാളതിന്റെ ഉറവിടം കണ്ടെത്തി. മരത്തൊട്ടിലിൽ ചുണ്ടുമാത്രം മുറിഞ്ഞ് ചോരയൊലിപ്പിച്ചു കിടന്ന ഒരാൺകുഞ്ഞ് സ്വന്തം ബാല്യം പതുക്കെ മറനീക്കി വരുന്നതുപോലെ കള്ളനു തോന്നി. വിദൂരസ്ഥ നക്ഷത്രങ്ങളെപ്പോലെ കുഞ്ഞിക്കണ്ണുകൾ ബുക്കാറാമിനെ നോക്കി. ചളിപുരണ്ട പരുക്കൻ കൈത്തണ്ടയിൽ ആകെ ചുവന്ന പിഞ്ചുകൈകൾ അമർത്തിപ്പിടിച്ചു.

തന്നെ ഗണേശോൽസവം കാണിയ്ക്കാൻ തലാനിയിലേയ്ക്കു കൊണ്ടുപോയ അച്ഛന്റെ ചിത്രം ബുക്കാറാമിന്റെ മനസ്സിൽ തെളിഞ്ഞു. അച്ഛന്റെ കൈകളിൽ തൂങ്ങി നടന്ന താൻ, സൂര്യകാന്തിച്ചെടികൾ, കുശലം പറഞ്ഞ ഗ്രാമീണർ. എവിടെയോ വെച്ച് അച്ഛന്റെ ഓർമ്മ ഒഴുകിയകന്നു.

ഉറ്റവരില്ലാത്ത കുഞ്ഞും ചുമരുകളില്ലാത്ത ഘടികാരവും ബുക്കാറാമിൽ സന്ധിച്ചു. കുഞ്ഞിന് ഉറ്റബന്ധുവും ഘടികാരത്തിന്റെ ചുമരുമാവാനുള്ള നിയോഗം അയാളിൽ ഉരുത്തിരിയുകയാവാം.

എന്നാൽ ജീവൻ മിടിക്കുന്ന ഒതു കുഞ്ഞിനേയും ഘടികാരത്തേയും കൈയിലെത്തിച്ച വിധി അവയോടൊപ്പം ബുക്കാറാമിനെയും അടുത്തനിമിഷം അപഹരിക്കുന്നു. മറ്റൊരു ഭൂകമ്പത്തിന്റെ സൂചന അതിജീവിക്കാൻ കഴിയാതെ ക്ലോക്ക് നിലച്ചു പോയിരുന്നു. തലാനിയിലെ ഗണേശോൽസവക്കാഴ്ച കുഞ്ഞിനോട് അനുസ്മരിച്ചു കൊണ്ടിരിക്കേ ഭൂമി അതിന്റെ ആഴങ്ങളിലേയ്ക്ക് അയാളെ വലിച്ചുകൊണ്ടുപോയി.

ജിവിതത്തിന്റെ ചലനാത്മകചിത്രങ്ങൾ അപ്രതീക്ഷിതമായി നിലച്ചുപോകുമ്പോഴുള്ള സ്തബ്ധത ഓരോ ഭൂകമ്പകാഴ്ചയിലുമുണ്ട്. താൻ തിരഞ്ഞുകൊണ്ടിരുന്ന ബാല്യസ്മരണകളും നല്ല സമയവുമാണ് ബുക്കറാമിന് ഭൂകമ്പത്തിലൂടെ തിരിച്ചുകിട്ടിയത്. ഭൂകമ്പത്തെ അതിജീവിച്ച ഘടികാരവും ശിശുവും അയാളെ ധനികനും ഭാഗ്യവാനുമാക്കാമെന്ന പ്രതീക്ഷ നൈമിഷികമാകുന്നു. അടുത്ത നിമിഷം അയാളെ ഭാഗ്യങ്ങളോടൊപ്പം തിരിച്ചെടുക്കുകയാണ് അടുത്ത തുടർചലനം ജീവിതത്തിൻെറ അശരണാവസ്ഥകളെയും അപ്രതീക്ഷിതത്വങ്ങളേയും ഹൃദയസ്പർശിയായി അവതരിപ്പിക്കുകയാണ് 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം'

# മൊഡ്യൂൾ 3

# കാവ്യഹേതുക്കൾ

## എം.കെ. സാനു

1928 ൽ ആലപ്പുഴയിൽ ജനിച്ചു. വിവിധ ഗവൺമെന്റു കോളേജുകളിൽ പ്രൊഫസറായിരുന്നു. കേരളനിയമസഭയിൽ എറണാകുളം മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. നിരൂപകൻ, എഡിറ്റർ, വിവർത്തകൻ, പത്രപ്രവർത്തകൻ, പ്രസംഗികൻ, സാമൂഹ്യപ്രവർത്തകൻ, മനുഷ്യാവകാശ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം പ്രവർത്തിക്കുന്നു.

### കൃതികൾ

കർമ്മഗതി (ആത്മകഥ)
കാറ്റും വെളിച്ചവും
ചക്രവാളം
മണ്ണിന് മണ്ണിന്റെ ഗുണം
പ്രഭാതദർശനം
ചുമരിലെ ചിത്രങ്ങൾ
രാജവീഥി
അനുഭൂതിയുടെ നിറങ്ങൾ — സാഹിത്യ നിരൂപണ്ഗ്രന്ഥങ്ങൾ
അതിർ വരമ്പുകളില്ലാതെ
ഉന്നതാത്മാക്കളുടെ ജീവരക്തം
എന്റെ വഴിയമ്പലങ്ങൾ
എഴുത്തിന്റെ നാനാർത്ഥങ്ങൾ
വിമർശനത്തിലെ രാജശില്പി
തുറന്ന ജാലകം
കാവ്യതത്ത്വപ്രവേശിക

ശ്രീ നാരായണസന്ദേശം /
എത്ര ശോകമയം ജീവിതം / — ഉപന്യാസസമാഹാരങ്ങൾ
വിശ്വത്തിലേയ്ക്ക് വീണ്ടും /
അഞ്ചുശാസ്ത്ര നായകൻമാർ / — വിവർത്തനങ്ങൾ

## കാവ്യഹേതുക്കൾ

ആദികാവ്യം രചിച്ചപ്പോഴാണ് ആദി കവിയെന്ന് വാത്മീകി വിശ്രുതനായത്. കാവ്യമാണ് കവിയെ സൃഷ്ടിക്കുന്നത്. എന്നാൽ കാവ്യസൃഷ്ടി ആർക്കും ചെയ്യാവുന്ന ഒന്നല്ല. അതിനു ചില സിദ്ധി വിശേഷങ്ങൾ ഉണ്ടായേ തീരൂ. പ്രതിഭ, അഭ്യാസം, സർഗ്ഗാത്മകഭാവന എന്നീ ഉത്തമഗുണിശേഷങ്ങളാണ് കാവ്യഹേതുക്കളായി ലേഖകൻ വിവരിച്ചുദാഹരിക്കുന്നത്.

കാവ്യനിർമ്മാണ പ്രക്രിയ സങ്കീർണ്ണമാണ്. അനുഭവങ്ങളുടെ ആവിഷ്ക്കാരമാണ് കല എന്നു കലാചിന്തകർ ആവർത്തിച്ചു പറയാറുണ്ട്. സാഹിത്യവും കല തന്നെ. അനുഭവം എന്നത് ലളിതപദമല്ല. കവിയെ സംബന്ധിച്ചിടത്തോളം ഉണർവ്വിലും സ്വപ്നത്തിലും സങ്കൽപ്പത്തിലും ലഭിക്കുന്നതെല്ലാം അനുഭവങ്ങൾ തന്നെ. അനുഭവങ്ങളെല്ലാം കാവ്യങ്ങൾക്ക് പ്രേരകമാവുകയില്ല. അനുഭവം ജീവിത സ്പർശിയായാലും അത് തീവ്രമായി ആവിഷ്ക്കരിക്കണമെന്ന അഭിനിവേശം എല്ലാവർക്കുമുണ്ടാവുകയില്ല. തീവ്രാനുഭവങ്ങൾ ഉള്ളവർതന്നെ മറ്റുള്ളവരോട് പങ്കിട്ട് അതിന്റെ ആനന്ദമോ ദു:ഖമോ ശമിപ്പിക്കുന്നു. ചുരുക്കം ചിലർമാത്രം അനുഭവത്തെ ഭാഷയിലൂടെ ആവിഷ്ക്കരിക്കുന്നു. അങ്ങനെ രൂപം കൊള്ളുന്ന കൃതികളെല്ലാം കാവ്യമാകാറില്ല. ചുരുക്കം കൃതികൾ മാത്രം സഹൃദയ ഹൃദയങ്ങളെ സ്പർശിക്കുകയും അവർക്ക് രസം നൽകുകയും ചെയ്യുന്നു. അങ്ങനെ ലക്ഷ്യം നേടുന്ന സൃഷ്ടികളെ മാത്രമേ നാം കാവ്യമെന്നു വിശേഷിപ്പിക്കാറുള്ളു. അപ്പോൾ സഹൃദയ ഹൃദയങ്ങളെ ആഹ്ളാദിപ്പിക്കുന്ന തരത്തിൽ അനുഭവങ്ങൾ ആവിഷ്ക്കരിക്കാനുള്ള കഴിവിൽ നിന്നുമാത്രമേ കാവ്യം രൂപപ്പെടുകയുള്ളു. വളരെ ചുരുക്കം പേർക്കുമാത്രം ലഭിക്കാറുള്ള ഈ കഴിവിനെയാണ് പ്രതിഭ എന്നു പറയാറുള്ളത്. കാവ്യഹേതുക്കളിൽ മുഖ്യസ്ഥാനം പ്രതിഭയ്ക്കു തന്നെ.

പ്രതിഭ ജന്മസിദ്ധമാണ്. സംഗീതത്തിലും ചിത്രമെഴുത്തിലും എന്നുവേണ്ട ഏതു കലയിലും മികവുള്ളവർ ഏറെയുണ്ടാകാം. എന്നാൽ ജന്മവാസനയുള്ളവർ പാടുകയോ വരയ്ക്കുകയോ ഒക്കെ ചെയ്യുമ്പോൾ അവയുടെ മാധുര്യത്തിൽ നാം ആകൃഷ്ടരാവുന്നു. അതുപോലെതന്നെ പ്രതിഭാശാലിയായ എഴുത്തുകാരൻ ആസ്വാദകനെ എഴുത്തിലൂടെ വശീകരിക്കുന്നു. ആഹ്ളാദിപ്പിക്കുന്നു.

കാവ്യാസ്വാദനത്തിന് ഭാഷാജ്ഞാനം മാത്രം പോര. അല്പം വാസനയും ആവശ്യമാണ്. നിരന്തരം കാവ്യപാരായണം നടത്തി മനസ്സിനെ തെളിയിച്ചെടുത്ത നിപുണരായ ആസ്വാദകരെയാണ് സഹൃദയർ എന്നു വിളിക്കാറുള്ളത്.

സ്വന്തം ഹൃദയത്തിൽ സൗന്ദര്യാനുഭൂതി ജനിപ്പിക്കുമ്പോഴാണ് ആസ്വാദകൻ ഒരു കാവ്യത്തെ തിരിച്ചറിയുന്നത്. മാധ്യമങ്ങൾ വാഴ്ത്തിപ്പാടിയാലും സംഘാടകർ പുകഴ്ത്തിയാലും ഒരു കാവ്യം അതായിക്കൊള്ളണമെന്നില്ല. എന്നാൽ ഏതാനും ചിലർക്ക് ആസ്വദിയ്ക്കാൻ കഴിയാത്തതുകൊണ്ടു മാത്രം ഒരു കൃതി കാവ്യമല്ലാതാകുന്നില്ല എന്നും ഓർക്കേണ്ടതുണ്ട്.

അപ്പോൾ കാവ്യമാകണമെങ്കിൽ രചന അനുവാചകരിൽ കാവ്യാനുഭൂതി ഉളവാക്കിയിരിക്കണം. കാവ്യത്തിലെ വികാരം ആസ്വാദകന് പകർന്നുകിട്ടിയിരിക്കണം. ജീവിതത്തിലെ വികാരങ്ങൾക്ക് തുല്യമല്ല കാവ്യം സംക്രമിപ്പിക്കുന്ന വികാരം. ലോകത്തിൽ ഭയമോ ശോകമോ ഉളവാക്കുന്ന രംഗം കാവ്യത്തിൽ ആനന്ദമായി പരിണമിക്കുന്നു എന്നതാണ് ശ്രദ്ധേയം. അതുകൊണ്ടാണ് അത്തരം കാവ്യങ്ങൾ നാം ആവർത്തിച്ചുവായിക്കാറുള്ളത്. ഈ സംക്രമിപ്പിക്കൽ അത്രയ്ക്ക് സങ്കീർണ്ണമായതുകൊണ്ട് കാവ്യശാസ്ത്രവും അനേകം സങ്കീർണ്ണസിദ്ധാന്തങ്ങളും ചർച്ചകളും ഉൾക്കൊള്ളുന്നു. ഇനിയും സാഹിത്യശാസ്ത്രം ആസ്വാദനത്തെ വിലയിരുത്തികൊണ്ടേയിരിക്കും. ഈശ്വരാനുഭൂതിയ്ക്ക് തുല്യമാണ് കാവ്യാസ്വാദനത്തിലെ രസമെന്നാണ് ആചാര്യന്മാർ പറഞ്ഞുവെച്ചിട്ടുള്ളത്. ഇങ്ങനെ സൂക്ഷ്മവും വിശിഷ്ടവുമായ രസാനുഭൂതിയെ അക്ഷരങ്ങളിലൂടെ ആവിഷ്ക്കരിക്കാൻ കവിയെ പ്രാപ്തനാക്കുന്ന സിദ്ധിവിശേഷമാണ് പ്രതിഭ. ജന്മാന്തരവാസനകളുടെ പുണ്യഫലമായാണ് ഒരാൾ പ്രതിഭാശാലിയാകുന്നത് എന്നാണ് ഭാരതീയ സങ്കല്പം. മരുഭൂമികളും മറ്റു ഗ്രഹങ്ങളും വരെ ആവാസയോഗ്യമാക്കാൻ ശാസ്ത്രം ഉതകി എന്നു വരാം. എന്നാൽ മനുഷ്യനെകൊണ്ട് ഒരു കാവ്യം രചിപ്പിക്കാൻ അതിനു കഴിയുകയില്ല. ജന്മസിദ്ധമായ പ്രതിഭയുണ്ടെങ്കിലേ ഒരാൾക്കതു സാദ്ധ്യമാകൂ.

ജന്മസിദ്ധമായ വാസനകൊണ്ടു മാത്രം കാവ്യരചന അനായാസമാവുമോ എന്നതാണ് അടുത്ത പ്രശ്നം. ഇല്ല എന്നതാണ് സത്യം. കാവ്യാനുശീലനവും ലോക പരിജ്ഞാനവും വാസനയോടു ചേർന്നാലേ പ്രതിഭയായി വിസിക്കുകയുള്ളു. സമൂഹത്തോടും ലോകത്തോടുമുള്ള കവിയുടെ ബന്ധം പ്രതിഭയെ ഊർജ്ജസ്വലമാക്കുന്നു. മറ്റുകലകളോടുള്ള ബന്ധവും കവിക്ക് ഏറെ ഉപകരിയ്ക്കും. ഇതിന് വ്യുല്പത്തി എന്നു പറയുന്നു.

പ്രതിഭാശാലിയാവണം അപ്പോൾ കവി. ലോകാനുഭവങ്ങളെ സൂക്ഷമായറിയുകയും അവയോട് പ്രതികരിക്കുകയും ചെയ്യുന്ന മനസ്സുണ്ടാകണം.. ഉചിതമായ ആവിഷ്ക്കരണകൗശലമുണ്ടാകണം.

ഈ ആവിഷ്ക്കരണകൗശലത്തിന് പരിശീലനം അനിവാര്യമാണ്. ഏറ്റവും മനോഹരമായി തന്റെ ഭാവമണ്ഡലത്തെ ആസ്വാദകന് പകർന്നു നൽകേണ്ടതെങ്ങനെയെന്ന നിരന്തരാന്വേഷണം കവി യുടെ ഭാഗത്തുനിന്നുണ്ടാവണം. ഈ പരിശീലനത്തിനാണ അഭ്യാസം എന്നു പറയുന്നത്.

കവിയ്ക്ക് ജീവിതത്തെക്കുറിച്ചു കൃത്യമായ ഒരു കാഴ്ചപ്പാടുണ്ടായിരിക്കും. ഈ പ്രപഞ്ചാവ ബോധത്തെ തന്നെയാണ് ദർശനം എന്നു പറയുന്നത്. ഋഷികളെപ്പോലെ കവികളും ദർശനമുള്ളവരാ ണ്. ഋഷി, കവി എന്ന പദങ്ങൾ പര്യായമായി ഉപയോഗിക്കുന്നതും 'ഋഷിയല്ലാത്തവൻ കവിയല്ല' എന്നു പറയുന്നതും ഈ അർത്ഥത്തിലാണ്. പ്രപഞ്ചാവബോധം അഥവാ ദർശനം ആവിഷ്ക്കരിക്കു ന്നതിലൂടെയാണ് കവിപ്രതിഭ ചരിതാർത്ഥമാകുന്നത്. ഈ ആവിഷ്ക്കാരത്തിൽ സങ്കല്പത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും അതിരുകൾ പലപ്പോഴും ഇല്ലാതാവുന്നു, കാവ്യസത്യം, ജീവിതസത്യത്തിൽ നിന്ന് ഭിന്നമായിതോന്നാം. കവിയും കാമുകനും ഭ്രാന്തനും സമാനരാണെന്നു പറയുന്നത് ഇതുകൊ ണ്ടാണ്. യാഥാർത്ഥത്തെ അപ്രധാനമാക്കിക്കൊണ്ട് കവി സങ്കല്പം വിജയിച്ചു നിൽക്കാം. സർവ്വച രാചരങ്ങളും കഥാപാത്രങ്ങളാകാവുന്ന ഒരു വലിയ ലോകമാണ് കവിയുടേത്.

കാവ്യം അനുവാചകരുടെ മൂല്യബോധത്തെ മാറ്റിമറിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യുന്നു. യഥാർത്ഥ ജീവിതത്തിൽ കല്ലെറിഞ്ഞുകൊല്ലേണ്ടവളെന്ന് സമൂഹം കാണുന്ന തേവിടി ശ്ശി, കാവ്യത്തിൽ ദൈവപുത്രന്റെ അനുഗ്രഹത്തിന് പാത്രമാവുന്നതു കണ്ട് സഹൃദയൻ ആഹ്ളാദി ക്കുന്നത് ഉദാഹരണമാണ് (മഗ്ദലനമറിയം).

നിത്യജീവിതത്തിലെ സംഭാവ്യതാബോധത്തിന് കാവ്യലോകത്തിൽ സ്ഥാനമില്ല. വാനരൻ കടൽക ടക്കുകയോ മലമുഴുവനായി പൊക്കിയെടുത്തുകൊണ്ടുവരികയോ വിവേകത്തോടെ സംസാരിക്കു കയോ ചെയ്യുന്നത് കാവ്യത്തിൽ സംഭവ്യമാണ്, ജീവിതത്തിൽ സംഭാവ്യമല്ലെങ്കിലും ഈ കവി കല്പ നകൾ നമ്മേ ആഹ്ളാദിപ്പിക്കുന്നു. കവികൾക്ക് സാദ്ധ്യമായ സങ്കൽപ്പസിദ്ധിയെ സർഗ്ഗാത്മകഭാവന എന്നു പറയുന്നു. ദേവതമാർ ആവേശിച്ചതുപോലെ സർഗ്ഗാത്മകഭാവന കവികളെ അനുഗൃഹീതരാ ക്കുന്നു. നവംനവങ്ങളായ കല്പനകൾക്ക് അവരെ പ്രാപ്തരാക്കുന്നു. ചിലപ്പോൾ അവരുദ്ദേശിക്കാത്ത പരിണാമങ്ങളിലും ദർശനങ്ങളിലും എത്തിക്കാൻ പോലും പര്യാപ്തമാണ് സർഗ്ഗാത്മക ഭാവന. ലോകം മിഥ്യയാണെന്ന് പ്രകടമായും വിശ്വസിക്കുന്ന കവിയുടെ കാവ്യങ്ങളിൽ ജീവിതാസക്തി അനുഭവപ്പെ ട്ടുവെന്നുവരാം. പൂർവ്വനിശ്ചയങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് കാവ്യം കവി സങ്കൽപിക്കാത്ത രൂപത്തിൽ പരിണമിച്ചു എന്നു വരാം. മരിച്ചുപോയ ഭാര്യക്ക് സ്മാരകം നിർമ്മിച്ചരാജാവിന്റെ കഥ ലേഖകൻ ഇവിടെ അനുസ്മരിക്കുന്നു. മനോഹരമായ സ്മാരകമന്ദിരം പണികഴിപ്പിച്ച് അതിന്റെ കേന്ദ്ര സ്ഥാനത്ത് പത്നിയുടെ ചിതാകലശം സ്ഥാപിക്കണമെന്നാഗ്രഹിച്ച രാജാവ് കലാസൃഷ്ടിയെന്ന നില യിൽ ആ മന്ദിരത്തിന് കലശം ഇണങ്ങുന്നില്ലെന്നുകണ്ട് തീരുമാനം മാറ്റുകയാണ്. ഇത് ഏത് കലാകാ രനും ഉണ്ടാകാവുന്ന അനുഭവമാണ്.. ശില്പമായാലും കാര്യമായാലും, രചയിതാവിന്റെ സങ്കല്പ

ത്തെപ്പോലും തകർത്തുകൊണ്ട് കല ചിലപ്പോൾ മറ്റൊരു രൂപം പ്രാപിക്കാം.

കാവ്യത്തെ കവിയേക്കാൾ അറിയുന്നത് വ്യാഖ്യാതവാണ്. കവി ഉദ്ദേശിക്കാത്ത രീതിയിൽ അർത്ഥങ്ങളും ഭാവതലങ്ങളും പല കവിതകളിലും വ്യാഖ്യാതാക്കൾ കണ്ടെത്തിയെന്നുവരാം. വ്യാഖ്യാതാവ് അറിയുന്നു, കവി അറിയുന്നില്ല. എന്ന ചൊല്ലുവരാൻ ഇതാണ് കാരണം. കവിയുടെ ആത്മഭാവങ്ങൾ കവിതയിലും കഥാപാത്രങ്ങളിലും കല്പനകളിലും ഉരുത്തിരിഞ്ഞുകാണാം. അതുകൊണ്ടു തന്നെ കാവ്യത്തിലൂടെ അറിയുകയാണുചെയ്യുന്നത്.

## പ്ലേറ്റോ, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, ലോംഗിനസ്, കോറിഡ്ജ് എന്നിവരുടെ കാവ്യാചിന്തകൾ

കാവ്യം ഉദയം കൊണ്ട നാൾ തൊട്ടേ കാവ്യഹേതുക്കളേയും പ്രചോദനത്തെയുംകുറിച്ചുള്ള ചിന്തകളും ഉണ്ടായി. ആദ്യകാല പാശ്ചാത്യ കാവ്യചിന്തകരിൽ പ്രമുഖനായ പ്ലേറ്റോ ജീവിതത്തിൽ പ്രാധാന്യം കല്പിച്ചത് നിയമവാഴ്ചയ്ക്കും സദാചാരത്തിനുമാണ്. അതുകൊണ്ടുതന്നെ കവിതയ്ക്കെതിരായി പ്ളേറ്റോ പലപ്പോഴും വാദിച്ചു. കവിയുടെ സർഗ്ഗാത്മകതയെ മാനിച്ചുകൊണ്ട് അദ്ദേഹം പ്രചോദനമുഹൂർത്തങ്ങളെ ദേവതാവിഷ്ടമായ അവസ്ഥയെന്ന് വിശേഷിപ്പിച്ചു.

പ്രചോദിതരും ദേവതാവിഷ്ടരുമാകുന്ന അവസ്ഥയിലാണ് കാവ്യങ്ങളൊക്കെയും രചിക്കപ്പെട്ടുന്നതെന്നും വിശുദ്ധാത്മാക്കളാണ് കവികളെന്നും സോക്രട്ടീസപറയുന്നു. കവികൾ ദൈവത്തിന്റ ഉപാധികളാണെന്നും ദൈവവചനമാണ് കവിതയായിത്തീരുന്നതെന്നും അദ്ദേഹം വിശ്വസിച്ചു.

മനുഷ്യപ്രകൃതിയിൽ അനുകരിക്കാനുള്ള വാസനയും ലയബോധവുമുണ്ടെന്നു അരിസ്റ്റോട്ടിൽ പറയുന്നു. അനുകരണം വെറും പകർത്തലല്ല. സർഗ്ഗാത്മകതയുടെ ആശയംകൂടി അതിലുണ്ട്. പ്ലേറ്റോയെപ്പോലെയോ സോക്രട്ടീസിനെപ്പോലെയോ കവിയുടെ ദൈവികസിദ്ധിയെക്കുറിച്ച് ചർച്ച ചെയ്യാൻ അരിസ്റ്റോട്ടിൽ ഒരുങ്ങുന്നില്ല. പ്ലേറ്റോവിന് പ്രവാചകത്വവും അരിസ്റ്റോട്ടിലിന് ന്യായാധിപസ്വഭാവവുമാണെന്ന് വാൾട്ടർ കാഫ്മാൻ എന്ന ചിന്തകൻ തന്റെ 'ട്രാജടിയും തത്വചിന്തയും' എന്ന ഗ്രന്ഥത്തിൽ വിലയിരുത്തിയിരിക്കുന്നു. പ്ലേറ്റോ ഉൾക്കാഴ്ച പ്രകടിപ്പിക്കുകയാണ്. അരിസ്റ്റോട്ടിലാകട്ടെ വ്യക്തികളിലൂടെ നിഗമനങ്ങളിലേത്തിച്ചേരാനാണ് ശ്രമിക്കുന്നത് എന്നാണ് കാഫ്മാൻ ഉദ്ധേശിച്ചത്.

ലോംഗിനസ് എന്ന കാവ്യചിന്തകൻ കാവ്യത്തിന്റെ ശ്രേഷ്ഠതയ്ക്ക് 'ഉദാത്തത'എന്ന പേർ നൽകുന്നു. കവിയ്ക്കുള്ള പ്രകൃതിദത്തമായ പ്രതിഭയിലും അദ്ദേഹം വിശ്വസിക്കുന്നു. നൈസർഗ്ഗികമായ പ്രതിഭയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇങ്ങനെ ലോംഗിസിന്റെ തത്ത്വചിന്തയിൽ പ്രകടമായി തന്നെ കാണാം.

കോളറിഡ്ജിന്റെ വിമർശനസിദ്ധാത്തങ്ങളിൽ പരമമായ പ്രാധാന്യം പ്രതിഭയ്ക്കാണ്. പ്രതിഭയിൽ അബോധപൂർവ്വമായ പ്രവർത്തനമാണുള്ളതെന്നും അത് ആവിഷ്കൃതമാകുന്നത് സർഗ്ഗാത്മക ഭാവനയിലൂടെയാണെന്നും കോളറിഡ്ജ് പറയുന്നു. ആകർഷകമായ പ്രതിപാദനത്തിനുള്ള കഴിവാണ് രചനാവൈഭവം. എന്നാൽ ഇതിന് ആസ്വാദകനിൽ അനുഭൂതിയുടെ മിന്നൽപ്പിണരുകൾ സൃഷ്ടിക്കാനാവുകയില്ല. അതിന് പ്രതിഭ തന്നെ വേണം. ാമഹലിേ, ഏലിശൗ എന്നിങ്ങനെ ഉൾക്കാഴ്ചയെയും പ്രതിഭയെയും കോളറിഡ്ജ് പ്രത്യേകം വേർതിരിയ്ക്കുന്നുണ്ട്. പ്രതിഭയെ സഹജാവബോധം (കിൗശശേീ) എന്നാണ് ബെനഡിറ്റോ ക്രോച്ചേ വിശേഷിപ്പിച്ചത്. ഇങ്ങനെ പാശ്ചാത്യകാവ്യചിന്തകർ പല വാക്കുകൾ ഉപയോഗിച്ചുവെങ്കിലും ഈ കാവ്യ ചിന്തകളിലെല്ലാം പ്രതിഭയെക്കുറിച്ചുള്ള സൂക്ഷ്മവിചിന്തനങ്ങളുണ്ടെന്നു കാണാം. കാവ്യരചനയ്ക്ക് മുഖ്യഹേതു പ്രതിഭയാണെന്നും അത് പ്രകാശിതമാകുന്നത് സർഗ്ഗാത്മക ഭാവനയിലൂടെയാണെന്നും മിക്കചിന്തകരും പറഞ്ഞുവെച്ചിട്ടുള്ളതായി കാണാം.

കാവ്യത്തിലെ വികാരവും ജീവിതത്തിലെ വികാരവും രണ്ടാണെന്ന് അരിസ്റ്റോട്ടിൽ ചിന്തിക്കുന്നു. പ്രത്യക്ഷത്തിൽ ക്ലേശമുണ്ടാക്കുന്നതും വെറുപ്പുളവാക്കുന്നതുമായ ദൃശ്യങ്ങൾ കാവ്യത്തിലോ ചിത്ര-ശില്പകലകളിലോ പ്രത്യക്ഷപ്പെടുമ്പോൾ ആനന്ദാനുഭൂതിയാണുണ്ടാക്കുന്നത്. അശ്ലീല കലയ്ക്കും സാഹിത്യത്തിനുമെതിരെ വാളോങ്ങുന്നവർ ഈ തത്ത്വത്തെപ്പറ്റി ഓർക്കേണ്ടതാണ്. മലിനവികാരം ജീവിതത്തിലുണ്ടാവാം. അവയ്ക്കതീതമായ ആനന്ദമാണ്. ആവിഷ്ക്കരണത്തിൽ അത്തരം അനുഭവങ്ങൾ പോലും പ്രദാനം ചെയ്യുക.

കാവ്യഹേതുക്കളിൽ ഏറ്റവും മുഖ്യം ജന്മസിദ്ധമായ പ്രതിഭ തന്നെ. നിപുണതയും നിരന്തരാഭ്യാസവുമാണ് പ്രതിഭയ്ക്ക് ഉന്മേഷം നൽകുന്നത്. ഓരോ ഉത്തമകൃതിക്കു പിന്നിലും പ്രതിഭാശാലിയായരചയിതാവിന്റെ ലോകപരിജ്ഞാനവും ക്ലേശപൂർണ്ണമായ അദ്ധ്വാനവുമുണ്ടെന്നു കാണാം.

# സാഹിത്യവിദ്യ

## കുട്ടികൃഷ്ണമാരാർ (1900–1973)

മലയാളസാഹിത്യലോകത്തിലെ അതുല്യപ്രതിഭയായ നിരൂപകൻ. അലങ്കാരശാസ്ത്രം, ഭാഷാശാസ്ത്രം, സാഹിത്യചർച്ച, ആദ്ധ്യാത്മികചിന്ത, ബാലസാഹിത്യം, ആത്മകഥാനിരൂപണം, വ്യാകരണം എന്നിങ്ങനെ കൈയെത്താവുന്ന മേഖലകളിലെല്ലാം ഈ നിരൂപക പ്രതിഭ വ്യാപരിച്ചിട്ടുണ്ട്. മാരാരുടെ നിരീക്ഷണങ്ങൾ മറ്റാർക്കും തിരുത്താനാകാത്ത വിധം യുക്തി ദദ്രമാണ്.

### കൃതികൾ

സാഹിത്യഭൂഷണം
മലയാളശൈലി
ചർച്ചായോഗം
പതിനഞ്ചുപന്യാസം
സാഹിത്യവിദ്യ
ദന്തഗോപുരം
ഇങ്ങുനിന്നങ്ങോളം
ഭാരതപര്യടനം
ഋഷിപ്രസാദം
രാജാങ്കണം
മേഘസന്ദേശം (വിവർത്തനം)
കുമാരസംഭവം ( വിവർത്തനം)
രഘുവംശം (വിവർത്തനം)
അഭിജ്ഞാന ശാകുന്തളം (വിവർത്തനം)

## സാഹിത്യവിദ്യ

ഭാരതീയരായ പ്രാചീനപണ്ഡിതന്മാർ സാഹിത്യത്തെ കലയായിട്ടല്ല, ജ്ഞാനവിജ്ഞാനപ്രധാനമായ വിദ്യ ആയിട്ടാണ് പരിഗണിച്ചിട്ടുള്ളത്. വേദം പ്രഭുവിനെപ്പോലെ (അധീശത്വം), പുരാണം സുഹൃത്തിനെപ്പോലെ (സൗഹൃദം) കാവം കാന്തയെപ്പോലെ (സഹധർമ്മിണി) തുടങ്ങിയ ചൊല്ലുകൾ ശ്രദ്ധേയമാണ്. രാജശേഖരൻ, ഭാമഹൻ തുടങ്ങിയ സാഹിത്യ ചിന്തകരും കാവ്യത്തെ കലകളെക്കാൾ ശ്രേഷ്ഠമായ സ്ഥാനമലങ്കരിയ്ക്കുന്ന ഒന്നായാണ് കണ്ടത്.

കവിതയെ കലകളുടെ കൂട്ടത്തിൽ പെടുത്തിക്കൊണ്ടുള്ള വ്യവഹാരങ്ങളും പ്രാചീന ചിന്തകളിലുണ്ട്. അറുപത്തിനാലുകലകളിൽ ഒന്നായി കാവ്യക്രിയയെ ശബ്ദകൽപ്പദ്രുമം കാണുന്നു. ജൈനബൗദ്ധാദികളും കലകൾക്കിടയിൽ കവിതയെപെടുത്തിക്കാണുന്നുണ്ട്.

എന്നാൽ അറുപത്തിനാലുകലകളുടെ സങ്കൽപം സങ്കീർണ്ണവും അവ്യവസ്ഥിതവുമാണ്. അവയെക്കാൾ പ്രമാണമായി കരുതാവുന്നത് സാഹിത്യത്തെ വിദ്യയായി പരിഗണിക്കുന്ന കാഴ്ചപ്പാടുതന്നെയാണെന്ന് മാരാർ കരുതുന്നു. 'ക്രാന്തദർശിയാണ് കവി' എന്നു വിവരിക്കുകയും 'ഋഷിയല്ലാത്തവൻ കവിയല്ല' എന്നു നിർബന്ധബുദ്ധി പുലർത്തുകയും ചെയ്ത ഭാരതീയാചാര്യൻമാർ സാഹിത്യകാരനെ കലാകാരൻ മാത്രമായല്ലകണ്ടത്. കല എന്നതിലേറെ വിദ്യ എന്നാണ് കാവ്യവൃത്തിയെ ഔചിത്യത്തോടെ വിശേഷിപ്പിക്കേണ്ടത്.

പാശ്ചാത്ത്യപണ്ഡിതർ, സുന്ദരകലകളിൽ ഏറ്റവും ശ്രേഷ്ഠമാണ് സാഹിത്യം എന്നു കരുതി കാണുന്നു. ലിംഗഭേദവിജ്ഞാനീയത്തിൽ പ്രമാണിയായ ഹാവ്ലക്ക് എല്ലിസ്, സാഹിത്യം ഒരു കല

എന്നതിലുപരി അദ്ധ്യാത്മികതത്വ ശാസ്ത്രവും നിഗൂഢതത്ത്വപ്രകാശനവും കവിതയും ആഖ്യായികാ നിർമ്മാണവും ചേർന്ന സവിശേഷ നിർമ്മാണരീതിയാണെന്നു പറയുന്നു. ഇതനുസരിച്ച് കവിത്വത്തിൽ ക്രാന്തദർശനവും കലാപാടവവുമുണ്ടന്നുകാണാം. ആദർശ പ്രവണത, ചിന്താശീലം എന്നിവ ക്രാന്ത ദർശനത്തിലും ഭാവന മുതൽ വാഗ്വൈഭവം വരെയുള്ളവ കലാപാടവത്തിലും പെടുന്നു.

സംസ്കൃതത്തിലെ ആലങ്കാരികന്മാർ കലാപാടവത്തിലല്ലാതെ 'വിദ്യാത്വ'ത്തിൽ ശ്രദ്ധചെലുത്തിയിട്ടില്ല എന്നു മാരാർ നിരീക്ഷിക്കുന്നു. കവിതയിൽ വിദ്യാത്വമുണ്ടെങ്കിൽ അത് സത്യസന്ധതയും ചാരിത്രവും പോലുളള ചില ജീവിതസിദ്ധാന്തങ്ങളുടെ സമർത്ഥിക്കലിൽ ഒതുങ്ങുന്നുവെന്നാണവരുടെ പക്ഷം. പാശ്ചാത്യനിരൂപകരാണ് സാഹിത്യത്തിന്റെ വിദ്യാപരമായ മേന്മകളിൽ ഒന്നുകൂടി ശ്രദ്ധ ചെലുത്തിക്കാണുന്നത്. അപ്പോഴും അവർ അതിനെയൊക്കെ, കല എന്ന പേരിൽ വ്യാഖ്യാനിക്കാനാണ് ശ്രമിച്ചത് എന്നതൊരു ന്യൂനതയാണ്. സാഹിത്യത്തിലെ വിദ്യാത്യവും കലാഭംഗിയും അത്രമേൽ ഊടും പാവും പോലെ ഇഴുകിപ്പിടിച്ചുകിടക്കുന്നതുകൊണ്ട് അവയെ വേർതിരിച്ചുകാണുക ബുദ്ധിമുട്ടാണെന്നും ലേഖകൻ കരുതുന്നു. അതുകൊണ്ടുതന്നെ സാഹിത്യ ചിന്തകളിലെല്ലാം ഈ സങ്കീർണ്ണതയുണ്ടാവാം. സാഹിത്യവിദ്യയെ കലകളുടെ കൂട്ടത്തിൽ പരിഗണിച്ചുകൊണ്ട് ഒരുപാട് ദുർദ്ധാരണകളുംദുർവ്വാദങ്ങളുമാണ്ടായിട്ടുണ്ട്. 'കല കലയ്ക്കുവേണ്ടി' എന്ന എളിയ ചൊല്ല് അക്രമിക്കപ്പെട്ടു ഈ എതിരാളികൾ ഒടുവിലായാലും എത്തിച്ചേർന്നത 'സാഹിത്യം കലയ്ക്കുവേണ്ടിയല്ല ' എന്ന ഉചിതമായ നിഗമനത്തിലാണ്.

സാഹിത്യനിരൂപണവും കലാനിരൂപണവും ഒന്നായിത്തീരുമ്പോൾ നിരൂപകന് തെറ്റുപറ്റും. സാഹിത്യത്തെ കലയായി കണ്ട് നിരൂപണം ചെയ്യാനൊരുങ്ങുന്നയാൾ അതിലെ കലാലക്ഷണങ്ങളിൽക്കവിഞ്ഞ് കാണുന്നതിനെയെല്ലാം കലർപ്പായികാണും. ആ കലർപ്പുകളാണ് സാഹിത്യത്തിന്റെ ശ്രേഷ്ഠതയെന്നയാൾ അറിയാതെപോവും. നിവൃത്തിയുണ്ടെങ്കിൽ ആ കലർപ്പുകളെ തൂത്തു മാറ്റുന്നതാണ് സാഹിതൃത്തിനു നല്ലതെന്നുകൂടിഅയാൾ തീരുമാനിച്ചേയ്ക്കും. 'കലയും കാലവും' എന്ന പുസ്തകം ഇങ്ങനെയൊരു തീർപ്പിന്റെ ഫലമാണെന്ന് മാരാർ എഴുതുന്നു.

ജ്ഞാനലബ്ധി, മനസ്സംസ്ക്കാരം, വായനക്കാരന്റെ അന്ത:കരണത്തിൽ സർവ്വതോമുഖമായ ശുദ്ധി കർമ്മം - ഇതാണ് സാഹിത്യവിദ്യയുടെ യഥാർത്ഥലക്ഷ്യം. ഈ ശുദ്ധി കർമ്മം എങ്ങനെ നടക്കണം എന്ന കാര്യത്തിൽ അഭിപ്രായഭേദമുണ്ടാകാം. മുതലാളി, തൊഴിലാളി എന്നീ രണ്ടു ശത്രുവർഗ്ഗങ്ങൾ തമ്മിലുളള പോരാണ് മനുഷ്യ ചരിത്രമെന്നും തൊഴിലാളിയെ മറ്റേ പക്ഷത്തിനെതിരായ വിജയം നേടുവാൻ പ്രാപ്തരാക്കുകയാണ് സാഹിത്യത്തിന്റെയും മറ്റെല്ലാറ്റിന്റെയും ലക്ഷ്യമെന്നും ചിന്തിക്കുന്ന രാഷ്ട്രീയകക്ഷിയും ചിന്തകരുമുണ്ട്. സാഹിത്യത്തിന്റെ ജോലി മനുഷ്യന് മനസ്സംസ്ക്കാരമുണ്ടാക്കലാണ് എന്നതിൽ ഇവരും യോജിക്കുന്നു. അതെങ്ങനെ വേണം എന്നതിലേ അഭിപ്രായഭേദമുളളു.

മനസ്സംസ്ക്കാരത്തിനുതകുംവണ്ണം വായനക്കാരനെ പാട്ടിലാക്കി നിർത്താനുളള ഉപായം മാത്രമാണ് സാഹിത്യത്തിലെ കല. 'ഒഴിവാക്കാനാവാത്ത കലർപ്പ്' എന്നു മാരാർ അതിനെ വിശേഷിപ്പിക്കുന്നു. അപ്പോൾ സാഹിത്യത്തെ/ കാവ്യത്തെ അതാക്കി മാറ്റുന്നത് മന:ശുദ്ധീകരണം എന്ന ലക്ഷ്യവും ധർമ്മവുമാണ്. അതു നിർവ്വഹിക്കപ്പെടുന്നതാകട്ടെ സാഹിത്യകാരന്റെ കലാപാടവത്തിലൂടെയാണ്.

എന്താണ് കല എന്ന ചോദ്യത്തിനുത്തരം അല്പം സങ്കീർണ്ണമാണ്. കല അനുഭവിച്ചറിയേണ്ടതാണ്. ലക്ഷണത്തിലൊതുങ്ങേണ്ടതല്ല. 'സംവിധാനഭംഗിയാണ് കല' എന്നു ഏകദേശ നിർവപവചനമാകാം. അംഗ ചലനങ്ങളുടെ താളാനുസാരിയായ സംവിധാനഭംഗിയാണ് നൃത്തം;. അടികളുടെ സംവിധാനഭംഗിയാണ് വാദ്യകല. സ്വരങ്ങളുടെ വിചിത്ര സംവിധാനം സംഗീതത്തിലും നിറങ്ങളുടേയും വരകളുടേയും ഭംഗിയാർന്ന സംവിധാനം ചിത്രകലയിലും ഹൃദയാകർഷകമായിത്തീരുന്നു.

വാക്കുകളുടെ താളാനുസാരിയായ സംവിധാനഭംഗിയാണ് സാഹിത്യത്തിലെ കല. അത്രയേ വേണ്ടു സാഹിത്യത്തിന് എന്നു കരുതുന്നിടത്താണ് നിരൂപകനു തെറ്റു പറ്റുന്നത്. സാഹിത്യത്തിലെ കല അവിടെ തുടങ്ങുന്നതേയുള്ളു വാക്കുകളുടെ സംവിധാനഭംഗി, അർത്ഥങ്ങളുടെ സംവിധാന ഭംഗിയിലേയ്ക്ക് മാറുന്നു.

ദു;ഷന്തൻ കണ്വാശ്രമത്തിൽ ചെന്നു കേറിയപ്പോൾ പരിചരണത്തിനൊരുങ്ങിയ ശകുന്തള യിൽ അനുരക്തനായി എന്ന കഥാവസ്തുവെ, വൃക്ഷങ്ങളെ നനച്ചും സംസാരിച്ചുമുള്ള ആ ഒന്നാമങ്ക മായി വികസിപ്പിച്ചതിനെ അർത്ഥസംവിധാനത്തിലെ കലയായി ഉദാഹരിക്കാം.

കാവ്യത്തിലെ വർണ്ണനകൾക്കൊണ്ടു ശബ്ദാർത്ഥതലങ്ങൾക്കപ്പുറം നമ്മുടെ മനസ്സിൽ നവംന വങ്ങളായ ഭാവ ചിന്തകളുണർന്ന് പുതിയ സംവിധാനഭംഗിനേടുന്നതാണ് സാഹിത്യത്തിലെ അങ്ങേ അറ്റത്തെ കല. ഇതു തന്നെയാണ് രസഭാവധ്വനി. മനസ്സംസ്കരണം മാത്രമാണ് പിന്നീടുള്ളത്.

മറ്റുകലകളിലും ഭാവങ്ങളുദയം ചെയ്യാറുണ്ട്. എന്നാൽ അവയിൽ വിചിത്ര ഭാവങ്ങളുടെ സംവിധാനഭംഗിയില്ല. ചിന്തകളുടെ സംവിധാനഭംഗിയുമില്ല. അതുകൊണ്ടു തന്നെ വാദ്യകലകൾക്ക് പ്രാപിക്കാനാവാത്തതും സംഗീതത്തിനും ചിത്രകലയ്ക്കും അല്പമൊന്നു സ്പർശിക്കാൻ സാധിക്കു ന്നതുമായ ഭാവചിന്താസംവിധാനത്തിന്റെ ഉന്നതമേഖലകളിലാണ് സാഹിത്യത്തിലെ കല വാഴുന്നത്. ശബ്ദഭംഗിയും അർത്ഥഭംഗിയുമുള്ള ചില കാവ്യങ്ങളും ഭാവസംവിധാനത്തിൽ പരാജയപ്പെട്ടു പോവാറുണ്ട്. 'ബോർ' ആയി പൊതുജനം അവയെ എഴുതിത്തള്ളുന്നു. ഭാവചിന്താ സംവിധാനങ്ങ ളിലെ ഭംഗിയാണ് ആസ്വാദകന് ഹൃദയാവജ്ജകമായി ത്തോന്നുന്നതും അയാളെ മനസ്സംസ്കരണത്തി ലേയ്ക്ക് നയിക്കുന്നതും. നമ്മുടെ മനസ്സിന്റെ ബോധാബോധതലങ്ങളിലുള്ള പലതിനേയും ഉണർത്തി, ഉയർത്തി ഉചിതമായി സംവിധാനം ചെയ്തുകാണിച്ച് നമ്മുടെ അന്ത:കരണത്തെ സംസ്ക്കരിക്കുക യാണ് സാഹിത്യം ചെയ്യുന്നത്. ജീവിതവ്യാപാരങ്ങളുടെ പിന്നിൽ അവയ്ക്കു പ്രേരകമായി വർത്തി ക്കുന്ന ശക്തി വിശേഷത്തെ വികസിപ്പിക്കുവാനും (അന്ത:രംഗത്തെ) ആ വ്യാപാരങ്ങൾക്ക് ആവശ്യ മായ നിയന്ത്രണം നൽകുവാനുമുള്ള കഴിവാണ് സാഹിത്യത്തിന്റെ പരമമായ ലക്ഷ്യം. ഇതു തന്നെയാണ് ഹൃദയശുദ്ധീകരണം.

സാഹിത്യവും ജീവിതയും തമ്മിലുള്ള ബന്ധത്തെ ഇങ്ങനെ മാത്രമേ നിർവ്വചിക്കാനാവൂ. അതു കൊണ്ടു ജനങ്ങൾ ചിന്തിക്കുന്നതു തന്നെ ചിന്തിക്കുകയല്ല സാഹിത്യകാരൻ ചെയ്യേണ്ടത്. മറിച്ച് ജനങ്ങളെ തന്റെ ചിന്തയുടെ കൂടെ നിർത്തുകയാണ്. സാഹിത്യത്തിന് ഇങ്ങനെ ഒരു പരമ വിശിഷ്ടമായ – ഹൃദയ ശുദ്ധീകരണം എന്ന ധർമ്മമുണ്ടെന്നിരിക്കെ കല കലയ്ക്കുവേണ്ടിയോ മറ്റു വല്ലതിനും വേണ്ടിയോ എന്നീ നിരർത്ഥകവാദങ്ങളിൽ നിരൂപകൻ ചെന്നുപെട്ടുകൂടാ. സാഹിത്യം വിദ്യയാണ്. മനസ്സംസ്കരണമാണതിന്റെ ലക്ഷ്യം. അതിനുള്ള ഉപാധിയാണ് സാഹിത്യത്തിലെ കല. ആ അർത്ഥത്തിൽ ഓരോ കൃതിയും എത്രത്തോളം വിജയിക്കുന്നുണ്ട് എന്നാണ് നിരൂപകൻ പര്യാലോചിക്കേണ്ടത്.

സാഹിത്യവും ജീവിതയും തമ്മിലുള്ള ബന്ധത്തെ ഇങ്ങനെ മാത്രമേ നിർവ്വചിക്കാനാവൂ. അതു കൊണ്ടു ജനങ്ങൾ ചിന്തിക്കുന്നതു തന്നെ ചിന്തിക്കുകയല്ല സാഹിത്യകാരൻ ചെയ്യേണ്ടത് മറിച്ച് ജനങ്ങളെ തന്റെ ചിന്തയുടെ കൂടെ നിർത്തുകയാണ്. സാഹിത്യത്തിന് ഇങ്ങനെ ഒരു പരമവിശിഷ്ടമായ – ഹൃദ യശുദ്ധീകരണം എന്ന ധർമ്മമുണ്ടെന്നിരിക്കെ കല കലയ്ക്കുവേണ്ടിയോ മറ്റു വല്ലതിനും വേണ്ടിയോ എന്നീ നിരർത്ഥകവാദങ്ങളിൽ നിരൂപകൻ ചെന്നുപെട്ടുകൂടാ. സാഹിത്യം വിദ്യയാണ്. മനസ്സംസ്കര ണമാണതിന്റെ ലക്ഷ്യം. അതിനുള്ള ഉപാധിയാണ് സാഹിത്യത്തിലെ കല. ആ അർത്ഥത്തിൽ ഓരോ കൃതിയും എത്രത്തോളം വിജയിക്കുന്നുണ്ട് എന്നാണ് നിരൂപകൻ പര്യാലോചിക്കേണ്ടത്.

# മൊഡ്യൂൾ 4

# കാഴ്ച

## ബ്ലെസി

1963 ൽ തിരുവല്ലയിൽ ജനിച്ചു. ആദ്യസിനിമയായ കാഴ്ച പതിനഞ്ചോളം പുരസ്ക്കാരങ്ങൾക്ക് അർഹമായി തൻമാത്ര (2005) നാഷനൽ അവാർഡും കേരളസ്റ്റേറ്റ് ഫിലിം അവാർഡും ഏറ്റവും നല്ല നിരക്കഥ, നടൻ, ഡയറക്ടർ എന്നീ നിലകളിലുള്ള അവാർഡുകളും കരസ്ഥമാക്കി.

പളുങ്ക് (2006)
കൽക്കട്ട ന്യൂസ് (2008)
ഭ്രമരം (2009)
പ്രണയം (2011) എന്നീ സിനിമകളുടെ സംവിധായകൻ, ചലചിത്രരംഗത്തെ സംഭാവനകളെല്ലാം ആസ്വാദകശ്രദ്ധ പിടിച്ചുപറ്റിയവയാണ്.

## കാഴ്ച

ചലച്ചിത്രങ്ങളുടെ ഭാഷ ദൃശ്യങ്ങളുടെതാണ്, കഥ പറച്ചിലിന്റേതല്ല എന്ന് 'കാഴ്ച' തെളിയിക്കുന്നു. സിനിമയെക്കുറിച്ചുളള ഈ സങ്കല്പം കാഴ്ചയിൽ വ്യക്തത നേടുന്നതായി കാണാം. ഭാഷ ആവശ്യമില്ലാത്തതോ അപ്രസക്തമാകുന്നതോ ആയ ജീവിതസ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും കാഴ്ചകളാണ് ഈ ചലചിത്രത്തിലുള്ളത്. ചെറിയഷോട്ടുകളിൽ ഒതുങ്ങുന്ന ദൃശ്യങ്ങളും സ്നേഹത്തിന്റ ഭാഷയുടെ വിശ്വവിശാലമായ സംഗീതവും അതിനെ അതിക്രമിച്ചുയരുന്ന നിർവ്വികാരമായ സ്ഥാപനവൽക്കരണവും നമ്മുടെ സിനിമാലോകത്തിന് പുതിയ കാഴ്ച പകരുന്നു. സിനിമയുടെ സ്ഥിരം സൂത്രവാക്യങ്ങളായി കരുതാവുന്നതൊന്നും കാഴ്ച നമുക്കായി കരുതി വെയ്ക്കുന്നില്ല. സിനിമ വിനോദോപാധി മാത്രമല്ലെന്നും ഓർമക്കമിപ്പിക്കുന്ന കാഴ്ച്ച മനുഷ്യ മനസ്സുകളെക്കുറിച്ചും അവയിൽ അപൂർവ്വമായെങ്കിലും ബാക്കിയാവുന്ന നിഷ്ക്കളങ്കതയെക്കുറിച്ചും ലോകം അതിനെ തിരസ്ക്കരിക്കുന്നതിനെക്കുറിച്ചും നമുക്ക് പുതിയപാഠങ്ങൾ പറഞ്ഞുതരുന്നു.

തെരുവിന്റെ കാഴ്ചകളിൽ നിന്നാണ് സിനിമ ആരംഭിക്കുന്നത്. വിലപേശി ഇടപാടു നടത്തുന്ന സ്ത്രീ, മദ്ധ്യവയസ്കൻ, ആരുടേയോ നിർദ്ദേശത്തിനനുസരിച്ച് കടയിലെത്തുന്ന, കാമക്കണ്ണുകൾക്കു പാത്രമാവുന്ന പെൺകുട്ടി- ദൃശ്യങ്ങൾ വാചാലങ്ങളാണ്. ഓമനിക്കപ്പെടേണ്ട ബാല്യകൗമാരങ്ങൾ തെരുവിലെറിയപ്പെടുന്നു. ഭാഷ അറിയാത്ത പവനെ തല്ലികൊണ്ട് വൃദ്ധൻ ഭിക്ഷ യാചിച്ച് പണം കൊണ്ടുവന്നാലേ തിന്നാൻ കിട്ടൂ എന്നോർമ്മിപ്പിക്കുന്നു. ഓടി രക്ഷപ്പെടുന്ന പവൻ തെരുവുകുട്ടികളുടെ ഇടയിൽ റൊട്ടി തിന്നുന്നതിനിടെ യൂണിഫോമിട്ട പോലീസുകാരന്റെ നോട്ടപ്പുള്ളിയാവുന്നു. ആ 'സൊയമ്പൻ കിളുന്നി' നെ അയാൾക്കുവേണം. വേട്ടയാടപ്പെട്ട കുഞ്ഞാടിനെപ്പോലെ അശരണനെങ്കിലും പോലീസുകാരനിൽ നിന്ന് രക്ഷപ്പെട്ട് പവൻ ഓടിമാറുന്നു.

കടപ്പുറം പള്ളിയിലെ പെരുന്നാളിനോടനുബന്ധിച്ചു നടത്തുന്ന ഫിലിം ഷോയുടെ പരിസരത്താണ് പവൻ എത്തുന്നത്. സ്ക്രീനിൽ (സ്ഫടികം) സിനിമയാണ്. ആടുതോമായുടെ ഇടികൊളളുന്ന പോലീസുകാരനെ കണ്ട് പവൻ ചെറുതായി ആശ്വസിക്കുന്നു. മുക്കുവകുടുംബങ്ങളാണ് കാണികൾ. നാലെണ്ണം അടിച്ചുമിന്നിച്ച് സിനിമ കാണാൻ ആവേശത്തോടെയിരിക്കുന്ന പല്ലില്ലാക്കിഴവിയും ആ കൂട്ടത്തിലുണ്ട്.

സിനിമയും ജീവിതവും ഇടയ്ക്ക് മിശ്രമാകുന്നു. കപ്യാർ സിനിമയ്ക്കകത്തെ അച്ഛനെ കണ്ടു തന്റെ പളളീലച്ചനെന്നു കരുതി മദ്യപാനത്തിലേർപ്പെട്ട ചമ്മലോടെ ഒഴിഞ്ഞുമാറുന്നു. സിനിമയിലെ പാറമട പൊട്ടിത്തെറിക്കുമ്പോൾ പവന്റെ ഓർമ്മയിലും എന്തൊക്കെയോ സ്ഫോടനങ്ങളാണ്. അവർ ചുഴലി ബാധിച്ച് വീഴുന്നു. ഇതൊന്നും യാഥാർത്ഥ്യമല്ലെന്നു ഒരുവക ട്രികാണെന്നുമുള്ള ഓപ്പറേറ്ററുടെ വാക്കുകൾ കഷ്ടിച്ചു മനസ്സിലായതുപോലെ അവൻ ആശ്വസിക്കുന്നുണ്ട്.

ഓപ്പറേറ്ററുടെ വാടകമുറി അടിച്ചുവാരാനെത്തുന്ന ചട്ടുകാലി ഏലിയുടെ ആരോപണം കേട്ട് അയാൾ വാപിളർന്നു നിന്നുപോകുന്നു. കാശ് ചോദിക്കുമ്പോഴൊക്കെ ഒടുക്കത്തെ തുമ്മിക്കളിയാണ യാൾക്ക്! പുഴയും കടവും മലിനമാണ്. സോപ്പില്ലെങ്കിലും വഴുവഴുപ്പുള്ള വെള്ളത്തിലെ തേച്ചുകുളി നടത്തുന്ന ഗ്രാമീണർക്കിടയിൽ ഓപ്പറേറ്ററുമുണ്ട്.

16 mm ഫിലിം ഡിസ്ട്രിബ്യൂഷൻ ഓഫീസ് കാലത്തിനനുസരിച്ച് മാറിയിരിക്കുന്നു. ഷക്കീലാ പടങ്ങളുടെ പരസ്യമാണെങ്ങും. ആർക്കാടോ ഇപ്പോ 16 mm പടങ്ങൾ വേണ്ടത് എന്ന മാപ്പിളയുടെ ചോദ്യംഓപ്പറേറ്ററുടെ മനസ്സിൽ അങ്കലാപ്പുണ്ടാക്കുന്നുണ്ട്. പെരുന്നാളിനുപാകത്തിൽ മിശിഹാചരിത്രം, ബാറ്റിൽഷിപ്പ് പോതംകിൻ അങ്ങനെ ചിലതാണ് ഓപ്പറേറ്റർക്ക് വേണ്ടത്. ബോട്ടുയാത്രയ്ക്കിടയിൽ വീണ്ടും പവൻ ഓപ്പറേറ്ററുടെ ശ്രദ്ധയിൽപ്പെടുന്നു. പേഴ്സ് നഷ്ടപ്പെട്ട യാത്രക്കാരന്റെ ആരോപണത്തിൽ നിന്നും അവനെ രക്ഷിക്കുന്നത് ഓപ്പറേറ്ററാണ്. അവന്റെ പോക്കറ്റിൽ ആകെയുള്ളത് ഒരു ശക്തിമാന്റെ കളിപ്പാട്ടമാണ്. 'വിശക്കുന്നു, വല്ലതും തിന്നാനുണ്ടോ' എന്നന്വേഷിച്ചുകൊണ്ടോ കിട്ടിയതെന്തെങ്കിലും തിന്നുകൊണ്ടോ ആണ് പവനെ ആദ്യ രംഗങ്ങളിൽ നാം കാണുന്നത്. അനാഥത്വത്തിനും ഭാഷയില്ലായ്മക്കുമപ്പുറം വിശപ്പ് ഒരു മഹാസത്യമായി അവന്റെ മുമ്പിൽ നിൽക്കുന്നു. തന്നോടലിവുകാണിച്ച ഓപ്പറേറ്ററോട് അവൻ മെല്ലെ മെല്ലെയടുക്കുന്നു. അവന്റെ വിശപ്പിന് പത്തു രൂപ നീട്ടി ഒഴിഞ്ഞുമാറാൻ അയാൾക്ക് കഴിഞ്ഞില്ല. അയാളുടെ സ്ക്രീനിൽ വിരലുകളുടെ നിഴലായി, വള്ളത്തിൽ ചുരുണ്ടുകിടന്നുറങ്ങുന്ന രൂപമായി അവൻ അയാളെ പിന്തുടരുന്നു. വന്നു കൂടിയ മിന്നാമിന്നിക്കൂട്ടം കണ്ട് പഴയൊരു നഴ്സറിപ്പാട്ട് അവൻ താളത്തിൽ പാടിയതോടെ ഓപ്പറേറ്ററടങ്ങുന്ന കള്ളുകൂടി സംഘം അതിശയിച്ചുപോകുന്നു. അയാളുടെ വാടകമുറിയിലാണ് പിന്നീട് പവൻെറ സ്ഥാനം. നല്ല വിശപ്പുള്ള ചെക്കന് ദോശയും വാങ്ങി തിരിച്ചുവരുമ്പോഴാണ് അയാൾ ആ കാഴ്ച കാണുന്നത്. ഗോവണിയിലേയ്ക്ക് ഫിലിം സ്ട്രിപ് പാമ്പിനേപ്പോലെ ചുരുളഴിഞ്ഞ് ഇറങ്ങിവരുന്നു. അവനെ ദേഷ്യപ്പെട്ടു പുറത്താക്കിയെങ്കിലും അവന്റെ കുട്ടിത്തവും കളിപ്പാട്ടമെടുക്കാനുള്ള വരവും അയാളെ ചിരിപ്പിക്കുന്നു. ഓടിയിറങ്ങിയ പവൻ ഓട്ടോറിക്ഷ തട്ടി വീണുപോവുന്നു. അതോടെ ഓപ്പറേറ്റർ ഒരച്ഛനെപ്പോലെ അവനെ ശുശ്രൂഷിച്ചു കൂടെ കൂട്ടുന്നു. അയാളുടെ സിനിമയിലെ അമ്മയോട് പവൻ സംസാരിക്കുന്നു. അയാളുടെ കൂടെ വീട്ടിലേയ്ക്കു പോവാനും അവൻ തയ്യാറായി.

ഗ്രാമീണ നന്മയുടെ പ്രതീകമായ ഒരു ഗൃഹത്തിലേക്കാണ് പവൻ കടന്നു ചെന്നത്. ചോദ്യങ്ങളും ആരോപണങ്ങളുമില്ലാതെ ആ വീട് അവനെ സ്നേഹത്തോടെ സ്വീകരിച്ച് വിരുന്നൂട്ടി. എല്ലാവർക്കും അവൻ ആ വീട്ടിലില്ലാത്തതും വേണ്ടിയിരുന്നതുമായ ആൺ കുഞ്ഞായി. മാധവന്റെ മകൾ അമ്പിളിയും കുട്ടപ്പായി എന്ന പട്ടിയും അവന് അടുത്ത കൂട്ടുകാരായി. അവന്റെ തകർന്ന പാവയ്ക്കു പകരം മുത്തശ്ശൻ പുതിയ പാവയുണ്ടാക്കി. മുത്തശ്ശി അതിനൊരു കുഞ്ഞുടുപ്പു തുന്നി.

നാട്ടിലെ പോലീസ് സ്റ്റേഷനിലും സ്ക്കൂളിലും ഫാദറിന്റെയടുത്തും അവന്റെ ഊരും പേരും മറിയാനുള്ള ശ്രമങ്ങൾ മാധവൻ നടത്തിയെങ്കിലും ഒന്നും വിജയിച്ചിട്ടില്ല. നടന്നുവന്ന പോലീസുകാരൻ അവനെ ഭയപ്പെടുത്തി. പുഴയിൽ വീണുപോയ അമ്പിളിയ്ക്ക് പവൻ രക്ഷകനായതോടെ നാട്ടിലും വീട്ടിലും അവൻ ശ്രദ്ധ പിടിച്ചു പറ്റി. അവൻ കാരണം ചാനലുകളിൽ മാധവനും അഭിനേതാവായി. ഒരു പട്ടാളക്കാരന്റെ ഇടപെടലോടെ ഗുജറാത്ത് ഭൂകമ്പത്തിലെ അഭയാർത്ഥിയാണവനെന്ന് പതുക്കെ

മനസ്സിലാകുന്നു. അതോടെ അവനെ പിരിയേണ്ടിവരുമെന്ന് ആ കുടുംബം വേദനയോടെ തിരിച്ചറിയുന്നു. ചാനൽ വാർത്തകൾക്കു ശേഷം അവനെ അന്വേഷിച്ച് ഒരു കുടുംബം എത്തിയെങ്കിലും അവനവരെ തിരിച്ചറിഞ്ഞില്ല. ഏതോ ഒരു കുടുംബം അവനെ തേടി വരുമെന്നുതന്നെ അവർ വിശ്വസിച്ചു.

ഇലക്ഷൻ കാലമായി. പവന്റെ പ്രശ്നം മൽസരിച്ചേറ്റെടുക്കാൻ സ്ഥാനാർത്ഥികൾ ശ്രമിക്കുന്നു. പവനെ ബാലവേലയിലേർപ്പെടുത്തി എന്ന കുറ്റം ചുമത്തി മറുപക്ഷത്തെ സ്ഥാനാർത്ഥി മാധവനെ പോലീസിലേൽപിക്കുന്നു. അനാശാസ്യമെന്ന മേമ്പൊടി കൂടി അ കുറ്റപത്രത്തിലുണ്ട്. അതോടെ ഓപ്പേറേറ്ററുടെ കൈകളിൽ നിന്ന് പവൻ ഒരു ജുവനൈൽ ഹോമിലേക്ക് തെറിപ്പിക്കപ്പെട്ടു. ഭാഷയറിയാതെ വിശപ്പുമാറാതെ ചുഴലി ബാധിച്ച് അവിട അവൻ ഒറ്റപ്പെട്ടു. ലോക്കപ്പിൽ നിടന്ന ഓപ്പേറേറ്ററെ അച്ഛൻ ഇടപെട്ട് ഇറക്കികൊണ്ടുപോന്നു. മജിസ്ട്രേറ്റിന്റെ സ്നേഹവചനങ്ങളിൽ നിന്ന് ഓപ്പറേറ്റർ കാര്യങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നു. പ്രകൃതി ക്ഷോഭത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട പവൻ നാട്ടിലേയ്ക്ക് തിരിച്ചുപോവുകതന്നെയാണ് വേണ്ടത്. ജൂവനൈൽ ഹോമിലെയും ആശുപത്രിയിലേയും നിഷ്കരുണമായ സാഹചര്യങ്ങളിൽ നിന്ന് വളരെ പാടു പെട്ടാണ് അയാൾ പവനെ മോചിപ്പിക്കുന്നത്. ദയാലുവായ കലക്ടറുടെ ഒത്താശയിൽ ഗുജറാത്തി അറിയുന്ന ഒരാളെ കൂട്ടി പവന്റെ നാട്ടിലേയ്ക്കു പോകാൻ മാധവൻ തയ്യാറാവുന്നു. അവന്റെ കൊച്ചുവീട് ടെറസ്സ്, അച്ചൻ, അമ്മ, കുഞ്ഞനിയത്തി, മിന്നാമിനുങ്ങിനെ നോക്കിയുള്ള അച്ഛന്റെ പാട്ട്........

മാധവന്റെ കുടുംബം വേർപാടിന്റെ വേദനയോടെ പവനെ യാത്രയാക്കുന്നു. അവന്റെ മരുന്ന്, അവന്റെ ഭക്ഷണം......ലക്ഷ്മി ഒരമ്മയെപ്പോലെ എല്ലാം ഓർമ്മിപ്പിച്ച് കവിളിൽ മുത്തമിടുന്നു.

ഗുജറാത്തിലെ കലക്ടറേറ്റിൽ എത്തുന്ന മാധവൻ പ്രതീക്ഷയോടെ കാക്കുന്നു. പവന്റെ വീടും സ്ഥലവും കണ്ടത്തുമായിരിക്കും. അവന് അച്ചനമ്മമാർ തിരിച്ചുകിട്ടുമായിരിക്കും. ഭൂകമ്പപ്രദേശമെത്തിയപ്പോൾ അവർ സ്തബ്ധരാകുന്നു. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കിടയിലൂടെ പരിചയത്തിന്റ വേഗതയിൽ ഓടിയ പവനും ക്രമേണ ഭീതിക്കടിപ്പെടുന്നു. അവിടെ വീടുണ്ടായിരുന്നതിന്റെ അവശിഷ്ടം മാത്രം. ചെറിയ സൈക്കിളിലിരിക്കുന്ന കുഞ്ഞുവാവയും പാൽ ആറ്റുന്ന അമ്മയും വാവയെ കളിപ്പിക്കുന്ന അച്ഛനും അവന്റെ ഓർമ്മയിൽ മാത്രം. കരയുന്ന പവനെ കെട്ടിപ്പിടിക്കാനേ മാധവന് ആയുള്ളു. പതിമൂയായിരം ആൾക്കാർ ഉണ്ടായിരുന്ന ഭൂകമ്പമേഖലയിൽ മൂവായിരത്തിഅഞ്ഞൂറുപേർ മാത്രമാണുള്ളതെന്നും മരിച്ചവരും കാണാതെ പോയവരുമാണ് ഏറെയെന്നും റിലീഫ് ക്യാമ്പിൽ നിന്ന് അവരറിയുന്നു.

അഭയാർത്ഥികൾക്കിടയിൽ പവനെ ഉപേക്ഷിക്കാതെ ഒരു മകനെപ്പോലെ താൻ കൊണ്ടുപോയി നോക്കാമെന്നും ആരെങ്കിലും അന്വേഷിച്ചുവന്നാൽ തിരിച്ചേൽപ്പിക്കാമെന്നും മാധവൻ പറയുന്നു. മരണവും കാണാതാവലും തുടർക്കഥയായിക്കഴിഞ്ഞ അഭയാർത്ഥി ക്യാമ്പിലെ ഓഫീസർക്ക് ഇത് അസംബന്ധമായി തോന്നുന്നു. പവൻ അവന്റെ ഭാഷയും ആൾക്കാരെയും കണ്ട പ്രതീക്ഷയിലാണ്.

പവനെ അന്വേഷിച്ച് ആരും വരാത്തപക്ഷം തന്റെ അഡ്രസ്സിൽ ഒരറിയിപ്പു മതി വന്നു കൊണ്ടുപൊയ്ക്കൊള്ളാം എന്ന് മാധവൻ പറയുന്നു. ഓഫീസർ വളെര നല്ലതെന്നു ചിരിച്ചുകൊണ്ട് അഡ്രസ്സ് വാങ്ങുന്നു. അവർ പോയതോടെ ഒരു പണിയുമില്ലാത്ത ഓരോരുത്തർ ഇറങ്ങിക്കൊള്ളും എന്ന പുച്ഛത്തോടെ മേൽവിലാസമെഴുതിയ കടലാസു വേസ്റ്റുകൾക്കിടയിലേയ്ക്ക് വലിച്ചെറിയുകയാണ് അയാൾ.

മനസ്സു നഷ്ടപ്പെട്ട, കരുണ നഷ്ടപ്പെട്ട, വലിയ വ്യവസ്ഥിതിയുടെ മുമ്പിൽ ഒരുപാടു ശുഭ പ്രതീക്ഷകളുമായി മനസ്സു നഷ്ടപ്പെട്ട മാധവൻ യാത്രയാകുന്നു. പവനെചൊല്ലി തനിക്കു ചെയ്യാവുന്നതെല്ലാം അയാൾ ചെയ്തിരിക്കുന്നു.

എത്ര പരുക്കേറ്റാലും പരാതിയില്ലാതെ നിരുപാധികമായി സ്നേഹിക്കുന്ന ശുദ്ധ മനുഷ്യത്വമാണ് മാധവനിൽ കാണാവുന്നത്. ദേശം, ഭാഷ, കാലം എന്നിവയ്ക്കതീതമായി മാധവനും പവനുമിടയിലും മാധവൻ കുടുംബത്തിനും പവനുമിടയിലും വളരുന്ന. ഗാഢമായ ബന്ധമാണ് കാഴ്ചയിലെ ശക്തമായ പ്രമേയം.പള്ളിപ്പെരുന്നാളിന് ഫിലിംഷോ സംഘടിപ്പിക്കാൻ അച്ഛന്റെ മുന്നിലും പിന്നീട് സർക്കാർ ഓഫീസ്, കോടതി, ആശുപത്രി ഭൂകമ്പബാധിത പ്രദേശം എന്നിവിങ്ങളിലുമെല്ലാം മാധവൻ വിനീതനും വിധേയനുമായി കാണപ്പെടുന്നു. വീണ്ടും വീണ്ടും പൊട്ടുന്ന ചെരുപ്പുകൾ തുണി പോലെ കൈവിട്ടുപോകുന്ന സാഹചര്യങ്ങളെ കഴിയുന്നത്ര ഒരുമിച്ചു കൂട്ടാൻ അയാൾ ശ്രമിയ്ക്കുന്നു. മാധവന്റെ കുടുംബം സ്നേഹത്തിന്റെ തണലുയർത്തുന്ന മാമരമായി നിലകൊള്ളുന്നു.

എന്നാൽ അയാളെ അങ്കലാപ്പിലാഴ്ത്തുകയും നിസ്സഹായനാക്കുകയും ചെയ്യുന്ന സാഹചര്യങ്ങളാണധികം. ഫിലിംഷോകൾ ആവശ്യഘടകമല്ലാതാവന്ന പള്ളിപ്പെരുന്നാളുകൾ, 16 എം എം ഫിലിമുകളേ വേണ്ടാനാവുന്ന കാലം, ഷക്കീല പടങ്ങൾ മാത്രം ആവശ്യമുള്ള കാണികൾ- അങ്ങനെ അയാളുടെ തൊഴിൽ രംഗം ശുഷ്ക്കമായിക്കൊണ്ടിരിക്കുന്നു. പവൻ എന്ന ബാലൻ അയാളുടെ ജീവിതത്തിന്റെ കേന്ദ്ര സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടതോടെ മറ്റു ചില വെല്ലുവിളികൾ അയാൾക്ക് നേരിടേണ്ടിവന്നു. എന്നിട്ടും അയാളോ കുടുംബമോ പവനെ കൈയൊഴിയുന്നില്ല. അവന്റെ സുരക്ഷയെയും നന്മയേയും കരുതി ഏതറ്റം വരെ പോകാനും തയ്യാറാവുന്നുണ്ടയാൾ.

ഭരണകൂടത്തിന്റെയും സ്ഥാപനങ്ങളുടേയും നേതാക്കളുടേയും നിർവ്വികാരവും കരുണാശൂന്യമായ ഗതിയും കാഴ്ചയ്ക്കു വിഷയമാകുന്നുണ്ട്. 'സൊയമ്പൻ കിളുന്നായ' പവനെ അനാശാസ്യത്തിനു പയോഗിക്കാൻ ശ്രമിക്കുന്ന പോലീസുകാരൻ, മാധവൻ അവനെ ബാലവേല ചെയ്യിച്ചു എന്ന് ആരോപിക്കുന്ന സ്ഥാനാർത്ഥി, അനാശാസ്യപ്രവർത്ത്നമാരോപിച്ച് മാധവനെ കസ്റ്റഡിയിലെടുക്കുന്ന പോലീസുകാർ ഇവരെല്ലാം ഈ ലോകത്തിന്റെ പ്രതിനിധികളാണ്. പുറമേയ്ക്ക് തിരക്കഭിനയിച്ച് കൃതൃനിർവ്വഹണം നടത്തുമ്പോളും മനുഷ്യത്വം നിറഞ്ഞ സമീപനങ്ങൾ കാണാതെ പോകുന്ന റിലീഫ് ക്യമ്പ് മറ്റൊരുദാഹരണമാണ്. വലിയ കാഴ്ചയോ ഉൾക്കാഴ്ചയോ ഉള്ള മനസ്സുകൾക്ക് ഈ സത്യം കാണാതാവുന്നു. നിഷ്കരുണമായ സാഹചര്യങ്ങളിലും ഹൃദയം നിറയെ സ്നേഹവും കാരുണ്യവുമായി ചില മാധവൻമാരും കുടുംബങ്ങളും ബാക്കിയാവുന്നുണ്ട്. മനുഷ്യ ഹൃദയങ്ങളിലെ നന്മ തീർത്തും അകന്നുപോയിട്ടില്ല. എന്നാൽ നിർവ്വികാരമോ യന്ത്ര സമാനമോ ആയ സ്ഥാപനങ്ങളും വ്യക്തികളും ആണധികം.

# സബർമതി ദൂരെയാണ്

## ജി. ശങ്കരപ്പിള്ള (1930 1989)

ചിറയിൻ കീഴിൽ 1930 ജൂൺ 22 ന് ജനിച്ചു. കേരളത്തിലും പുറത്തുമായി പലകോളേജുകളിൽ അദ്ധ്യാപകൻ. സ്ക്കൂൾ ഓഫ് ഡ്രാമയുടെ ഡയറക്ടറായിരുന്നു. എം.ജി. സർവ്വകലാശാലയിലെ സ്ക്കൂൾ ഓഫ് ലറ്റേഴ്സിന്റെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.

1957 ൽ പ്രസിദ്ധീകരിക്കപ്പെട്ട സ്നേഹദൂതനാണ് ആദ്യനാടകം. മലയാള നടക സാഹിത്യ ചരിത്രമെഴുതി.

### കൃതികൾ

ജി. ശങ്കരപ്പിള്ളയുടെ ഏകാങ്കങ്ങൾ

ബന്ദി

ഭരതവാക്യം

സബർമതി ദൂരെയാണ്

മൃഗതൃഷ്ണ

ഇടാൻ മറന്ന ഇഴ

ധർമ്മ ക്ഷേത്രേ കുരുക്ഷേത്രേ

സ്നേഹദൂതൻ

വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു

അഞ്ച് ഏകാങ്കങ്ങൾ

അവതരണം ഭ്രാന്താലയം

## സബർമതി ദൂരെയാണ്

നവഖലിയാണ് വളരെയടുത്ത്. സബർമതി ദൂരെയാണ് ഹൈസ്ക്കൂൾ വിദ്യാർത്ഥിനി വായിക്കുന്ന പാഠത്തിലൂടെയാണ് നാടകത്തിന്റ തുടക്കം. പേരിനെ അന്വർത്ഥമാക്കുന്ന സ്വഭാവമാണ് ശാന്തിയുടേത്. സ്നേഹത്തിലും സമത്വത്തിലും ഊന്നിയ മനസ്സാണവർക്കുള്ളത്. തേവൻതന്നെ കൊച്ചമ്പ്രാട്ടിയെന്നു വിളിച്ചതിൽ അവൾ കപടദേഷ്യമഭിനയിക്കുന്നു. 'ശാന്തി' എന്നു വിളിച്ചാൽ ആകാശം ഇടിഞ്ഞു വീഴുമോ, ഭൂമി പിളർന്നു പാതാളമാകുമോ എന്നാണവളുടെ ചോദ്യം. പഴകിയ വശത്തേക്ക് മാത്രം നാക്കുവളയുന്ന തേവൻ കഴുത്തിനുചുറ്റും നാക്കുള്ളോരോട് വാദിക്കാൻ താനാളല്ലെന്നു പറഞ്ഞ് വാൽസല്യപൂർവ്വം ഒഴിയുന്നു. തേവന്റെ മരിച്ചുപോയ മകൾ മാലയാണെന്നോർത്ത് തന്നെ കണ്ടാൽ മതിയെന്നാണ് ശാന്തി പറയുന്നത്. കണ്ണുകാണാതെ വീട്ടിലിരിപ്പായ വേണു ഒരു പക്ഷേ ഇതൊന്നും മറിച്ചു കരുതില്ല. മാധവന് ഈ അടുപ്പവും വിളിയുമൊന്നും സഹിക്കില്ലെന്നു തേവൻ പറയുന്നു. ശാന്തിയുടെ അച്ഛനും തേവനും ഉറ്റ സുഹൃത്തുക്കളായിരുന്നു. മകൾ മരിച്ചതിൽ പിന്നെ, തേവൻ അവശേഷിക്കുന്നത് തമ്പ്രാന്റെ കുട്ടികൾക്കു വേണ്ടിയാണ്.

ശാന്തി വീണ്ടും വായിക്കുന്നു. നവഖലിയാണടുത്ത്. സബർമതി ദൂരെയാണ്. തുടർന്ന് അതിക്രമങ്ങളുടെ സൂചനകൾ അവരുടെ സംഭാഷണത്തിൽ വരുന്നു. ശാന്തിയുടെ കൊച്ചേട്ടനായ മാധവൻ വയലിൽ രാത്രി വെള്ളം മുറിച്ചുവിടാനേല്പിച്ചിട്ടുണ്ട്. മറ്റുളളവരുടെ വയലിൽ നിന്ന് മാധവന്റെ വയലിലേയ്ക്ക് വെള്ളം കടത്തണം. നിസ്സാരക്കാര്യങ്ങൾക്ക് വഴക്കുണ്ടാക്കാൻ അയാൾക്കു മടിയില്ല. വായിച്ചുകൊണ്ടിരുന്ന പാഠഭാഗം വ്യക്തമാക്കാൻ ശാന്തി അവളുടെ വല്യേട്ടനായ വേണുവിന്റെ സഹായംതേടുന്നു. അവൾ വായിച്ചുകൊണ്ടിരുന്നവാക്യം 1947 ആഗസ്റ്റ് 14ാം തീയതി ഗാന്ധിജി പറഞ്ഞതാണെന്നു വേണു പറഞ്ഞു. നഖവലിയിൽ ഒരു വൃദ്ധമുസ്ലിം സ്ത്രീയുടെ കുടിലിൽ, ഉപവസിക്കെയാണ് അദ്ദേഹമിതു പറഞ്ഞത്. മനുഷ്യനു നല്ലരു തോന്നാത്തതിൽ ഖിന്നനായിരുന്ന അദ്ദേഹം പത്രക്കാർ നിർബന്ധിച്ചപ്പോൾ കൊടുത്ത സന്ദേശമാണത്. ഈ സംശയ നിവാരണം തന്റെ ദൗത്യമാണെന്ന മട്ടിലാണ് വേണു സംസാരിക്കുന്നത്. വർഗ്ഗീയ സംഘട്ടനങ്ങളിലൊന്നാണ് വേണുവിന്റെ കാഴ്ച ഇല്ലാതാക്കിയത്. കാട്ടുപോത്തിന്റെ നോട്ടവും ചെന്നായുടെ വീറുമുള്ള, കോട്ടും സൂട്ടുമിട്ട മനുഷ്യർ ജാതിയുടെയും മതത്തിന്റയും പേരിൽ ദൈവത്തിന്റെ പേരിൽ പരസ്പരം പോരാടിയതുംകഴുത്തിൽ കത്തിവെച്ചതും അയാളോർക്കുന്നു. അസഹ്യമായ ആ കാഴ്ചകൾക്കൊടുവിൽ ഒരു കൈബോംബ് അയാളുടെ കാഴ്ചയും അവസാനിപ്പിച്ചു. ഹിന്ദുവും മുസ്ലിമും എന്തിനെന്നറിയാതെ പരസ്പര സംഹാരത്തിന് ഒരുമ്പെട്ടിറങ്ങിയ മണ്ണാണ് നവഖലി. അമ്മമാരും കുഞ്ഞുങ്ങളും കുലവാഴ അരിയുംപോലെ അരിയപ്പെട്ട മണ്ണ്. ഈ നവഖരി എല്ലാവർക്കും പരിചിതമാണ്. ഇന്ന് അരങ്ങേറുന്നതും നവഖലികളാണ്. സബർമതി ആർക്കും പരിചിതമല്ല. താനും തേവനുമൾപ്പെട്ട പഴയ തലമുറ അതു പുതിയവയർക്കുപറഞ്ഞു കൊടുത്തില്ല എന്നതാണ് തെറ്റ്.

സബർമതി ഗാന്ധിജിയുടെ പ്രിയപ്പെട്ട ആശ്രമമാണ്. ജാതിയോ മതചിന്തയോ തീണ്ടാത്ത സ്വതന്ത്ര ഭൂമി മനുഷ്യന്റെ മഹത്തായ ഗുണങ്ങൾക്കൊക്കെ പരമമായി വികസിക്കാൻ കഴിഞ്ഞ ഒരു സ്വപ്നമാണത്. വേണു ആവേശഭരിതനായി സബർമതിയെപ്പറ്റി പറഞ്ഞുനിൽക്കേ്, പരുക്കൻ സ്വഭാവമുള്ള മാധവൻ പ്രവേശിക്കുന്നു. വേണു സംസാരം നിർത്തുന്നു. ശാന്തിയും തേവനും ഭയശങ്കാകുലരാവുന്നു.

തൊട്ടടുത്ത നിലത്തിന്റെ ഉടമയായ മുഹമ്മദ് കാസിം മാധവന്റെ വയലിൽ നിന്നും വെള്ളം ചോർത്താൻ ശ്രമിക്കുന്നുണ്ട്. അതു തടയണം, വേണമെങ്കിൽ തല്ലുണ്ടാക്കിയിട്ടും. ഇതാണ് മാധവന് പറയാനുള്ളത്. ഒരിറ്റുവെള്ളമില്ലാതെ നിലം കിടക്കുന്നതുകൊണ്ടാണ് അവനങ്ങനെ ചെയ്യുന്നത്. വെള്ളം എടുത്തുകൊള്ളട്ടെ എന്നാണ് തേവന്റെ പക്ഷം. തലപ്പുലയന്റെ നന്ദിയെയും വിശ്വസ്തതയെയും മാധവൻ ചോദ്യം ചെയ്യുന്നു. ഉണ്ട ചോറിനു നന്ദിയില്ലാത്തവനെന്ന് അധിക്ഷേപിക്കുകയും ചെയ്യുന്നു. മാധവന്റെ പിതാവിന്റെ കൈകളാണ് തന്നെ ഊട്ടിയതെന്നും ആ കൈകളെ താനൊരിക്കലും ചതിക്കില്ലെന്നും തേവൻ ആവർത്തിക്കുന്നുണ്ട്. പറഞ്ഞതു കേൾക്കാൻ പറ്റില്ലെങ്കിൽ പാടത്തുപണിയ്ക്ക് വേറെ ആളെകൊണ്ടു വരുമെന്ന് മാധവൻ ഭീഷണിപ്പെടുത്തുന്നു. സ്വജാതിയെ വിട്ട് അന്യജാതിയെ സഹായിക്കാനൊരുങ്ങുന്നവൻ എന്ന് അയാൾ ഒന്നുകൂടി തേവനെ വിശേഷിപ്പിക്കുമ്പോൾ 'നവഖലി വളരെയടുത്താണ്' എന്ന വേണുവിന്റെ പരാമർശം നാം ഓർക്കുന്നു.

ജാതീം മതോം നോക്കാതെ ചേതമില്ലാത്തതാർക്കും ചെയ്തുകൊടുക്കണമെന്നാണ് തേവന്റെ പക്ഷം. മണ്ണും മാനോം മറ്റൊരാൾക്ക് വിട്ടുകൊടുക്കാൻ പറ്റാത്തതുകൊണ്ട് തേവൻ എന്തിനും തയ്യാറാകുന്നു. വരമ്പിൽ കിടന്നുറങ്ങാനും വെള്ളം ചോർത്താൻ വരുന്നവനെ തടയാനും, അയാൾ നിയോഗിക്കപ്പെടുന്നു. 'മേത്തമ്മാ'രുക്ക് കീഴടങ്ങാതെ വർഗ്ഗത്തിന്റെ മാനം കാണണമെന്നും അയാളെ മാധവൻ ഓർമ്മിപ്പിക്കുന്നുണ്ട്.

'ഒരുവെടിക്ക് രണ്ടുപക്ഷി' എന്ന് ആത്മഗതം ചെയ്യുന്ന മാധവൻ കാസിമിന്റെ പരുക്കും കൂട്ടത്തിൽ തേവന്റെ പരുക്കും തനിക്കു ഗുണമായി കരുതുന്നു. ചേട്ടൻ കയറ്റിവെച്ച തലപ്പുലയന് രണ്ടുകിട്ടാനുള്ള വഴിയും കൂടിയാണത്.

ദിവസവും ചോറുതരാൻ പാടുപെടുന്ന താൻ, ചുമ്മാ അടുത്തിരുന്നു ചളുവാ ചപ്പുന്ന വേണുവേട്ടൻ - ഇവരിൽ ശാന്തിക്ക് കൂറ് തന്നോടല്ലെന്നു മാധവനറിയാം, ശാന്തിയുടെ ന്യായീകരണങ്ങൾ അയാൾക്ക് ബോധിക്കുന്നില്ല. കണ്ണുണ്ടായിരുന്ന കാലത്തും നിസ്സഹകരണം, ഹിന്ദു-മുസ്ലിം മൈത്രി എന്നൊക്കെപറഞ്ഞ് കൊടിപിടിച്ചു നടന്ന വേണുവിന് അടുക്കളയിൽ നീ പുകഞ്ഞതെങ്ങനെയെന്നറിയില്ല. അച്ചൻ മരിച്ചപ്പോൾ പോലുമുണ്ടായില്ല. എന്നാൽ ശാന്തിയ്ക്കറിയാം വേണുവിന്റെ ഉദ്ദേശശുദ്ധി. അയാൾ ജയിലിലായിരുന്നതുകൊണ്ടാണ് അച്ഛന്റെ അവസാന നിമിഷത്തിൽ എത്താൻ കഴിയാതെപോയത്. വേണുവിനെ അത്രയ്ക്ക് സ്നേഹിച്ചിരുന്ന അച്ഛൻ സ്വത്തെല്ലാം മാധവന് എഴുതിക്കൊടുത്തെങ്കിലും വേണുവിന് ഇനി അയാളാണു തുണ എന്നു പ്രത്യേകം പറഞ്ഞാണു കണ്ണടച്ചത് ഇതിനു രേഖയില്ല എന്നു പറയുന്ന മാധവൻ വീട്ടിൽ അന്നത്തിനു വഴിയുണ്ടാക്കുന്ന തനിക്ക് ചിലതാവശ്യപ്പെടാനും അധികാരുമുണ്ടന്നു പറയുന്നു.

മാധവനെ പ്രകോപിപ്പിച്ചത് വേണുവും ശാന്തിയും തേവനു നൽകുന്ന സ്ഥാനമാണ്. അച്ഛന്റെ പ്രായമല്ലേ എന്ന ശാന്തിയുടെ സമാധാനത്തിന്, അമ്മാമന്റെ സ്ഥാനത്തു വെച്ചു പൂജിച്ചോ എന്നാണ് മാധവന്റെ പുച്ഛം നിറഞ്ഞ മറുപടി. വേണുവേട്ടന് അമ്മാമൻ തന്നെയാണല്ലോ എന്ന അയാളുടെ കുത്തുവാക്കിൽ നിന്നും തേവന്റെ മകൾ മാലയെ വേണു സ്നേഹിച്ചിരുന്നു എന്നു സൂചനയുണ്ട്. ഇതുകേട്ടുകൊണ്ടാണ് വേണു കടന്നുവരുന്നത്.. 'എന്റെ കണ്ണേ പൊട്ടിയിട്ടുള്ളു എനിക്കെല്ലാം കേൾക്കാം' എന്ന വകാശപ്പെട്ടുകൊണ്ടാണ് വികാര വിക്ഷോഭത്തോടെയുള്ള ആ വരവ്. മനുഷ്യത്വമുള്ളതുകൊണ്ടാണ് തനിക്കീ ഗതിവന്നതെന്നു വേണു പറയു. നേതാവുചമയലായിരുന്നു അതെന്ന് മാധവനും. താൻ അദ്ധ്വാനിക്കുന്നതുകൊണ്ടാണ് മറ്റുള്ളവർ കഞ്ഞികുടിച്ചു കിടക്കുന്നതെന്ന് മാധവൻ ആവർത്തിച്ചു പറയുന്നുണ്ട്. ആ നന്ദി എല്ലാവരും തന്നോട് കാണിക്കുകയും തനിക്ക് കീഴ്പെട്ടു നിൽക്കുകയും വേണം. ദുര്യോധനന്റെ ഉരുള എന്നു വേണു ക്ഷോഭത്തോടെ പറയുന്നു. മഹാഭാരതത്തിലെ യുദ്ധസന്ദർഭത്തിൽ ശല്യർ കണ്ണനെ ആക്ഷേപിക്കുന്ന ഘട്ടത്തിൽ ഇങ്ങനെ പറയുന്നുണ്ട്. ദുര്യോധനൻ അരികത്തുവിളിച്ച് (വളർത്തുപട്ടിയ്ക്കെന്നപോലെ) ഉരുള തന്നു വളർത്തിയതു കൊണ്ടല്ലേ ഇന്ന് നീ ഇങ്ങനെ അഹങ്കരിക്കുന്നത് എന്ന്. ഉരുള തരുന്നവൻ അതു സ്വീകരിക്കുന്നവനിൽ നിന്ന് പൂർണ്ണവിധേയത്വം ആവശ്യപ്പെടുന്നു. വേണുവിന് അതു സാദ്ധ്യമല്ല. മാധവൻ യുദ്ധത്തിനൊരുങ്ങിയതു പോലെ വേണുവിനോട് സംസാരിയ്ക്കുന്നു. അയാളുടെ നിസ്സഹായത മുതലെടുത്തുകൊണ്ട്, തന്നോടയാൾക്ക് നന്ദി വേണമെന്ന് പറഞ്ഞുറപ്പിക്കുകയാണ് മാധവന്റെ ലക്ഷ്യം. 'ഉണ്ണാൻ നേടിയാൽ നിനക്കു നേട്ടമായി' എന്നു വേണുവും ' കാറ്റു നിറച്ച ബലൂൺ പോലെ ആദർശം പ്രസംഗിച്ചു നടന്ന് ഒടുവിൽ ആദർശവും ആളും കാറ്റു പോയി' എന്നു മാധവനും പരസ്പരം ഭിന്നാശയങ്ങളോടെ കലഹിക്കുന്നു.

ചോറ് തരുമ്പോൾ കൂറുപുലർത്തണമെന്ന് വെട്ടിത്തുറന്നു പറയാൻ മാധവനുമടിയില്ല. തേവനെന്ന പുലയന് കുടുംബാംഗമെന്നപോലെ പദവി കൊടുത്തതിലാണ് അയാളുടെ എതിർപ്പ്. സ്വന്തം ജാതിയേയും മതത്തേയും സ്നേഹിക്കണം എന്നിടത്തോളമേ അയാളുടെ മനസ്സ് എത്തിയിട്ടുള്ളു. അതിലപ്പുറം പോകാൻ അയാൾ തയ്യാറല്ല. മാലപ്പെണ്ണ് മരിച്ച സ്ഥിതിയ്ക്ക് ഇനി തേവനെ കയറ്റിവെയ്ക്കണോ എന്ന് വേണുവിന്റെ മനസ്സിലെ പുണ്ണിൽ കൊള്ളിവെയ്ക്കാനും അയാൾ ശ്രമിയ്ക്കുന്നു. ശവങ്ങളുടെ നടുവിൽ, തന്റെ മനസിന്റെ അഭയകേന്ദ്രമായിരുന്നു അവളെന്ന് വേണു വികാരവി

ക്ഷോഭത്തോടെ പറയുന്നു.

തേവനു കിട്ടേണ്ടതു കിട്ടാൻ വേണ്ടിയാണ് താനയാളെ പാടത്തേയ്ക്കു പറഞ്ഞു വിട്ടതെന്ന് മാധവൻ പറയുന്നു. മുഹമ്മദ് കാസിമിന്റെ കൈയുടെ കരുത്തും ഇന്ന് തേവനറിയും. കടുത്തവേദന യോടെ ശാന്തിയെ കൂട്ടുപിടിച്ച് വയലിലേയ്ക്ക് പോവാനൊരുങ്ങുകയാണ് വേണു. രണ്ടുപേരും കൂടി പോകാനിറങ്ങവേ, 'തമ്രാ' എന്നു വിളിച്ചുകൊണ്ട് തലയ്ക്കടിയേറ്റ് രക്തമൊലിപ്പിച്ചുകൊണ്ട് തേവനെ ത്തുന്നു. മാധവൻ നിർവ്വികാരനായി നിൽക്കെ ശാന്തി വെളളമെടുക്കാനും തേവൻെറ മുറിവുകെട്ടാനും ഓടുന്നു. വേണു തേവനെ സ്വശരീരത്തോടു ചേർത്താശ്വസിപ്പിക്കുന്നു. മുസ്ലീമിനെ തിരിച്ചു പ്രഹരമേൽപിക്കാതെ വർഗ്ഗത്തിന്റെ അന്തസ്സു കെടുത്തിയ തേവനെ മാധവൻ ശകാരിക്കുന്നു. കോപം കൊണ്ടു വിറച്ച വേണു അപ്രതീക്ഷിതമായി മാധവനെ പ്രഹരിക്കുന്നു. നാടകീയ സംഘർഷം മൂർദ്ധന്യത്തിലെത്തുന്ന ഈ ഘട്ടത്തിലും നീയും അവളും എന്റെ ചോറാണെടാ, എന്റെ ചോറ്, എന്ന ട്ടഹസിക്കുകയാണ് മാധവൻ. വേണു, താനയാൾക്കു ഭാരമാണെന്നും ഒരിക്കലും അവന്റെ പക്ഷത്തു നിലകൊളളാനാവില്ലെന്നും തിരിച്ചറിഞ്ഞതോടെ ആ വീട്ടിൽ നിന്നിറങ്ങാൻ തീരുമാനിക്കുന്നു. തേവനും കൂടെ എഴുന്നേല്ക്കുന്നു. 'ചേർച്ചയുളളതു ചേർക്കു' എന്നു പരിഹസിക്കുന്ന മാധവൻ കാശെണ്ണു കയും നാണ്യങ്ങൾ ഇട്ടുപിടിക്കുകയും ചെയ്യുകയാണ് ശാന്തി വേണുവിന്റെ കൂടെ ഇറങ്ങാനാഗ്രഹി ക്കുന്നു. എന്നാൽ ലോകം അവൾക്കോ അവൾ ലോകത്തിനോ പാകമാകാത്ത സ്ഥിതിക്ക് അവളെ കൂടെ കൂട്ടാൻ വേണുവിന്നാവുകയില്ല. ശാന്തികൊണ്ട് വരുന്ന വടി പിടിച്ചു വാങ്ങിച്ച് തകർക്കുന്ന തേവൻ ' ഇനി തേവനാ തമ്രാന്റെ വടി. ഈ വടി ഒടിഞ്ഞിട്ടേ തമ്രാൻ വീഴൂ' എന്നു പ്രഖ്യാപിക്കുന്നു. ശാന്തിയുടെ പൊട്ടിക്കരച്ചിലിനും മാധവന്റെ പൊട്ടിച്ചിരിയ്ക്കും ഇടയിൽ തേവനും വേണുവും യാത്ര തുടങ്ങുകയാണ്. ഇതാണ് നവഖലി അല്ലേ ' എന്നു ശാന്തി വേണുവിനെ ഒരു നിമിഷത്തേയ്ക്ക് സം ശയനിവാരണത്തിനായി വിളിച്ചു ചോദിക്കുന്നു. 'സബർമതി ദൂരെയാണെന്നും താനു തേവനും പോകു ന്നത് അവിടേയ്ക്കാണെന്നും ആണ് വേണുവിന്റെ മറുപടി. അയാൾക്ക് എന്തു കൊടുക്കും എന്നാ ലോചിക്കുകയാണ് ശാന്തി. തന്റേതായ എല്ലാം ഉപേക്ഷിച്ചാണ് ചേട്ടന്റെ പോക്ക്, ഈ വീട്ടിൽ തന്റേത ല്ലാത്തതെന്തുണ്ട് എന്ന് പൊട്ടിച്ചിരിക്കുകയാണ് മാധവൻ'. ശാന്തി റാന്തലെടുത്ത് ചേട്ടനുകൊടുക്കു ന്നു. അതവൾക്ക് സ്ക്കൂളിൽ നിന്നും സമ്മാനമായി കിട്ടിയതാണ്. വഴിയിലതു വെളിച്ചമേകും.

ഇരുട്ടിൽ മാധവന്റെ വലിയ നിഴലും ശാന്തിയുടെ പ്രതീക്ഷയും അവശേഷിപ്പിച്ചുകൊണ്ട് നാടകം അവസാനിക്കുന്നു. സബർമതി – ജാതിമതേതരവും മനുഷ്യസ്നേഹത്തിലധിഷ്ഠിതവുമായ കാലം സ്ഥലം – വളരെ ദൂരെയാകാം. എങ്കിലും എന്നായാലും അവിടെ നാം ആഞ്ഞുനടന്നാൽ എത്താതിരി ക്കില്ല എന്നുശാന്തി പ്രത്യാശ പ്രകടിപ്പിക്കുന്നു. ഒപ്പം മാധവന്റെ പരിഹാസം നിറഞ്ഞ പൊട്ടിച്ചിരി മുഴങ്ങുന്നു. അത് സമീപത്തുളള നവഖലിയുടെ മുഴക്കമാണ്. ഭീമമായ അധർമ്മങ്ങളുടെയും മതസ്പർദ്ധ കളുടെയും നവഖലികളോട് മല്ലിട്ട് ശാന്തിയുടേയും മതസഹിഷ്ണുതയുടേയും സഹർമതിയിലെത്തി ച്ചേരുക എന്നത് എന്നത്തേയും മനുഷ്യന്റെ വെല്ലുവിളിയാണ് ദൂരെയാണെങ്കിലും, യാത്ര കഠിനമാ ണെങ്കിലും ഹൃദയാലുക്കളായ ചിലതെങ്കിലും ആ ലക്ഷ്യത്തിലെത്തിച്ചേരുകയും മറ്റുള്ളവരെ അങ്ങോട്ടു നിയിക്കുകയും ചെയ്യുമെന്ന പ്രത്യാശ പുലർത്തുകയാണ് നാടകകൃത്ത്.

## ചോദ്യമാതൃകകൾ (ലഘുവായി ഉത്തരമെഴുതുക)

1. ടൈഗറിനെ സംബന്ധിച്ചിടത്തോളം മനുഷ്യവർഗ്ഗത്തിൽ രണ്ടിനമേയുള്ളു - പോലീസുകാരും കുറ്റവാളികളും - വിശദീകരിക്കുക
2. തടവുകാരന്റെ സ്വർഗ്ഗമാണു ജയിൽ. അവന്റെ നരകം പോലീസ് ലോക്കപ്പാണ്- ഉദ്ദേശിക്കുന്നതെന്ത്?
3. ഗവൺമെന്റ് ടൈഗറാണ് എന്നു തടവുകാർ പറയാൻ കാണമെന്ത്?
4. തടവുകാർക്ക് ക്രമേണ പരാതികളേ ഇല്ലാതായതെങ്ങനെ ?
5. നൂലുപൊട്ടിയിട്ടും നൂലൊന്നും പൊട്ടിയില്ലല്ലോ എന്ന് അമ്മ ഓർക്കുകയാവാം - സന്ദർഭമേത്?
6. തൃശ്ശൂരു നിന്ന് നിനക്കിഷ്ടമുള്ളതൊക്കെ വാങ്ങിത്തരാട്ടോ എന്ന് മൂന്നാമതൊരാളിലെ അച്ഛൻ പറയുന്നതെന്തുകൊണ്ട് ?
7. ബിസ്മേ എന്ന കടക്കാരന്നു ബുക്കാറാം എന്ന കള്ളനും തമ്മിലുണ്ടായിരുന്ന സൗഹൃദം
8. ഒരു കള്ളനെന്തിനാണ് ബാബു സമയം ? ഇരുട്ടും വെളിച്ചവുമാണ് അവന് ഘടികാരം - സന്ദർഭം വിശദമാക്കുക
9. ബുക്കാറാം സങ്കൽപ്പിക്കുന്ന അയാളുടെ അവസാനത്തെ പാപമെന്തായിരുന്നു ?
10. കള്ളന്റെ മനസ്സു നിറഞ്ഞുപോയി - കാരണമെന്ത്?
11. കാവ്യഹേതുക്കൾ ഏതെന്ന് ചർച്ച ചെയ്യുക
12. എന്താണ് പ്രതിഭ ? ആരാണ് സഹൃദയൻ?
13. ജന്മസിദ്ധമായ പ്രതിഭകൊണ്ടുമാത്രം കാവ്യ രചന അനായാസമാവുകയില്ല - വിശദമാക്കുക
14. അഭ്യാസം, ദർശനം ഇവ എന്തെന്നു വിശദീകരിക്കുക
15. ജീവിതസത്യവും കാവ്യസത്യവും എങ്ങനെ തമ്മിൽ ബന്ധപ്പെടുന്നു?
16. രചയിതാവിന്റെ സങ്കൽപ്പത്തെപ്പോലും തകർത്തു കൊണ്ട് കല ചിലപ്പോൾ മറ്റൊരു രൂപം പ്രാപിക്കാം - വിശദമാക്കുക
17. അരിസ്റ്റോട്ടിലിന്റെ കാവ്യ ചിന്ത
18. മനസസംസ്കാരത്തിനുതകും വണ്ണം വായനക്കാരനെ പാട്ടിലാക്കി നിർത്താനുള്ള ഉപായം മാത്രമാണ് സാഹിത്യത്തിലെ കല. വിശദമാക്കുക
19. കലയെ മാരാർ എങ്ങനെ നിർവ്വചിക്കുന്നു ?
20. കലയെ മറ്റു കലകളെ അപേക്ഷിച്ച് സാഹിത്യത്തിലെ കലാംശത്തിനുള്ള വ്യത്യാസമെന്ത്?
21. സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധത്തെ ഇങ്ങനെ മാത്രമേ നിർവ്വചിക്കാനാവൂ - വിശദമാക്കുക
22. പവൻ എന്ന അനാഥ ബാലൻ ഓപ്പറേറ്ററുടെ അരുമയായിത്തീരുന്നതെങ്ങനെ?
23. ഭാഷ ആവശ്യമില്ലാത്ത സ്നേഹത്തിന്റെ സങ്കേതമായിരുന്നു മാധവന്റെ ഗൃഹം - വിലയിരുത്തുക
24. ഗുജറാത്തിലെ കലക്ടറേറ്റിലും ഭൂകമ്പ ബാധിത പ്രദേശത്തും മാധ വൻ നേരിടുന്നസ്ഥിതി

വിശേഷങ്ങൾ ?

25. തെരുവിൽ നടക്കുന്നതെല്ലാം വന്യമൃഗങ്ങളാണെന്ന് തോന്നിച്ച സമയം. കോട്ടും സൂട്ടുമിട്ട വന്യമൃഗങ്ങൾ - സന്ദർഭവും സാഹചര്യവും വിശദമാക്കുക
26. സബർമതിയെക്കാൾ ഇന്നത്തെ മനുഷ്യൻ അറിയുന്നതും നവഖലിയാണ്. സൃഷ്ടിയെക്കാൾ നശീകരണം- വേണു ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?
27. ഇവിടെ ഇരുട്ടുമതി ഏട്ടാ. ഇരുട്ടാനല്ലത് ' എന്നു ശാന്തി പറയാനിടയായ സാഹചര്യം.
28. ദുര്യോധനന്റെ ഉരുള സാഹചര്യമേത് ?

## ഉപന്യാസ മാതൃകകൾ

1. ടൈഗർ ഭാഗ്യവാനായ ഒരു നായയാണ്. എന്ന കഥയിലെ ആവർത്തിക്കുന്ന പരാമർശത്തിന്റെ സാദ്ധ്യതകൾ വിശദീകരിക്കുക.
2. സ്നേഹത്തിനും കരുതലിനും മരണമില്ല എന്ന തോന്നൽ മൂന്നാമതൊരാൾ എന്ന കഥയെ എത്രത്തോളം ശക്തമാക്കിത്തീർക്കുന്നു എന്ന് ചർച്ച ചെയ്യുക.
3. സമയവുംഘടികാരവും ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം എന്ന കഥയ്ക്ക് കേന്ദ്രബിംബങ്ങളായിത്തീരുന്നതെങ്ങനെ എന്നു പരിശോധിക്കുക.
4. ഭാരതീയ ചിന്തകളിലെ കാവ്യഹേതുക്കളെക്കുറിച്ച് വിശദീകരിക്കുക
5. പ്ലേറ്റോ, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ, ലോംഗിനസ്, കോളറിഡ്ജ് എന്നിവരുടെ കാവ്യചിന്തകളിൽ പ്രതിഭയ്ക്കുള്ള സ്ഥാനമെന്തെന്ന് വിശദമാക്കുക
6. സാഹിത്യ നിരൂപണവും കലാനിരൂപണവുംഒന്നായിത്തീരുമ്പോൾ നിരൂപകന് തെറ്റുപറ്റും - വിശദീകരിക്കുക
7. സാഹിത്യത്തിന്റെ പരമമായ ഉദ്ദേശ്യം മനസ്സംസ്കരണമാണെന്ന് മാരാർ എങ്ങനെ വിശദീകരിക്കുന്നു?
8. നിരുപാധികമായ മനുഷ്യസ്നേഹമാണ് കാഴ്ചയെ ശക്തമാക്കുന്നത്- പ്രസ്താവന പരിശോധിക്കുക.
9. പവനും മാധവനും നേരിടുന്ന നിഷ്കരുണമായ ജീവിതസാഹചര്യങ്ങൾ വിലയിരുത്തുക.
10. കാഴ്ച എന്ന ശീർഷകം എത്രത്തോളം പ്രസക്തമാണെന്നു പരിശോധിക്കുക.
11. സബർമതി ദൂരെയാണ് എന്നാൽ അതുണ്ട് എന്ന വിശ്വാസം നാടകത്തിൽ എത്രത്തോളം പ്രകടമാണ് ?

*************